GOVERNMENT OF TAMILNADU

ഹയർ സെക്കൻഡറി
രണ്ടാംവർഷ
മലയാള
പാഠപുസ്തകം

HIGHER SECONDARY
SECOND YEAR
MALAYALAM READER

Department of School Education

Untouchability is Inhuman and a Crime

XII Std Malayalam Full Set.indb 1 4/29/2019 5:33:02 PM

Government of Tamil Nadu

First Edition - 2019

Reprint - 2020, 2021, 2022, 2023, 2024

(Published under new syllabus)

Content Creation

State Council of Educational Research and Training

© SCERT 2019

Printing & Publishing

Tamil Nadu Textbook and Educational Services Corporation

www.textbooksonline.tn.nic.in

EE_Malayalam_FM.indd 2 02-01-2024 10:50:50

ആമുഖം

അറിവ് നേടുന്നതിനൊപ്പം ഭാവികാല ജീവിത സ്വപ്നങ്ങൾക്ക് അടിത്തറ പാകൽകൂടിയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. അതിന് വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുക എന്നതാണ് പാഠപുസ്തകങ്ങളുടെ ലക്ഷ്യമെന്ന് ഞങ്ങൾ കരുതുന്നു. ഒപ്പം വിദ്യാർത്ഥികളുടെ ചിന്താശേഷിക്ക് ഊർജ്ജം നൽകാനും പാഠപുസ്തകങ്ങൾ സഹായകമാകണം. അതിനായി രക്ഷിതാക്കൾ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരുടെ സ്വപ്നങ്ങളെ ഇണക്കിച്ചേർക്കുന്ന ഒരു ശിൽപം പോലെയാണ് പാഠപുസ്തകങ്ങൾ രൂപകൽപന ചെയ്തിരിക്കുന്നത്. താഴെപ്പറയുന്ന ലക്ഷ്യങ്ങളും അതിന്റെ ഭാഗമാണ്.

- സർഗ്ഗാത്മക വഴിയിലേക്ക് പഠനത്തെ നയിക്കുക
- നമ്മുടെ ചരിത്രം,സംസ്കാരം,സാഹിത്യം, പൈതൃകം എന്നിവയിൽ അവഗാഹമുണ്ടാക്കുക
- വിദ്യാർത്ഥികൾ ശാസ്ത്രസാങ്കേതിക മേഖലയിലുണ്ടായ നേട്ടങ്ങൾ മനസ്സിലാക്കുകയും ആത്മവിശ്വാസത്തോടെ ആധുനിക ലോകത്തിൽ വിജയിക്കാനുള്ള ശേഷി നേടുകയും ചെയ്യുക
- ജീവിതാവബോധത്തിനുള്ള ഉപാധിയാണ് പാഠപുസ്തകം എന്നുള്ള ധാരണ ഉണ്ടാക്കുക
- ശുഭാപ്തി വിശ്വാസം വളർത്തുക

വിഷയവൈവിധ്യവും പുതുമയുള്ള ശീർഷകങ്ങളും ഉൾക്കൊള്ളുന്ന പാഠപുസ്തകം നിങ്ങളിലേക്ക് എത്തുകയാണ്. പുതിയലോകത്തേയ്ക്ക് സഞ്ചരിക്കുന്ന വിദ്യാർത്ഥികളുടെ ജീവിതത്തെ കൂടുതൽ ക്രിയാത്മകമാക്കാൻ ഈ പാഠപുസ്തകം ഉതകുമെന്ന് കരുതുന്നു.

XII Std Malayalam Full Set.indb 3 4/29/2019 5:33:02 PM

ദേശീയ ഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ
പഞ്ചാബ് സിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്കല വംഗാ,
വിന്ധ്യ ഹിമാചല യമുനാ ഗംഗാ
ഉച്ഛല ജലധി തരംഗാ
തവശുഭ നാമേ ജാഹേ
തവശുഭ ആശിഷ മാഗേ
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗള ദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ ജയഹേ ജയഹേ
ജയ ജയ ജയ ജയഹേ

-മഹാകവി രവീന്ദ്രനാഥ ടാഗോർ.

ദേശീയഗാനം-സാരം

ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ!ജനസമൂഹത്തിന്റെ ഹൃദയാധിനാഥനായ അങ്ങ് വിജയിക്കട്ടെ!പഞ്ചാബ്,സിന്ധ്,ഗുജറാത്ത്,മറാഠ,ദ്രാവിഡം,വംഗം ആദിയായ പ്രദേശങ്ങളും വിന്ധ്യഹിമാചലാദി പർവ്വതങ്ങളും മഹാസമുദ്രത്തിന്റെ തിരമാലകളും അങ്ങയുടെ ശുഭനാമം ഉരുവിട്ടുകൊണ്ടിരിക്കുന്നു.അങ്ങയുടെ മംഗളാശിസ്സുകൾ തേടിക്കൊണ്ടിരിക്കുന്നു.അങ്ങയുടെ ജയഗാഥകൾ പാടിക്കൊണ്ടിരിക്കുന്നു.ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ! ജനസമൂഹത്തിന് ഗുണപ്രദായകനായ അങ്ങ് മേൽക്കുമേൽ വിജയിക്കട്ടെ. അങ്ങേയ്ക്ക് മേൽക്കുമേൽ വിജയമുണ്ടാകട്ടെ.



തമിഴ്ത്തായ് വാഴ്ത്ത്

നീരാരും കടലുടുത്ത നിലമടന്തൈക്കെഴിലൊഴുകും
ശീരാരും വദനമെന ത്തികഴ്ഭരത ഖണ്ഡമിതിൽ
തെക്കണമും അതിർശിറന്ത തിരാവിട നൽതിരുനാടും
തക്കശിറു പിറൈനുതലും തരിത്തനറും തിലകമുമേ!
അത്തിലക വാസനൈപോൽ അനൈത്തുലകും ഇൻപമുറ
എത്തിശൈയും പുകഴ്മണങ്ക ഇരുന്തപെരും തമിഴണങ്കേ!
തമിഴണങ്കേ!
ഉൻ ശീരിളമൈ ത്തിറംവിയന്തു ശെയൽമറന്തു വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!

-മാനോന്മണിയം.പി.സുന്ദരം പിള്ള



തമിഴ് മാതൃവന്ദനം - ആശയം

തിരമാലകളുടെ ആരവത്തോടുകൂടിയ സമുദ്രമെന്ന നീലജലാശയമാകുന്ന പുടവയണിഞ്ഞ സ്ത്രീയുടെ അഴകാർന്നതും ഐശ്വര്യപൂർണ്ണവുമായ മുഖമായി ഭാരതഭൂമി പരിലസിക്കുന്നു. ഈ ഭൂവിഭാഗത്തിലെ ദക്ഷിണദേശത്ത് മികച്ചതും മനോജ്ഞവുമായ ദ്രാവിഡനാട് പ്രകാശിക്കുന്നു.കുങ്കുമ തിലകത്തിൽ നിന്ന് പ്രസരിക്കുന്ന സുഗന്ധമെന്ന പോലെ ലോകത്തിന് ആനന്ദം പ്രദാനം ചെയ്യും വിധം ദിക്കെങ്ങും കീർത്തി പരത്തി വിലസുന്ന തമിഴ് സ്ത്രീ രത്നമേ, എന്നെന്നും യൗവനയുക്തയായിരിക്കുന്ന ഭവതിയുടെ സവിശേഷ പ്രാവിണ്യം കണ്ട് അത്ഭുതാദരങ്ങളോടെ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു.

XII Std Malayalam Full Set.indb 5 4/29/2019 5:33:03 PM



ദേശീയോദ്ഗ്രഥന പ്രതിജ്ഞ

അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടും ഐക്യം നിലനിർത്തി കൊണ്ടും എന്റെ നാടിന്റെ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുമെന്ന് ആത്മാർത്ഥതയോടെ ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

ഒരു തരത്തിലുള്ള അക്രമ പ്രവർത്തനങ്ങളിലും ഞാൻ ഇട പെടില്ലെന്നും മതം,ഭാഷ,ദേശം തുടങ്ങിയവയുടെ അടിസ്ഥാനത്തി ലുള്ള വിവേചനങ്ങളുണ്ടാവില്ലെന്നും അവയുടെ പേരിലുണ്ടാകുന്ന സംഘർഷങ്ങൾക്ക് സമാധാനപരമായ രീതിയിലും ഭരണഘടന അനുശാസിക്കുന്ന മാർഗ്ഗത്തിലൂടെയും പരിഹാരം കാണുന്നതിനായി എന്നാലാവുംവിധം പരിശ്രമിക്കുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്,എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരി സഹോദരന്മാരാണ്,ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു, സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർ ന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനുംവേണ്ടി പ്രയത്നിക്കും.



XII Std Malayalam Full Set.indb 6 4/29/2019 5:33:03 PM

ഉള്ളടക്കം

		പുറം നമ്പർ
	ഭാഗം 1	
	ഭാഷ	**1**
പദ്യം	വിദുരോപദേശം - എഴുത്തച്ഛൻ	**2**
ഗദ്യം	ഭാഷയും ആശയവിനിമയവും - ഡോ. കെ.എം പ്രഭാകരവാരിയർ	**9**
ഉപപാഠം	കഥയിലില്ലാത്തത് - സാറാ ജോസഫ്	**15**
	ഭാഗം 2	
	സാഹിത്യം	**27**
പദ്യം	ഹംസദൗത്യം - ഉണ്ണായിവാര്യർ	**28**
ഗദ്യം	ഭീഷ്മപ്രതിജ്ഞ - കുട്ടികൃഷ്ണമാരാർ	**37**
ഉപപാഠം	മാപ്പ് - രാജലക്ഷ്മി	**44**
	ഭാഗം 3	
	മാനുഷികത	**54**
പദ്യം	ചിന്താവിഷ്ടയായ സീത - എൻ.കുമാരനാശാൻ	**55**
ഗദ്യം	കൊടുങ്കാറ്റിന്റെ മർമ്മരം - എം.ടി. വാസുദേവൻനായർ	**60**
ഉപപാഠം	വെളുത്ത കുട്ടി - ഉറൂബ്	**68**
	ഭാഗം 4	
	കല, സംസ്കാരം	**84**
കവിത	പെരുന്തച്ചൻ - ജി. ശങ്കരക്കുറുപ്പ്	**85**
ഗദ്യം	പഴഞ്ചൊല്ലുകളും കടംകഥകളും - ഡോ.ടി. ശ്രീവൽസൻ	**94**
ഉപപാഠം	കോലാട് - മാധവിക്കുട്ടി	**101**

XII Std Malayalam Full Set.indb 7 4/29/2019 5:33:03 PM

		പുറം നമ്പർ
	ഭാഗം 5	
	പ്രകൃതി	**104**
കവിത	**പകലുറുതിക്കുമുമ്പ്** -എൻ.എൻ. കക്കാട്	**105**
ഗദ്യം	**നീതിയുടെ കാവൽക്കാർ** -ഡോ. ഖദീജ മുംതാസ്	**112**
ഉപപാഠം	**കണ്ണീർ തിളങ്ങുന്ന ഒരു വഴി** -പ്രിയ എ .എസ്	**117**
	ഭാഗം 6	
	സമൂഹം	**125**
കവിത	**സമാനഹൃദയ, നിനക്കായ് പാടുന്നേൻ** - സുഗതകുമാരി	**126**
ഗദ്യം	**ലോകം അവസാനിക്കുന്നില്ല** - അജയ് പി.മങ്ങാട്ട്	**132**
ഉപപാഠം	**കടൽത്തീരത്ത്** - ഒ.വി.വിജയൻ	**138**
	ഭാഗം 7	
	ഹരിതസംസ്കാരം	**146**
കവിത	**പൂക്കാതിരിക്കാനെനിക്കാവതില്ലേ** -അയ്യപ്പപ്പണിക്കർ	**147**
ഗദ്യം	**ഹരിതജാഗരണം** -പി. എൻ. ദാസ്	**153**
ഉപപാഠം	**ഭൂമിയുടെ അവകാശികൾ** -വൈക്കം മുഹമ്മദ് ബഷീർ	**158**
	ഭാഗം 8	
	ശാസ്ത്രം	**171**
കവിത	**അമ്മ** -സച്ചിദാനന്ദൻ	**172**
ഗദ്യം	**സംഗീതം എന്ന മായാലോകം** -ജീവൻ ജോബ് തോമസ്	**178**
ഉപപാഠം	**തഥാഗത** -അഷിത	**183**

XII Std Malayalam Full Set.indb 8 4/29/2019 5:33:03 PM

ഭാഗം 1

ഭാഷ



പഠനലക്ഷ്യങ്ങൾ

- എഴുത്തച്ഛന്റെ കാവ്യാവിഷ്കാര രീതി മനസ്സിലാക്കൽ
- ഭാഷാപ്രകാശനത്തിന്റെ ശാസ്ത്രീയത മനസ്സിലാക്കൽ
- കഥയുടെ ആവിഷ്കാരശക്തി തിരിച്ചറിയൽ

പാഠഭാഗങ്ങൾ

പദ്യം	:	വിദുരോപദേശം	- എഴുത്തച്ഛൻ
ഗദ്യം	:	ഭാഷയും ആശയവിനിമയവും	- ഡോ. കെ.എം പ്രഭാകരവാരിയർ
ഉപപാഠം	:	കഥയിലില്ലാത്തത്	- സാറാ ജോസഫ്

XII Std Malayalam Full Set.indb 1 4/29/2019 5:33:03 PM

പദ്യം

വിദുരോപദേശം

— എഴുത്തച്ഛൻ



തുഞ്ചത്ത് രാമാനുജനെഴുത്തച്ഛൻ (16-ാം നൂറ്റാണ്ടാണ് ജീവിതകാലമെന്നു കരുതപ്പെടുന്നു.) തിരൂരിലെ തുഞ്ചൻപറമ്പിൽ ജനിച്ചു. കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ എഴുത്തച്ഛന്റെ പ്രധാനകൃതികളാണ് അദ്ധ്യാത്മരാമായണംകിളിപ്പാട്ടും മഹാഭാരതംകിളിപ്പാട്ടും. അദ്ദേഹത്തിന്റെ മഹാഭാരതംകിളിപ്പാട്ടിലെ സ്ത്രീപർവ്വത്തിൽ നിന്ന് എടുത്തതാണ് വിദുരോപദേശം എന്ന പദ്യഭാഗം.

സഞ്ജയനിൽനിന്ന് തന്റെ പുത്രന്മാരുടെ മരണവിവരമറിഞ്ഞ് തീവ്രദുഃഖിതനായ ധൃതരാഷ്ട്രരെ വിദുരർ ആശ്വസിപ്പിക്കുന്നതാണ് ഈ പദ്യഭാഗത്തിന്റെ സന്ദർഭം.

മക്കൾ മരിച്ചോരു ദുഃഖം മുഴുക്കയാ-

ലുൾക്കാമ്പഴിഞ്ഞു ധൃതരാഷ്ട്രമന്നവൻ

കേഴുന്നനേരത്തു സഞ്ജയൻ ചൊല്ലിനാൻ

കോഴപ്പെടായ്ക നീയേതുമേ മന്നവ!

വാഴപ്പഴന്താനശിപ്പാൻ കരയുന്ന

ബാലക്കിടാങ്ങളെപ്പോലെ തുടങ്ങൊലാ.

കഷ്ടം നിരൂപിക്കിലക്ഷൗഹിണി പതി-

നെട്ടും മഹാബലരായ രാജാക്കളും

XII Std Malayalam Full Set.indb 2 4/29/2019 5:33:06 PM

കാലവശത്താൽ മരിച്ചാരതിന്നിതു
കാലം കരഞ്ഞഴൽ തേടായ്ക നീ വൃഥാ.
സഞ്ജയൻ ചൊന്നതു കേട്ട ധൃതരാഷ്ട്ര-
രഞ്ജസാ മോഹിച്ചു ഭൂമിയിൽ വീണിതു.
ജ്ഞാനിയായുള്ള വിദുരരതുനേരം
ദീനനായുള്ളൊരരചനെ മെല്ലവേ
താങ്ങിയെടുത്തു നിവർത്തിയിരുത്തിനാൻ,
താപം കെടുപ്പാൻ തളിച്ചു സലിലവും .
ശോകം കെടുപ്പാൻ പറഞ്ഞുതുടങ്ങിനാൻ
ശോഭനമായുള്ള വാക്കുകളോരോന്നേ.
ജ്ഞാനവിജ്ഞാനപ്രഭാവങ്ങളുള്ള നീ
ദീനനാവാനൊരു കാരണമില്ലഹോ.



XII Std Malayalam Full Set.indb 3 4/29/2019 5:33:08 PM

മൂഢതയുള്ളവർക്കുള്ള തൊഴിലിതു

തേടൊലാ മന്നവ പാർത്തു കാണാശു നീ.

പൃത്ഥ്വീപതേ! തവ പുത്രരോടൊന്നിച്ചു

മിത്രമായുള്ളോരു പൃത്ഥ്വീപതികളും

എത്രയുണ്ടിങ്ങനെ മൃത്യുഭവിച്ചതു

ചിത്രമൊരു കാലവൈഭവം ഭൂപതേ!

ജാതനായാൽ മൃതനാമവനെന്നൊരു

നീതി ചമച്ചതു നീരജസംഭവൻ.

കാലചക്രഭ്രമം പാർത്തുകണ്ടാലൊരു

കാലവും ദുഃഖിപ്പതിനില്ല കാരണം

ജീർണ്ണവസ്ത്രം കളഞ്ഞന്യോടു മാനുഷർ

പൂർണ്ണശോഭം നവവസ്ത്രം ധരിച്ചിടും .

ജീർണ്ണദേഹം കളഞ്ഞവ്വണ്ണം ദേഹികൾ

പൂർണ്ണശോഭം നവദേഹങ്ങൾ കൊള്ളുന്നു.

നിത്യമല്ലേതുമേ ദേഹാദികളിതു,

നിത്യമാകുന്നതു നിശ്ചയമീശ്വരൻ.

ചത്തും പിറന്നുമിരിക്കുമിജ്ജന്തുക്കൾ,

ചിത്തേ സുഖദുഃഖമെന്തിന്നതിന്നഹോ.

എന്നു തുടങ്ങിയതെന്നുമറിഞ്ഞീല-

XII Std Malayalam Full Set.indb 4 4/29/2019 5:33:11 PM

യെന്നിനി മാറുന്നതെന്നുമറിഞ്ഞീല..
ആദ്യന്തമില്ലാതെ കേവലൻ വേലകൾ
ക്കാദ്യന്തമില്ലെന്നറിക ധരാപതേ !
മുൻപിലിവിടെയ്ക്കെവിടെനിന്നിക്കാല –
മൻപോടു വന്നിതു നീയും ധരാപതേ!
പോകുന്നതിന്നിയെവിടേയ്ക്കതോർക്ക നീ,
ചാകെന്ന കാരിയമില്ലെന്നോ തോന്നുന്നു?
നിന്നുടെ മക്കളോ പണ്ടിവരോർക്ക നീ,
ഇന്നും നിനക്കിവർ മക്കളായ് വാഴുമോ?
പിന്നാലെ വന്നവർ മുൻപിലേ പോയിനാർ,
മുന്നമേ വന്നവർ പിന്നാലെയായ്വരും .
വാട്ടമില്ലാത വേഗേന നദികളിൽ
കാഷ്ഠങ്ങളെന്നകണക്കേ ധരിയ്ക്ക നീ.
പാന്ഥർ പെരുവഴിയമ്പലംതന്നിലേ
താന്തരായ് വന്നുടൻ കൂടുമൊരുനേരം
ഓരോ കഥയും പറഞ്ഞു രമിച്ചവർ
പാരം മഴതാൻ വെയിൽതാനിരുട്ടുതാൻ,
പോവോളമൊന്നിച്ചിരുന്നാലൊരോവഴി

XII Std Malayalam Full Set.indb 5 4/29/2019 5:33:14 PM

പോവോരവരവർ മുമ്പുപിമ്പെന്തതിൽ !
പക്ഷികളൊക്കപ്പലവഴി വന്നൊരു
വൃക്ഷത്തെയാശ്രയിച്ചൊട്ടുനേരം വസി-
ച്ചൊക്കയോരോ വഴി പിന്നെപ്പറന്നുപോം
ദുഃഖിക്കുമാറില്ലതിന്നിവരാരുമേ.

XII Std Malayalam Full Set.indb 6 4/29/2019 5:33:16 PM

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. വാഴപ്പഴത്തിനുവേണ്ടി കരയുന്ന കുട്ടികളെ പോലെയാവരുത് എന്ന് ധൃതരാഷ്ട്രരോട് പറഞ്ഞതാര്?

   അ. സഞ്ജയൻ

   ആ. വിദുരർ

   ഇ. ശ്രീകൃഷ്ണൻ

   ഈ. വ്യാസൻ

2. ധൃതരാഷ്ട്രരുടെ ദുഃഖമില്ലാതാക്കാൻ ശോഭനമായുള്ള വാക്കുകൾ പറഞ്ഞതാര്?

   അ. വിദുരർ

   ആ. ശ്രീകൃഷ്ണൻ

   ഇ. സഞ്ജയൻ

   ഈ. വസിഷ്ഠൻ

3. ജാതനായാൽ മൃതനാവുമെന്ന നീതി ചമച്ചതാര്?

   അ. നീരജസംഭവൻ

   ആ. വിഷ്ണു

   ഇ. ഇന്ദ്രൻ

   ഈ. അഗ്നി

4. ജീർണദേഹം കളഞ്ഞ് നവദേഹങ്ങൾ കൊള്ളുന്നതെന്താണ്?

   അ. മനുഷ്യൻ

   ആ. പ്രകൃതി

   ആ. ദേഹികൾ

   ഈ. ഭൂമി

5. വിദുരോപദേശം എന്ന കാവ്യഭാഗം മഹാഭാരതത്തിലെ ഏത് പർവ്വത്തിൽ നിന്നെടുത്തതാണ് ?

   അ. ഭീഷ്മപർവ്വം

   ആ. ദ്രോണപർവ്വം

   ഇ. കർണപർവ്വം

   ഈ. സ്ത്രീപർവ്വം

XII Std Malayalam Full Set.indb 7 4/29/2019 5:33:17 PM

II. ഉത്തരമെഴുതുക

1. ജീർണദേഹം കളഞ്ഞവണ്ണം ദേഹികൾ

   പൂർണ ശോഭം നവദേഹങ്ങൾ കൊള്ളുന്നു.

അ. ഏത് പദ്യത്തിലെ വരികളാണിത്?

ആ. ഇതെഴുതിയ കവി ആരാണ്?

ഇ. പിന്നാലെ വന്നവർ മുൻപിലേ പോയിനാർ

   മുന്നമേ വന്നവർ പിന്നാലെയായ് വരും.

അ. ഏത് പദ്യത്തിലെ വരികളാണിത്?

ആ. ഇതെഴുതിയ കവി ആരാണ്?

III. ഉത്തരം ചുരുക്കിയെഴുതുക.

1. സഞ്ജയൻ എന്തു പറഞ്ഞപ്പോഴാണ് ധൃതരാഷ്ട്രർ മോഹാലസ്യപ്പെട്ടു വീണത്?
2. ദേഹികൾ പുതിയ ദേഹം സ്വീകരിക്കുന്നത് ഏതു പോലെയാണെന്നാണ് കവി പറയുന്നത്?
3. ദുഃഖിക്കുമാറില്ലതിന്നിവരാരുമേ 'ഇവരാരുമേ' എന്ന് കവി ആരെക്കുറിച്ചാണ് പറയുന്നത് ?

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. വിദുരോപദേശം സംഗ്രഹിക്കുക

V. മനപ്പാഠമാക്കാനുള്ള വരികൾ

സഞ്ജയൻ ചൊന്നതു ..... നീരജസംഭവൻ (18 വരി)

XII Std Malayalam Full Set.indb 8 4/29/2019 5:33:17 PM

ഗദ്യം

ഭാഷയും ആശയവിനിമയവും

-ഡോ. കെ.എം. പ്രഭാകരവാരിയർ



ഡോ. കെ. എം. പ്രഭാകരവാരിയർ [1933 - 2010] മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്തിനടുത്തുള്ള വട്ടംകുളത്ത് ജനിച്ചു. അണ്ണാമല സർവ്വകലാശാലയിലെ ഭാഷാശാസ്ത്രവിഭാഗത്തിൽ അധ്യാപകനായിരുന്നു. 1979 മുതൽ 1994 വരെ മദ്രാസ് യൂണിവേഴ്സിറ്റി മലയാളവിഭാഗത്തിൽ പ്രൊഫസറായും വകുപ്പ്മേധാവിയായും സേവനമനുഷ്ഠിച്ചു.

ആധുനിക ഭാഷാശാസ്ത്രം, കവിതയിലെ ഭാഷ, ശൈലിശിൽപം, പൂർവ്വകേരളഭാഷ, സ്വനിമവിജ്ഞാനം, മൊഴിയും പൊരുളും, മലയാള വ്യാകരണസമീക്ഷ, മൊഴിവഴികൾ, ഭാഷ, സാഹിത്യം വിമർശനം എന്നിവയാണ് പ്രധാന കൃതികൾ.

നാം നടത്തുന്ന ആശയവിനിമയത്തെ ഭാഷാശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായി അപഗ്രഥിക്കുന്ന ഭാഷയും ആശയവിനിമയവും എന്ന പാഠഭാഗം ഭാഷയും മനഃശാസ്ത്രവും എന്ന കൃതിയിൽനിന്നെടുത്തതാണ്.

1. ആശയവിനിമയപ്രക്രിയ

സാമൂഹികജീവിതത്തിന്റെ കെട്ടുറപ്പിനും അതിലെ പരസ്പരബന്ധങ്ങൾക്കുമെല്ലാം നിദാനമായി വർത്തിക്കുന്ന പ്രതിഭാസങ്ങളിൽ ഏറ്റവും പ്രധാനമായത് ആശയവിനിമയം എന്ന പ്രക്രിയയാണ്. അന്യോന്യസംവാദസൗകര്യമില്ലാത്ത ഒരു സാമൂഹികജീവിതത്തെ സങ്കല്പിക്കാനാവുമോ? സാമാന്യമായി പറഞ്ഞാൽ ആശയവിനിമയത്തിനുള്ള പല ഉപാധികളിൽ ഒന്നു മാത്രമാണ് ഭാഷ. ആംഗ്യം, ഉച്ചാരണശബ്ദം, സ്തോഭപ്രകടനം, ലിപികൾ എന്നിവയെല്ലാം ആശയവിനിമയത്തിന് സഹായകമായി നാം അവലംബിച്ചുവരാറുള്ള ഉപാധികളാണ്. വർണം (ചുവപ്പ് അപകടസൂചകമാണെന്നുള്ള സങ്കേതം സാർവത്രികമായിട്ടുണ്ടല്ലോ). വെളിച്ചം (കപ്പലുകൾക്കുവേണ്ടിയുള്ള ദീപസ്തംഭങ്ങൾ), കൃത്രിമശബ്ദങ്ങൾ (വിദ്യാലയങ്ങളിലെ മണിയടി) എന്നിവയും ആശയവിനിമയത്തിന് ഉപയോഗിച്ചുവരുന്ന ഉപാധികൾ തന്നെ. 'ആശയവിനിമയം' എന്ന പദത്തിന്റെ സാങ്കേതികാർഥത്തിന് അത്രയ്ക്ക് വ്യാപ്തിയുണ്ട്.

മനുഷ്യേതരജീവികളിലും അസമ്പുഷ്ടവും അവികസിതവുമായ ആശയവിനിമയപ്രക്രിയകൾ നടക്കുന്നുണ്ട്. 'മൃഗഭാഷ' എന്നു നാം വ്യവഹരിച്ചുവരാറുള്ളത് ഈ ആശയവിനിമയരീതികളെ ഉദ്ദേശിച്ചാണ്. ജീവശാസ്ത്രത്തിൽ അവയെക്കുറിച്ചുള്ള പല പഠനങ്ങളും വന്നുകഴിഞ്ഞിട്ടുണ്ട്. മൃഗഭാഷ എന്നുള്ള

XII Std Malayalam Full Set.indb 9 4/29/2019 5:33:17 PM



പ്രയോഗം ശാസ്ത്രീയവീക്ഷണത്തിൽ സാധുവാണെന്ന് പറയാൻ വയ്യ. കാരണം, മനുഷ്യേതര ജീവികളുടെ ആശയവിനിമയരീതികളെ ഭാഷ എന്ന് വിശേഷിപ്പിക്കാൻ സാധ്യമല്ല. മനുഷ്യഭാഷ മനുഷ്യേതരാശയവിനിമയരീതികളിൽനിന്ന് പലതരത്തിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

2. ആശയവിനിമയം എന്നാൽ എന്ത്?

ആശയവിനിമയം എന്നു പറഞ്ഞാൽ എന്താണ് അർഥമാക്കേണ്ടത്?
ഈ പ്രക്രിയയുടെ സ്വഭാവം വ്യക്തമാക്കിയില്ലെങ്കിൽ പല പ്രതിഭാസങ്ങളെയും ആശയവിനിമയമായി തെറ്റിദ്ധരിക്കാൻ ഇടയുണ്ട്. അങ്ങു ദൂരെ പുക ഉയർന്നുവരുന്നു എന്നു കരുതുക. അത് ആ സ്ഥലത്ത് 'തീയുണ്ട്' എന്ന സന്ദേശത്തെ അറിയിക്കുന്നു എന്നും അതുകൊണ്ട് അതിനെ ആശയവിനിമയം എന്ന് വ്യാഖ്യാനിക്കാമെന്നും പറയുന്നത് ശരിയാണോ? അതിരാവിലെ കേൾക്കാറുള്ള കോഴികളുടെ കൂവലുകൾ ആസന്നമായ പ്രഭാതാഗമത്തെക്കുറിച്ചുള്ള സന്ദേശമാണെങ്കിൽ അതിനെയും ആശയവിനിമയമായി കരുതിക്കൂടെ? കലങ്ങിയ കണ്ണുകളോടുകൂടിയ ഒരാളെ കണ്ടുമുട്ടുന്നു എന്നു വിചാരിക്കുക. കണ്ണിലെ കലക്കത്തിന് എന്തെങ്കിലും കാരണമുണ്ടാകണമല്ലോ. അയാൾ രാത്രി ശരിയായി ഉറങ്ങിയിട്ടുണ്ടാവില്ല; അഥവാ, അയാൾ ദേഷ്യപ്പെട്ട് നിൽക്കുകയാവാം; അതുമല്ലെങ്കിൽ കണ്ണിൽ എന്തെങ്കിലും അസുഖം ബാധിച്ചിരിക്കാം. കണ്ണിലെ കലക്കം ഇവയിലേതെങ്കിലുമൊന്നിനെ വിളിച്ചോതുന്നു എന്നു പറഞ്ഞ് അതിനെയും ആശയവിനിമയമായി കണക്കാക്കാമോ?

3. ആശയവിനിമയമാതൃകയും അതിലെ ഘടകങ്ങളും

മേൽപ്പറഞ്ഞ സംശയങ്ങൾക്കെല്ലാം പരിഹാരം കാണണമെങ്കിൽ ആശയവിനിമയം എന്ന ശാസ്ത്രീയ സങ്കല്പത്തിന്റെ സമഗ്രസ്വഭാവത്തെപ്പറ്റി ചിന്തിക്കേണ്ടിയിരിക്കുന്നു. ആശയവിനിമയം എന്ന സങ്കല്പത്തിൽ രണ്ടു വ്യത്യസ്ത ഘടകങ്ങൾ അടങ്ങിയിരിക്കുന്നു എന്നുള്ളത് തീർച്ചയാണ് ആശയം ഉദ്ഭവിക്കുന്ന ഘടകവും ആശയം എത്തിച്ചേരുന്ന ഘടകവും. ഭാഷണത്തിൽ സംസാരിക്കുന്ന ആൾ 'ഉദ്ഭവസ്ഥാനവും കേൾക്കുന്ന ആൾ'

XII Std Malayalam Full Set.indb 10 4/29/2019 5:33:17 PM

പ്രാപ്യസ്ഥാനവുമായുമിരിക്കും. ആത്മഗതത്തിൽ ഈ രണ്ടു ഘടകങ്ങളുടെയും ധർമങ്ങൾ ഒരാളിൽ തന്നെയായിരിക്കും. ഉദ്ഭവസ്ഥാനത്തിൽനിന്നുള്ള സന്ദേശം പ്രാപ്യസ്ഥാനത്തിൽ എത്തുമ്പോൾ ആശയവിനിമയം നടക്കുന്നു എന്ന് പറയാം. സന്ദേശം അമൂർത്തമായ പ്രതിഭാസമായിരിക്കെ അതെങ്ങനെ ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് സഞ്ചരിക്കും? അതിന് ഉദ്ഭവകേന്ദ്രത്തിനും പ്രാപ്യകേന്ദ്രത്തിനും ഇടയിലുള്ള സ്വാഭാവികമോ കൃത്രിമമോ ആയ ഏതെങ്കിലുമൊരു മാധ്യമത്തിലൂടെ സഞ്ചരിക്കത്തക്കവിധത്തിൽ സന്ദേശത്തെ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. ഈ മാധ്യമത്തെ സഞ്ചാരപഥം എന്ന് വിളിക്കാം. അന്തരീക്ഷവായുവാണ് സഞ്ചാരപഥമെങ്കിൽ സന്ദേശത്തെ ശബ്ദതരംഗങ്ങളാക്കി മാറ്റാവുന്നതാണ്. കൃത്രിമമായി ഉണ്ടാക്കപ്പെട്ട ലോഹക്കമ്പിയാണ് സഞ്ചാരപഥമായി വർത്തിക്കുന്നതെങ്കിൽ സന്ദേശത്തെ വൈദ്യുതവീചികളായി രൂപപ്പെടുത്താവുന്നതാണ്. സഞ്ചാരപഥത്തിന് അനുഗുണമായ വിധത്തിൽ രൂപപരിണാമം വരുത്തിയാൽ മാത്രമേ സന്ദേശത്തെ ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് കൊണ്ടുപോകാൻ കഴിയൂ. ഇങ്ങനെ സന്ദേശത്തെ രൂപഭേദം ചെയ്യുന്നതിന് 'സങ്കേതനം' എന്നും ആ കർമ്മത്തിന് ഉത്തരവാദപ്പെട്ട ഘടകത്തെ 'പ്രേഷകം' എന്നും പറയാം. രൂപാന്തരപ്പെടുത്തിയ സന്ദേശത്തെ 'കോഡ്' (സങ്കേതം) എന്ന് വ്യവഹരിക്കാം. സന്ദേശമല്ല, അതിന്റെ സങ്കേതചിഹ്നങ്ങളാണ് പ്രാപ്യസ്ഥാനത്തെ ലക്ഷ്യമാക്കി സഞ്ചരിക്കുന്നത് എന്നർത്ഥം. ഈ സങ്കേതചിഹ്നങ്ങൾക്കും അവയുടെ അർത്ഥമായ ആശയത്തിനും തമ്മിലുള്ള ബന്ധം എന്താണ്? ഇന്നിന്ന ചിഹ്നങ്ങൾ ഇന്നിന്ന ആശയങ്ങളെ കുറിക്കും എന്നൊരു വ്യവസ്ഥ ഇല്ലെങ്കിൽ സങ്കേതനവൃത്തി നിർവഹിക്കാൻ കഴിയില്ല. ഇവയ്ക്കു തമ്മിൽ സ്വാഭാവിക ബന്ധങ്ങളൊന്നും ഇല്ലെന്നോർക്കണം. ആശയത്തിനും ചിഹ്നങ്ങൾക്കും തമ്മിലുള്ള ബന്ധം പൊതുവായി അംഗീകരിക്കപ്പെടണം. പുസ്തകം എന്ന് ഉച്ചരിക്കുന്നുവെന്നിരിക്കട്ടെ ആ ഉച്ചാരണം ഒരു പ്രത്യേക ശബ്ദസമൂഹം മാത്രമാണ്. അത് ഒരു പ്രത്യേക വസ്തുവിനെ സൂചിപ്പിക്കുന്നുവെന്ന് മലയാളം സംസാരിക്കുന്ന ജനവിഭാഗം അംഗീകരിച്ചു കഴിഞ്ഞിരിക്കുന്നു. ഇംഗ്ലീഷിൽ 'ബുക്' ഹിന്ദിയിൽ 'കിതാബ്' എന്നുമുള്ള വ്യത്യസ്തങ്ങളായ സ്വനസമൂഹങ്ങളാണ് ഇതേ ആശയത്തെ വ്യഞ്ജിപ്പിക്കുന്ന



XII Std Malayalam Full Set.indb 11 4/29/2019 5:33:17 PM

ഭാഷാചിഹ്നങ്ങൾ. ചിഹ്നങ്ങൾക്കും അവ ഉദ്ദീപിപ്പിക്കുന്ന ആശയങ്ങൾക്കും തമ്മിൽ വ്യവസ്ഥാപിതബന്ധം മാത്രമാണ് ഉള്ളത്. ഭാഷയിൽ പൂർണമായും സാങ്കേതികത്വം അവകാശപ്പെടാൻ കഴിയാത്ത ചിഹ്നങ്ങളും പ്രയോഗത്തിലുണ്ട്. അനുകരണശബ്ദങ്ങളെ (ബൗ ബൗ = പട്ടിയുടെ കുര; കാ കാ = കാക്കയുടെ കരച്ചിൽ; ണിം ണിം = മണിയടി മുതലായവ) അങ്ങനെയുള്ള ചിഹ്നങ്ങളായി കരുതാം. ആശയം ചിഹ്നങ്ങളായി മാറി പ്രാപ്യസ്ഥാനത്തേക്ക് സഞ്ചരിക്കുന്നു എന്നു പറഞ്ഞു. പ്രാപ്യസ്ഥാനത്ത് ചിഹ്നങ്ങളെ അതേപടി സ്വീകരിക്കുക മാത്രം ചെയ്താൽ ആശയബോധം ഉണ്ടാവുകയില്ല. സങ്കേതചിഹ്നങ്ങളെ വീണ്ടും സന്ദേശങ്ങൾ ആക്കി മാറ്റേണ്ടിയിരിക്കുന്നു. ഇങ്ങനെ സങ്കേതചിഹ്നങ്ങളെ അവയുടെ പൂർവ്വരൂപമായ ആശയമാക്കി മാറ്റുന്നതിന് 'വിസങ്കേതനം' എന്നും ആ കർമ്മം നിർവഹിക്കുന്ന ഘടകത്തിന് 'ആദായി' എന്നും പറയാം. അപ്പോൾ ആശയവിനിമയ പ്രക്രിയയിൽ ഉദ്ഭവസ്ഥാനം, പ്രേഷകം, സഞ്ചാരപഥം, ആദായി, പ്രാപ്യസ്ഥാനം എന്നിങ്ങനെ അഞ്ച് ഘടകങ്ങൾ അടങ്ങിയിരിക്കണം എന്ന് തെളിഞ്ഞു കഴിഞ്ഞു.

ആശയവിനിമയത്തിന്റെ സാമാന്യമാതൃകയാണ് മേൽവിവരിച്ചത്. ഭാഷ പ്രക്രിയയിലാകട്ടെ സംസാരിക്കുന്ന ആൾ ഉത്ഭവസ്ഥാനവും കേൾക്കുന്ന ആൾ പ്രാപ്യസ്ഥാനവുമാണെന്ന് മുമ്പ് സൂചിപ്പിച്ചുവല്ലോ. അന്തരീക്ഷത്തിലെ വായുവാണ് ഭാഷണത്തിൽ സഞ്ചാരപഥമായി വർത്തിക്കുന്നത്. അതുകൊണ്ട് ആശയത്തെ ശബ്ദവീചികളാക്കി മാറ്റേണ്ടിയിരിക്കുന്നു. ഈ കർമം നിർവഹിക്കുന്നത് വക്താവിന്റെ ഉച്ചാരണാവയവങ്ങളാണ്. ഭാഷണത്തിൽ പ്രേഷകമായ ഉച്ചാരണാവയവങ്ങൾ ആശയത്തെ ശബ്ദതരംഗങ്ങളാക്കി മാറ്റുന്നു. ആ ശബ്ദതരംഗങ്ങൾ അന്തരീക്ഷ വായുവിലൂടെ ശ്രോതാവിൽ ചെന്നെത്തുന്നു. ശബ്ദതരംഗങ്ങൾ ശ്രോതാവിന്റെ കർണഫലകത്തിൽ തത്തുല്യമായ പ്രകമ്പനങ്ങൾ സൃഷ്ടിക്കുന്നു. കർണഫലകത്തിൽ നിന്ന് ശ്രോതാവിന്റെ തലച്ചോറിലേക്കുള്ള ഞരമ്പുകൾ ആദായിയുടെ പ്രവൃത്തി ചെയ്യുന്നു; അതായത് ശബ്ദവീചികളെ വീണ്ടും ആശയങ്ങളാക്കിമാറ്റുന്നു. അങ്ങനെ വാചികവൃത്തിയിൽ ആശയവിനിമയ പ്രക്രിയയിലെ എല്ലാ ഘടകങ്ങളും അടങ്ങിയിരിക്കുന്നു എന്നു കാണാം.



XII Std Malayalam Full Set.indb 12 4/29/2019 5:33:19 PM

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ഭാഷണ പ്രക്രിയയിൽ സംസാരിക്കുന്ന ആൾ വഹിക്കുന്ന സ്ഥാനമേത്

   അ. ഉദ്ഭവസ്ഥാനം

   ആ. പ്രാപ്യസ്ഥാനം

   ഇ. സഞ്ചാരപഥം

   ഈ. സങ്കേതസ്ഥാനം

2. ഭാഷണ പ്രക്രിയയിൽ കേൾക്കുന്ന ആൾ വഹിക്കുന്ന സ്ഥാനം?

   അ. പ്രാപ്യസ്ഥാനം

   ആ. ഉദ്ഭവസ്ഥാനം

   ഇ. സഞ്ചാരപഥം

   ഈ. സങ്കേതസ്ഥാനം

3. ആശയവിനിമയത്തിലെ സന്ദേശത്തെ രൂപഭേദം വരുത്തുന്ന പ്രക്രിയയാണ് ?

   അ. സങ്കേതനം

   ആ. പ്രേഷകം

   ഇ. കോഡ്

   ഈ. വിസങ്കേതനം

4. ചിഹ്നങ്ങൾക്കും അവ ഉദ്ദീപിപ്പിക്കുന്ന ആശയങ്ങൾക്കും തമ്മിലുള്ള ബന്ധം എങ്ങനെയുള്ളതാണ്?

   അ. സ്വാഭാവികം

   ആ. വ്യവസ്ഥാപിതം

   ഇ. സാങ്കേതികം

   ഈ. പരസ്പര ബന്ധിതം

5. സങ്കേതചിഹ്നങ്ങളെ അവയുടെ പൂർവ്വരൂപമായ ആശയമാക്കി മാറ്റുന്ന പ്രക്രിയയാണ്

   അ. സങ്കേതനം

   ആ. വിസങ്കേതനം

   ഇ. വ്യവസ്ഥാപിതം

   ഈ.സ്വാഭാവികം

XII Std Malayalam Full Set.indb 13 4/29/2019 5:33:19 PM

6. ഭാഷണത്തിൽ സഞ്ചാരപഥമായി വർത്തിക്കുന്നതെന്ത്?

   അ. വായു

   ആ. ശബ്ദം

   ഇ. ഉച്ചാരണം

   ഈ. തരംഗം

II. ഉത്തരമെഴുതുക.

1. നിത്യജീവിതത്തിൽ ആശയവിനിമയത്തിന്റെ പ്രസക്തിയെന്ത്?
2. ആശയവിനിമയത്തിന് സഹായകമായ ഉപാധികൾ ഏവ ?
3. മൃഗഭാഷ എന്ന് വ്യവഹരിക്കുന്നത് എന്തിനെയാണ് ?
4. ആശയവിനിമയത്തിൽ അടങ്ങിയിരിക്കുന്ന രണ്ട് വ്യത്യസ്ത ഘടകങ്ങൾ ഏവ?
5. എപ്പോഴാണ് ആശയവിനിമയം നടക്കുന്നത്?
6. സഞ്ചാരപഥം എന്നാലെന്ത്?
7. സങ്കേതനം എന്നാലെന്ത്?
8. വിസങ്കേതനം എന്നാലെന്ത്?
9. ആശയവിനിമയ പ്രക്രിയയിലടങ്ങിരിക്കുന്ന അഞ്ചു ഘടകങ്ങൾ ഏവ?

III. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. ആശയവിനിമയ പ്രക്രിയ പൂർണമാകുന്നതെങ്ങനെയെന്ന് വിവരിക്കുക?

XII Std Malayalam Full Set.indb 14 4/29/2019 5:33:19 PM

ഉപപാഠം

കഥയിലില്ലാത്തത്

-സാറാ ജോസഫ്



സാറാജോസഫ്: 1946-ൽ തൃശൂർ ജില്ലയിലെ കുരിയച്ചിറയിൽ ജനിച്ചു. കഥാകൃത്തും നോവലിസ്റ്റുമായ സാറാജോസഫ് കേരളത്തിലെ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രധാന സംഘാടകയും പ്രവർത്തകയുമാണ്. ആലാഹയുടെ പെൺമക്കൾ, മാറ്റാത്തി, പാപത്തറ, നിലാവ് അറിയുന്നു എന്നിവയെല്ലാം ശ്രദ്ധേയമായ കൃതികളാണ്. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ്, കലൈഞ്ജർ കരുണാനിധി സാഹിത്യപുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.

സാമൂഹ്യമായ അനീതികൾക്കെതിരെ സൂക്ഷ്മത ലത്തിൽ ആവിഷ്കാരം നടത്തുന്ന രചനകളാണ് സാറാജോസഫിന്റേത്. ഇതിഹാസകാവ്യമായ രാമായണത്തിൽ വേണ്ടത്ര ഇടം കിട്ടാതെ പോ യൊരു കഥാസന്ദർഭത്തെ സൂക്ഷ്മസൗന്ദര്യത്തോടെ തെളിച്ചത്തിലേക്ക് ആവിഷ്കരിക്കുന്ന കഥയാണ് കഥയിലില്ലാത്തത്.

യാത്രയിലുടനീളം പുറകിൽ ആരോ ഉണ്ടായിരുന്നു. നടന്നാൽ ഒപ്പം നടന്നു. നിന്നാൽ ഒപ്പം നിന്നു. തിരിഞ്ഞുനോക്കിയാലാകട്ടെ മുടിയഴിച്ചിട്ടു നില്ക്കുന്ന കാട് മാത്രം കാണാം. കടന്നു പോന്ന ഒറ്റയടിപ്പാത പോലും മൂടിപ്പോയിരിക്കും.

മുനിയുടെ ഏകാഗ്രത കുറഞ്ഞു.

ചിലപ്പോൾ മുന്നിൽ നടക്കുന്ന കുട്ടികൾ തിരിഞ്ഞുനിന്ന് ചോദിച്ചു.

'പിന്തുടരുന്നത് ആരാണ്?'

'ആരുമില്ല. നടക്കൂ.'

ഇത് പലവട്ടം ആവർത്തിച്ചു. ഒരിക്കൽ ലവൻ ഒരമ്പെടുത്ത് വില്ലിൽ തൊടുത്തു. മുനി വിലക്കി. കുശൻ പറഞ്ഞു.

'കാട്ടിലെ വഴികൾ ആർക്കും സ്വന്തമല്ല. നമുക്ക് പോകേണ്ട വഴിയിലൂടെ മറ്റാർക്കെങ്കിലുംകൂടി പോകണമായിരിക്കും.'

XII Std Malayalam Full Set.indb 15 4/29/2019 5:33:20 PM

എന്നിട്ടും ഓരോ അടിവെയ്പ്പിലും കുട്ടികൾ ഉത്കണ്ഠയോടെ തിരിഞ്ഞു നോക്കുന്നതു കണ്ട് മുനി പറഞ്ഞു.

'ഇനി അല്പമിരുന്നു വിശ്രമിച്ചിട്ട് യാത്ര തുടരാം.'

അത് പെരുംവയസ്സുള്ള ഒരിലഞ്ഞിമരക്കൂട്ടമായിരുന്നു. പുത്തനായി പൊഴിഞ്ഞ പൂക്കൾകൊണ്ട് നിലം മൂടിപ്പുതച്ചു കിടന്നു. മുനി രണ്ടു കൈയും വിടർത്തി ആ കൂടപ്പിറപ്പുകളെ ആശ്ലേഷിച്ചു. കുട്ടികൾ അവരെ താണുതൊഴുതു. മരങ്ങളുടെ വിനിമയം പൂക്കൾ കൊണ്ടായിരുന്നു.

കൈച്ചില്ലകൾ വേരിന്റെ ഒരു സിംഹാസനം തൊട്ടുകാണിച്ചു. വാല്മീകി അതിലിരുന്നു. അദ്ദേഹം ക്ഷീണിതനായിരുന്നു. കുട്ടികളെക്കുറിച്ച് ആവശ്യത്തിലേറെ താൻ ഉത്കണ്ഠപ്പെടുന്നുണ്ടെന്ന് അദ്ദേഹത്തിന് തോന്നി.

അദ്ദേഹത്തെ അലട്ടാതെ തെല്ലകന്നുമാറി വേരിന്റെ കുതിരപ്പുറത്ത് കുട്ടികൾ ഇരുന്നു. പക്ഷേ, കുതിരയോടിക്കാൻ അവർക്ക് ഉത്സാഹം തോന്നിയില്ല. ഭയമോ വ്യസനമോ എന്നറിയാത്ത ഒരു ചിന്ത രണ്ടാളേയും ബാധിച്ചിരുന്നു. നൈമിശാരണ്യം ഒരുപാടകലെയാണ്. അമ്മയിൽനിന്ന് ബഹുദൂരം പോന്നുകഴിഞ്ഞിരിക്കുന്നു. ഈ സന്ധ്യയാവട്ടെ ഏറ്റവും പ്രിയപ്പെട്ടതിനെ വേറിടാൻ പോകുന്നതിന്റെ സൂചകമായി ഭവിക്കുന്നു. കുശൻ കൂടുതൽ ദുഃഖിതനായിരുന്നു.

'ആരോ പിന്തുടരുന്നു എന്നത് വെറും തോന്നലാവാം. അല്ലേ?'

അവൻ ചോദിച്ചു. ലവന്റെ കുതിര പെട്ടെന്ന് കുതിച്ചുപാഞ്ഞു.

'അതാരായാലും ഞാൻ....'

കുശൻ വിലക്കി 'തിടുക്കം അരുത്. നിനക്കെല്ലാറ്റിനും തിടുക്കമാണ്. ഇതേ തിടുക്കം കൊണ്ടാണ് ദശരഥൻ മുനികുമാരനെ അമ്പെയ്തുകൊന്നത്.'

ലവൻ കടിഞ്ഞാൺ വലിച്ചു. മുൻകാലുയർത്തി ചിനച്ചുകൊണ്ട് അവന്റെ കുതിര ഓട്ടം നിർത്തി. ലവൻ തന്റെ സഹോദരനെ നോക്കി ക്ഷമാപണത്തോടെ ചിരിച്ചു. കുശൻ ചോദിച്ചു.

'നമ്മൾ ഒരു പാട്ടുകേട്ടു. ഇല്ലേ? വല്ലാത്ത ഒരു ശീലിൽ ?'

'കേട്ടു. പാട്ടിനോടൊപ്പം ഒരു കാട്ടുതുടിയുടെ താളവും ഉണ്ടായിരുന്നു.'

'ശരിക്കും അതൊരു പാട്ടാണോ?'

വാല്മീകി അവരെ അടുത്തേക്കു വിളിച്ചു.

'അടുത്ത ശ്ലോകം ഓർത്തു ചൊല്ലൂ.'

കുട്ടികൾ മഹർഷിയുടെ മുന്നിൽ ചമ്രം പടിഞ്ഞിരുന്നു. അവർ അമ്മയെ ഓർത്തു. യാത്ര പറഞ്ഞിറങ്ങുമ്പോൾ അമ്മ ആശ്രമമുറ്റത്തെ അരയാൽച്ചുവട്ടിൽ നിന്നിരുന്നു. ആലിന്റെ ആടിയുലയുന്ന വേടുകൾക്കുള്ളിൽ കെണിയിൽപ്പെട്ടതു പോലെ. അമ്മയെ വിട്ടുപോരുന്തോറും വേടുകൾ അമ്മയെ ചുറ്റി വരിഞ്ഞ്

XII Std Malayalam Full Set.indb 16 4/29/2019 5:33:20 PM



ഞെരിക്കുമെന്ന് അവർ പേടിച്ചു. നീർ നിറഞ്ഞ കണ്ണുകൾ അടച്ചുപിടിച്ച് കുട്ടികൾ അടുത്ത ശ്ലോകം ഓർത്തു ചൊല്ലി.

ലക്ഷ്മണസ്യ വചഃ ശ്രുത്വാ

ദാരുണാ ജനകാത്മജാ

പരം വിഷാദമാഗമ്യ

വൈദേഹീ നിപപാത ഹ!

ചൊല്ലി നിർത്തിയിട്ട് കുട്ടികൾ ചോദിച്ചു.

താത!

അമ്മയപ്പോൾ ഏതുവിധത്തിലാണ് കരഞ്ഞത്?

അമ്മയുടെ നില എന്തായിരുന്നു?

കൈകൾ തലയിലോ മാറത്തോ വെച്ചിരുന്നത് ?

മുനി പറഞ്ഞു.

കുട്ടികളേ,

XII Std Malayalam Full Set.indb 17 4/29/2019 5:33:21 PM

അവൾ ഗംഗയുടെ തീരത്തായിരുന്നു. അതിനാൽ നിലം മൃദുലമായിരുന്നു. അവളുടെ ശോകമാകട്ടെ പാറകളെ ഉരുക്കുന്ന അഗ്നിപർവതങ്ങളെപ്പോലെ കഠിന മായിരുന്നു. ശിരസ്സിൽ കൈയേറ്റി നിന്നാണ് അവൾ അലമുറയിട്ടത്.

കുട്ടികൾ മണ്ണിൽ കമിഴ്ന്നു കിടന്നു.

തന്റെ കളഞ്ഞുപോയ പൈക്കിടാവിനെ തേടിനടന്ന് ഉണ്ണിക്ക് കാട്ടിൽ വഴിതെറ്റി. ഇരുട്ടുംമുൻപേ പുറത്തു കടക്കാമെന്നു കരുതിയിരുന്ന അവൻ ഇരുട്ടുന്തോറും കൊടുങ്കാടിന്റെ നടുവിലേക്ക് അകപ്പെട്ടുകൊണ്ടിരുന്നു. പൈക്കിടാവിനെയോ പുറത്തേക്കുള്ള വഴിയോ കാണാതെ അവൻ വിഷമിച്ചു.

'ഉണ്ണി ഇതിനെ പോറ്റിക്കോളൂ.'

എന്നു പറഞ്ഞ് അച്ഛനാണ് അതിനെ ഉണ്ണിക്ക് കൊടുത്തത്. അച്ഛന് ഉണ്ണിയുടെ ജീവനോടൊപ്പം നൂറു പശുക്കളെ ദാനം കിട്ടിയിരുന്നു.

ഇപ്പോൾ ഉണ്ണിയുടെ പൈക്കിടാവ് കൈവിട്ടുപോയി. കാട്ടിൽ വഴിയും തെറ്റി. വെളിച്ചം പോയതോടെ നാട്ടുമനുഷ്യരുടെ ചോര ഉറഞ്ഞു പോകുന്ന ഘോരശബ്ദങ്ങളാണ് കാട്ടിൽ നിറയുന്നത്. ഉണ്ണി അങ്ങോട്ടും ഇങ്ങോട്ടും ഓടി. അവിടെയും ഇവിടെയും മുട്ടി. പൈക്കുട്ടിയെ ഉറക്കെ വിളിച്ചു നടന്നു. സങ്കടം വന്നപ്പോൾ തലയിൽ കൈയേറ്റി നിന്ന് ഉറക്കെ . നിലവിളിച്ചു. ഒക്കെ ഓരോ മരത്തിലും ഇലയിലും തട്ടി ഉണ്ണിക്കു ചുറ്റും തന്നെ മടങ്ങിവന്നു. കാട്ടുവള്ളികൾ ഉണ്ണിയെ കുരുക്കുകളിൽ ചാടിച്ചു. വന്മരങ്ങളാകട്ടെ അവനു കടന്നുപോകാൻ വഴി കൊടുക്കാതെ ഞെരുങ്ങി നിന്നു. പേടിയും വിശപ്പും ദാഹവും ക്ഷീണവും വ്യസനവും എല്ലാംകൂടി ഉണ്ണി ഒരിടത്ത് വീണുപോയി.

കരിയിലകളിൽ വീഴുന്ന ചെറിയൊരു കാലൊച്ചപോലും ഉണ്ണിയെ നടുക്കി... പുലിയോ? ചെന്നായയോ? ആരായാലും ഇനി ഒന്നും വരാനില്ല. എന്റെ പൈക്കിടാവിനെ തിന്നവരല്ലേ നിങ്ങൾ ? ഉണ്ണി കണ്ണുകൾ ഇറുക്കെയടച്ചു. എന്നെയും തിന്നോളൂ.

അങ്ങനെ ഒരു നാഴിക പോയി. രണ്ടു നാഴികപോയി. മൂന്ന്, നാല്... ഓരോ സമയമിടിപ്പിനേയും അനേകം നാഴികകളായി അനുഭവിച്ചുകൊണ്ട് ഒരിക്കൽകൂടി എണ്ണപ്പാത്തിയിലെന്നോണം ഉണ്ണി കിടന്നു. ഉണ്ണിക്ക് ഉറക്കം വന്നില്ല.

അങ്ങനെ കിടക്കുമ്പോൾ ദൂരെനിന്ന് ഒരു തുടിയൊച്ച കേട്ടുവെന്ന് ഉണ്ണിക്ക് തോന്നി. അവൻ എണീറ്റിരുന്നു ശ്രദ്ധിച്ചു. മറവികളിൽനിന്ന് തെളിഞ്ഞു വരുന്ന ഓർമ പോലെ ആ തുടികൊട്ട് അടുത്തടുത്ത് കേൾക്കാൻ തുടങ്ങി. കണ്ണെത്ര തുറിപ്പിച്ചിട്ടും കണ്ണിൽക്കുത്തിയ ഇരുട്ടല്ലാതെ ഒന്നും ഉണ്ണിക്ക് തിരിഞ്ഞില്ല. പതുക്കെപ്പതുക്കെ തുടികൊട്ടിന്റെ ഒപ്പം ഒട്ടും ഇമ്പമില്ലാത്ത ഒച്ചയിൽ ചീവീടിന്റെ കരച്ചിൽ പോലെ ഒരു പാട്ടും കേൾക്കാൻ തുടങ്ങി. ഉണ്ണി കാടുമറന്ന്, പേടി മറന്ന്, ഇരുട്ടിൽ തപ്പിത്തടഞ്ഞ് മുന്നോട്ട് നടന്നു.

അബദ്ധത്തിൽ കാട്ടുതീയിൽ ചവിട്ടിയതാണ് ആങ്ങളക്കുട്ടി. കാല് വെന്തു പോയി. മരുന്നിലകൾ പറിച്ച് കൈവെള്ളയിലിട്ടു തിരുമ്മി ചാറെടുത്ത് പൊള്ളലിൽ ഇറ്റിക്കുമ്പോൾ പെങ്ങൾ അവനെ ശകാരിച്ചു. പ്രധാനപ്പെട്ട ഒരു കാര്യത്തിന് പോകു മ്പോൾ സൂക്ഷ്മക്കുറവ് കാട്ടിയതിന്. അവന്റെ കൈയിലാണ് ചെറിയ തുടി ഇരിക്കുന്നത്. അവന് വേദനിക്കുന്നതിനനുസരിച്ച് തുടിയൊച്ച ഇടറിക്കൊണ്ടിരുന്നു.

XII Std Malayalam Full Set.indb 18 4/29/2019 5:33:21 PM

‘ഇന്നാ ഇദ് തിന്നോ.’

കാട്ടുപുല്ലിന്റെ അരി പൊടിച്ചുണ്ടാക്കിയ അപ്പവും ഒരു കഷണം ചുട്ട ഇറച്ചിയും പെങ്ങൾ അവന് കൊടുത്തു.

കാലുകൾ നിലത്തിഴയും വിധം അവൾ അത്രയ്ക്ക് ചെറുതായിരുന്നു. അവനെ കൂടാതെ ഭക്ഷണസാധനങ്ങളുടെ ഒരു പൊതിക്കെട്ടും അവൾ ചുമന്നിരുന്നു. ഇടത്തേകൈയിൽ ഒരു നീണ്ട വടിയുടെ അറ്റത്ത് കെട്ടിത്തൂക്കിയിട്ട ചുരയ്ക്കത്തൊണ്ടിൽ വെള്ളവും ഉണ്ടായിരുന്നു. ഓടിയോടി നടക്കുന്നിതിനിടയിൽ അവൾ ചോദിച്ചു.

‘എപ്പോഴും പാടിക്കൊണ്ടിരിക്കണം ന്ന് അമ്മ പറഞ്ഞിട്ടില്ലേ? ഞാൻ മാത്രേ പാടുന്നുള്ളൂ. നീയെന്താ പാടാത്തത്?’

‘ഇനിയ്ക്ക് കരച്ചില് വരും?’

‘കരച്ചില്... ഇനിയക്കും വരണുണ്ട്. ഇതൊക്കെ പാടിത്തരുമ്പോ അമ്മേം കരഞ്ഞിരുന്നില്ലേ? പക്ഷേ, പാടിപ്പാടി കൊരല് തൊറക്കണം. അതിന് കരഞ്ഞാ പറ്റില്ല. നിനക്കറിയോ ചെലപ്പോ അവർ നമ്മളെ അകത്തേക്ക് കടത്തിവിടില്ല. അപ്പോ പൊറത്തുനിന്ന് ഒറക്കെയൊക്കെ പാടേണ്ടി വരില്ലേ?’

‘ഇനിയ്ക്ക് വയ്യാ അക്കാ. ഇനിയ്ക്ക്... കണ്ണിന്റെ മുന്നില് എപ്പോഴും അപ്പായുടെ അറുത്ത തല കാണാം.’

അവൻ, പെട്ടെന്ന് പെങ്ങളുടെ തോളത്തുനിന്ന് ചാടിയിറങ്ങി അവളെ പൂണ്ടടക്കം പിടിച്ചു. കൈയിലുള്ളതൊക്കെ വലിച്ചെറിഞ്ഞിട്ട് അവളും ഒരു ഞെട്ടലോടെ അവനെ കെട്ടിപ്പിടിച്ചു.

ശംബൂകനെ കൊന്നു എന്ന ആർപ്പുവിളിയുടെ ചുഴലിക്കാറ്റിനു നടുവിലാണ് ഇപ്പോഴും നില്ക്കുന്നതെന്ന് കുട്ടികൾക്ക് തോന്നി. അവർക്കു ചുറ്റും കാട് വട്ടം കറങ്ങുന്നു. ഭൂമി കുലുങ്ങി വിറയ്ക്കുന്നു. മരക്കൊമ്പുകളൊടിച്ചും പാറകൾ തകർത്തും പക്ഷിമൃഗങ്ങളെ അടിച്ചു തെറിപ്പിച്ചും മല വെള്ളംപോലെ ഇരച്ച് ആളുകൾ ഓടിക്കൂടി. പന്തങ്ങളുടെ ചുവന്ന വെളിച്ചത്തിനുള്ളിൽ അവർ അമ്മയെ കാണുമ്പോൾ അമ്മയുടെ കൈയിൽ വലിയൊരു ചേമ്പിലപ്പൊതിയിൽ തേനും തിനയും ആയിരുന്നില്ല. തുളുമ്പുന്ന ചോരക്കുഴമ്പിൽ മുങ്ങിയ അപ്പായുടെ ശിരസ്സായിരുന്നു. ഒറ്റ വീശിന് ഉടലിൽ നിന്ന് തെറിച്ച് അമ്മയുടെ കാല്ക്കൽ ചെന്നുവീണ അപ്പായുടെ ശിരസ്സ്! മഞ്ഞുപോലെ വെളുത്തു പാറിയിരുന്ന മുടിയും താടിയും ചോരയിലൊട്ടിപ്പിടിച്ചിരുന്നു.

മരംകൊട്ടി, കുഴൽ വിളിച്ച്, തീയെറിഞ്ഞ് കാടെരിച്ച് ആളുകൾ ഓടിക്കൂടി. നഗരം ചുട്ടുകരിക്കുമെന്ന് അവർ ശപഥം ചെയ്തു. പലരും തലയിൽ കൈയേറ്റി നിന്ന് നിലവിളിച്ചു. ശപിച്ചു.

കത്തുന്ന കാടിന്റെ നടുവിലെ ബലിക്കല്ലിൽ അപ്പായുടെ ശിരസ്സ് അർപ്പിക്കപ്പെട്ടു. കണ്ണുകൾ പാതിയേ അടഞ്ഞിരുന്നുള്ളു. പല്ലുകളിൽ പറ്റിപ്പിടിച്ച ചോര കണ്ട് നടുങ്ങി കുട്ടികൾ ഉറക്കെ കരഞ്ഞപ്പോൾ അമ്മ അവരുടെ വാപൊത്തിപ്പിടിച്ചു. ശംബൂകന് മരണമില്ല എന്നാർത്തുകൊണ്ട് ആളുകൾ അപ്പായുടെ ഉടൽ കൊണ്ടുവരികയായിരുന്നു. അപ്പായുടെ കൈകാലുകൾ മെലിഞ്ഞ് ചുള്ളിക്കമ്പുപോലെ ഉണങ്ങിയിരുന്നു. വയർ നട്ടെല്ലിനോട് പറ്റിച്ചേർന്ന് പോയിരുന്നു. വാരിയെല്ലുകൾ എഴുന്നുനിന്നു. അപ്പാ

XII Std Malayalam Full Set.indb 19 4/29/2019 5:33:21 PM

നഗ്നനായിരുന്നു. ആ ഉടൽ ശിരസ്സിലേക്ക് ചേർത്തുവെച്ചപ്പോൾ ഇടിമുഴക്കങ്ങൾ പോലെ പെരുമ്പറ കൊട്ടിക്കൊണ്ട് ആളുകൾ ആർപ്പിട്ടു.

'ജ്ഞാനിയായ ശംബൂകന് മരണമില്ല.'

പെൺകുട്ടി അന്നു കണ്ടതും കേട്ടതും അതേപടി ഓർമയിൽ സൂക്ഷിക്കുന്നു. ഇപ്പോൾ തന്റെ ശക്തിമുഴുവൻ സംഭരിച്ച് അവൾ ഉറക്കെ വിളിച്ചു പറഞ്ഞു.

'ജ്ഞാനിയായ ശംബുകന് മരണമില്ല."

കാട്ടിൽ ദുർബലമെങ്കിലും അവളുടെ ഒച്ചയ്ക്ക് കനത്ത മാറ്റൊലികളുണ്ടായി. അവൾ വീണ്ടും അത് വിളിച്ചു പറഞ്ഞു. കൂടുതൽ കനത്ത മാറ്റൊലികൾക്കു വേണ്ടി പിന്നെയും പിന്നെയും അവൾ വിളിച്ചുപറയാൻ തുടങ്ങിയപ്പോൾ ആൺകുട്ടി ഭയന്നു. അവൻ അവളെ പിടിച്ചുലച്ചു.

'നിർത്തു. നിർത്തു. നമ്മളെവിടെയാണ്. ആ എഴുത്താളരെ കണ്ടുമുട്ടുക?"

'എനിക്കറിയില്ല' അവൾ കിതച്ചു. 'പാടിപ്പാടി നടക്കുന്നതിന്നിടയിൽ കണ്ടുമുട്ടും എവിടെയെങ്കിലും.'

അവൻ തുടി കൈയിലെടുത്തു. രാത്രിയുടെ മർമം പിളർന്നു കൊണ്ട് ഒരൊറ്റചീവീട് അതിന്റെ നിലയ്ക്കാത്ത കരച്ചിലും തുടങ്ങിവെച്ചു.

കാട്ടിലെ ഏറ്റവും ദുർഗമമായ ഭാഗത്ത് മുന്നോട്ടൊരടിപോലും നീങ്ങാനാവാതെ മഹർഷിയും കുട്ടികളും നിന്നു. രാത്രി ഏറെച്ചെന്നിരുന്നു. ഗംഗയുടെ തീരത്ത് വഴുക്കുന്ന നിരവധി പാറകളുള്ള അപകടകരമായ ആ ദേശം പ്രഭാതത്തിൽ മാത്രമേ കടന്നുപോകാനാവു എന്ന് മഹർഷി തീരുമാനിച്ചു. അവിടെ ചെറിയ ചില കുറ്റിക്കാടുകൾ ഉള്ളതൊഴിച്ചാൽ വൃക്ഷങ്ങളേതും ഉണ്ടായിരുന്നില്ല. വെളുത്ത പക്ഷമായതിനാൽ നിലാവ് ഗംഗയിൽ വെള്ളിപോലെ തിളങ്ങുന്നുണ്ടായിരുന്നു. മണ്ണട്ടകളും വവ്വാലുകളും രാക്കിളികളും മറ്റു നൂറായിരം ചെറുജീവികളും നിലയ്ക്കാതെ ചിലച്ചുകൊണ്ടിരുന്നു.

കുശനും ലവനും ചുള്ളിക്കമ്പുകൾ പെറുക്കിക്കുട്ടി തീ കത്തിച്ചു. ആളുയരത്തിൽ തീ കത്തിക്കാൻ മഹർഷി നിർദേശിച്ചു.

നദീതീരത്തെ പുൽപ്രദേശങ്ങളിൽ പുലികൾ പതുങ്ങിക്കിടപ്പുണ്ടാവും. കുട്ടികളോടൊപ്പം മഹർഷിയും ഉണക്കയിലകളും കമ്പുകളും ശേഖരിച്ചു. ആളുന്ന തീയിലേക്ക് നോക്കിയിരിക്കുമ്പോൾ കുശൻ ചോദിച്ചു.

താത!

നേരത്തെ നമുക്ക് കേട്ടുവെന്ന് തോന്നിയ ഗാനം ഏതാണ്? പാടിയത് മനുഷ്യരോ കിന്നരരോ ഭൂതഗണങ്ങളോ?

വാല്മീകി പറഞ്ഞു. 'അത് മനുഷ്യശബ്ദം തന്നെ.'

കുശൻ ചോദിച്ചു.

XII Std Malayalam Full Set.indb 20 4/29/2019 5:33:21 PM



'ആദികവിയെന്ന് എല്ലാവരും അങ്ങയെ വിളിക്കുന്നു. അപ്പോൾ പിന്നെ ഈ ഗാനം?'

വാല്മീകി പറഞ്ഞു 'ശോകത്തിൽ നിന്നുണ്ടായതുതന്നെ! ഭൂമി നിറയെ ദുഃഖിതരായ മനുഷ്യരെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. ഓരോ ജീവിതവും ഓരോ കാവ്യമാണ്. എനിക്ക് ഏറെ ദൂരത്തേക്ക് കാണേണ്ടി വരുന്നു. ഈ കാടും നദിയും മഞ്ഞും കുളിരും വനജീവിതവും മാഞ്ഞുപോകും. പുഴകൾ ഉണങ്ങുമ്പോലെ കാരുണ്യം വറ്റിപ്പോകും. എഴുത്താകട്ടെ കാലത്തെപ്പറ്റി പരിമിതമായി മാത്രം പറയുന്നു. ഞാനറിയുന്നതും എനിക്ക് പറയാനുള്ളതും എനിക്ക് പറയാനാവില്ല. വരുകാലം കൂടുതൽ ക്രൂരമാണ്. ശോകത്തിൽനിന്നു കാവ്യം ഉണ്ടാവുകയേ ഇല്ല.'

കുറെ നേരത്തേക്ക് മഹർഷിയും ശിഷ്യന്മാരും ഗംഗയുടെ ഗംഭീര ധ്വനി മാത്രം ശ്രദ്ധിച്ച് വെറുതെ ഇരുന്നു. ഇടയ്ക്കിടെ തീയിൽ ഞെരിഞ്ഞു പൊട്ടുന്ന ഉണക്കയിലകളുടെയും ചുള്ളിക്കമ്പുകളുടെയും ശബ്ദം അവർ വേറിട്ടു കേട്ടു. കുളിരിനുള്ളിൽ നിറയുന്ന പുകയും ചൂടും സുഖകരമായിരുന്നിട്ടും അവരാകെ അസ്വസ്ഥരായിരുന്നു. കുറച്ചുനേരം കഴിഞ്ഞപ്പോൾ ഗംഗയുടെ ഗംഭീര നാദത്തെ മുറിച്ചുകൊണ്ട് വളരെ ദുർബലമായ ഒരു തുടികൊട്ട് കാട്ടിനുള്ളിൽ നിന്ന് കേൾക്കുന്നുണ്ടെന്ന് അവർക്കു തോന്നി. കാതോർക്കും തോറും അതു അടുത്തേക്കടുത്തേക്ക് വരികയും ചെയ്തു.

XII Std Malayalam Full Set.indb 21 4/29/2019 5:33:21 PM

‘അതവരാണ്. ആ പുതിയ പാട്ടുകാർ.’

ലവൻ ചാടിയെണീറ്റു.

‘അവർ നമ്മെ കണ്ടുകൊള്ളട്ടെ.’

കുശൻ ആളേക്കാളുമുയരത്തിൽ തീ കത്തിച്ചു. വെളിച്ചത്തിന്റെ അതിരിൽ തന്നേക്കാൾ വലിയ ഒരു കുട്ടിയെ തോളിൽ ചുമന്നുകൊണ്ട് തളർന്നവശയായ ഒരു പെൺകുട്ടി നില്ക്കുന്നത് അവർ കണ്ടു. പേടിച്ച മൃഗത്തിന്റെ നോട്ടമായിരുന്നു അവളുടെ കണ്ണുകളിൽ. എങ്കിലും ഒരു ചെറുത്തു നില്പിനു അവൾ തയ്യാറെടുക്കുന്നതുപോലെ തോന്നി. മഹർഷി സൗമ്യമായ ചിരിയോടെ അവളെ അടുത്തേക്ക് വിളിച്ചു. ഇഴഞ്ഞാണ് അവൾ രണ്ടുമൂന്നടി മുന്നോട്ടു നീങ്ങിയത്. തോളിൽനിന്നു ഭാരമിറക്കിയതും അവൾ കുഴഞ്ഞുവീണുപോയി. മഹർഷി എണീറ്റുചെന്ന് അവളെ താങ്ങിയെടുത്തു. കാലുവെന്ത കുട്ടിയെ കുശൻ തോളിലെടുത്തു. ഇലക്കുമ്പിൾ നിറയെ വെള്ളം കൊണ്ടുവന്ന് ലവൻ അവരുടെ ദാഹം തീർത്തു.

മഹർഷി ചോദിച്ചു നിങ്ങളാരാണ്? ഇത്രയും ലളിതമായി ഈ ഗാനം ആരു രചിച്ചു? ഇതിന്റെ എഴുത്തോലകൾ എവിടെ?

കുട്ടികൾ പറഞ്ഞു ഇത് ഗാനമല്ല. ആരും രചിച്ചതല്ല. എഴുത്തോലകളും ഇല്ല. ഇത് കണ്ണോക്കാണ്. ഇണക്കിളികളിലൊന്നിനെ വേടൻ തലയരിഞ്ഞു തള്ളിയപ്പോൾ കാടുമുഴുവൻ അലമുറയിട്ടു നടന്ന പെൺകിളികളുടെ കരച്ചിലാണ്.

വാല്മീകി നെടുവീർപ്പിട്ടു. ‘നിങ്ങൾ ഉത്തമനായ ശംബൂകന്റെ മക്കളാണ് അല്ലേ?’

പെൺകുട്ടി പെട്ടെന്ന് എഴുന്നേറ്റു നിന്നു. അവൾ മഹർഷിയെ ഉറ്റു നോക്കി. നിലാവിൽ കവിയുടെ നനഞ്ഞ കണ്ണുകളിൽ ശംബൂകന്റെ നോട്ടം തിളങ്ങുന്നത് അവൾ കണ്ടു.

‘അങ്ങു എഴുത്താളരാണല്ലേ, ഇവർ സീതയുടെ മക്കളല്ലേ?’ വാല്മീകി അവളുടെ ശിരസ്സിൽ തലോടി.

അവൾ ചോദിച്ചു എഴുത്താളരേ, എഴുത്തിൽ ഞങ്ങൾക്കിടം തരാഞ്ഞതെന്തേ?

ആ യാത്രയിൽ ആദ്യമായി വാല്മീകി ധ്യാനനിരതനായി. അദ്ദേഹം പഞ്ചേന്ദ്രിയങ്ങളെ ഉള്ളിലേക്കടക്കി. പതുക്കെ ഒരു ചിതൽപ്പുറ്റു വന്നു അദ്ദേഹത്തെ മൂടി.

ലവനും കുശനും ഭക്ഷണം നാലായി പകുത്തു.

ലവൻ പറഞ്ഞു ശംബൂകന്റെ കഥ ഞങ്ങൾക്കറിയാം. നൈമിശാരണ്യത്തിൽ ഞങ്ങൾ അതും പാടുന്നുണ്ട്.

കുശൻ അഗാധമായ ചിന്തയിലായിരുന്നു. ധ്യാനത്തിലമർന്ന കവിയെ ഏറെനേരം നോക്കിയിരുന്നിട്ട് നെടുവീർപ്പോടെ അവൻ പറഞ്ഞു.

‘കവി പാടിയ കഥയേ നമുക്കറിയൂ. ’

XII Std Malayalam Full Set.indb 22 4/29/2019 5:33:22 PM

ആർത്തിയോടെ ഭക്ഷണം വാരിവലിച്ചു കഴിക്കുന്നതിന്നിടയിൽ പെൺകുട്ടി പറഞ്ഞു.

'ഞങ്ങളും നൈമിശാരണ്യത്തിലേക്കാണ്. യാഗശാലയിൽ ഞങ്ങളും ശംബൂകന്റെ കഥ പാടുന്നുണ്ട്.

കുശൻ, ആ പെൺകിടാവിന്റെ തോളത്ത് കൈവെച്ചു.

'നിങ്ങളുടെ കഥ പാടൂ. അത് വളരെ വ്യത്യസ്തമായിരിക്കും. ഞങ്ങൾ കേൾക്കട്ടെ.'

കുട്ടികൾ തീക്കുണ്ഡത്തിലേക്ക് ചുള്ളിക്കമ്പുകളും ഉണക്കയിലയും വാരിയിട്ടു. അവർ നാലാളും തീക്കരികിലേക്ക് കൂടിച്ചേർന്നിരുന്നു. പെൺകുട്ടി അവളുടെ തുളച്ചുകയറുന്ന ഒച്ചയിൽ ശംബൂകന്റെ കഥ പാടാൻ തുടങ്ങി.

നേരം കടന്നുപോകുന്നതോ തീയണഞ്ഞുപോകുന്നതോ അവരറിഞ്ഞില്ല. നീതിയുടെ തുലാസ് വിരുദ്ധദിശകളിൽ അവർക്കിടയിൽ ആടിക്കളിച്ചു. ചന്ദ്രൻ ഒരു ചുവന്ന കിണ്ണംപോലെ കത്തിത്തെളിഞ്ഞു. രാത്രിയുടെ അവസാനത്തെ യാമത്തിൽ കഥയവസാനിപ്പിച്ചുകൊണ്ട് വിഷാദത്തോടെ പെൺകുട്ടി ചോദിച്ചു.

'മരണത്തിന്റെ കടം കൊലകൊണ്ട് വീട്ടുന്നതാണോ യുഗധർമം?'

വാല്മീകി ഉണർന്നില്ല. ചിതൽപ്പുറ്റ് അദ്ദേഹത്തെ നെറുകയോളം മൂടിയിരുന്നു. തന്റെ കൊച്ചുതുടി നിലത്തുവെച്ചു കാലുവെന്ത ആൺകുട്ടി ചോദിച്ചു.

'ശിശുവിനു പകരം ശിശു എന്നു കരുതി അവർക്ക് എന്നെകൊണ്ട് ആ ബ്രാഹ്മണശിശുവിനെ ജീവിപ്പിക്കാമായിരുന്നില്ലേ?'

കുശൻ വളരെയേറെ അസ്വസ്ഥനായി. ഉത്തരങ്ങളില്ലാതെ ചോദിക്കപ്പെടുന്നവ മുഴുവനും ഈ ചിതൽപ്പുറ്റിനകത്തേക്ക് ഒതുങ്ങിപ്പോവുന്നതെന്ത്?

'എഴുത്താളരേ, പെൺകുട്ടി ഉറക്കെ വിളിച്ചു. ഞങ്ങളെക്കൊല്ലാതെ വൃദ്ധനായ അച്ഛനെക്കൊന്നതെന്തിനാണ്?"

തീക്കുണ്ഡത്തിൽ ഉണക്കയിലകളുടെ ഞരമ്പുകൾ ഞെരിഞ്ഞമർന്നു. ചുള്ളിക്കമ്പുകൾ നട്ടെല്ലുകൾ പോലെ പൊട്ടിത്തെറിച്ചു. അപ്പോൾ അഞ്ചാമതൊരാളുടെ തേങ്ങിക്കരച്ചിൽ തൊട്ടുപുറകിലായി കേട്ടുകൊണ്ട് അവരൊന്നിച്ചു തിരിഞ്ഞുനോക്കി. അത് ഉണ്ണിയായിരുന്നു. അവൻ കഥ കേൾക്കുകയായിരുന്നു.

'അത് ഞാനാണ്. ആ ബ്രാഹ്മണ ശിശു ഞാനാണ്.' ഉണ്ണി വാവിട്ടു കരഞ്ഞു.

കുട്ടികൾ ഒരക്ഷരം മിണ്ടാനാവാതെ സ്തബ്ധരായി ഇരുന്നുപോയി. ഉണ്ണി വളരെ അവശനായിരുന്നു. അവനാകട്ടെ അവരേക്കാളെല്ലാം ചെറുതായിരുന്നു. കുശൻ ചെന്ന് കൈപിടിക്കും മുൻപേ അവൻ കുശന്റെ കൈകളിലേക്ക് വീണു. . '

എന്റെ പൈക്കുട്ടി നഷ്ടപ്പെട്ടു. ഞാനതിനെ തേടി വന്നതാണ്. ശംബൂകനെ കൊന്നത് എനിക്ക് വേണ്ടീട്ടല്ലേ? എന്റെ ജീവനെടുത്തോളുക....

XII Std Malayalam Full Set.indb 23 4/29/2019 5:33:22 PM

ഉണ്ണി മുഖം പൊത്തിക്കരഞ്ഞു. കരച്ചിലിനിടയിൽ അവൻ അവന്റെ പൈക്കിടാവിന്റെ പേര് വിളിച്ചുകൊണ്ടേയിരുന്നു.

പെൺകുട്ടി വെറുപ്പോടെ ചോദിച്ചു. ‘

ഓഹോ! അപ്പോൾ നീയാണല്ലെ എത്രയും വിലപ്പെട്ട ആ ശിശു? ശംബൂകന്റെ തല വീശുവോളം അഴുകാതെ നീ എണ്ണപ്പാത്തിയിൽ കാത്തു കിടന്നു?!’

ഉണ്ണി പൊട്ടിക്കരഞ്ഞു.

‘എനിക്ക് വീട്ടിലേക്കുള്ള വഴിയറിഞ്ഞുകൂടാ.’

ലവനും കുശനും എത്ര ആശ്വസിപ്പിച്ചിട്ടും അവൻ കരച്ചിൽ നിർത്തിയില്ല. പെൺകുട്ടി എണീറ്റുചെന്ന് അവന്റെ കൈക്കു പിടിച്ചുവലിച്ചു. അവൾ തൊട്ടപ്പോൾ തീയിൽ തൊട്ടതുപോലെ ഉണ്ണി പിടഞ്ഞു. അവളാകട്ടെ ക്രൂരമായി പിടിമുറുക്കി.

‘നിനക്ക് വിശക്കുന്നുണ്ടാവും. അതാവും നീയിങ്ങനെ മോങ്ങുന്നത്.’

കാട്ടുപുല്ലിന്റെ ഒരപ്പം പൊതിക്കെട്ടിൽ നിന്നെടുത്ത് അവൾ അവന്റെ കൈയിൽ പിടിപ്പിച്ചു.

‘തിന്ന്.’ ചുണ്ടും പല്ലും കൂട്ടിപ്പിടിച്ച് ഉണ്ണി അത് നിഷേധിച്ചു.

‘നീയിതു തിന്നണം.” പുലി ചീറുംപോലെ അവൾ ചീറി. ഉണ്ണി പേടിച്ചു വിറച്ച് അപ്പം തിന്നാൻ തുടങ്ങി. അവന്റെ ഉണങ്ങിയ വായിൽ അതൊട്ടിപ്പിടിച്ചപ്പോൾ അവൾ അവന് വെള്ളം കൊടുത്തു. നെഞ്ചും തടവിക്കൊടുത്തു. കണ്ണീരൊലിപ്പിച്ചുകൊണ്ട് ഉണ്ണി അപ്പം തിന്നുതീർക്കുന്നത് നോക്കി കുട്ടികൾ നിശ്ശബ്ദരായി ഇരുന്നു. കുറേ നേരത്തേക്ക് തീയിൽ കത്തിയമരുന്ന കരിയിലകളുടെ ഒച്ച മാത്രമേ കേട്ടുള്ളൂ. തീക്കരികിൽ ചൂടുപിടിച്ച മുദുവായ ഒരു കല്ല് ചൂണ്ടിക്കാട്ടി അവൾ ഉണ്ണിയോട് പറഞ്ഞു.

‘കിടന്നുറങ്ങിക്കോ.’ ഉണ്ണി അനങ്ങിയില്ല.

‘പറഞ്ഞതുകേട്ടില്ലേ?’ അവൾ ബലമായി അവനെ പിടിച്ചുകിടത്താൻ ശ്രമിച്ചു. തണുത്ത ഒച്ചയിൽ ഉണ്ണി പറഞ്ഞു.

‘എനിക്കുറക്കം വരില്ല. ഒരിക്കൽ മരിച്ചവനാണ് ഞാൻ. ഒരിക്കൽ മരിച്ചിട്ട് വീണ്ടും ജീവിതത്തിലേക്ക് വരുന്നതിന്റെ വേദന ഭയങ്കരമാണ്.

ഗർഭപാത്രത്തിൽ നിന്നല്ലാതെ വീണ്ടും ജീവിതത്തിലേക്കു വരിക അതിന്റെ ഏകാന്തത കഠിനമാണ്. പിന്നീടൊരിക്കലും ഞാനുറങ്ങിയിട്ടില്ല.’

തീക്കപ്പുറത്ത് ഉണ്ണിയുടെ വികാരരഹിതമായ മുഖത്തേക്ക് നോക്കി കുട്ടികൾ പകച്ചിരുന്നു.

‘ഉണ്ണീ !’

അത് ധ്യാനം വിട്ടൊഴിഞ്ഞ മഹർഷിയായിരുന്നു. അദ്ദേഹം അവർക്കരികിൽ വന്നിരുന്നു. കുട്ടികളെ തന്നോട് ചേർത്തു പിടിച്ചു.

XII Std Malayalam Full Set.indb 24 4/29/2019 5:33:22 PM

‘എണ്ണപ്പാത്തിയിലെ ഉറക്കത്തിൽനിന്ന് ഒരിക്കലും ഉറങ്ങാനാവാതെ വേദന നിറഞ്ഞ ഉണർവിലേക്ക് എഴുത്താളരേ, എന്തിനാണെന്നെ തിരികെ കൊണ്ടുവന്നത്?’

ഉണ്ണി ചോദിച്ചു. അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. വാല്മീകി നെടുവീർപ്പിട്ടു. ‘എഴുത്തധികാരം ഒരിക്കലും പരമാധികാരമാവുന്നില്ല ഉണ്ണീ .’

‘എനിക്കെന്റെ പൈക്കുട്ടിയെ വേണം.’ ഉണ്ണി പറഞ്ഞു.

‘നിനക്കതിനെ തിരിച്ചുതരും. പ്രഭാതത്തിൽ നിന്നെ വനാതിർത്തി കടത്തിവിടാം.’ മഹർഷി ആശ്വസിപ്പിച്ചു.

ഉണ്ണിക്ക് അവന്റെ പൈക്കിടാവിനെ തിരിച്ചുകിട്ടിയോ? കിട്ടിയിരിക്കാം. അടുത്ത മരണംവരെ ഉറങ്ങാനാവാതെ കൊടും വേദന തിന്ന് അവൻ ജീവിച്ചിരിക്കാം. നൈമിശാരണ്യത്തിൽ സീതയുടെ മക്കൾ രാമായണം പാടി കേൾവിക്കാരുടെ കണ്ണും കാതും കവർന്നുവെന്ന് ഇതിഹാസകാരൻ പറയുന്നുണ്ട്. പക്ഷേ, നമുക്കൊരറിവും കിട്ടാതെ പോകുന്നത് ശംബൂകന്റെ മക്കളുടെ കാര്യമാണ്. അവർ നൈമിശാരണ്യത്തിലെത്തിയോ? കവി പാടിയതിനപ്പുറത്ത് ശംബൂകന്റെ കഥ പാടിയോ? ചരിത്രത്തിലോ ഇതിഹാസത്തിലോ കേട്ടുകേൾവികളിൽപ്പോലുമോ പിന്നീട് നാമവരെപ്പറ്റി ഒന്നും കേൾക്കുന്നില്ല.

XII Std Malayalam Full Set.indb 25 4/29/2019 5:33:22 PM

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. "തിടുക്കം അരുത്. നിനക്കെല്ലാറ്റിനും തിടുക്കമാണ്. ഇതേ തിടുക്കം കൊണ്ടാണ് ദശരഥൻ മുനികുമാരനെ അമ്പെയ്തു കൊന്നത്.'ഏത് കഥയിലുള്ളതാണ് ഈ വരികൾ?

   അ. കഥയിലില്ലാത്തത്

   ആ. മാപ്പ്

   ഇ. കോലാട്

   ഈ. വെളുത്തകുട്ടി

2. കഥയിലില്ലാത്തത് എന്ന കഥയിലെ കഥാപാത്രമാണ്

   അ. ലക്ഷ്മണൻ

   ആ. ശംബൂകൻ

   ഇ. രാവണൻ

   ഈ. താടക

3. കഥയിലില്ലാത്തത് ആരുടെ കഥയാണ്?

   അ. രാജലക്ഷ്മി

   ആ മാധവിക്കുട്ടി

   ഇ. സാറാ ജോസഫ്

   ഈ. ഖദീജ മുംതാസ്

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. കഥയിലില്ലാത്തത് എന്ന കഥയ്ക്ക് ആസ്വാദനമെഴുതുക.

XII Std Malayalam Full Set.indb 26 4/29/2019 5:33:22 PM

ഭാഗം 2

സാഹിത്യം



പഠനലക്ഷ്യങ്ങൾ

- ആട്ടക്കഥാസാഹിത്യം പരിചയപ്പെടൽ
- ഭാഷാശൈലിയുടെ വ്യതിരിക്തത മനസ്സിലാക്കൽ

പാഠഭാഗങ്ങൾ

പദ്യം	:	ഹംസദൗത്യം	- ഉണ്ണായി വാര്യർ
ഗദ്യം	:	ഭീഷ്മപ്രതിജ്ഞ	- കുട്ടികൃഷ്ണമാരാർ
ഉപപാഠം	:	മാപ്പ്	- രാജലക്ഷ്മി

XII Std Malayalam Full Set.indb 27 4/29/2019 5:33:23 PM

പദ്യം

ഹംസ ദൗത്യം

- ഉണ്ണായി വാര്യർ



ഉണ്ണായിവാര്യർ: 1682 നും 1759 നും ഇടയ്ക്കാണ് ജീവിതകാലം എന്ന് വിശ്വസിക്കപ്പെടുന്നു. ഇരിങ്ങാലക്കുടയിൽ ജനിച്ചു. നളചരിതം ആട്ടക്കഥ എന്ന ഒറ്റകൃതികൊണ്ടുതന്നെ പ്രശസ്തനായ കവിയാണദ്ദേഹം. ഗിരിജാകല്യാണം, രാമപശ്ചശതി തുടങ്ങിയവയാണ് മറ്റ്കൃതികൾ. മഹാഭാരതം വനപർവ്വത്തിലെ നളോപാഖ്യാനമാണ് നളചരിതം ആട്ടക്കഥക്ക് ഇതിവൃത്തമായി സ്വീകരിച്ചിട്ടുള്ളത്. നാല് ദിവസങ്ങളിലായി അവതരിപ്പിക്കത്തക്ക വിധത്തിലാണ് നളചരിതം രചിച്ചിട്ടുള്ളത്. നളചരിതം ഒന്നാം ദിവസത്തിൽ നിന്നുമെടുത്തതാണ് ഹംസദൗത്യമെന്ന പാഠ്യഭാഗം.

നളന്റെ ദൂതുമായി ഹംസം ദമയന്തിയെ ചെന്നു കണ്ട് സംവാദത്തിലേർപ്പെടുന്നതാണ് ഈ കാവ്യഭാഗത്തിന്റെ സന്ദർഭം.

ശ്ലോകം 10

ഇനിയൊരടി നടന്നാൽ കിട്ടുമേ കൈയ്ക്കലെന്നും
പ്രതിപദമപി തോന്നുമ്മാറുംമന്ദം നടന്നു.
അഥബത ദമയന്തീമാളിമാരോടു വേറാ-
മതു പൊഴുതരയന്ന പ്രൗഢനൂചേ സഹാസം.

ഹംസം

പദം 14 പല്ലവി

അംഗനമാർ മൗലേ! ബാലേ!
ആശയെന്തയീ തേ

XII Std Malayalam Full Set.indb 28 4/29/2019 5:33:24 PM



അനുപല്ലവി

എങ്ങനെ പിടിക്കുന്നു നീ
ഗഗനചാരിയാമെന്നെ ? (അംഗന)

ചരണം 1

യൗവ്വനം വന്നുദിച്ചിട്ടും ചെറുതായില്ല ചെറുപ്പം
അവിവേകമിതു കണ്ടാലറിവുള്ളവർ
പരിഹസിക്കും, ചിലർ പഴിക്കും
വഴിപിഴയ്ക്കും തവ നിനയ്ക്കുമ്പോൾ..... (അംഗന)

ചരണം 2

ബന്ധനം ചെയ്യേണ്ട നീ മാം, ബന്ധുവത്രേ തവ ഞാൻ
സഖിമാരിലധികം വിശ്വസിച്ചീടെന്നെ
ജഗൽ പതിയും രതി പതിയും
തവ കൊതിയുള്ളൊരു പതി വരുമേ..... (അംഗന)

XII Std Malayalam Full Set.indb 29 4/29/2019 5:33:32 PM

ചരണം 3

നളനഗരേ വാഴുന്നു ഞാൻ നളിന ജന്മവചസാ
നളിനമിഴിമാർക്കെല്ലാം നട പഠിപ്പാൻ
മദലുളിതം മൃദുലളിതം
ഗുണമിളിതം ഇതു കളിയല്ലേ (അംഗന)

ഭൈമി:

പദം 15 പല്ലവി.

കണ്ടേൻ നികടേ നിന്നെ
കളിവാക്കു തവ കേട്ടേനെ

അനുപല്ലവി

കഞ്ജ ഭവനനുടെ വാഹനമേ!
കമ്രരൂപമതിരമ്യചാടുവചനം (കണ്ടേൻ)

ചരണം 1

പ്രേക്ഷകനായതു കമലജനോ തവ?
നൈഷധപുരമോ പരമപദം?
മധുരാകൃതേ! ഗുണ വാരിധേ! ഖഗ-
സാർവ്വ ഭൗമ! ജയ, നൗമി തേ ചരിതം (കണ്ടേൻ)

ചരണം 2

നളിനാസന വരവാഹന! നീ മമ
നളനൃപഗുണഗണമോതുകെടോ

XII Std Malayalam Full Set.indb 30 4/29/2019 5:33:35 PM

തവ വാചികം അഴൽ മോചകം മമ
കർണ്ണമാരചയ പുണ്യലേശയുതം. (കണ്ടേൻ)

ചരണം 3

സന്തതമുള്ള മനോരഥവും പുന –
രിന്നു ഭവാനൊടു ഞാൻ പറയാം



XII Std Malayalam Full Set.indb 31 4/29/2019 5:33:38 PM

തുണയാകി ലോ ഗുരുകൃപാകുലാശയ!
ദീനയാമെനിക്കു മാനനീയ ഗുണ!..... (കണ്ടേൻ)

ശ്ലോകം 11

പുത്തൻതേൻമൊഴിമാർ കുലത്തിന്നരിയോ-
രുത്തംസമാം ഭൈമിതൻ
ചിത്തം താനഥ പത്തിനഞ്ചവനറി
ഞ്ഞിത്ഥം കൃശാംഗ്യാഗിരാ
അത്യന്തം ബത! മുഗ്ദ്ധയോടനുസരി-
ച്ചെല്ലാമറിഞ്ഞീടുവാ-
നുദ്യോഗിച്ച വിദഗ്ദ്ധനാം ഖഗവരൻ
വൈദർഭിയോടുക്തവാൻ

ഹംസം

പദം 16 പല്ലവി

പ്രീതി പൂണ്ടരുളുകയേ! ചിന്തിതമെല്ലാം
ഭീമനൃപതി തനയേ!

അനുപല്ലവി

വീതവിശങ്കം സഖിമാരിലൊന്നെന്നെ
ഉറച്ചു നീ ലജ്ജാഭാരം കുറച്ചു നിരാകുലം (പ്രീതി)

XII Std Malayalam Full Set.indb 32 4/29/2019 5:33:41 PM

ചരണം1

കാതര മിഴിമാർ മൗലി മാലികേ! ദമ-
സോദരീ! നിനക്കു ബാലികേ!
ഏതൊരു പുരുഷനിലുള്ളിൽ കൗതുകം പാരി-
ലാദരണീയം തസ്യജാതകം
ഏണമിഴി! പറവാൻ മടിക്കരുതേ,
നാണംകൊണ്ടിനിയേതും മറയ്ക്കരുതേ
ഞാനുണ്ടതിനു തുണ തവ സുതനോ!
മാനഹാനി തവ വരുത്തുവനോ?
ഹസ്ത ഗതം തവ വിദ്ധി മനീഷിത-
മുക്തമിദം മമ സത്യമിദാനീം..... (പ്രീതി)

ഭൈമി

പദം 17 പല്ലവി

അരയന്ന മന്നവ! നിന്നോടെന്തിഹ ഞാൻ പറവൂ

അനുപല്ലവി

കുല കന്യകമാരാൽ ഹൃദി
ഗുഹനീയം വസ്തു പറയാമോ? (അര)

ചരണം1

പേർത്തു പേർത്തു ജനകീർത്ത്യമാന നള-
പാർത്ഥിവോത്തമ സൽകീർത്തികൾ കേട്ടേൻ

XII Std Malayalam Full Set.indb 33 4/29/2019 5:33:43 PM

ഓർത്തവനുടൽ കൂർത്തുമൂർത്തംഗജാസ്ത്ര മേറ്റു
നേർത്തുടൻ നെടുതായി വീർത്തു ഞാനാർത്തയായേൻ (അര)

ഹംസം

പദം 16 ചരണം2

ഉള്ളതു ചൊന്നതിതെന്നാലനൃനം നവ-
പല്ലവ തുല്യാംഗീ തവ, കല്യാണം
നല്ലതു നല്ലതിനോടേ ചേരേണം,തവ
വല്ലഭനപരൻ തുല്യൻ നഹിനൂനം
മേഘവാഹനനെക്കാൾ ബലവാൻ
മോഹനാംഗനവനതി ഗുണവാൻ
കമനി! രത്ന കനകങ്ങളുടെ
ഘടനയേഘടന നിങ്ങളുടെ
വിഷ്ണു രമയ്ക്കു നിശയ്ക്കു ശശാങ്ക-
നുമയ്ക്കു ഹരൻ നളനോർക്കിൽ നിനക്കും. (പ്രീതി)

XII Std Malayalam Full Set.indb 34 4/29/2019 5:33:46 PM

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ഹംസദൗത്യം ഏത് കൃതിയിൽ നിന്നെടുത്തതാണ്?

   അ. നളചരിതം

   ആ. രാമായണം

   ഇ. ശാകുന്തളം

   ഈ. കുമാരസംഭവം

2. കഞ്ജഭവനൻ ആരാണ്

   അ. നളൻ

   ആ. നാരദൻ

   ഇ. ബ്രഹ്മാവ്

   ഈ. ഹംസം

3. ആരെയാണ് വൈദർഭി എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്

   അ. നളനെ

   ആ. ദമയന്തിയെ

   ഇ. ബ്രഹ്മാവിനെ

   ഈ. ദേവേന്ദ്രനെ

II. ഉത്തരമെഴുതുക

1. ബന്ധനം ചെയ്യേണ്ട നീ മാം ബന്ധുവത്രേ തവ ഞാൻ
   സഖിമാരിലധികം വിശ്വസിച്ചീടെന്ന

   അ. ഏത് പദ്യത്തിലെ വരികളാണിത്?

   ആ. ഇതെഴുതിയ കവി ആരാണ്?

2. വിഷ്ണു രമയ്ക്കു നിശക്കു ശശാങ്ക
   നുമയ്ക്കു ഹരൻ നളനോർക്കിൽ നിനക്കും.

   അ. ഏത് പദ്യത്തിലെ വരികളാണിത് ?

   ആ. ഇതെഴുതിയ കവി ആരാണ് ?

XII Std Malayalam Full Set.indb 35 4/29/2019 5:33:46 PM

III. ഉത്തരം ചുരുക്കിയെഴുതുക.

1. ഹംസം ദമയന്തിയെ എപ്രകാരമാണ് കളിയാക്കിയത് ?
2. ദമയന്തിയുടെ ഇംഗിതം അറിയാൻ ഹംസം കൈകൊണ്ട മാർഗമെന്ത് ?

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

1. ഹംസവും ദമയന്തിയും തമ്മിലുള്ള സംഭാഷണം സംഗ്രഹിക്കുക
2. ദൂതനെന്നനിലയ്ക്ക് അരയന്നത്തിന്റെ സാമർത്ഥ്യം പദ്യഭാഗത്തെ ആസ്പദമാക്കി ചർച്ച ചെയ്യുക

XII Std Malayalam Full Set.indb 36 4/29/2019 5:33:46 PM

ഗദ്യം

ഭീഷ്മപ്രതിജ്ഞ

– കുട്ടികൃഷ്ണമാരാര്



കുട്ടികൃഷ്ണമാരാര് [1900–1973] പട്ടാമ്പിയിൽ ജനിച്ചു. മലയാളത്തിലെ പ്രമുഖ സാഹിത്യവിമർശകനും ഭാഷാശാസ്ത്രജ്ഞനുമാണദ്ദേഹം. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, എം.പി.പോൾ അവാർഡ് തുടങ്ങിയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. കൈവിളക്ക്, ഭാരതപര്യടനം, കല ജീവിതംതന്നെ, സാഹിത്യ സല്ലാപം, ഗോപുരം തുടങ്ങിയവയാണ് പ്രധാനകൃതികൾ. മഹാഭാരതത്തിലെ പ്രധാനപ്പെട്ട കഥാസന്ദർഭങ്ങളെ ആഴത്തിൽ വിശകലനം ചെയ്തിട്ടുള്ള കൃതിയായ ഭാരതപര്യടനത്തിൽനിന്ന് എടുത്തതാണ് ഭീഷ്മ പ്രതിജ്ഞ എന്ന പാഠഭാഗം.

ഭീഷ്മരുടെ വ്യക്തിപ്രഭാവത്തെയും അദ്ദേഹത്തിന്റെ പ്രതിജ്ഞയിലുള്ള നിശ്ചയദാർഢ്യത്തെയുമാണ് ലേഖനത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

കുരുവംശത്തിൽ പ്രതീപപുത്രനായ ശന്തനുവിന് ദിവ്യാനുഭാവയായ ഗംഗയിലുണ്ടായ ഏഴു പുത്രന്മാർ അപമൃത്യുപെട്ടുപോയതിനുശേഷം ഒടുക്കം കൈവന്ന ഏക പുത്രനാണ് ദേവവ്രതൻ.ആ ഉണ്ണി പിറന്നതിനെത്തുടർന്ന് ആ പ്രാണപ്രേയസിയും അദ്ദേഹത്തെ വിട്ടേച്ചുപോയി. പോകുമ്പോൾ കുഞ്ഞിനേയും കൊണ്ടു പോയി. അവനെ വസിഷ്ഠർഷിയുടെ അടുക്കൽ സാംഗോപാംഗമായ വേദങ്ങളും പരശുരാമർഷിയുടെ അടുക്കൽ സകലമായ ശസ്ത്രാസ്ത്രവിദ്യകളും പഠിപ്പിച്ച്, യൗവനാരംഭത്തിൽ അച്ഛന്റെ പക്കലേൽപിച്ചു. സർവ്വഥാ, ശന്തനുവീന്റെ ജീവിത സർവ്വസ്വമായിത്തീർന്നു ആ കുമാരൻ. അച്ഛൻ സുന്ദരനും സൂര്യനെപ്പോലെ തേജസ്വിയുമായ മകനെ യുവരാജാവായി അഭിഷേചിച്ചു രാജ്യഭരമേല്പിച്ച്; പ്രിയാവിരഹാകുലതയാൽ കാട്ടിൽ നായാട്ടുമായി വിനോദിച്ചു കഴിഞ്ഞു.

അന്നൊരു നാൾ ശന്തനൂ യമുനാനദിക്കടുക്കൽ നായാടി നടക്കവേ എന്തെന്നില്ലാത്ത ഒരുത്തമഗന്ധം വന്നതായി തോന്നി. അതിനെപ്പറ്റി അന്വേഷിച്ചു ചെന്നപ്പോൾ ദേവരൂപിണിയായ ഒരു കന്യകയെ കണ്ടെത്തി. അവൾ , അവിടെയുള്ള മുക്കുവ മൂപ്പന്റെ മകളാണ്. സ്വധർമ്മാനുസാരേണ വഴിപോക്കരെ പുഴകടത്തിക്കൊണ്ടിരിക്കയാണ്. ശന്തനു അവളുടെ അച്ഛന്റെ അടുക്കൽ ചെന്ന് അവളെ തനിക്കു വേണ്ടി ആവശ്യപ്പെട്ടു.

ദാശരാജാവ് പറഞ്ഞു: 'തിരുമേനീ അവളെതരാൻ ഒരുവിരോധവുമില്ല. പക്ഷേ, എന്റെ ഉള്ളിലൊരാഗ്രഹമുണ്ട്. അവിടുന്ന് ഇവളെ ധർമപത്നിയായിട്ടാണ് ഇന്നും ആവശ്യപ്പെടുന്നതെങ്കിൽ– അവിടുന്നു– സത്യവാനാണ്. ഒരു സത്യം ചെയ്തുവെച്ചാൽക്കൊള്ളാം. എനിക്കു അവിടുത്തെ പോലെ. ഒരു. വരനെ കിട്ടാനില്ല. '

XII Std Malayalam Full Set.indb 37 4/29/2019 5:33:48 PM



‘വരമെന്താണെന്നു:, കേൾക്കട്ടെ, എന്നിട്ടു തരാവുന്നതാണെങ്കിൽ തരാം; അല്ലെങ്കിലില്ല. ’

‘ മറെറാന്നുമല്ല. ഇവളിലുണ്ടാകുന്ന പുത്രനെ അവിടുത്തേക്കു ശേഷം രാജാവായി വാഴിക്കണം :

ശന്തനു എത്രമേൽ കാമപരിതപ്തനാ യിരുന്നിട്ടും മുക്കുവന് ആ വരം കൊടു ക്കാൻ വിചാരിച്ചില്ല. അദ്ദേഹം ആ മുക്കുവപ്പെൺകിടാവിനെപ്പററി ഓർ ത്തോർത്ത് മനം കെട്ടുകൊണ്ട് ഹസ്തിന പുരത്തിലേക്കു മടങ്ങിപ്പോന്നൂ

ഒരുനാൾ ദേവവ്രതൻ അച്ഛനോടു ചോദിച്ചു: ‘അച്ഛനു സർവത്ര ക്ഷേമമാണ്’; എല്ലാ രാജാക്കളും വിധേയരുമാണ്. എന്നിട്ടെന്താണ് എപ്പോഴും ഒരു ദുഃഖത്തിൽപ്പെട്ട് ഒന്നും സംസാരിക്കാതെ എന്തോ ചിന്തിച്ചും കൊണ്ടിരിക്കുന്നത്?’

‘ശരിയാണുണ്ണീ.’ ശന്തനു പറഞ്ഞു: ‘നീ പറയും പോലെ, ഞാനൊരു ചിന്തയിൽപ്പെട്ടിരിക്കുകയാണ്. നമ്മുടെ ഈ മഹത്തായ വംശത്തിൽ നീയൊരു സന്താനമേയുള്ളൂ. മനുഷ്യന്റെ കാര്യത്തിൽ ഉറപ്പുമില്ല. ഇതോർത്താണ് ‘ഞാൻ ദുഃഖിക്കുന്നത്. ഗാംഗേയാ, വല്ലപാടും നിനക്കൊരാപത്തു വന്നാൽ, പിന്നെ നമ്മുടെ ഈ വംശമില്ല. തീർച്ചയായും നൂറുപേരിലും മേലെയാണ് നീയൊരു പുത്രൻ; എനിക്കു വെറുതേ വീണ്ടും ഭാര്യയെ വെക്കണമെന്നുമില്ല. സന്താനക്ഷതി വരരുതെന്നേയുള്ളൂ. നിനക്കു ഭദ്രം ഭവിക്കട്ടെ. ഏകപുത്രത്വം അനപത്യതയാണെന്നു ധർമവാദികൾ പറയുന്നു. നീയാകട്ടെ, ശൂരനും പൊറുക്കാത്തവനും, എന്നും ആയുധം കൊണ്ടു പെരുമാറുന്നവനുമാണ്’. ഇതാണ് എന്റെ ദുഃഖത്തിനു കാരണം.

ഈ ദുഃഖകാരണം തികച്ചും മനസ്സിലാക്കിയിട്ട് മഹാബുദ്ധിയായ ദേവവ്രതൻ, അപ്പോൾത്തന്നെ അച്ഛനോടടുപ്പമുള്ള വൃദ്ധാമാത്യനെ ചെന്നു കണ്ട് ഇതിന്റെ കഥയ ന്വേഷിച്ചു. അദ്ദേഹത്തിൽ നിന്ന് ദാശകന്യകയ്ക്കു വേണ്ടിയുള്ള വരകഥ അറിഞ്ഞ ഉടനെ ഏതാനും വൃദ്ധക്ഷത്രിയന്മാരോടുകൂടി ആ മുക്കുവേമൂപ്പന്റെ അടുത്തു ചെന്ന് താൻതന്നെ അച്ഛനു വേണ്ടി കന്യകയെ ആവശ്യപ്പെട്ടു.

മുപ്പൻ അദ്ദേഹത്തെ വേണ്ടവിധം സല്ക്കരിച്ചിരുത്തി ആ രാജസദസ്സിൽവച്ചു പറഞ്ഞു: ’പുരുഷർഷഭ, ഞാൻ അവിടുത്തോട് എന്തു പറയട്ടെ? പെൺവഴിക്ക് ഇത്രയും ശ്ലാഘ്യമായ ഒരു സംബന്ധമർത്ഥിച്ചതിനെ കൈയൊഴിക്കുന്നവൻ, സാക്ഷാൽ ഇന്ദ്രനായാലും പശ്ചാത്തപിക്കാതിരിക്കുമോ? ഈ സത്യവതി, ഗുണങ്ങളെക്കൊണ്ടു നിങ്ങൾക്കൊത്ത ഒരാര്യന്റെ മകളാണ്. അദ്ദേഹം അവിടുത്തെ അച്ഛനെപ്പററി എന്നോടു പലപ്പോഴും വാഴ്ത്തി പറഞ്ഞിട്ടുണ്ട്. എല്ലാ രാജാക്കന്മാരിലും വച്ച് അദ്ദേഹമാണ് സത്യവതിയെ വേൾക്കാൻ അർഹൻ. പണ്ട് അസിതനെന്ന ദേവർഷി സത്യവതിയെ ആവശ്യപ്പെട്ടിട്ടും ഞാൻ തള്ളുകയാണുണ്ടായത്. ഇവിടെ കന്യാപിതൃത്വം മൂലം ഏതാണ്ടൊന്നു പറയുന്നേ ഉള്ളൂ. ഇതിൽ ബലവാനായ ഒരെതിരാളിയുണ്ട് എന്നൊരു

XII Std Malayalam Full Set.indb 38 4/29/2019 5:33:48 PM

കുററം മാത്രം ഞാൻ കാണുന്നു. അവിടുന്ന് ആർക്കെതിരാളിയാകുന്നുവോ, അവൻ ഗന്ധർവനായാലും അസുരനായാലും, അവിടുന്നു ക്രോധിച്ചാൽപ്പിന്നെ, സ്വസ്ഥമായി ജീവീക്കലില്ല. ഈയൊരു കുററമേ ഇതിലുള്ളു; മറെറാന്നുമില്ല തിരുമേനി'!

ഗാംഗേയൻ പറഞ്ഞു: "ഞാൻ വിചാരിക്കുന്നതിതാണു": സത്യവാനേ, സത്യം കൈക്കൊള്ളുക; ഇന്നോളവും ഇനിയും ആരും പറവാനിടയില്ലാത്ത വാക്കാണു പറയുന്നത്. താങ്കൾ പറയുമ്പോലെ, ഇവളിലുണ്ടാകുന്ന പുത്രൻ . ഞങ്ങളുടെ രാജാവാകും.... അതിനു വേണ്ടതു ഞാൻചെയ്തുകൊള്ളാം.

രാജ്യം കിട്ടുവാൻ അങ്ങേയററത്താളം ശ്രമിക്കണമെന്നു നിശ്ചയിച്ച മുക്കുവൻ പറഞ്ഞു : 'ധർമാത്മാവേ, കന്യകയുടെ ഉടയവൻ അവിടുന്നാണു. അവളെ കൊടുപ്പാനും അവിടേക്കാണധികാരം. എന്നാൽ, ഈയൊരു കാര്യം കൂടി എനിക്കവിടുത്തെ അറിയിപ്പാനുണ്ട്; കന്യാപിതാക്കളുടെ ശീലംകൊണ്ടു പറകയാണു. സത്യവതിക്കുവേണ്ടി അവിടുന്ന് ഈ രാജമദ്ധ്യത്തിൽ വെച്ചു ചെയ്ത പ്രതിജ്ഞയുണ്ടല്ലോ, അത് അവിടേക്കു മാത്രമേ ചെയ്യാനാവൂ. അതു മറിച്ചാവില്ല, അതിലൊരു സംശയവുമില്ല. എന്നാൽ, അവിടേക്കു ജനിക്കുന്ന പുത്രനുണ്ടല്ലോ, അതിൽ എനിക്ക് വലിയ സംശയമുണ്ട്,'

അയാളുടെ ഉദ്ദേശ്യമറിഞ്ഞ്, ആ സത്യപരായണൻ അച്ഛന്റെ പ്രീതി സാധിപ്പാൻ ഉന്നിക്കൊണ്ടൂ പ്രതിജ്ഞ ചെയ്തു: 'ദാശരാജാവേ, ഈ രാജാക്കന്മാർ കേൾക്കെ ഞാൻ അച്ഛനു വേണ്ടി പറയുന്നതു കേൾക്കൂ: രാജ്യം ഞാൻ ആദ്യമേ ഉപേക്ഷിച്ചിരിക്കുന്നു. ഇനി സന്താനത്തിൻറ കാര്യത്തിലുള്ള തീർപ്പാണ്' ഇന്നു മുതൽ എനിക്കു ബ്രഹ്മചര്യമായിരിക്കും, അപുത്രനായാലും എനിക്കു സ്വർഗത്തിൽ ശാശ്വത ലോകങ്ങളുണ്ടാവും' .

ഇതു കേട്ട് മുക്കുവൻ മേലാകെ കോരിത്തരിപ്പോടെ പറഞ്ഞു: 'തരാം, കന്യകയെ തരാം.' അന്തരീക്ഷത്തിൽ നിന്നും ഋഷിദേവാപ്സരസ്സുകൾ പുഷ്പ വൃഷ്ടിചെയ്കയും 'ഇദ്ദേഹം ഭീഷ്മർ തന്നെ'! എന്നുരിയാടുകയും ചെയ്തു. ഭീഷ്മർ യശസ്വിനിയായ സത്യവതിയോടു പറഞ്ഞു: 'അമ്മേ, തേരിലേറൂ, സ്വഗൃഹത്തിലേക്കു പോവുക.'

ശാന്തനു ഭീഷ്മരുടെ ഈ ദുഷ്പരകർമാനുഷ്ഠാനത്തിൽ സന്തുഷ്ടനായി, താനാദ്യം അപായം ശങ്കിച്ചു അദ്ദേഹത്തിനു സ്വച്ഛന്ദമരണം നൽകി.

വിവാഹം കഴിഞ്ഞു. ശന്തനുവിനു സത്യവതിയിൽ അതിമാനുഷവീര്യനായ ചിത്രാംഗദനും വിചിത്രവീര്യനും ജനിച്ചു. ഇളയവനു യൗവനമാകുന്നതിനുമുമ്പേ ശന്തനു കാലധർമം പ്രാപിച്ചു. ഭീഷ്മർ സത്യവതിയുടെ അനുമതിയോടുകൂടി ചിത്രാംഗദനെ രാജ്യത്തിൽ വാഴിച്ചു. ചിത്രാംഗദൻ ശൗര്യത്തിൽ തനിക്കൊത്ത മനുഷ്യരില്ലെന്നുകണ്ട്, പുരന്മാരെയും അസുരന്മാരെയും അധിക്ഷേപിച്ചുവന്നു. എന്നാൽ, ഇതേ പേരുള്ള ഗന്ധവ്വരാജാവു വന്ന് ഇദ്ദേഹവുമായി കുരുക്ഷേത്രത്തിൽവച്ച് ഒരു നീണ്ട യുദ്ധം നടത്തി മായാബലം കൊണ്ട് ഇദ്ദേഹത്തെ വധിച്ചു കളഞ്ഞു. വഴിയേ ഭീഷ്മർ യൗവനമെത്താത്ത വിചിത്രവീര്യനെ കുരുരാജ്യത്തിൽ അഭിഷേചിച്ചു. അദ്ദേഹം ഭീഷ്മരുടെ ചൊൽപ്പടിക്കുനിന്ന് അദ്ദേഹത്തെ ബഹുമാനിച്ചുകൊണ്ടു ഭരണം നടത്തി. ഭീഷ്മർ ഇദ്ദേഹത്തെ കാത്തുപോന്നു. വിചിത്രവീര്യനു യൗവനമായപ്പോൾ സത്യവതിയുടെ അനുമതിയോടുകൂടി വേളിയും കഴിപ്പിച്ചു. വിവാഹാനന്തരം, ധർമാത്മാവായിരുന്ന വിചിത്രവീര്യൻ കാമാത്മാവായിത്തീർന്നു. സുന്ദരിമാരായ രണ്ടു പത്നിമാരുമായി ഏഴുകൊല്ലം രമിച്ചിരുന്നു ഒടുവിൽ രാജയക്ഷ്മാവു പിടിപെട്ട്, ഏതു ചികിത്സയും ഫലപ്പെടാതെ മരിച്ചുപോയി.

XII Std Malayalam Full Set.indb 39 4/29/2019 5:33:48 PM

അങ്ങനെ, സന്താനപ്രതിഷ്ഠയ്ക്കാണെന്നും പറഞ്ഞു ശന്തനു ചെയ്ത വിവാഹത്തിലുണ്ടായ രണ്ടു മക്കളും സന്താനമില്ലാതെ ചരമമടഞ്ഞു. വിധിബലത്തിന്റെ കളി എന്നല്ലാതെ മറ്റെന്തു പറയട്ടെ! മഹാഭാഗയായ സത്യവതി പുത്രദുഃഖത്താൽ ദീനയും കൃപണയുമായി ഗാംഗേയനോടു പറഞ്ഞു: 'ധർമിഷ്ഠനായ ശന്തനുവിനുള്ള പിണ്ഡവും കീർത്തിയും സന്താനവും ഇനി നിങ്കലാണിരിക്കുന്നത്. നിനക്കു ധർമങ്ങളും വേദങ്ങളും ആഗമങ്ങളുമെല്ലാം. തികച്ചും അറിയാം. ആപദ്ധർമവുമറിയാം. ആ വിശ്വാസംകൊണ്ടാണു ഞാൻ നിന്നെ ഒരു കാര്യം ചെയ്വാൻ നിയോഗിക്കുന്നത്; അതു ചെയ്യണം. എൻറ മകൻ, നിന്റെ അരുമയായ അനുജൻ, സന്താനമില്ലാതെ ചെറുപ്പത്തിലേ മരിച്ചുപോയി. അവന്റെ രൂപയൗവനസമ്പന്നകളായ ഭാര്യമാരിതാ, ഇവിടെ സന്താനത്തിനു കൊതിച്ചിരിക്കുന്നു. അവരിൽ നീ നമ്മുടെ കുലപ്രതിഷ്ഠയ്ക്കുവേണ്ടി,' സന്താനോൽപാദനം ചെയ്യണം, എന്റെ നിയോഗമനുസരിച്ചു ധർമമനുഷ്ഠിക്കുക. നീ തന്നെത്താൻ രാജ്യാഭിഷേകം കഴിക്കുക; വിവാഹവും കഴിക്കുക, പിതൃപിതാഹന്മാർ വീണുപോകാതിരിക്കട്ട,

സുഹൃജ്ജനങ്ങളും ഭീഷ്മരോട്" ഇതുതന്നെ പറഞ്ഞു,

ആ ധർമാത്മാവ് മറുപടി പറഞ്ഞു: 'അമ്മേ, അമ്മ പറഞ്ഞതു തീർച്ചയായിട്ടും പരമമായ. ധർമം തന്നെ. പക്ഷേ അമ്മയ്ക്കറിയാമല്ലോ, സന്താനത്തെ സംബന്ധിച്ചു' ഞാൻ മുമ്പു ചെയ്ത പ്രതിജ്ഞ. ഞാനിപ്പോഴും തീർത്തുപറയുന്നു. ഞാൻ ത്രൈലോക്യവും ദേവാധിപത്യവും അതിനപ്പുറമുള്ളതും വെടിയും; സത്യം വെടിയില്ല. ലോകത്തിൽ ഭൂമി അതിന്റെ ഗന്ധം വെടിഞ്ഞേക്കാം, അതുപേലെ, മറെറന്തും സംഭവിച്ചേക്കാം, ധർമരാജാവ് ധർമത്തേയും വെടിഞ്ഞേക്കാം; ഞാൻ സത്യം വെടിയില്ല.

'നിനക്കു സത്യത്തിലുള്ള പരമനിഷ്ഠ എനിക്കറിയാം.' സത്യവതീ പറഞ്ഞു: 'നീ വേണണമെങ്കിൽ സ്വന്തം തേജസ്സു കൊണ്ടു വേറെ മൂന്നു ലോകത്തെക്കൂടി സൃഷ്ടിക്കും. എന്നാൽ, നമ്മുടെ ഈ കുലതന്തുവും ധർമവും മുറിഞ്ഞു പോകാതിരിപ്പാനുള്ള ആപദ്ധർമമെന്തന്നാലോചിക്കൂ.

'അതിനു ധർമവിഹിതമായ മാർഗ്ഗം വേറെയുണ്ട്.' ഭീഷ്മർ വിവരിച്ചു: പണ്ടു പരശുരാമൻ പിതൃവധാമഷർത്താൽ മുവ്വേഴുവട്ടം ക്ഷത്രിയകുലത്തെ കൊന്നൊടുക്കിയപ്പോൾ ക്ഷത്രിയ സ്ത്രീകൾ ഒത്തു ചേർന്ന് ബ്രാഹ്മണരിൽ. നിന്നാണ് സന്താനോൽപാദനം നടത്തിയത്. അങ്ങനെയാണു വീണ്ടും. ഈ ക്ഷത്രിയവംശം വളർന്നു വന്നത്. അതുകൊണ്ടു വിചിത്രവീര്യക്ഷേത്രങ്ങളിൽ ഉൽപാദനം നടത്തുവാൻ ഗുണവാനായ ഒരു ബ്രാഹ്മണനെ പണം കൊടുത്തു വരുത്താം. അങ്ങനെ ഭരതവംശം നിലനിൽക്കും.

'അപ്പോൾ സത്യവതി ലജ്ജയോടും ഒരു പുഞ്ചിരിയോടും കൂടി ഒച്ചയിടറിക്കൊണ്ടു പറഞ്ഞു, താൻ പണ്ടു വഴിയാത്രക്കാരെ പുഴ കടത്തിക്കൊണ്ടിരുന്ന കാലത്ത്-യൗവനാരംഭത്തിൽ-പരാശരമഹർഷി ആ വഴിക്കു വന്നതും, അദ്ദേഹം തന്നെ കാമിച്ചു തപശ്ശക്തി കൊണ്ടു തനിക്കീ ഉത്തമഗന്ധത്തേയും ഒരു പുത്രനേയും, സമ്മാനിച്ചതും, മഹായോഗിയായ ആ ദൈപായനൻ വേണ്ടുമ്പോൾ വിചാരിച്ചാൽ വരാമെന്നു പറഞ്ഞ് അന്നേപോയതുംമറ്റും ഭീഷ്മാ, നിനക്കു സമ്മതമാണെങ്കിൽ ഞാനവനെ വരുത്തി ഇവരിൽ നിയോഗിക്കാം.

ആ മഹർഷിയുടെ പേർ കേട്ടപ്പോൾ, ഭീഷ്മർ കൈ കൂപ്പി, തനിക്കതു തികച്ചും സമ്മതമാണെന്നറിയിച്ചു. സത്യവതി വ്യാസനെ വരുത്തി ഭ്രാതൃക്ഷേത്രങ്ങളിൽ നിയോഗിച്ചു, യോഗ്യരായ പുത്രന്മാരുണ്ടാകുവാൻ ആ ദേവിമാർ ഒരു കൊല്ലം വ്രതമനുഷ്ഠിച്ച് ശുദ്ധകളാവണമെന്നു വ്യാസൻ പറഞ്ഞു. നാട്ടിലെ അരാജകത്വമോർത്ത്

XII Std Malayalam Full Set.indb 40 4/29/2019 5:33:48 PM



സത്യവതിക്ക് ആ ക്ഷമയുണ്ടായില്ല.' 'എങ്കിൽ', വ്യാസൻ പറഞ്ഞു : 'അവരെന്റെ വൈരൂപ്യവും ദുർഗന്ധവും സഹിക്കേണ്ടിവരും, സത്യവതി അതു സമ്മതിച്ചുവെങ്കിലും, ആ സുന്ദരിമാർക്ക് അതുസഹിപ്പാൻ സാധിച്ചില്ല. തൻമൂലം അംബികയിലുണ്ടായ പുത്രൻ പതിനായിരം ആനയുടെകരുത്തുള്ളവനെങ്കിലും അന്ധനായി. അംബാലികയിലുണ്ടായവൻ പാണ്ഡുവും. മൂന്നാമതൊരു പുത്രനുവേണ്ടി നിയോഗിക്കപ്പെട്ട അംബിക, തനിക്കുപകരം തന്റെ ദാസിയെ ചമയിച്ചയച്ചു കൊടുത്തു. അവൾ ഋഷിയെ സഹിക്കുക മാത്രമല്ല, അഭിനന്ദിക്കുക തന്നെചെയ്തു. അതിൽ' മഹാത്മാവായ വിദുരരുമുണ്ടായി.

ഭീഷ്മരാകട്ടെ, ആ മാതൃക്ഷേത്രജരെയും തുടർന്ന് അവരുടെ നൂറ്റഞ്ചു മക്കളെയും വേണ്ടുമ്പോലെ നോക്കി വളർത്തിക്കൊണ്ടുവരികയും, അവരുടെ യോഗക്ഷേമങ്ങളിൽ ആവുന്നത്ര പ്രയത്നിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഒടുക്കം അപരിഹാര്യമായിവന്ന ഭ്രാതൃകലഹത്തിൽ, താനന്നോളം ആ രാജവംശത്തെ ആശ്രയിച്ചു കഴിഞ്ഞ ഒരു സേവകൻ മാത്രമാണെന്ന നിലയിൽ, അന്നു നാടുവാണിരുന്ന ധാർത്തരാഷ്ട്രർക്കുവേണ്ടി ഭീഷണമായി ശത്രുസംഹാരം നടത്തി വീണ്, യുദ്ധാവസാനത്തിൽ പിന്നീടു നാടു വാഴാനിരുന്ന പാണ്ഡവർക്ക് ശാന്തി ധർമോപദേശങ്ങൾചെയ്ത് ഉത്തരായണാരംഭത്തിൽ യോഗവിധിയാൽ സ്വച്ഛന്ദമൃത്യുവടഞ്ഞു.

അന്ന് ദേവവ്രതൻ ആ പ്രതിജ്ഞ ചെയ്തപ്പോൾത്തന്നെ ഋഷിദേവഗണം അതിന്റെ ഭീഷ്മത അതിന്റെഗൗരവം മനസ്സിലാക്കി പുഷ്പവൃഷ്ടിചെയ്തു; മനുഷ്യരായ നാമാകട്ടെ, അതു മനസ്സിലാക്കുന്നത്, വിചിത്രവീര്യന്റെ മരണത്തിനു ശേഷവും അദ്ദേഹം ആ പ്രതിജ്ഞയിൽ നിന്നിളകാത്തതു കാണുമ്പോഴാണ്. അന്ന് പിതാവിന്റെ പ്രീതിക്കു വേണ്ടിയാണു താൻ ആ പ്രതിജ്ഞചെയ്തതെങ്കിൽ, ഇന്ന് അതിനെ ലംഘിക്കുന്നതായേനേ തീർച്ചയായും സ്വർഗസ്ഥനായ പിതാവിനു പ്രീതി. എന്നിട്ടും അദ്ദേഹം അതിനു വഴങ്ങാത്തതിൽ, പിതൃഭക്തിയിലും കവിഞ്ഞ ഒരർത്ഥമുണ്ടാവണം.

വാല്മീകിയുടെ രാമൻ, തനിക്കവകാശപ്പെട്ട രാജ്യലക്ഷ്മിയെ പിതൃഭക്തിയാൽ ഭരതനു സ്ഥിരമായി വിട്ടുകൊടുത്തുപോയിട്ട്', തന്റെ വനവാസാവധിക്കുശേഷം അതു തിരിയെ വാങ്ങി. അങ്ങനെ ചെയ്തത്', ഭരതൻ തന്നെ അതിനു നിർബന്ധിച്ചതുകൊണ്ടും, സ്വർഗസ്ഥനായ പിതാവിന് അതിഷ്ടമാവുമെന്നു കണ്ടിട്ടുമാണല്ലോ. അതുപോലെതന്നെ ഇവിടെ ദേവവ്രതനും, സത്യവതിയുടെ നിർബന്ധമനുസരിച്ച് സന്താനോൽപാദനം നടത്തുകയും രാജ്യാധികാരം കൈക്കൊള്ളുകയും ചെയ്യാമായിരുന്നു. എന്നല്ല, പിതൃപിണ്ഡത്തിന്റെയും വംശപ്രതിഷ്ഠയുടെയും പേരിൽ അത് അദ്ദേഹത്തിന്റെ ധർമം കൂടിയായിരുന്നു. എന്നിട്ടും അദ്ദേഹം അതു ചെയ്തില്ല. അപ്പോൾ വാല്മീകി

XII Std Malayalam Full Set.indb 41 4/29/2019 5:33:48 PM

കവി രാമന്റെ പിതൃഭക്തിയിലൂടെ ആവിഷ്കരിക്കുന്നതെന്തോ, അതല്ല വ്യാസകവി ഭീഷ്മരുടെ പിതൃഭക്തിയിലൂടെ ആവിഷ്കരിക്കുന്നതെന്നു തീർച്ചയാണ്,

രാമൻ, രാജ്യ, പുനഃസ്വീകരണത്തിനുശേഷം സാധ്വീരത്നമായ ധർമപത്നിയെ പരിത്യജിപ്പാനിടയാക്കിയ ഒരു മിഥ്യാപവാദത്തിനു പാത്രമായി. അതുപോലെ ദേവവ്രതൻ, വീണ്ടും അത്യോൽപാദകത്വവും രാജത്വവും സ്വീകരിച്ചിരുന്നുവെങ്കിൽ മിഥ്യാപവാദകുതുകിയായ ലോകം അദ്ദേഹത്തെയും വെറുതെ വിടുമായിരുന്നുവോ. 'പരശുരാമനെപോലും ജയിക്കാൻ പോന്ന* ഈ ദേവവ്രതന്റെ കൺമുമ്പിൽ വച്ചല്ലേ ചിത്രാംഗദൻ കൊല്ലപ്പെട്ടത് ! ഒന്നിലധികം വേളികഴിച്ച രാജാക്കന്മാർ, വിചിത്രവീര്യനെപ്പോലെ, ക്ഷയംപിടിച്ചു മരിക്കയാണോ പതിവ്!' മറ്റും മറ്റും ഇത്തരം മിഥ്യാ വാദങ്ങളെ ഭയപ്പെട്ടിട്ടാണോ ദേവവ്രതൻ പ്രതിജ്ഞ വെടിയാതിരുന്നത്? ആവാൻ വയ്യ. അത്രയും മഹത്ത്വമേറിയ ഒരു സ്ഥിതപ്രജ്ഞത്വത്തിനു ഊന്നിനിൽക്കുവാനുള്ള അടിസ്ഥാനം, വ്യതിരേക വിധത്തിലുള്ളതായാൽ പ്പോരാ, അന്വയവിധത്തിലുള്ളതുതന്നെയാവണം.

എന്താവാം ഇവിടെ അന്വയവിധത്തിലുള്ള അടിസ്ഥാനം? സംസാരത്തിലെ ഭോഗവിസംഷ്ഠുലതയിൽ നിന്ന്, കർമങ്ങളിൽനിന്നല്ല എത്രക്കെത്രയ്ക്കു വാങ്ങിനിൽക്കുവാൻ സാധിക്കുന്നുവോ, അത്രയ്ക്കത്രയ്ക്കാണ് മനുഷ്യനു ശ്രേയസ്സ്. തൃഷ്ണാബദ്ധമായ ജീവിതത്തിൽ അതിന്നിടകിട്ടുക നന്നെ ചുരുക്കം. കിട്ടിയാൽ, ഉപയോഗപ്പെടുത്തുന്നവരും ചുരുക്കം. മഹേച്ഛരായ ചില അത്ഭുതവ്യക്തികൾ മാത്രം, സന്ദർഭം വരുമ്പോൾ, അതിനെ ആത്മശ്രേയസ്സിനായി ഉപയോഗപ്പെടുത്തുന്നു... സന്ദർഭം പിന്നെ മാറിവീണേക്കാം. ആദ്യ പ്രതിജ്ഞക്കു വിപരീതമായി പ്രവർത്തിക്കുകയാണ് അപ്പോൾ ധർമമെന്നു പോലും തോന്നിയേക്കാം. അതെല്ലാം സർവാതിശായിയായ വിധി, ലോകഗതി, മനുഷ്യന്റെ സ്ഥിതപ്രജ്ഞതയെ കുലുക്കി നോക്കാനേർപ്പെടുത്തുന്ന പരീക്ഷകളാണെന്നു മനസ്സിലാക്കണം. മറിച്ച്, അതിൽ കുലുങ്ങിയവൻ വീണു. മുന്നോട്ടുവെച്ച കാൽ പിന്നോക്കം വലിക്കുന്നവനു പുരോഗതിയില്ല. ഇങ്ങനെ വല്ല പ്രതിജ്ഞയുമെടുത്ത് അതിൽ ഊന്നിനിന്നാലല്ലാതെ ജീവിതത്തിലെ ചില പ്രലോഭനങ്ങളിൽനിന്നു രക്ഷപ്പെടുവാൻ സാധിക്കയുമില്ല.

മനുഷ്യൻ ഒരു പ്രതിജ്ഞയെടുക്കുന്നതിന്റെ പരമലക്ഷ്യം ഇതാണ്, ഇതായിരിക്കയും വേണം. അല്ലാതെ, അവസരം പോലെ മാറ്റിമറിക്കാവുന്ന സോപാധികവ്യവസ്ഥയല്ല പ്രതിജ്ഞ. 'താൻ ഇന്ന ആളെ ഇന്ന വിധം കൊല്ലും, ഇന്ന സമയത്തിനുള്ളിൽ കൊല്ലും എന്നും മറ്റുമായി ഭാരതത്തിൽ അന്യത്ര കാണുന്നതരം പ്രതിജ്ഞകളെല്ലാം, കാമ ക്രോധ പ്രേരിതങ്ങളായ വീരവാദങ്ങൾ മാത്രമാണ്.

ഇത്രയൊക്കെ ആലോചിച്ചിട്ടുതന്നെയാണോ ദേവവ്രതൻ അന്നും ആ പ്രതിജ്ഞചെയ്തത് ? അല്ലായിരിക്കണം. മുക്കുവമൂപ്പൻ രണ്ടാമത് എടുത്തുപറഞ്ഞ അനിഷ്ടാപത്തി കേട്ടപ്പോൾ, താൻ ചെയ്വാനുറച്ചിറങ്ങിയ കാര്യം നിറവേറ്റിയേ മടങ്ങൂ എന്ന ദൃഢവ്രതം കൊണ്ടു മാത്രം ചെയ്തതാണത്, പിന്നീടു വല്ലപ്പോഴുമാവാം അദ്ദേഹം അതിന്റെ ഗൗരവത്തെപ്പറ്റി -അതിനെ ആത്മശ്രേയസ്സിനുപയോഗപ്പെടുത്തണമെന്നതിനെപ്പറ്റി -ഗാഢമായി ആലോചിച്ചിരിക്കുക, വിധിയുടെ ഗതി അങ്ങനെയാണ്. എന്നാൽ, ശന്തനു അന്നുതന്നെ 'പുത്രന്റെ കാമത്യാഗത്തിൽ അടിയൂന്നിയ കാമഭോഗം തനിക്കു വേണ്ട' എന്നുവെച്ച് സത്യവതിയെ കൈക്കൊള്ളാതിരുന്നുവെങ്കിൽ, അപ്പോഴും ദേവവ്രതന്റെ മറുപടി ഇതായിരിക്കുമെന്നേ തോന്നുന്നുള്ളൂ: 'എന്തുതന്നെയായാലും, ഞാൻ കൈവെടിഞ്ഞതിനെ വീണ്ടും കൈക്കൊള്ളുകയില്ല. അങ്ങനെ ദേവോചിതമായ വ്രതമെടുപ്പാൻ കഴിവുള്ളവർക്കേ ശ്രേയസസ് നേടുവാൻ കഴിയൂ.

XII Std Malayalam Full Set.indb 42 4/29/2019 5:33:48 PM

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ഭീഷ്മപ്രതിജ്ഞ ഏത് കൃതിയിലുൾപ്പെട്ടതാണ്

   അ. കൈവിളക്ക് ആ. ദന്തഗോപുരം

   ഇ. ഭാരതപര്യടനം ഈ. സാഹിത്യസല്ലാപം

2. ആരാണ് ദേവവ്രതൻ

   അ. കൃഷ്ണൻ ആ. അർജുനൻ

   ഇ. ഭീഷ്മർ ഈ ദുര്യോധനൻ

3. ഭീഷ്മരുടെ പിതാവ്

   അ. ശന്തനു ആ. ദിലീപൻ

   ഇ. പ്രദീപൻ ഈ. വ്യാസൻ

II. ഉത്തരമെഴുതുക.

1. ദാശരാജാവ് ശന്തനുമഹാരാജാവിനോടു പറഞ്ഞ നിബന്ധനയെന്ത്?
2. ദേവവ്രതനോടു ശന്തനു പറഞ്ഞ ദുഃഖകാരണമെന്ത്?
3. രാജ്യഭരണമേൽക്കാൻ ആവശ്യപ്പെട്ട സത്യവതിയോട് ഭീഷ്മരുടെ മറുപടി എന്തായിരുന്നു?

III. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

1. ദേവവ്രതൻ ഭീഷ്മരായതെങ്ങനെ?
2. ശ്രീരാമന്റെയും ഭീഷ്മരുടെയും പ്രതിജ്ഞകളെ ലേഖകൻ എപ്രകാരമാണ് താരതമ്യം ചെയ്യുന്നത്?

XII Std Malayalam Full Set.indb 43 4/29/2019 5:33:48 PM

ഉപപാഠം

മാപ്പ്

- രാജലക്ഷ്മി



രാജലക്ഷ്മി [1930-1965] പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരിയിൽ ജനിച്ചു. മകൾ എന്ന നീണ്ട കഥയിലൂടെ സാഹിത്യലോകത്ത് സാന്നിധ്യമറിയിച്ചു. ഒരു വഴിയും കുറെ നിഴലുകളും, ഞാനെന്ന ഭാവം, ഉച്ചവെയിലും ഇളംനിലാവും (അപൂർണ്ണം) രാജലക്ഷ്മിയുടെ കഥകൾ എന്നിവയാണ് പ്രധാന കൃതികൾ. ഒരു വഴിയും കുറെ നിഴലുകളും എന്ന കൃതി കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയിട്ടുണ്ട്. രാജലക്ഷ്മിയുടെ കഥകൾ എന്ന കൃതിയിൽ നിന്നെടുത്തതാണ് മാപ്പ് എന്ന കഥ.

സ്വയം ഒറ്റപ്പെടാൻ ശ്രമിച്ച എഴുത്തുകാരിയാണ് രാജലക്ഷ്മി. ആത്മസംഘർഷങ്ങളുടെ നെരിപ്പോടിൽ ഉരുവം കൊണ്ട കഥകളാണ് രാജലക്ഷ്മിയുടേത്.

'So the most disgusting of pronouns is '

അവൾ നിർത്തി.

'she'

പുറകിലെ ബഞ്ചിൽ നിന്നാണ്.

ക്ലാസ്സ് നിശ്ശബ്ദമായി

ആ ചെറുപ്പക്കാരിയായ അധ്യാപിക വിളർത്തു.

ഭാഷയിലെ ഏറ്റവും വെറുക്കപ്പെട്ട സർവനാമശബ്ദമാണ്

'അവൾ!'

ഇരുപതു കുട്ടികൾ മാത്രമുള്ള ക്ലാസ്സ്. ആകെ ഒരു പെൺകുട്ടിയെ ഉള്ളൂ. അത് അന്നു വന്നിട്ടുമില്ല.

ആ ചെറിയ മുറിയിൽ പത്തൊമ്പത് ആൺകുട്ടികളെ കൂടാതെ സ്ത്രീയായി ആകെ ഉള്ളത് ചെറുപ്പക്കാരിയായ ആ അധ്യാപിക മാത്രമാണ്.

XII Std Malayalam Full Set.indb 44 4/29/2019 5:33:48 PM



ഏറ്റവും കുത്സിതമായശബ്ദം 'അവൾ',

അതു പറഞ്ഞ ഒച്ച സുപരിചിതമാണ്.,

അയാളെ എഴുന്നേൽപിച്ചു നിർത്തി ശാസിക്കുകയാണു വേണ്ടതെന്നു അവൾക്കറിയായ്കയല്ല. ആ കുട്ടികളുടെ മുമ്പിൽ കടലാസ്സുപോലെ വെളുത്ത മുഖവുമായി അവൾ ഒരു നിമിഷം നിന്നു. എന്നിട്ട്, മേശപ്പുറത്തു കിടന്ന പുസ്തകം എടുക്കുക കൂടി ചെയ്യാതെ ക്ലാസ്സിൽ നിന്നു പുറത്തേക്കു കടന്നു.

പീരിയേഡിന്റെ നടുക്ക് അവൾ മുറിയിലേക്കു തിരിച്ചുകയറി. ചെന്നപ്പോൾ അവിടെ മറ്റധ്യാപകർ എല്ലാം ഉണ്ട്.

"ആ, തോന്നുമ്പോത്തോന്നുമ്പോ ക്ലാസ്സും വിട്ടോണ്ട് വരിക. അല്ലേ? കൊള്ളാം പണികൊള്ളാം. പ്രിൻസിപ്പല് കാണാത്തതു ഭാഗ്യം" കർത്താവു മാസ്റ്റർ പകുതി കളിയായും പകുതി കാര്യവുമായി പറഞ്ഞു.

അവൾക്കു സഹിക്കാൻ വയ്യാതായി. മേശമേൽ തലവെച്ച് അവൾ തേങ്ങാൻ തുടങ്ങി. എത്ര ശ്രമിച്ചിട്ടും അടക്കാൻ കഴിയാത്ത തേങ്ങലുകൾ.

'അയ്യോ എന്തുപറ്റി ടീച്ചർ?' എല്ലാവരും എണീറ്റു.

XII Std Malayalam Full Set.indb 45 4/29/2019 5:33:48 PM

‘കർത്താവുമാഷ് എന്താണു അതിനോടു പറഞ്ഞത്?’ ഓരോരുത്തരുടെ chivalry ഉണരുകയാണ്.

ഇതു മഹാക്കുറച്ചിലാണ്. ഈ പുരുഷന്റെ മുമ്പിൽവെച്ച് ഇങ്ങനെ കരയുന്നത് നാണക്കേടാണ്. നല്ലവരാണെങ്കിലും അവർ അന്യരാണ്.

ഇതൊക്കെ ആലോചിച്ചെങ്കിലും അവൾക്ക് തേങ്ങൽ അടക്കാൻ കഴിഞ്ഞില്ല.

ആരോ ഒരാൾ അടുത്ത ഡിപ്പാർട്ടുമെന്റിൽ പോയി അവിടെയുള്ള ഒരു ടീച്ചറെ വിളിച്ചുകൊണ്ടുവന്നു.

പുരുഷന്മാർ എല്ലാവരും ഇറങ്ങിപ്പോയി.

മൂന്നുകുട്ടികളുടെ അമ്മയായ ആ നല്ല സ്ത്രീ ചോദ്യങ്ങളൊന്നും ചോദിച്ചില്ല. അവർ ഒരു കസേര വലിച്ചിട്ട് അവളുടെ തല പതുക്കെ തടവിക്കൊണ്ട് അടുത്തിരുന്നു.

പതുക്കെപ്പതുക്കെ തേങ്ങൽ നിന്നു. അവർ ഒരു ഗ്ലാസ്സിൽ വെള്ളവുമായി വന്നു. ‘മുഖം കഴുകൂ’.

അവൾ ജനാലയ്ക്കൽ ചെന്നിരുന്നു മുഖം കഴുകി. ടീച്ചറിന്റെ ലോലമായ കർച്ചീഫിൽ തുടച്ചെന്നു വരുത്തി.

‘ഞാനങ്ങു പൊയ്ക്കോട്ടെ ടീച്ചർ ? എനിക്കിന്ന് ഇനി ക്ലാസ്സിൽ പോകാൻ വയ്യ.’

‘രമ പൊയ്ക്കോളൂ. ഞാൻ പറഞ്ഞോളാം. ചെന്നുകിടന്നൊന്ന് ഉറങ്ങു നാളെ വന്നാൽ മതി. Class ഒക്കെ ഞാൻ adjust ചെയ്യിച്ചോളാം.’

പടിവരെ അവർ കൂടെ വന്നു.

കുടകൊണ്ടു മുഖം മറച്ച് അവൾ ഇറങ്ങിപ്പോകുന്നതു വരാന്തയിലും മുറ്റത്തും ഉള്ളവർ ശ്രദ്ധിച്ചു.

എന്താണു സംഭവിച്ചത്?

കോളേജ് മുഴുവൻ ബഹളമായി. കർത്താവു മാസ്റ്റർ തന്നെ

ക്ലാസ്സിലെ കുട്ടികളിൽ ഒരാളെ വിളിച്ചു ചോദിച്ച് കാര്യം മനസ്സിലാക്കി.

വർത്തമാനം കാട്ടുതീപോലെ പടർന്നു. ആ കോളേജിന്റെ ചരിത്രത്തിൽ ഇതൊരു സംഭവമാണ്.

ഒരു ടീച്ചർ ക്ലാസ്സിൽ നിന്ന് ഇറങ്ങിവന്നു കരയുക.

അതും, ആ പാവം രമ ടീച്ചർ.

അവർ പഠിപ്പിക്കുന്നതിനെപ്പറ്റി ആണെങ്കിൽ ഇതുവരെ അങ്ങനെ പരാതിയൊന്നും കേട്ടിട്ടില്ല.

പറഞ്ഞുപറഞ്ഞുസംഭവത്തിനു നാടകീയത വർധിച്ചു വന്നു.

XII Std Malayalam Full Set.indb 46 4/29/2019 5:33:48 PM

ടീച്ചർ ക്ലാസ്സിൽ നിന്നേ കരഞ്ഞുകൊണ്ടാണ് ഇറങ്ങിവന്നത്.

ഒരു കുട്ടി ക്ലാസ്സിൽ എഴുന്നേറ്റുനിന്ന് സഭ്യമല്ലാത്ത എന്തോ പറഞ്ഞു.'

അവർ കരഞ്ഞുകൊണ്ട് ഇറങ്ങിപ്പോന്നു.

ആർക്കും ഒരു ഉപ്രദവത്തിനും ചെല്ലാത്ത ആ പാവം രമ ടീച്ചർ. അതു പറഞ്ഞതോ, പോൾ വർഗീസ്. കോളേജ് യൂണിയന്റെ പ്രസിഡന്റ്. പോൾ വർഗീസിനെപ്പറ്റി അതുവരെ കേട്ടിട്ടില്ലാത്ത പരാതികൾ ഓരോന്നായി പുറത്തുവന്നു.

ആൾ സ്വൽപ്പം പിഴയാണ്. പ്രസിഡന്റ് ഒക്കെ ആയതിനു ശേഷം ഈയിടെ അഹങ്കാരവും കുറെ കൂടുതലാണ്.

അയാൾ എപ്പോഴും പെൺകുട്ടികളുടെ വെയിറ്റിംഗ് റൂമിന്റെ പരിസരങ്ങളിൽ ഉണ്ട്. ആരോ ഒരാൾ കണ്ടുപിടിച്ചു.

അയാൾ മദ്യശാലയിലേക്ക് പുറകിലത്തെ വാതിലിൽകൂടി കടന്നു പോകുന്നതു കണ്ടവരുണ്ട്.

ഇരുപത്തിനാലുമണിക്കൂർകൊണ്ട് പോൾ വർഗീസ് ഒരു തെമ്മാടിയായി. ക്ലാസ്സിൽവെച്ച് എന്താണുണ്ടായത് ശരിക്ക്? ഇത്രയുമേ നടന്നുള്ളോ? മറ്റു പിള്ളർ ഇവനെ രക്ഷിക്കാൻ കളവു പറയുന്നതാണോ? ഇത്രയുമേ സംഭവിച്ചുള്ളു എങ്കിൽ ആ ടീച്ചർക്ക് ഇത്രയ്ക്ക് ഉള്ളിൽ തട്ടാൻ

ചുമ്മാ ആരെങ്കിലും ഡിപ്പാർട്ടുമെന്റിൽ വന്നിരുന്നു കരയുമോ?

എന്താണു സംഭവിച്ചത് ഇത്രയ്ക്ക് ഉള്ളിൽ തട്ടാൻ.

അതാണ് രമയും ആലോചിച്ചിരുന്നത്.

താൻ അവിടെ ഇരുന്ന് അങ്ങനെ കരഞ്ഞുപോകാൻ കാരണം എന്താണ്? ആ കുട്ടി പറഞ്ഞതിനാണോ? അത്രയ്ക്കു കൊള്ളരുതാത്തവൾ ആണോ? ഒരു കുട്ടിയെ നിലയ്ക്കു നിർത്താൻ കൊള്ളില്ല. എങ്കിൽ കർത്താവു മാസ്റ്റർ കളിയാക്കിയതിന്? ഛേ അങ്ങനെ തൊട്ടാവാടിയൊന്നുമല്ല.

പോൾ വർഗീസിനെ തനിക്ക് കുറച്ചു കാര്യമായിരുന്നു ശരിയാണ്. ചൊടിയും ചുണയും ഉള്ള ഒരു മിടുക്കൻ കുട്ടി. അയാളുടെ ശബ്ദത്തിൽ അങ്ങനെ കേട്ടപ്പോൾ – എന്നാലും ഇത്രയ്ക്ക് –

തനിക്കു നഷ്ടപ്പെട്ടു പോയതിനെ തിരിച്ചിനി കിട്ടാത്തവിധം കൈവിട്ടു പോയതിനെ പെട്ടെന്നങ്ങു സ്മരിച്ചുപോയി എന്നോ. താൻ ജീവിതം എന്നുവിളിക്കുന്ന ഇതിന്റെ പൊള്ളത്തരം ഒരു നിർദയമായ വെളിച്ചത്തിന്റെ പ്രഭയിൽ ആവരണമൊക്കെ നീങ്ങി ആ ഒരു നിമിഷത്തിൽ വ്യക്തമായി കണ്ടു എന്നോ?

ഇന്നലെകളുടെ വേദന, ഇന്നിന്റെ വ്യർഥത, നാളെകളുടെ അർഥശൂന്യത, ഇതെല്ലാം ആ ഒരുഞൊടി നേരത്തേക്ക് മറയില്ലാതെ കണ്ടു എന്നോ?

അതാണോ കരഞ്ഞുപോയത്?

പിറ്റേദിവസം തല ഉയർത്താതെ അവൾ ഡിപ്പാർട്ടുമെന്റിൽ ചെന്നു കയറി.

XII Std Malayalam Full Set.indb 47 4/29/2019 5:33:48 PM

എല്ലാവർക്കും വളരെ കാര്യം. ഫൈനൽമെയിന്റെ ആ ക്ലാസ്സ് മേലിൽ എടുക്കേണ്ട എന്നു പ്രൊഫസർ വന്നു പറഞ്ഞു.

ഇനി ആ ക്ലാസ്സിൽ പോകണ്ടേ?

സന്തോഷിക്കുകയാണു വേണ്ടത്. താൻ അധിക്ഷിപ്തയായത് അവിടെ വച്ചാണ്. അവിടെ ഇനി ചെല്ലണ്ട. അവരെ ഇനികാണണ്ട എന്നു വന്നാൽ അതിൽ സന്തോഷിക്കുകയാണു വേണ്ടത്.

പോൾ വർഗീസ്-

ഇത്രയ്ക്കു പ്രമാദമായ കേസ്സാവുമെന്ന് ആ കുട്ടി വിചാരിച്ചു കാണില്ല.

എന്തായിരിക്കും ഇപ്പോൾ അയാളുടെ മനസ്സിൽ തന്നെപ്പറ്റി വിചാരം?

അവരുകേറി നിലവിളിക്കാൻ പോയതുകൊണ്ടല്ലേ ഈ കുഴപ്പമൊക്കെ എന്നായിരിക്കുമോ? :

എന്തിനാണ് ആ കുട്ടി അതു പറഞ്ഞത്? മനഃപൂർവം തന്നെ ആക്ഷേപിക്കാൻ വേണ്ടിയാണോ?

Stratchey യുടെ ഉപന്യാസത്തിൽ ഏറ്റവും കുത്സിതമായ സർവ നാമ ശബ്ദം എന്ന് ഉപയോഗിച്ചിരിക്കുന്നത് ഉത്തമപുരുഷൻ ഏക വചനത്തിന് പകരമാണ്.

താൻ അതു പഠിപ്പിച്ചുക്കൊണ്ടിരിക്കുകയും ആയിരുന്നു.

'ഞാൻ' എന്ന പദത്തിനോടുള്ള സ്നേഹം

ഏറ്റവും മനം മടുപ്പിക്കുന്ന സർവനാമശബ്ദം

ഒരു വലിയ 'ഞാൻ' മുമ്പിലുണ്ടായതല്ലേ തന്റെ കുഴപ്പം.

'ഞാനെന്നഭാവമിഹ, തോന്നായ്കവേണം. -

സായിപ്പിന്റെ ആ ആശയത്തിന് ഹിന്ദുവേദാന്തത്തിനോട് അടുപ്പമുണ്ട് എന്നൊക്കെ ആലോചിച്ചാണ് ക്ലാസ്സിൽ പോയത്.

എന്നിട്ട് അവിടെച്ചെന്ന് മുഖവുരയും ഒക്കെക്കഴിഞ്ഞ് കാര്യമായി തുടങ്ങിയപ്പോൾ

പോൾ വർഗീസ്.-

ചടച്ച് കൊലുന്നനെ സുമുഖനായ ആ കുട്ടി, തന്നെ ആക്ഷേപിച്ചിട്ട് അയാൾക്കെന്തു കിട്ടാൻ?...

കേസ്സ് വലുതായി വരികയാണ്.

പ്രിൻസിപ്പിലിന്റെ അടുത്തെത്തി എന്നു കേട്ടു.

അങ്ങേരിതു വളരെ ഗൗരവമായിട്ടാണു പോലും എടുത്തിരിക്കുന്നത്..

XII Std Malayalam Full Set.indb 48 4/29/2019 5:33:48 PM



രക്ഷാകർത്താവിനെ കൂട്ടിക്കൊണ്ടുവരാൻ പറഞ്ഞയച്ചിരിക്കുകയാണ്.

ഓ, തീർന്നല്ലോ രമ സമാധാനിച്ചു. രക്ഷാകർത്താവു വരും. വല്ലതും കുറച്ച് വർത്തമാനം പറഞ്ഞുപോകും. കേസ്സും തീരും. സമാധാനം.

എങ്ങനെയെങ്കിലും ഇതൊന്നു തീർന്നിരുന്നെങ്കിൽ.

പക്ഷേ വിചാരിച്ചതുപോലെ തീർന്നില്ല. പോൾ രക്ഷാകർത്താവിനെ കൊണ്ടുവന്നില്ല.

പ്രിൻസിപ്പലിന് ശുണ്ഠികൂടി വരികയാണ്. ഇപ്പോൾ ഒരു ക്ലാസ്സിലും കേറ്റുന്നില്ല.

പഠിക്കാൻ മിടുക്കനായ കുട്ടി താൻ കാരണം ഒരു ക്ലാസ്സിലും കേറാതെ–

അതിനങ്ങ് അച്ഛനെ വിളിച്ചുകൊണ്ടു വന്നുകൂടേ?

അവൾ കേൾക്കേ, കേസിന്റെ കാര്യം ഡിപ്പാർട്ടുമെന്റിൽ ആരും പറയാറില്ല.

ആ സ്ത്രീ മോങ്ങും എന്നായിരിക്കും അവരുടെയൊക്കെ മനസ്സിൽ ഇപ്പോൾ – ഛേ

പക്ഷേ മറ്റു ഡിപ്പാർട്ടുമെന്റുകളിലെല്ലാം ഇതാണ് സംസാരവിഷയം. അവിടെയൊക്കെ സ്ത്രീകളുമുണ്ട് അവർ കേൾക്കേ സംസാരിച്ചു കൂടെന്ന് ആർക്കും നിർബന്ധവുമില്ല. അങ്ങനെ ന്യൂസുകൾ എല്ലാം ചൂടോടെ രമയ്ക്കും കിട്ടിക്കൊണ്ടിരുന്നു.

അച്ഛനെ വിളിച്ചു കൊണ്ടുവരാത്തത് പോളിന്റെ കുറ്റം മാത്രമല്ല.

അയാളുടെ അച്ഛനും അമ്മയും തമ്മിൽ അത്ര രസമല്ലത്രെ. അച്ഛനാണ് പഠിപ്പിക്കുന്നത്. പണം കൊടുക്കുന്നു എന്നല്ലാതെ വേറെ ഒന്നും അങ്ങേർ അന്വേഷിക്കാറില്ലത്രേ. ഇയാളുടെ കേസു തീർക്കാനൊന്നും അങ്ങേർ വരിക ഉണ്ടാവില്ല.കേസും വഴക്കും ഒക്കെ ആണെന്നറിഞ്ഞാൽ ഉടനെ പഠിപ്പു നിർത്തിക്കൊള്ളാൻ പറയും. അത്രയേ ഉള്ളു.

അച്ഛനല്ലാതെ വേറെ അടുത്ത ബന്ധുക്കൾ ആരുമില്ല അയാൾക്ക്. അങ്ങനെ, അയാൾ രക്ഷാകർത്താവിനെ കൊണ്ടുവന്നില്ല.

പ്രിൻസിപ്പലിന് വൈരാഗ്യം കൂടിക്കൂടിവരികയും.

XII Std Malayalam Full Set.indb 49 4/29/2019 5:33:48 PM

രണ്ടോ മൂന്നോ രൂപ കൊടുത്താൽ ഇഷ്ടംപോലെ രക്ഷാകർത്താക്കളെ കിട്ടുന്ന നാടാണെന്ന് കേട്ടിട്ടുണ്ട്. അങ്ങനെയാണുപോലും അവിടെ സാധാരണ കുട്ടികളുടെ പതിവ്. എന്നാൽ

ഇയാൾക്കും അങ്ങനെ വല്ലതും ചെയ്തുകൂടെ? അമ്മാവൻമാർ ആർക്കും ഉണ്ടാകാമല്ലോ.

അയാൾ അതൊന്നും ചെയ്തില്ല. യൂണിയന്റെ പ്രസിഡന്റ് ഒരാഴ്ചയിലധികമായി ക്ലാസ്സിൽ നിന്ന് പുറത്താണ്.

ആ കൊല്ലം ഫൈനലിയർ പരീക്ഷയാണ് ആ കുട്ടിക്ക്

താൻ കാരണം ഒരു കുട്ടിക്ക് –

ചക്രം ഉരുട്ടിവിടാൻ മാത്രമേ തന്നെക്കൊണ്ടു കഴിഞ്ഞുള്ളു. അതു പിടിച്ചുനിർത്താൻ താൻ വിചാരിച്ചാൽ ഒക്കില്ല എന്നോ?

എന്തോ വികൃതിത്തരം മനസ്സിൽ കണ്ട് ആലോചിക്കാതെ. പറഞ്ഞു പോയതായിരിക്കും ആ കുട്ടി.

അതിന് –

താൻ കാരണം –

പ്രിൻസിപ്പലിനെ ചെന്നു കണ്ടു പറഞ്ഞാലോ. ആ കുട്ടി പറഞ്ഞതിനൊന്നുമല്ല താൻ കരഞ്ഞതെന്ന്. പിന്നെ എന്തിനു കരഞ്ഞു എന്നു ചോദിച്ചാൽ

ഒന്നും പറയാനില്ലല്ലോ –

ആലോചിച്ച് ആലോചിച്ച് അവസാനം എന്തും വരട്ടെ എന്നു നിശ്ചയിച്ച് അവൾ ചെന്നു.

അവളെക്കണ്ട് അദ്ദേഹം വെളുക്കെ ചിരിച്ചു.

മധ്യവയസ്സു കഴിഞ്ഞ ആ മനുഷ്യനെ കുട്ടികൾ കടുവാ എന്നാണ് വിളിക്കാറ് എന്നു അവൾ ഓർത്തു.

കുശലപ്രശ്നങ്ങൾ കഴിഞ്ഞു, ഇനി വന്ന കാര്യം പറയണ്ടേ? 'സർ, ആ പോൾ വർഗീസ്?:

'എന്താണ് അയാൾ പിന്നേയും കുഴപ്പം വല്ലതും ഉണ്ടാക്കിയോ?'

ഇല്ല. അയാൾ ക്ലാസ്സിലൊന്നും കേറാതെ നടക്കുകയാണ്.'

'ഞാൻ കേറരുതെന്നു പറഞ്ഞിട്ടാണ്.'

'അയാൾ മിടുക്കനാണ്.?

'അതു മാത്രം പോരല്ലോ'

'ഇതയും കൊണ്ടു മതിയാക്കി അയാളെ കേറാൻ പറഞ്ഞു കൂടെ സാർ?'

XII Std Malayalam Full Set.indb 50 4/29/2019 5:33:48 PM

അദ്ദേഹം ചിരിച്ചു. മുറിയിൽ കൂടെ ഉണ്ടായിരുന്ന വേറെ ഒന്നു രണ്ടു മാസ്റ്റർമാരും ചിരിച്ചു.

താനൊരു പമ്പരവിഡ്ഢിയാണ് എന്നാണോ കരുതുന്നത്. ഒരു കുട്ടി

എന്തോ പറഞ്ഞെന്നുവെച്ച് ആദ്യം കേറിക്കരയുക. പിന്നെ അയാളെ വെറുതെ വിടണമെന്നു പറയാൻ വരിക.

രമയ്ക്ക് compunction ഒന്നും വേണ്ട. ഇതിൽ. Lack of discipline ആണ് ഇവരുടെ generation ന്റെ കുഴപ്പം. അതും ഇയാള് . Union President; കുട്ടികളുടെ elected representative അയാൾ മറ്റുള്ളവർക്കു വഴികാട്ടേണ്ടവനാണ്. നല്ല punishment കൊടുക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. എല്ലാവർക്കും ഒരു പാഠം ആവണം.'

'അയ്യോ, സാർ. ഞാൻ കാരണം ഒരു കുട്ടി' .

'രമ വന്ന് ഇത്രയും പറഞ്ഞതുകൊണ്ട് ഒന്നു ചെയ്തേക്കാം. അയാൾക്ക് ഒരു Choice കൊടുക്കാം . അയാൾ whole college ന്റെ മുമ്പിൽ വെച്ച് apologise ചെയ്യട്ടെ. അല്ലെങ്കിൽ T.C. മേടിച്ച് പൊയ്ക്കോട്ടെ.'

'എല്ലാവരുടേയും മുമ്പിൽ വെച്ച്'

'രമയ്ക്ക് embarassing ഒന്നും ആവില്ല. ഞങ്ങൾ എല്ലാവരും ഉണ്ടാവും. രമ വന്നാൽ മാത്രം മതി.'

എന്നാലും students ന്റെ മുഴുവൻ മുമ്പിൽ വെച്ച് ആ കുട്ടി '

പ്രിൻസിപ്പൽ തന്നെ വല്ലാത്ത മട്ടിൽ നോക്കുകയാണെന്ന് അവൾക്കു തോന്നി.

ദൈവമേ

'എനിക്ക് അടുത്ത hour ക്ലാസ്സുണ്ട്. ഞാൻ പോകട്ടെ.'

'ശരി'

ഇതും കോളേജ് മുഴുവൻ അറിഞ്ഞു.

പോൾ വർഗീസ് മാപ്പുചോദിക്കാൻ സമ്മതിച്ചു എന്നുകേട്ടു.

അയാൾക്ക് വോട്ടുകൊടുത്ത് അയാളെ അവരുടെ നേതാവായി തിരഞ്ഞെടുത്ത ആ രണ്ടായിരത്തിലധികം കുട്ടികളുടെ മുമ്പിൽ വെച്ച്. തിങ്കളാഴ്ചയ്ക്കാണ് നിശ്ചയിച്ചിരുന്നത്. കൃത്യം നാലിന് കോളേജ് വിട്ട ഉടൻ എല്ലാവരും മെയിൻ ഹോളിൽ എത്തണം എന്ന് നോട്ടീസ് വന്നു.

അവൾ ചെല്ലാതെ പറ്റുമോ?

നാല് പത്തിന് പ്രിൻസിപ്പൽ എത്തി. പ്ലാറ്റുഫോമിൽ ആ കോളേജിലെ എഴുപതിൽ മീതെ വരുന്ന അധ്യാപകർ. താഴെ കുട്ടികളുടെ സമുദ്രം. ആ രണ്ടായിരം ജോഡിക്കണ്ണുകളും തന്നിലാണോ തറച്ചിരിക്കുന്നത്? നാലു പതിനഞ്ചുവരെ പ്രിൻസിപ്പൽ അക്ഷമനായി കാത്തു നിന്നു.

XII Std Malayalam Full Set.indb 51 4/29/2019 5:33:48 PM

പോൾ വർഗീസ് വന്നില്ല.

നമ്പർ 3572 തേർഡ് ഡി.സി.യിലെ പോൾ വർഗീസിനെ അച്ചടക്കരാഹിത്യത്തിന് കോളേജിൽ നിന്ന് പുറത്താക്കി എന്ന് നോട്ടീസ് എല്ലാ നോട്ടീസ് ബോർഡുകളിലും അന്നുതന്നെ വന്നു.

പിറ്റേദിവസം കൂട്ടുകാർ പറഞ്ഞതൊന്നും കൂട്ടാക്കാതെ അവൾ ഒരാഴ്ച ലീവെടുത്ത് നാട്ടിൽപ്പോയി.

കുറച്ചൊക്കെ തണുത്ത മനസ്സുമായാണ് തിരിച്ചുവന്നത്.

മുറിതുറന്ന് അകത്തു കയറിയപ്പോഴേക്കും വാച്ചർ രാമൻ നായർ ഒരു പൊതിയും കൊണ്ടുവന്നു.

'പോയേന്റെ പിറ്റേദിവസം ഒരു കുട്ടി കാണാൻ വന്നിരുന്നു. ഇവിടെ ഇല്യാന്ന് പറഞ്ഞപ്പോൾ ദേ ഇത് ഏൽപ്പിച്ചിട്ടുപോയി. കൈയിൽത്തന്നെ തരണം എന്നു പറഞ്ഞു. പുസ്തകമാണ്. പൊതിഞ്ഞിങ്ങട് തര്വാണ് ചെയ്തത്, ഇല്ലാന്ന് പറഞ്ഞപ്പോൾ.'

പുഷ്കിന്റെ കവിതകളുടെ ഒരു സമാഹാരം. വിലകുറഞ്ഞ മോസ്ക്കോ പബ്ലിക്കേഷൻ. ആദ്യത്തെ പേജിൽ വടിവുള്ള അക്ഷരത്തിൽ 'ഞാൻ മുട്ടുകുത്താൻ വന്നപ്പോൾ അങ്ങ് വാതിൽ അടച്ചു കളഞ്ഞു' – പോൾ

XII Std Malayalam Full Set.indb 52 4/29/2019 5:33:48 PM

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ഏത് സമാഹാരത്തിലെ കഥയാണ് മാപ്പ്?

   അ. കഥയിലില്ലാത്തത്

   ആ. രാജലക്ഷ്മിയുടെ കഥകൾ

   ഇ. ഞാനെന്ന ഭാവം

   ഈ. ഒരു വഴിയും കുറെ നിഴലുകളും

2. ഏത് കഥയിലെ കഥാപാത്രമാണ് പോൾ വർഗ്ഗീസ്

   അ. മാപ്പ്

   ആ. യവനിക

   ഇ. കലി

   ഈ. കഥയിങ്ങനെ

3. ഇന്നലെകളുടെ വേദന, ഇന്നിന്റെ വ്യർത്ഥത, നാളെകളുടെ അർത്ഥശൂന്യത, ഇതെല്ലാം ഒരു ഞൊടിനേരത്തേക്ക് മറയില്ലാതെ കണ്ടു എന്നോ? ഏത് കഥയിലെ വരികളാണിത് ?

   അ. പടക്കുതിരകൾ

   ആ. ഞാനെന്ന ഭാവം

   ഇ. അസമയത്ത് ഒരു അതിഥി

   ഈ. മാപ്പ്

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. മാപ്പ് എന്ന കഥയിലൂടെ രാജലക്ഷ്മി രമയെന്ന അധ്യാപികയുടെ ആകുലതകൾ പ്രതിപാദിക്കുന്നതെങ്ങനെ? ചർച്ചചെയ്യുക

XII Std Malayalam Full Set.indb 53 4/29/2019 5:33:48 PM

ഭാഗം 3

മാനുഷികത



പഠനലക്ഷ്യങ്ങൾ

- ഇതിഹാസ ജ്ഞാനസമ്പാദനത്തിന്റെ ആവശ്യകത ഉറപ്പിക്കൽ
- കഥാപ്രപഞ്ചത്തിന്റെ സൗന്ദര്യം തിരിച്ചറിയൽ

പാഠഭാഗങ്ങൾ

പദ്യം	:	ചിന്താവിഷ്ടയായ സീത	-എൻ.കുമാരനാശാൻ
ഗദ്യം	:	കൊടുങ്കാറ്റിൻറെ മർമ്മരം	-എം.ടി. വാസുദേവൻനായർ
ഉപപാഠം	:	വെളുത്ത കുട്ടി	- പി. സി. കുട്ടികൃഷ്ണൻ

XII Std Malayalam Full Set.indb 54 4/29/2019 5:33:49 PM

പദ്യം

ചിന്താവിഷ്ടയായ സീത

-എൻ.കുമാരനാശാൻ

കുമാരനാശാൻ [1873 - 1924]: ആധുനിക കവിത്രയത്തിൽപ്പെട്ട മഹാകവിയാണ് കുമാരനാശാൻ. സ്നേഹബന്ധങ്ങൾക്ക് പുതിയ അർത്ഥവും മാനവും നൽകിയ ആശാനെ സ്നേഹഗായകൻ എന്ന് വിശേഷിപ്പിക്കുന്നു. വീണപൂവ്, നളിനി, ലീല, ചിന്താവിഷ്ടയായസീത, ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ, കരുണ എന്നിവയാണ് പ്രധാന കൃതികൾ. രാമായണകാവ്യം എഴുതിത്തീർത്ത വാല്മീകിമഹർഷി സീതയുടെ മക്കളായ ലവകുശന്മാരോടൊത്ത് അയോധ്യയിലേക്ക് പോയ വൈകുന്നേരം സീത ഉപവനത്തിലിരുന്ന് കഴിഞ്ഞ കാലജീവിതത്തെക്കുറിച്ച് ചിന്തിക്കുകയാണ്. ആ വിചാരഭാഷയുടെ അവസാന ഭാഗമാണ് ഈ പദ്യം.



പ്രിയ രാഘവ! വന്ദനം ഭവാ-
നുയരുന്നൂ ഭുജശാഖവിട്ടു ഞാൻ
ഭയമറ്റു പറന്നു പോയിടാം
സ്വയമിദ്യോവിലൊരാശ്രയം വിനാ

കനമാർന്നെഴുമണ്ഡമണ്ഡലം
മനയും മണ്ണിവിടില്ല താഴെയാം
ദിനരാത്രികളറ്റു ശാന്തമാ -
മനഘസ്ഥാനമിതാദിധാമമാം

XII Std Malayalam Full Set.indb 55 4/29/2019 5:33:50 PM



രുജയാൽ പരിപക്വസത്വനായ്
നിജ ഭാരങ്ങളൊഴിഞ്ഞ് ധന്യനായ്
അജപൗത്ര! ഭവാനുമെത്തുമേ
ഭജമാനൈകവിഭാവ്യമിപ്പദം!

ഉടനൊന്നു നടുങ്ങിയാശുപൂ
വുടലുൽക്കമ്പമിയന്നു ജാനകി
സ്ഫുടമിങ്ങനെയോതി സംഭ്രമം
തടവിശ്ശബ്ദവിചാരമിശ്രമായ്:

XII Std Malayalam Full Set.indb 56 4/29/2019 5:33:53 PM

‘അരുതെന്തയി! വീണ്ടുമെത്തി ഞാൻ
തിരുമുമ്പിൽ തെളിവേകി ദേവിയായ്
മരുവീടണമെന്നു മന്നവൻ
കരുതുന്നോ? ശരി! പാവയോയിവൾ!

അനഘാശയ! ഹാ! ക്ഷമിക്ക! എൻ
മനവും ചേതനയും വഴങ്ങിടാ
നിനയായ്ക മറിച്ചു പോന്നിടാം
വിനയത്തിന്നു വിധേയമാമുടൽ’

സ്ഫുടമിങ്ങനെ ഹന്ത! ബുദ്ധിയിൽ
പടരും ചിന്തകളാൽ തുടിച്ചിതേ
പുടവയ്ക്കു പിടിച്ച തീ ചുഴ-
ന്നുടൽ കത്തുന്നൊരു ബാലപോലവൾ

‘അന്തിക്കു പൊങ്ങി വിലസീടിന താരജാലം
പന്തിക്കു പശ്ചിമപയോധിയണഞ്ഞു മുങ്ങി
പൊന്തിത്തുടങ്ങിയിതരോഡുഗണങ്ങൾ, സീതേ
എന്തിങ്ങിതെ’ന്നൊരു തപസ്വിനിയോടിവന്നാൾ.

പലവുരുവവൾ തീർത്ഥപ്രോക്ഷണം ചെയ്തു താങ്ങി-
ച്ചലമിഴിയെയകായിൽ കൊണ്ടുപോയിക്കിടത്തി
പുലർസമയമടുത്തൂ കോസലത്തിങ്കൽനിന്ന-
ക്കുലപതിയുമണഞ്ഞൂ രാമസന്ദേശമോടും

XII Std Malayalam Full Set.indb 57 4/29/2019 5:33:56 PM

വേണ്ടാ ഖേദമെടോ, സുതേ! വരികയെ-
ന്നോതും മുനീന്ദ്രന്റെ കാൽ-
ത്തണ്ടാർ നോക്കിനടന്നധോവദനയായ്
ചെന്നസ്സഭാവേദിയിൽ
മിണ്ടാതന്തികമെത്തി, യൊന്നനുശയ-
ക്ലാന്താസ്യനാം കാന്തനെ-
ക്കണ്ടാൾ പൗരസമക്ഷ, മന്നിലയിലീ-
ലോകം വെടിഞ്ഞാൾ സതീ.

XII Std Malayalam Full Set.indb 58 4/29/2019 5:33:58 PM

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. അജപൗത്രൻ എന്നു വിശേഷിപ്പിക്കുന്നതാരെ ?

   അ. ദശരഥൻ ആ.രാമൻ

   ഇ. വസിഷ്ഠൻ ഈ.രാവണൻ

2. ആരുടെ കാലടികൾ നോക്കിയാണ് സീത സഭാവേദിയിലേക്ക് നടന്നത് ?

   അ. വസിഷ്ഠൻ ആ. വാല്മീകി

   ഇ. സുമന്ത്രൻ ഈ. നാരദൻ

II. ഉത്തരമെഴുതുക

1. പ്രിയരാഘവ വന്ദനം ഭവാ-

   നുയരുന്നു ഭുജശാഖവിട്ടു ഞാൻ

   അ. ഏത് കവിതയിലെ വരികളാണിത് ?

   ആ. ഇത് എഴുതിയ കവി ആരാണ് ?

2. അജപൗത്ര!ഭവാനുമെത്തുമേ

   ഭജമാനൈകവിഭാവ്യമിപ്പദം!

   അ. ഏത് കവിതയിലെ വരികളാണിത് ?

   ആ. ഇത് എഴുതിയ കവി ആരാണ് ?

III. ഉത്തരം ചുരുക്കിയെഴുതുക

1. ശബ്ദവും വിചാരവും കലർന്ന ഭാഷയിൽ ജാനകി പറഞ്ഞതെന്ത് ?

2. സീത ലോകം വെടിഞ്ഞത് എപ്രകാരമായിരുന്നു ?

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

1. സീതയുടെ ചിന്തകൾ സംഗ്രഹിക്കുക

V. മനപ്പാഠമാക്കാനുള്ള വരികൾ

പ്രിയ രാഘവ!.....

..... പാവയോയിവൾ! (20 വരി)

XII Std Malayalam Full Set.indb 59 4/29/2019 5:33:59 PM

ഗദ്യം

കൊടുങ്കാറ്റിന്റെ മർമ്മരം

-എം.ടി. വാസുദേവൻനായർ



എം.ടി. വാസുദേവൻനായർ 1933-ൽ പൊന്നാനി താലൂക്കിൽ കൂടല്ലൂരിൽ ജനിച്ചു. അധ്യാപകൻ, ചെറുകഥാകൃത്ത്, നോവലിസ്റ്റ്, തിരക്കഥാകൃത്ത്, സിനിമാസംവിധായകൻ, എന്നീ നിലകളിൽ പ്രശസ്തനാണദ്ദേഹം. 1996 ലെ ജ്ഞാനപീഠം പുരസ്കാരം ഉൾപ്പെടെ സാഹിത്യ രംഗത്തും സിനിമാരംഗത്തുമായി ഒട്ടനവധി പുരസ്കാരങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. മഞ്ഞ്, കാലം, നാലുകെട്ട്, അസുരവിത്ത്, രണ്ടാമൂഴം, തുടങ്ങിയ നോവലുകൾ, ഇരുട്ടിന്റെ ആത്മാവ്, ഓളവും തീരവും, കളിവീട്, കുട്ട്യേടത്തി, തുടങ്ങിയ കഥകൾ. പഞ്ചാഗ്നി, നഖനക്ഷതങ്ങൾ, വൈശാലി, പെരുന്തച്ചൻ, ഒരു വടക്കൻ വീരഗാഥ, തുടങ്ങിയ തിരക്കഥകൾ; ആൾക്കൂട്ടത്തിൽ തനിയെ എന്ന യാത്രാവിവരണം, ഗോപുരനടയിൽ എന്ന നാടകം തുടങ്ങിയവ അദ്ദേഹത്തിന്റെ സംഭാവനകളാണ്. മഹാഭാരതത്തെ അനുവർത്തിച്ച് ഭീമനെ കേന്ദ്രകഥാപാത്രമാക്കി; ഭീമന്റെ ആത്മഭാഷണ മെന്നോണം രചിക്കപ്പെട്ടതാണ് രണ്ടാമൂഴം എന്ന നോവൽ. അതിലെ ഒരു ഭാഗമാണ് കൊടുങ്കാറ്റിന്റെ മർമരം.

വിദുരർ അമ്മയോടു പറഞ്ഞു: 'വരൂ, സഭയിൽ രാജാവ് കാത്തിരിക്കുന്നു.'

മുത്തശ്ശിമാരുടെ കൂടെ അമ്മ അകത്തേക്കു നടന്നു. വിദുരരുടെ കൈത്തണ്ടയിൽ പിടിച്ച് യുധിഷ്ഠിരൻ പിറകെ. ഭീഷ്മപിതാമഹന്റെ പിന്നിലായി ഞാനും അർജ്ജുനനും നടന്നു. രാജധാനിയിലെ സ്ത്രീകൾ ഏറ്റുവാങ്ങിയ നകുലനും സഹദേവനും ഒക്കത്തിരുന്നു ചിരിച്ചു. ഹസ്തിനപുരത്തിൽ കണ്ടതൊക്കെ ചെറിയ കുട്ടികളായ അവർക്ക് അത്ഭുതമായിരുന്നു.

സഭാമണ്ഡപത്തിലേക്കു കയറുന്ന സ്ഥലത്ത് ഒറ്റയ്ക്ക് കറുത്ത വസ്ത്രം കൊണ്ടു തലചുറ്റിയിട്ട് മുഖമാകെ മറച്ച് ഒരു സ്ത്രീ കാത്തുനിന്നിരുന്നു. അമ്മ ഓടിച്ചെന്ന് അവരുടെ കാൽക്കൽ വീണു. എഴുന്നേല്പിച്ചു നിർത്തിയ ശേഷം അവർ പറഞ്ഞു: 'സ്വീകരിക്കാൻ പുറത്തു വരാത്തതിൽ ക്ഷമിക്കൂ. ഞാനൊരിക്കലും പുറത്തുവരാറില്ലെന്ന് അറിയാമല്ലോ.'

ഞങ്ങൾക്കു നിർദ്ദേശങ്ങൾ വേണ്ടിവന്നില്ല. എപ്പോഴും മുഖം മറച്ചു പുറത്തിറങ്ങാതെ നടക്കുന്ന വലിയമ്മ ഗാന്ധാരി. അവരുടെ ദൂതനാണ് ഞങ്ങൾക്കു സമ്മാനങ്ങൾ കൊണ്ടുവന്നു തന്നിരുന്നത്. കറുത്ത മൂടുപടത്തിനകത്തെ അവരുടെ മുഖം കാണാൻ ഞാൻ ആഗ്രഹിച്ചു. നീല ഞരമ്പുകൾ

XII Std Malayalam Full Set.indb 60 4/29/2019 5:33:59 PM

തെളിഞ്ഞുകാണുന്ന അവരുടെ നീണ്ടുമെലിഞ്ഞ കൈകളിൽ, നമസ്കരിച്ചു കഴിഞ്ഞ ഞങ്ങളോരോരുത്തരായി ഒതുങ്ങിനിന്നു. അവർ പതിഞ്ഞ ശബ്ദത്തിൽ പിറുപിറുക്കുന്നതുപോലെ ഓരോരുത്തരോടും പറഞ്ഞു: 'നന്നായി വരട്ടെ, നന്നായി വരട്ടെ.'

അമ്മ കണ്ണീർ തുടച്ചു.

അമ്മയുടെ ചുമലിൽ കൈവച്ചു വലിയമ്മ പറഞ്ഞു: 'നടക്കൂ, അദ്ദേഹം കാത്തിരിക്കുന്നു.'

അന്ധനായ വലിയച്ഛൻ. അദ്ദേഹം അന്ധനാണെന്നറിഞ്ഞപ്പോൾ മുതൽ

മുഖം മൂടി, പുറത്തിറങ്ങാതെ കൊട്ടാരത്തിന്റെ അകത്തേക്കെട്ടിൽത്തന്നെ കഴിയാമെന്ന് ഉറപ്പിച്ച വലിയമ്മ.

അദ്ദേഹം സഭയിൽ തനിച്ചായിരുന്നു. ചിത്രപ്പണികൾ ചെയ്ത കൂറ്റൻ മരത്തൂണുകളുടെ മധ്യത്തിലെ ഒഴിഞ്ഞ സ്ഥലത്തിട്ട പര്യങ്കത്തിൽ അദ്ദേഹം നിറഞ്ഞിരിക്കുന്നു. ശിരോമണി നടുവിൽ തിളങ്ങുന്ന സ്വർണ്ണപ്പട്ടത്തിനു മുകളിൽ കാടുപിടിച്ചു വളർന്നുനില്ക്കുന്ന മുടി. കൃഷ്ണമണികളില്ലാത്ത കണ്ണുകൾ വെളുത്ത വൃത്തങ്ങൾപോലെ. കനത്ത താടിയെല്ലുകൾ എന്തോ ചവയ്ക്കു ന്നതുപോലെ ഇളകിക്കൊണ്ടിരുന്നു. ഇടയ്ക്കു വൃത്താകാരമായി ചുറ്റുന്ന കണ്ണുകളിൽ നോക്കിയപ്പോൾ ഭയം തോന്നി. ഞാൻ കുറച്ചകലെ എത്തിയപ്പോൾ നിന്നു. അദ്ദേഹം എന്തോ ചവയ്ക്കുകയാണോ, അതോ സ്വയം പിറുപിറുക്കുകയാണോ?

അമ്മ പറഞ്ഞു: 'വിധവയായിത്തീർന്ന കുന്തിയാണ് ഞാൻ. ഞാനും എന്റെ മക്കളും അങ്ങയെ നമസ്ക്കരിക്കുന്നു.'

നമസ്ക്കരിച്ചപ്പോൾ അദ്ദേഹം എന്റെ ശിരസ്സിൽ കൈവച്ചു. പിന്നെ ആ കൈകൾക്കുള്ളിൽ തെല്ലിട നിന്നപ്പോൾ വലിയച്ഛന്റെ കൈത്തണ്ടയുടെ വലിപ്പത്തെപ്പറ്റിയാണ് ഞാൻ പെട്ടെന്ന് ഓർമ്മിച്ചത്.

വലിയച്ഛൻ പറഞ്ഞു: 'ഇവരഞ്ചുപേർകൂടി എനിക്കിനി മക്കളാണ്'

അമ്മ അപ്പോഴും കണ്ണുതുടച്ചു.

ആ വലിയ ശരീരത്തിനു ചേർന്നതല്ല വലിയച്ഛന്റെ നേർത്ത ശബ്ദം എന്ന് എനിക്ക് തോന്നി.

കാട്ടിൽ സൂതർ പാടിക്കേട്ട പാട്ടുകളിലൊന്നിൽ വലിയച്ഛനെപ്പറ്റി പറഞ്ഞിരുന്നു. പതിനായിരം മദിച്ച ആനകളെ ഒതുക്കാൻ കഴിയുന്ന ശക്തിയുള്ള രാജാവാണ് ധൃതരാഷ്ട്രർ. നകുലസഹദേവന്മാരെക്കൊണ്ട് അമ്മ നമസ്കരിപ്പിക്കുമ്പോൾ ഞാനദ്ദേഹത്തിന്റെ കണ്ണുകളിൽ നോക്കാതെ വലിയ കൈകളിലും മാറത്തും നോക്കി. നൂറിഴയുള്ള ദേവച്ചന്ദനഹാരം ആ വലിയ മാറത്ത് എത്ര ചെറുതായിട്ടാണു കിടക്കുന്നത്! പാട്ടുകാർ പറഞ്ഞതു ശരിതന്നെ. സാലവൃക്ഷത്തിന്റെ വലിപ്പമുണ്ട് ആ കൈകൾക്ക്! എല്ലാ രാജാക്കന്മാരെയും തോല്പിക്കാൻ കണ്ണുണ്ടായിരുന്നെങ്കിൽ, വലിയച്ഛന് വെറുംകൈ മതി.

പാട്ടുണ്ടാക്കുന്ന സൂതരും മാഗധരും കുറച്ചു കൂട്ടിപ്പറയുമായിരിക്കും. ഒരു മദിച്ച ആനയുടെ കരുത്ത് ഏതായാലും ഈ വലിയച്ഛനുണ്ട് എന്നതുറപ്പ്.

XII Std Malayalam Full Set.indb 61 4/29/2019 5:33:59 PM



അപ്പോൾ സഭാമണ്ഡപത്തിലേക്ക് കടന്നുവന്ന മൂന്ന് ഉണ്ണികളെ ഞാൻ ശ്രദ്ധിച്ചു. അവർ വലിയച്ഛനു പിന്നിലായി വന്നു നിന്നു. വലിയച്ഛന്റെ വലത്തായി. പര്യങ്കത്തിന്റെ മൂലക്കെട്ടിലെ സ്വർണ്ണപോളയിൽ നഖംകൊണ്ടു വരച്ചു നില്ക്കുന്ന ഉണ്ണി എന്നെത്തന്നെയാണ് നോക്കുന്നത്. കാതിൽ കുണ്ഡലങ്ങൾ. കഴുത്തിൽ, അമ്പത്തിനാലിഴയുടെ രശ്മികലാപം ഒരു മാർച്ചട്ടപോലെ കിടന്നു. അതവന് അഭംഗിയാണെന്ന് ഞാൻ മനസ്സിൽ പറഞ്ഞു. ഒറ്റയിഴയുള്ള ഏകാവലി മാത്രമിട്ടു നടക്കുന്നതുകൊണ്ട് എനിക്ക് അസൂയ തോന്നിയതുമാവാം.

ഭീഷ്മപിതാമഹൻ അപ്പോൾ ശതശൃംഗത്തിൽനിന്നു വന്നവരെ സമ്മാനങ്ങൾ കൊടുത്തയച്ചശേഷം, സഭയിലേക്കു വന്നു.

അദ്ദേഹം അകന്നു നിന്നു പരസ്പരം നോക്കുന്ന ഞങ്ങളെ കണ്ടു ചിരിച്ചു പറഞ്ഞു: 'ദുര്യോധനാ, ദുശ്ശാസനാ, വരൂ, നിങ്ങളെന്നും കൂടിക്കഴിയേണ്ടവരാണ്. ഉണ്ണീ ചിത്രസേനാ, വരൂ.'

അപ്പോൾ വലിയച്ഛൻ വിദുരരെ വിളിച്ചു സംസാരിക്കുകയായിരുന്നു: 'പാണ്ഡുവിനും മാദ്രിക്കും വേണ്ട പ്രേതകാര്യങ്ങളൊക്കെ ചെയ്യണം. ബ്രാഹ്മണർക്കു ദാനങ്ങൾ വേണ്ടപോലെ.'

കൂട്ടത്തിൽ ചെറിയ കുട്ടിയായ ചന്ദ്രസേനനാണ് ആദ്യം അടുത്തേക്ക് വന്നത്.

XII Std Malayalam Full Set.indb 62 4/29/2019 5:33:59 PM

ഞാൻ പിറന്ന ദിവസംതന്നെ ഉണ്ടായതാണ് ദുര്യോധനൻ. പര്യങ്കത്തിനു പിന്നിൽ നിന്നു മാറാതെ അവൻ ഞങ്ങളെത്തന്നെ നോക്കിനില്ക്കുന്നു. ഞാൻ ചിരിക്കാൻ ശ്രമിച്ചു. അവനതു കണ്ടില്ല എന്നു നടിച്ചു.

അവന് എന്നേക്കാൾ വളർച്ചയുണ്ടെന്നു തോന്നി. ഞങ്ങൾക്കായി ഒരുക്കിയ കൊട്ടാരത്തിലേക്കു നടക്കുമ്പോൾ ഞാൻ വെറുതെ ചിരിച്ചു.

ജ്യേഷ്ഠൻ ശാസനയോടെ എന്നെ നോക്കി.

അതു കാണാത്ത ഭാവത്തിൽ ഞാൻ അർജ്ജുനനോടു പറഞ്ഞു: 'കണ്ടോ, വലിയച്ഛന്റെ മക്കൾ തലയിൽ പൂമാല ചൂടിയിരിക്കുന്നു!'

അതിലത്ര കാര്യമൊന്നുമില്ല എന്ന ഭാവത്തിൽ ജ്യേഷ്ഠൻ പറഞ്ഞു: 'മന്ദാ, രാജകുമാരന്മാർ പൂമാല മുടിയിൽ ചൂടും. കാട്ടിൽ ദാസിമാർ കുറവായതു കൊണ്ട് നമ്മൾ മാല ചൂടിയിരുന്നില്ല എന്നേയുള്ളു.'

മന്ദൻ എന്നു വിളിച്ച സ്ഥിതിക്ക് മറെറാന്നുകൂടി പറയാൻ കരുതിയത് ഒതുക്കി. ഭീഷ്മപിതാമഹൻ വിളിച്ചപ്പോൾ എന്തു ചെയ്യണമെന്നറിയാൻ ദുശ്ശാസനൻ ജ്യേഷ്ഠനെ നോക്കിക്കൊണ്ടു നിന്നു. നൂറിഴയുള്ള ഹാരം ചുമക്കുന്നതു കഷ്ടമല്ലേ എന്നു ചോദിക്കണമെന്നുണ്ടായിരുന്നു. അനുജൻ ദുശ്ശാസനന്റെ കഴുത്തിലുള്ളത് പതിനാറിഴയുള്ള മാണവകമാണ്.

ശതശൃംഗത്തിൽവച്ച് ഒരിക്കൽ അച്ഛൻറ ആഭരണങ്ങളെല്ലാം നിരത്തി വച്ച് അമ്മ പേരുകളും താരങ്ങളും പറഞ്ഞു ജ്യേഷ്ഠനെ പഠിപ്പിക്കുമ്പോൾ ഞാൻ കൗതുകത്തോടെ കേട്ടുനിന്നിട്ടുണ്ട്. വലുതാവുമ്പോൾ ഇരുപത്തേഴു വലിയ മുത്തുകളുള്ള ഒരു നക്ഷത്രഹാരം മാത്രമാണ് ഞാൻ അണിയാൻ പോകുന്നത് എന്നു സ്വകാര്യമായി നിശ്ചയിക്കുകയും ചെയ്തിരുന്നു. വലിയ ശരീരമുള്ള യോദ്ധാക്കൾക്കും ഗജവീരന്മാർക്കും ചേർന്നതാണത്രേ നക്ഷത്രഹാരം.

ദുര്യോധനൻ പകയോടെ നോക്കിനിന്നത് എന്തുകൊണ്ടാണ്? ഞാൻ ചിരിച്ചപ്പോഴും അവൻ ഗൗരവം വിട്ടില്ല.

ഞങ്ങൾക്കായി ഒഴിച്ചുവച്ച കൊട്ടാരത്തിൽ ഒരുക്കങ്ങൾ പൂർത്തിയാവുന്നതേയുള്ളു. ദാസിമാരുടെ കൂട്ടത്തിൽ പ്രായംചെന്ന ഒരു സ്ത്രീ എന്റെ അടുത്തുവന്നു പറഞ്ഞു: 'ഒന്നടുത്തു കാണട്ടെ.'

ദാസിമാർ ഞങ്ങളെ ഓരോരുത്തരെയായി ലാളിച്ചു. അവർ കൂട്ടത്തിൽ കഥകൾ പറയുന്നുണ്ടായിരുന്നു. ഞാൻ കാട്ടിൽ പിറന്ന രാത്രിയിൽ ഇവിടെ ഹസ്തിനപുരത്തു കൊടുങ്കാറുണ്ടായി. കഴുകനും കാലൻകോഴികളും കരഞ്ഞു. കൊട്ടാരവളപ്പിലേക്ക് ഇറങ്ങിവന്നു കുറുനരികൾ ഓളിയിട്ടു. കുലം മുടിക്കാൻ പിറന്നവനാണു ഞാനെന്ന് ആരൊക്കെയോ ഗ്രഹനിലകൾ നോക്കി പിന്നീടു പറഞ്ഞു.

അതു ദുര്യോധനനും ബാധകമാണെന്ന് വൃദ്ധ ഓർമ്മിപ്പിച്ചു.

പലരും കാണാൻ വന്നു. അധികവും കൊട്ടാരത്തിലെ പരിചാരകന്മാരാണ്. എന്നെക്കാൾ ഒരു വയസ്സുള്ള യുധിഷ്ഠിരന്റെ മുമ്പിൽ അവർ തൊഴുതു നിന്നു. യുധിഷ്ഠിരൻ ഭാവിയിൽ രാജാവാകാൻ പോകുന്ന ആളാണല്ലോ. അതുകൊണ്ട് ആവശ്യത്തിനുമാത്രം മന്ദഹസിച്ച് ഉപചാരങ്ങൾ സ്വീകരിച്ച്, ഗൗരവത്തിലിരുന്നു.

XII Std Malayalam Full Set.indb 63 4/29/2019 5:33:59 PM



നകുലസഹദേവന്മാർ അമ്മയുടെ കൂടെ അകത്തളത്തിലായിരുന്നു. വില്ലാളികളിൽ മുമ്പനാവാൻ പോകുന്ന അർജ്ജുനനേയും കണ്ടു മടങ്ങുംമുമ്പ് പ്രസവിച്ച ഉടനെ കൈവിട്ടു താഴെ വീണപ്പോൾ മുറിവു പറ്റാതെ, പരിക്കേൽക്കാതെ, പാറക്കെട്ടു തകർത്ത വിചിത്രശിശുവിന്റെ കാര്യം ഓർമ്മവന്ന് എന്റെ അരികത്തും വന്നു എല്ലാവരും അത്ഭുതത്തോടെ എന്നെ നോക്കി. അടുത്തു നിറുത്തി ലാളിക്കുന്ന ഭാവത്തിൽ ചിലർ എന്റെ ദേഹത്തിലമർത്തി ബലം പരിശോധിച്ചു.

എന്നെപ്പറ്റിയും കഥകൾ നേരത്തെ കൊട്ടാരത്തിലെത്തിയിട്ടുണ്ട്. എന്നറിഞ്ഞപ്പോൾ അത്ഭുതം തോന്നി. ഒരിക്കൽ അമ്മയുടെ കൈയിൽ നിന്നു വീണുപോയി എന്നും ഭയന്നുകൊണ്ട് അമ്മ എടുത്തപ്പോൾ എനിക്കൊന്നും പറ്റാത്തതിൽ ആശ്വസിച്ചു എന്നും കാട്ടിൽവച്ചു കേട്ടിരുന്നു.

ഞാൻ വീണപ്പോൾ എന്റെ കനം കൊണ്ട് പാറ ഉടഞ്ഞുപോയി എന്നായി ഇവിടെ എത്തിയപ്പോൾ കഥ.

XII Std Malayalam Full Set.indb 64 4/29/2019 5:33:59 PM

ഞാൻ ലജ്ജ ഒതുക്കി. മറ്റു കുട്ടികളെ അപേക്ഷിച്ച് എന്റെ രൂപം അത്ര വ്യത്യസ്തമാണോ?

കൊട്ടാരത്തിലെ ആദ്യത്തെ രാത്രി. ഭക്ഷണം സമൃദ്ധമായിരുന്നു, വിഭവങ്ങൾ നിരവധി. ഭക്ഷണം, ഇത്രയൊക്കെ രൂപങ്ങളിൽ, രുചികളിൽ, ഉണ്ടാവാമെന്നത് എനിക്ക് ഒരു പുതിയ അറിവായിരുന്നു. കാട്ടിലാവുമ്പോൾ വിശന്നാൽ വയറുനിറയ്ക്കാൻ കിട്ടുന്നതെന്തും ഭക്ഷണമാണ്. ഒഴിഞ്ഞ തളികയിൽ വീണ്ടും നിറയ്ക്കുമ്പോൾ വിളമ്പുന്നവർ ചിരിച്ചു. ഇതൊന്നും ഒരു രാജകുമാരനു യോജിച്ചതല്ല എന്ന മട്ടിൽ യുധിഷ്ഠിരൻ ശാസനയോടെ നോക്കുന്നതു ഞാൻ കണ്ടില്ലെന്നു നടിച്ചു.

രാത്രിയിൽ വൃദ്ധനായ ഒരു സൂതൻ വന്നിരുന്ന് പഴയ കഥകൾ പാടാൻ തുടങ്ങി. ശന്തനുമഹാരാജാവ് ഗംഗയെ കണ്ടു മോഹിച്ച കഥ തുടങ്ങിയപ്പോൾ ജ്യേഷ്ഠൻ വേണ്ടെന്നു പറഞ്ഞു. പലവട്ടം കേട്ടതാണ്. അപ്പോൾ അയാൾ കദ്രുവിന്റെയും വിനതയുടെയും കഥ തുടങ്ങി.

ഉറക്കം വന്നുതുടങ്ങിയ ഞാൻ സ്ഥലംവിട്ടു. അച്ഛന്റെ മരണത്തെപ്പറ്റിയാണ് കിടന്നപ്പോൾ ആലോചിച്ചത്. നാളെ ഞങ്ങളെല്ലാം ക്രിയ ചെയ്യേണ്ടതുണ്ട്. പക്ഷേ, ഋഷിമാർ പറഞ്ഞതനുസരിച്ചാണെങ്കിൽ, മരിച്ചത് എന്റെ അച്ഛനാണോ? മഹാബലനാവാൻപോകുന്ന ഞാൻ മനസാ വന്ദിക്കേണ്ട പിതാവ് കാറ്റിന്റെ ദേവനാണ്. അദ്ദേഹത്തിനു മരണമില്ല.

ഓർമ്മവച്ചമുതൽക്ക് പ്രാർത്ഥിക്കാൻ പഠിപ്പിച്ചത് മൂന്നു ശക്തികളെയാണ്. ആയിരം കണ്ണുകളുള്ള ഇന്ദ്രനെ, ഏഴു ജ്വാലകളുള്ള അഗ്നിയെ, ബ്രഹ്മാവിന്റെ കോപത്തിന്റെ പ്രകാശമായി പിറന്ന രുദ്രനെ. അടുത്തു കിടന്നുറങ്ങുന്ന അർജ്ജുനനെ ഞാൻ നോക്കി. അവന്റെ നിത്യപ്രാർത്ഥനകളിലൊന്ന് സ്വന്തം പിതാവായ ഇന്ദ്രനിൽ എത്തുന്നുണ്ടായിരിക്കും.

കൊടുങ്കാറ്റുകളുടെ ദേവനായ എന്റെ പിതാവ് എന്നെ ഓർമ്മിക്കാറുണ്ടോ?

ഉറക്കത്തിൽ ഞാനന്ന് ഒരു സ്വപ്നം കണ്ടു. മദം പൊട്ടിയ ഒരു മഹാഗജം കൊമ്പിളക്കി എന്നെ ആക്രമിക്കാൻ കുതിച്ചടുക്കുന്നു. മരത്തിൽ കയറി രക്ഷപെടാൻ നോക്കുമ്പോൾ വെണ്മഴുവേന്തിയ ഒരു കാവൽക്കാരൻ വഴിമുടക്കി മുമ്പിൽ നില്ക്കുന്നു.

ഞെട്ടിയുണർന്നപ്പോൾ അടുത്തിരുവശത്തുമായി ജ്യേഷ്ഠനും അർജ്ജുനനും ഉറങ്ങുന്നു.

വെണ്മഴുവായി മരത്തിനു കാവൽനിന്ന മുഖം എവിടെയോ കണ്ടപോലെ സംശയം തോന്നി. വലിയച്ഛന്റെ ഉണ്ണിയുടെ മുഖംപോലെ.

ഞാൻ അർദ്ധനിദ്രയിൽ വീണ്ടും കണ്ണടച്ചു. മനസ്സിൽ നിശ്ശബ്ദമായി പ്രാർത്ഥിച്ചു: 'കൊടുങ്കാറ്റുകളെ ചങ്ങലയ്ക്കിട്ടു നടക്കുന്ന ദേവാ, ഇവിടെ ഞാനുണ്ട്. അവിടുത്തെ മകനായ അഞ്ചുവയസ്സുള്ള ഒരുണ്ണി.'

XII Std Malayalam Full Set.indb 65 4/29/2019 5:33:59 PM

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. വരൂ, സഭയിൽ രാജാവ് കാത്തിരിക്കുന്നു - എന്നു വിദുരർ പറഞ്ഞത് ആരോട്?

   അ. ഗാന്ധാരി ആ. കുന്തി

   ഇ. പാഞ്ചാലി ഈ. അന്തപ്പുര സ്ത്രീകൾ

2. ഭീമനും അർജ്ജുനനും ആരുടെ പിന്നാലെയാണ് രാജസദസ്സിലേക്ക് നടന്നത്?

   അ. ഭീഷ്മർ ആ. വിദുരർ

   ഇ. ദുര്യോധനൻ. ഈ. യുധിഷ്ഠിരൻ

3. സഭാമണ്ഡപത്തിനടുത്ത് കറുത്ത വസ്ത്രംകൊണ്ട് മുഖം മറച്ച് കാത്തുനിന്നതാര്?

   അ. കുന്തി ആ. ഗാന്ധാരി

   ഇ. പാഞ്ചാലി ഈ. ദാസിമാർ

4. കൊടുങ്കാറ്റിന്റെ മർമ്മരം ഏത് നോവലിലെ ഭാഗമാണ്?

   അ. മഞ്ഞ് ആ. കാലം

   ഇ. രണ്ടാമൂഴം ഈ. നാലുകെട്ട്

5. ഇവരഞ്ചുപേർകൂടി എനിക്കിനി മക്കളാണ് എന്നു പറഞ്ഞതാര്?

   അ. ഗാന്ധാരി ആ. ധൃതരാഷ്ട്രർ

   ഇ. വിദുരർ ഈ. ഭീഷ്മർ

II. ഒന്നോ രണ്ടോ വരികളിൽ ഉത്തരമെഴുതുക.

1. തന്റെ കാൽക്കൽ വന്ദിച്ച കുന്തിദേവിയോട് ഗാന്ധാരി പറഞ്ഞതെന്ത്?

2. ഭീമൻ കുഞ്ഞായിരുന്നപ്പോൾ അമ്മയുടെ കയ്യിൽനിന്നു വീണതിനെക്കുറിച്ച് കൊട്ടാരത്തിൽ പ്രചരിച്ച കഥയെന്ത് ?

3. കാട്ടിൽ സൂതർ പാടിക്കേട്ട പാട്ടുകളിലൊന്നിൽ വലിയച്ഛനെപ്പറ്റി പറഞ്ഞതെന്ത് ?

4. ഓർമവച്ചമുതൽക്ക്, ഏതു ശക്തികളെക്കുറിച്ചാണ് പാണ്ഡവരെ പ്രാർഥിക്കാൻ പഠിപ്പിച്ചത്?

5. കൊച്ചുഭീമൻ അർധനിദ്രയിൽ മനസ്സിൽ നിശ്ശബ്ദമായി പ്രാർഥിച്ചതെന്ത്?

XII Std Malayalam Full Set.indb 66 4/29/2019 5:33:59 PM

III. ഉത്തരം ചുരുക്കിയെഴുതുക.

1. കുന്തീദേവിയും മക്കളും ധൃതരാഷ്ട്രരെ കാണാൻ ചെന്ന രംഗം വിവരിക്കുക.
2. ഭീമൻ ദുര്യോധനനെ ആദ്യമായി കണ്ട രംഗം വിവരിക്കുക.

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. കൊടുങ്കാറ്റിന്റെ മർമ്മരം എന്ന പാഠത്തിലെ ആശയം സംഗ്രഹിക്കുക.
2. ഭീമന് രാജകൊട്ടാരത്തിലുണ്ടായ അനുഭവങ്ങളെന്തെല്ലാം ?

XII Std Malayalam Full Set.indb 67 4/29/2019 5:33:59 PM

ഉപപാഠം

വെളുത്ത കുട്ടി

- ഉറൂബ്



ഉറൂബ് [1915 - 1979] എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന പി.സി കുട്ടികൃഷ്ണൻ മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ ജനിച്ചു. മനുഷ്യജീവിതത്തിന്റെ അനന്ത വൈചിത്ര്യങ്ങളെ അദ്ദേഹം രചനകൾക്ക് പ്രമേയമാക്കി. ഉമ്മാച്ചു, സുന്ദരികളും സുന്ദരൻമാരും എന്നിവയാണ് പ്രധാനപ്പെട്ട കൃതികൾ. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്

മാതൃത്വത്തിനു മുമ്പിൽ ആസുരത പരാജയപ്പെടുന്നുവെന്നതാണ് വെളുത്ത കുട്ടി എന്ന കഥയുടെ പൊരുൾ. 'ഉറൂബിന്റെ പ്രിയപ്പെട്ട കഥകൾ' എന്ന സമാഹാരത്തിൽ നിന്നെടുത്തതാണ് ഈ കഥ.

നട്ടുച്ചയാണ് മീനവെയിലിന്റെ ഭയങ്കര ചൂട്. ഭൂമിയിൽനിന്നു തീനാളങ്ങൾ പൂപ്പെടുന്നുണ്ടെന്നു തോന്നും ആ മണൽപ്പുറത്തു കാൽ വെച്ചാൽ നെയ്യപ്പം പോലെ പൊള്ളിച്ചുപോകും. ഒരൊറ്റ മനുഷ്യന്ന് അപ്പോൾ അതിലേ നടക്കാൻ കഴിയില്ല. എങ്കിലും കുഞ്ഞിമോൻ നടന്നു. കുട്ടികളുടെയടുത്തെത്തുമ്പോൾ വെയിൽ ഒന്നു തണുക്കുമല്ലോ. പക്ഷേ, എത്രനേരം വെയിലിന്ന് അങ്ങനെ തണുത്തു നില്ക്കാൻ കഴിയും? കുഞ്ഞിമോൻ ഒരു പോംവഴി കണ്ടു പിടിച്ചു. പാടത്തിന്നു നടുവിലൂടെ വളഞ്ഞുതിരിഞ്ഞുപോകുന്ന തോടുണ്ട്. അങ്ങോട്ടു നോക്കി വർഷകാലത്തു ചെമ്പിച്ച കാളക്കുട്ടന്മാർ കൂട്ടംകൂട്ടമായി ആ ചാലിലൂടെ കുതിച്ചുപായും. അവയുടെ പുറത്തു നുരക്കട്ടകളെപ്പോലെ വെള്ളപ്പാണ്ടുകളുമുണ്ടാകും, ഏതോ കിഴക്കൻ മലങ്കാടുകളിൽനിന്നാണ് അവ ഇളകിയോടിവരുന്നത് ഇടിവെട്ടു കേട്ടു വിറളിപിടിച്ചിട്ടാണെന്നു തോന്നുന്നു അവ ഓടുന്നത്. ഇടവും വലവും നോക്കാതെ ഒരേ പാച്ചിലാണ്. ആ കാളകളിലേതിന്റെയെങ്കിലും പുറത്തു ചാടിക്കയറാൻ പലവട്ടം മോഹിച്ചതാണ്. പക്ഷേ, അവറ്റ ഒരുനിമിഷം നില്ക്കില്ലല്ലോ. ഇരുപുറത്തും വളർന്നു നിക്കുന്ന പുല്ലാനിപ്പൊന്തകളിൽ താടകളുരച്ചുകൊണ്ട് അങ്ങോട്ടു പോകും. അടുത്തുള്ള പൊന്തയിൽനിന്ന് ഒരു പൊന്മ എന്തോ വിളിച്ചു ചോദിക്കും: 'എങ്ങോട്ടു പോകുന്നു ഏട്ടന്മാരേ?' എന്നാവണം. അതു കേൾക്കുമ്പോൾ കളകളാ എന്ന് ആ കാളക്കുട്ടന്മാർ ശബ്ദകോലാഹലമുണ്ടാക്കും. എന്നിട്ട് ഓട്ടംതന്നെ. ഇപ്പോൾ ഈ ചാലിൽ ഒരൊറ്റ കാളക്കുട്ടിയില്ല. രണ്ടുമാസം മുമ്പു പോലും ഒരു കാളക്കുട്ടിയെ കുഞ്ഞിമോൻ കാണുകയുണ്ടായി. മണ്ണാത്തിപ്പാറയുടെ അടിയിലുള്ള അഗാധക്കുഴിയിൽ കിടന്നു പരുങ്ങുകയായിരുന്നു അത്. ഒന്നു നല്ലവണ്ണം നോക്കാൻ സാധിച്ചില്ല. അപ്പോഴേക്ക് അമ്മ ശാസിച്ചു, 'നേരം സന്ധ്യ മയങ്ങി; ഇങ്ങോട്ടു

XII Std Malayalam Full Set.indb 68 4/29/2019 5:34:00 PM

പോരെ, ചെക്കാ!' എന്ന്. ഇന്ന് ഈ ചാലിലുടെ കാളക്കുട്ടികൾ ഓടിയെങ്കിൽ നോക്കാം, ഒരാളും തടുക്കാനില്ല

ഇങ്ങനെ ആലോചിച്ചുകൊണ്ടാണ് തോട്ടുവക്കത്തേക്കു നടന്നത് കഷ്ടം തോന്നും. ഒരു പുത്തൻപൊതുമ്പു മലർത്തിവെച്ചതുപോലെയുണ്ട്. തോടു കിടക്കുന്നു. അപ്പുക്കുട്ടൻ ആ തോട്ടിലേക്കു നോക്കി. ഒരു നനുത്ത കാറ്റ് അവിടെനിന്ന്, അമ്മയുടെ നെടുവീർപ്പുപോലെ, പൊന്തിവന്നു. ഒരു സുഖം' മുഴുവൻ കരിഞ്ഞിട്ടില്ലാത്ത തോട്ടുവക്കത്തെ പുല്പടർപ്പിലൂടെ നടന്നുപോവുകയും ചെയ്യാം. അല്പം വളഞ്ഞാലും തരക്കേടില്ല. നേരം വൈകിയാൽ യജമാനൻ അട്ടഹസിക്കുമെന്ന് അവൻ ഓർത്തു. മനസ്സിലൊരു കിടിലം എന്നാലും ആ തോട്ടുവക്കുവിടാൻ തോന്നുന്നില്ല. പോകുമ്പോൾ അവൻ ആലോചിച്ചു: എന്തിനാണ് യജമാനൻ ഇങ്ങനെ അട്ടഹസിക്കുന്നത്? യജമനൻ തന്നോടും യജമാനത്തി അമ്മയോടും എപ്പോഴും ലഹളകൂട്ടിക്കൊണ്ടാണ് സംസാരിക്കുന്നത്. ആവശ്യമുണ്ടോ? 'ഞങ്ങൾ അവർക്കെതിരാണന്നു തോന്നും.' കുഞ്ഞിമോൻ മന്ത്രിച്ചു. അവന്റെ അമ്മ എന്തെല്ലാം ആ വീട്ടുകാർക്കുവേണ്ടി ചെയ്തുകൊടുക്കുന്നു. ആകാശത്തോളം വലുപ്പമുള്ള ചെപ്പുകൂടം നിറച്ച് ഒക്കത്തേറ്റി കിണറ്റുവക്കത്തുനിന്ന് അടുക്കളയിലേക്കും കുളിമുറിയിലേക്കും എത്രതവണ അമ്മ നടക്കാറുണ്ട്. ഓരോ കുടം വെള്ളമൊഴിച്ചിട്ട് അമ്മ നിന്നു കിതയ്ക്കുന്നത് അവൻ കാണാറുണ്ട്.

'ഇനി മതി, അമ്മേ!'-അപ്പുക്കുട്ടൻ പറഞ്ഞുപോയിട്ടുണ്ട്.

'മൂപ്പർക്കു കുളിക്കണ്ടേ?' എന്നാണ് അമ്മ ചോദിക്കുന്നത്. മഴ പെയ്യുമ്പോഴും അമ്മ വെള്ളം കോരും. ഇത്ര പെരുത്തു വെള്ളം വേണമെങ്കിൽ, മൂപ്പർക്ക് ആ മഴയത്ത് ഇറങ്ങി നില്ക്കരുതോ? അതു ചെയ്യില്ല. വിറകെത്ര വെട്ടണം മൂണ്ടെത്ര തിരുമ്മണം! മുറ്റമടിക്കണം, ചാണകം മെഴുകണം. എല്ലാറ്റിന്നും എത്തണം. എന്നിട്ടും അമ്മയോട് എന്തിനാണിങ്ങനെ ലഹളകൂട്ടുന്നത്? എല്ലാ ജോലിയും കഴിയുമ്പോൾ അമ്മ പട്ടം പോലെ നിന്നു കിതയ്ക്കും . അരയ്ക്കു കൈകളൂന്നി അടുക്കളച്ചുമരും ചാരി നില്ക്കുന്ന അവരെ കണ്ടാൽ വ്യസനം തോന്നും. അവർ കിതയ്ക്കുന്നതിനൊപ്പം വാഴയ്ക്കാത്താലുകൾപോലെ ഉണങ്ങി ഞാന്ന മൂലകൾ പൊന്തുകയും താഴുകയും ചെയ്യും അപ്പോഴൊക്കെ 'എന്റെ അമ്മ' എന്നു പറഞ്ഞ് അവരുടെ അരയ്ക്കു കെട്ടിപ്പിടിച്ചു നില്ക്കാൻ തോന്നിയിട്ടുണ്ട്. എങ്കിലും കുഞ്ഞിമോൻ അതു ചെയ്തിട്ടില്ല. യജമാനത്തിയെങ്ങാനും കണ്ടാൽ അട്ടഹസിക്കും: 'ഈ പൊന്നാരമൊന്നും ഇവിടെവച്ചു വേണ്ട, കേട്ടോ?' പിന്നെ ആ വാർത്ത യജമാനന്റെ അടുത്തെത്തും. പറഞ്ഞുപറഞ്ഞ് അമ്മയെ കെട്ടിപ്പിടിച്ചത് ഒരു കുറ്റമാകും, വിചാരണയാകും. അതുകൊണ്ട് കുഞ്ഞിമോൻ അമ്മ കിതയ്ക്കുന്നതു നോക്കി നിന്നതേയുള്ളു. ഇന്ന് അങ്ങനെ നോക്കി നില്ക്കുമ്പോഴാണ് കല്പന വന്നത് 'ഓട് അലക്കുകാരന്റെ അടുത്തുപോയി എല്ലാ തുണിയും കൊണ്ടുവരാൻ പറയ്. യജമാനത്തിയുടെ കണ്ണു മറയുന്നതുവരെ അവൻ ഓടിയിട്ടുണ്ട്. ഇനി ഓടാൻ കഴിയില്ല.



XII Std Malayalam Full Set.indb 69 4/29/2019 5:34:00 PM

കുഞ്ഞിമോൻ തോട്ടുവക്കിലൂടെ സ്വല്പം ഉല്ലാസമായിത്തന്നെ നടന്നു. പൊള്ളുന്ന വെയിലാണ്; കാറ്റും ചൂടുള്ളതാണ്. എന്നാലും അവൻ സാവധാനത്തിലേ നടന്നുള്ളൂ. അവന് ഈറപിടിച്ചിരുന്നു. വിശക്കുന്നുണ്ട്. സ്വല്പം കഞ്ഞി വാങ്ങി കുടിക്കാൻ ചെന്നപ്പോഴാണ് അലക്കുകാരന്റെയടുത്തേക്കോടാൻ കല്പന! കഞ്ഞിയെപ്പറ്റി ആലോചിക്കുമ്പോൾ അധികം വിശപ്പു തോന്നുന്നു. എന്നാലും നടക്കാതെ കഴിയില്ല. തോട്ടുവക്കത്ത് അപ്പോഴും വാടാതെ നില്ക്കുന്ന അപ്പക്കാടുകളുണ്ട്. ഇലകളൊക്കെ തളർന്നിരിക്കുന്നു. 'എനിക്കു വയ്യ' എന്നു പറഞ്ഞുകൊണ്ടാണ് അവ നില്ക്കുന്നത്. കുഞ്ഞിമോൻ ഒരു ചെടിയുടെ കഴുത്തു പിടിച്ചു പൊക്കി, സ്വല്പനേരം നോക്കിനിന്നു. എന്നിട്ടു പതുക്കെ ഒന്നു പാടി.

'അപ്പയ്ക്കൊരപ്പനുണ്ടായിരുന്നു,

കയ്പയ്ക്കപോലെ വളഞ്ഞൊരപ്പൻ,

ഓണപ്പൂ ചൂടി വരുന്നൊരപ്പൻ.

ഓലക്കുടയില്ലാതെത്തുന്നേരം

ചൂടുള്ള ദേവി പിടിച്ചുവെച്ചും,

ആകെക്കുരുപൊന്തിച്ചത്തുംപോയി!'

ഈ പാട്ടു കേട്ടപ്പോൾ, അപ്പക്കാടുകൾ ലജ്ജകൊണ്ടു കുഴഞ്ഞാടിപ്പോയി. കുഞ്ഞിമോൻ ചിരിച്ചുകൊണ്ടു മുമ്പോട്ടോടി. തോട് രണ്ടു വളവു വളഞ്ഞു. മൂന്നാമത്തെ വളവിൽ ഒരാൽമരമുണ്ട്. അതെപ്പോഴും ഉറഞ്ഞുകൊണ്ടാണ് നില്ക്കുന്നത്. അവന്നു കലിമാറലില്ല. പെട്ടെന്നാണ് കുഞ്ഞിമോന്ന് ഒരു കാര്യം ഓർമ്മവന്നത്: നേരെയുള്ള അമ്പലം വേലകഴിഞ്ഞ് അടച്ചിട്ടിരിക്കുകയാണ്. വേല കഴിഞ്ഞാൽ ഏഴു ദിവസത്തിന്ന് അമ്പലം തുറക്കുകയില്ല. ഇന്നേക്കു മുന്നേ ആയിട്ടുള്ളൂ. ദേവി ചെകുത്താന്മാരെയൊക്കെ അഴിച്ചുവിടുന്ന കാലമാണിത്. അതോർത്തപ്പോൾ ഭയം തോന്നി. ചുറ്റും നോക്കി. ആരുമില്ല. ഈ വെയിലത്തു ചെകുത്താന്മാർ നടക്കുമോ? ചെകുത്താന്മാർ എപ്പോഴൊക്കെയാണ് നടക്കുക? അതറിഞ്ഞുകൂടാ. ഇപ്പോൾ ഓടിനടക്കുന്ന സമയമാണെങ്കിലോ!

മുന്നോട്ടു പോകാൻ തോന്നുന്നില്ല. മടങ്ങിച്ചെന്നാലോ? വല്ലാത്ത ലഹളയാകും. യജമാനത്തി അടിച്ചു പുറംപൊളിക്കും. ആരെങ്കിലും ഇതിലേ വന്നെങ്കിൽ അവരുടെ കൂടെ പോകാമായിരുന്നു. അവൻ കണ്ണെത്താവുന്ന ദൂരംവരെ നോക്കി. ഒരൊറ്റ ജീവിയില്ല. പോകണോ? മടങ്ങണോ? ഒടുവിൽ രണ്ടും വേണ്ടെന്നു തീർച്ചപ്പെടുത്തി. ഈ ആലിൻചുവട്ടിലിരിക്കാം, അപ്പോഴേക്ക് ആരെങ്കിലും വരും.

ഇടിഞ്ഞുപൊളിഞ്ഞ ആ ആൽത്തറയിലേക്ക് അവൻ കയറി. ആൽച്ചുവട്ടിൽ സ്വർണ്ണപ്പുള്ളികളുള്ള ഒരു നീലവിരിപ്പിട്ടിരിക്കുന്നു. യജമാനത്തിയുടെ കിടപ്പറയിൽപ്പോലും ഇത്ര ഭംഗിയായുള്ള വിരിപ്പില്ലെന്നു കുഞ്ഞിമോൻ ഓർത്തു. തനിക്കതിൽ ഇരിക്കാൻ പാടുണ്ടോ എന്നും അപ്പോൾ ആലോചിച്ചു. എങ്കിലും ഇരുന്നു. എന്തു സുഖം! ആരോ വന്നു ദേഹത്തിലൊക്കെ തടവുന്നതുപോലെ തോന്നുന്നു; അമ്മയുടെ കൈകൊണ്ടു തടവുംപോലെ!

അവൻ തടിമരത്തിന്മേൽ ചാരിയിരുന്നു. ഹാവൂ! കണ്ണുകൾ സ്വയം അടഞ്ഞുപോകുന്നു. തറയിൽ വിരിച്ച കംബളത്തിലെ സ്വർണ്ണപ്പുള്ളികൾ എഴുന്നേറ്റു നടക്കാൻ

XII Std Malayalam Full Set.indb 70 4/29/2019 5:34:01 PM

തുടങ്ങിയിരിക്കുന്നു. നടക്കുകയല്ല, നീന്തുകയാണ്. വരിയായി സ്വർണത്തോണികൾ മുമ്പിലൂടെ കടന്നുപോകുകയാണ്. തോണി വരികൾ വരുന്നു, പോകുന്നു. അവസാന മില്ലാത്ത ഒരു ഘോഷയാത്ര! ഇവ പറക്കുന്ന തോണികളാണോ? മേലോട്ടു പൊങ്ങിപ്പൊങ്ങി പോയി, മേഘങ്ങളുടെ ചുരുളുകളിലേക്ക് ആണ്ടുമറയുകയാണ്. കുഞ്ഞിമോൻ അതു നോക്കിക്കൊണ്ടിരുന്നു.

പെട്ടെന്നാണ് താൻ ചാരിയിരിക്കുന്ന ആൽമരത്തിന്നു പതുപ്പുണ്ടെന്നു കുഞ്ഞിമോന്നു മനസ്സിലായത്. അവൻ ഒന്നുകൂടി ഊന്നിച്ചാരി. മാംസളമായ ദേഹത്തിൽ ചാരിയതുപോലെ. അവൻ തലകൂടി ചാരിവച്ചു. നല്ല സുഖം!

തലയ്ക്കു മുകളിൽനിന്ന് അതാ ഒരോടക്കുഴലിന്റെ നാദം. അവൻ ചെവിയോർത്തു. ഓ, കാറ്റ് പാട്ടുപാടുകയാണ്. ആ നാദം ഉയർന്നും താഴ്ന്നും അങ്ങനെ പോകുന്നു. അതു തന്റെ ഞരമ്പുകളിലൂടെയാണ് പോകുന്നതെന്നും തോന്നി. ഉലയുന്ന വെള്ളിക്കമ്പിപോ ലെയാണ് ആ ശബ്ദവിശേഷം സഞ്ചരിക്കുന്നത്. ണ്ണിം...ണ്ണിം...ണ്ണിം.....അങ്ങനെ പോകുന്നു. നല്ല രസം!

ഉടനെ തലയ്ക്കു മുകളിൽനിന്ന് ഒരട്ടഹാസം! കുഞ്ഞിമോൻ ഞെട്ടിത്തെറിച്ചുപോയി. തലയുയർത്തി നോക്കി. ഭയങ്കരം! ആനക്കൊമ്പു പോലെ വെളുത്ത് അരിവാളുപോലെ വളഞ്ഞ രണ്ടു ദംഷ്ട്രകൾ, അവ രണ്ടു കോറു വായകളേയും വലിച്ചുപിടിച്ചിരിക്കുന്നു. കതിർക്കറ്റപോലെ ഞാന്നുകിടക്കുന്ന കൊമ്പൻമീശ! പന്തംപോലെയുള്ള കണ്ണുകൾ! തലമുടിക്കു പകരം തീനാ ളങ്ങളാണ്. കുഞ്ഞിമോൻ ഒന്നേ നോക്കിയുള്ളൂ; കണ്ണു ചിമ്മിക്കളഞ്ഞു. അതാ, ഒരു ചെകുത്താൻ! താൻ ചാരിയിരിക്കുന്നത് ഒരു ചെകുത്താന്റെ കാലിന്മേലാണെന്ന് കുഞ്ഞിമോന്നു മനസ്സിലായി. അവിടെനിന്നു ദേഹം എടുക്കാൻ കഴിയുന്നില്ല; പറ്റിച്ചേരാനും കഴിയുന്നില്ല. ആകെ വെറുങ്ങലിച്ചുപോയി. കണ്ണുചിമ്മി ഒരേയിരിപ്പ്.

വീണ്ടും വീണ്ടും പൊട്ടിച്ചിരി. ആ ശബ്ദം ദേഹത്തിലാകെ പൊതിയുന്നു. മൊട്ടുസൂചിക്കുത്തുകളേല്പിക്കുന്നതുപോലെയുണ്ട്. ഓരോ ചിരിയും മുള്ളു നിറഞ്ഞ ഒരു ഉറ ദേഹത്തിലേക്കിറക്കുകയാണ്.

പെട്ടെന്നു ചെകുത്താൻ കാൽ വലിച്ചു. കുഞ്ഞിമോൻ മലർന്നടിച്ചു വീണേനെ. പക്ഷേ, അവൻ പൊന്തുകയാണുണ്ടായത്. ചെകുത്താൻ അവനെ പന്തു പോലെ ഒരു തട്ട്. കുഞ്ഞിമോൻ മേലോട്ടങ്ങനെ ഉയരുകയാണ്. ചൂടും തണുപ്പും വേഗം മാറി അനുഭവപ്പെട്ടു. മേഘങ്ങളിലെ വെള്ളത്തുള്ളികൾ ശരീരത്തിൽത്തട്ടി. ഉടൻതന്നെ സൂര്യന്റെ കടുത്ത കിരണങ്ങൾ അവ വറ്റിക്കുകയും ചെയ്തു. പറന്നു പോകുന്ന വെള്ളിപ്പക്ഷികളുടെ ചിറകുകൾ അവന്റെ മൂക്കത്തു തല്ലി. നില്ക്കാതെ പൊന്തുകയാണ്. വീണ്ടും ഒരട്ടഹാസം. കുഞ്ഞിമോൻ പൊടുങ്ങനെ താഴോട്ടു പതിച്ചു. ഒരു പച്ചമാങ്ങപോലെയാണ് ആ കറുത്ത കുട്ടി വീഴുന്നത്. നെഞ്ചിൽനിന്ന് ഒരഗ്നിജ്വാല മേലോട്ടുയരുന്നുവെന്നുതോന്നി.

പ്രാണൻ പോയി എന്നോർത്തതാണ്. പക്ഷേ, അവൻ വീണില്ല. പതുത്ത എന്തോ ഒന്നിന്മേൽചെന്നിരിക്കുകയാണുണ്ടായത്. കിതച്ചുകൊണ്ട് അവൻ ചുറ്റും നോക്കി. ചെകുത്താന്റെ ഉള്ളംകൈയിലാണ് ഇരുപ്പ്. ഒരു കല്ലുവിളക്കിലെ പുകയുന്ന ചെരാതാണ് താനെന്നു തോന്നി.

ചെകുത്താന്റെ പന്തം പോലെയുള്ള കണ്ണുകൾ അവന്റെ നേരെ തിരിഞ്ഞു. ജ്വാലകൾ മുഖത്തു വന്നു തട്ടുന്നുണ്ടായിരുന്നു. ചെകുത്താൻ ഒന്നുകൂടി അട്ടഹസിച്ചു;

XII Std Malayalam Full Set.indb 71 4/29/2019 5:34:01 PM

എന്നിട്ടു ചോദിച്ചു: 'നീ ആരാണ്?' 'ഞാൻ...'കുഞ്ഞിമോന്നു വാക്കുകൾ കിട്ടുന്നില്ല. അവൻ കൈകൊണ്ട് എന്തോ ആംഗ്യം കാട്ടി. ഇതു കണ്ടു ചെകുത്താൻ തനിക്കാവുന്നത്ര ശാന്തമായി ചോദിച്ചു: 'നീ ആരാണ് കുട്ടീ?'

' കുഞ്ഞിമോനാണ്.'

' കുഞ്ഞിമോൻ എന്തിന്നിവിടെ വന്നു?'

'അലക്കുകാരന്റെ അടുത്തേക്കു പോവുകയാണ്.'

'ഇതു ഞങ്ങളുടെ തട്ടകമാണെന്നറിയില്ലേ?'

'അറിയാം.'

'ശരി. അറിഞ്ഞുവന്ന നിന്നെ ഞാൻ സ്വീകരിക്കാം.' ഒരു കറുത്ത രസക്കുടുക്കയെന്നപോലെ അവനെ താഴത്തു വെച്ചിട്ടു ചെകുത്താൻ തുടർന്നു: 'നീ എന്റെ കൂടെ വന്നോളൂ.'

'അയ്യോ, ഞാനില്ല!'

'എന്തുകൊണ്ടില്ല?'

'എനിക്ക്...'

'നിനക്ക്? മുഴുവൻ പറയൂ.'

'പേടിയാവുന്നു'കുഞ്ഞിമോൻ കരയുന്നതുപോലെ പറഞ്ഞു.

'എന്നെ കണ്ടിട്ടു പേടി തോന്നുന്നോ? പക്ഷേ, ഞാൻ ഒരിക്കലും നിന്നെ ഉപദ്രവിക്കില്ല. നിന്നെ എന്റെ കൂടെ താമസിപ്പിക്കാം. നിനക്കു വേണ്ടതൊക്കെ തരാം.'

'എനിക്കൊന്നും വേണ്ട.'

വിഡ്ഢീ ! പറയുന്നതു മുഴുവൻ കേൾക്ക്. നിനക്കു കുടിക്കാൻ ലോകത്തിലുള്ള എല്ലാ പുഷ്പങ്ങളിലെയും തേൻ ഊറ്റിക്കൊണ്ടുവന്നു തരാം. രത്നം പതിച്ച ഉടുപ്പുകൾ തരാം. ഭൂമിക്കടിയിൽ നാഗത്താന്മാർ അനേക കാലമായി സൂക്ഷിച്ചുവെച്ച നക്ഷത്രംപോലുള്ള രത്നങ്ങൾ നിനക്കു കളിക്കാൻ കൊണ്ടുവന്നു തരാം. എന്താണ്?'

'വേണ്ട. എനിക്കെന്റെ അമ്മയുടെ അടുത്തു പോകണം. അമ്മ കാത്തിരിക്കുന്നുണ്ടാവും.'

'ഓർക്കുന്നതിനേക്കാൾ അധികം മറക്കുന്നവരാണ് മനുഷ്യർ. പത്തുനാൾ കഴിഞ്ഞാൽ നിന്റെ അമ്മ നിന്നെ മറക്കും'

'ഇല്ല. അമ്മ ജീവിച്ചിരിക്കുന്നത് എന്നെ ഓർത്തിട്ടാണ്.'

'അതൊക്കെ മനുഷ്യർ വെറുതെ പറയുന്നതാണ്. നിന്റെ അച്ഛൻ ഉണ്ടോ?'

'ഇല്ല.'

'നിന്റെ അച്ഛനെ അമ്മ വളരെ സ്നേഹിച്ചിരുന്നില്ലേ?'

'ഉവ്വ്.'

XII Std Malayalam Full Set.indb 72 4/29/2019 5:34:01 PM

‘എന്നിട്ട് അച്ഛൻ മരിച്ചിട്ടും അമ്മ ജീവിക്കുന്നില്ലേ?’

‘ഞാൻ അച്ഛന്റെ തനിരൂപമാണെന്നാണ് അമ്മ പറയുന്നത്. അച്ഛനില്ലാത്ത ദുഃഖം തീരുന്നത് എന്നെ കാണുമ്പോഴാണ്.’

‘എന്നാൽ, മറ്റൊരുകുട്ടിയെ എടുത്തുവളർത്തി അവനിൽ നിന്നെകണ്ടു കൊള്ളും അമ്മ.

‘അതു വയ്യ.’

‘എന്തുകൊണ്ട്?’

‘ഞാനാണ് അമ്മയുടെ മുലകുടിച്ചു വളർന്നത്.’

‘അതിൽ വിശേഷമൊന്നുമില്ല. അങ്ങോട്ടു നോക്ക്.’ കുഞ്ഞിമോൻ, ചെകുത്താൻ ചൂണ്ടിക്കാട്ടിയ ദിക്കിലേക്കു നോക്കി. അവിടെ കാട്ടിലെ മരച്ചോട്ടിൽ ഒരു പെൺസിംഹം അതിന്റെ കുട്ടിയോടുകൂടി കിടന്നിരുന്നു. ചെകുത്താൻ ചോദിച്ചു: ‘ആ പൂച്ചക്കണ്ണി എന്നും ഈ കുട്ടിയോടുകൂടി ഇരിക്കുമോ? കുട്ടി വളർന്നാൽ അതിന്റെ പാട്ടിന്നു പോകും. ഈ പെൺ സിംഹത്തിന്റെ തള്ളയെ ഞാൻ അറിയും. അതിപ്പോൾ എവിടെയാണെന്ന് ഇതിന്നറിയില്ല. മറന്നു. നിന്റെ അമ്മയും നിന്നെ മറന്നുകൊള്ളും.’

‘സിംഹംപോലെയല്ല എന്റെ അമ്മ. അമ്മയ്ക്ക് എന്നെ മറക്കാൻ കഴിയില്ല.’

‘ഈ വിശ്വാസമാണ് മനുഷ്യരെ ശക്തിയില്ലാത്തവരാക്കുന്നത്.’

‘അമ്മയെപ്പറ്റി വിചാരിക്കുമ്പോഴാണ് എനിക്കു ശക്തിയുണ്ടാകുന്നത്.’

ചെകുത്താൻ ഒന്നു ചിരിച്ചു. കുണ്ടറയിൽനിന്നു പുറപ്പെടുന്ന മാതിരി ഒരു മുഴക്കം.

‘ എന്നെ വിട്ടുതരണേ!’ കുഞ്ഞിമോൻ വീണ്ടും കെഞ്ചി.

‘നീ ശക്തനാണല്ലോ. അമ്മയെ വിചാരിച്ചോളൂ. എന്നാൽ കൂടുതൽ ശക്തി കിട്ടും. എന്നിട്ട് എന്നെ തോല്പിച്ചു പൊയ്ക്കൊള്ളൂ.’ .

‘എന്തിനാണ് എന്നെ ഇങ്ങനെ തടുത്തുവയ്ക്കുന്നത്?’കുഞ്ഞിമോൻ വേദന യോടെ ചോദിച്ചു.

‘ഇഷ്ടംകൊണ്ട്. കുഞ്ഞിമോനെ ഞാൻ ഇഷ്ടപ്പെടുന്നു. എന്റെകൂടെ വരൂ.’

‘അരുതേ നിങ്ങളോളം ശക്തിയില്ലെന്നുവച്ച് എന്നെ എടുത്തുകൊണ്ടു പോകുന്നതു ശരിയാണോ?’

ചെകുത്താൻ കുറച്ചുനേരം ആലോചിച്ചു. ആ കുട്ടിയുടെ മുഖത്തേക്ക് ഒന്നുകൂടി ഊന്നിനോക്കി. ആ പന്തങ്ങളിൽനിന്നു പുറപ്പെടുന്ന ജ്വാലകൾക്കു മുമ്പത്തെപ്പോലെ ചൂടുണ്ടായിരുന്നില്ല.

‘ഞാൻ ശക്തികൊണ്ടു നിന്നെ തോല്പിക്കണമെന്നു വിചാരിക്കുന്നില്ല. എന്റെയത്ര ശക്തി ഞാൻ നിനക്കുണ്ടാക്കിത്തരാം. തുല്യബലവാനായിട്ടു നീ എന്നെ തോല്പിച്ചുകൊള്ളുക. എന്നാൽ നിനക്കു പോകാം.’

XII Std Malayalam Full Set.indb 73 4/29/2019 5:34:01 PM

‘എനിക്ക് ഒരു ചെകുത്താനെ തോല്പിക്കാൻ സാധിക്കോ?’

‘ശ്രമിച്ചുനോക്ക്. നീ ജയിച്ചാൽ ഞാൻ നിന്റെ അടിമയായിരിക്കും. ഞാൻ ജയിച്ചാൽ നീ എന്റെ അടിമയാകേണ്ട; എന്റെ കൂടെ താമസിച്ചാൽ മാത്രം മതി. എന്തു വിചാരിക്കുന്നു?’

‘അരുതേ!’

‘എനിക്കാവുന്നതെല്ലാം ഞാൻ നിനക്കുവേണ്ടി ചെയ്തു. ഇനി നിന്റെ ഇഷ്ടം പോലെ.’ ചെകുത്താൻ അടുത്തുള്ള തെച്ചിക്കാട് ഒന്നു തടവി. അത് ഉടനെ ചെമ്പുള്ളികൾ വീണ ഒരു കരിമ്പാറയായി മാറി. ചെകുത്താൻ അതിന്മേൽ ഇരുന്നുകൊണ്ടു പറഞ്ഞു:

‘നീ തീർച്ചപ്പെടുത്ത്.” ചെകുത്താൻ മേലോട്ടു കൈയുയർത്തി അലറി: ‘വാ!’ എങ്ങുനിന്നാണെന്നറിയില്ല, ധാരാളം മധുരഫലങ്ങൾ താഴെ വീണു. അതിനുശേഷം കാട്ടുപോത്തിന്റെ തോലുരിച്ച തുടകളും വന്നുവീണു. മധുരഫലങ്ങൾ കുഞ്ഞിമോന്റെ മുമ്പിലേക്കു നീക്കിക്കൊടുത്തു; ‘തിന്നോളൂ.’ എന്നിട്ട്, കാട്ടുപോത്തിന്റെ തുടകൾ ദംഷ്ട്രകൾക്കിടയിലിട്ടു ചീന്തി. കുഞ്ഞിമോൻ ആ ഫലങ്ങൾ തൊട്ടില്ല. അവൻ കുമ്പിട്ടിരുന്നാലോചിക്കുകയാണ്. ചെകുത്താൻ എല്ലിന്റെ കൊട്ടുകൾ ചതുപ്പുനിലത്തേക്കു വലിച്ചെറിയുകയാണ്. അവ മണ്ണിൽ പൂഴ്ന്നുനിന്നു. ഒരു നിമിഷം കഴിഞ്ഞപ്പോൾ ആ അസ്ഥിഖണ്ഡങ്ങൾ പൂത്തു. ചോരത്തുള്ളികൾ പോലെയുള്ള പൂക്കൾ! എല്ലാം കഴിഞ്ഞപ്പോൾ ചെകുത്താൻ ചോദിച്ചു: ‘നീ ഒന്നും തിന്നാത്തതെന്താണ്?’

‘എന്റെ അമ്മയുടെ അടുത്തുചെന്നേ ഞാൻ തിന്നു.’ കുഞ്ഞിമോൻ തീർത്തുപറഞ്ഞു.

ചെകുത്താന്നു ചിരിവന്നു. ആ പാറക്കെട്ടുപോലെയുള്ള പള്ളയ്ക്കുമേൽ ഒരു തിരയിളക്കമുണ്ടായി.

‘എങ്കിൽ എന്നെ തോല്പിച്ച് അമ്മയുടെ അടുത്തേക്കുപോകൂ. ഞാൻ എല്ലാം നിന്നെ ആദ്യം പഠിപ്പിക്കാം. സമ്മതമല്ലേ?’

വേറെ വഴിയില്ലെന്നു കുഞ്ഞിമോന്നു ബോദ്ധ്യപ്പെട്ടു. അവൻ അല്പനേരം ദംഷ്ട്രകൾകൊണ്ടു വിടർന്നുനില്ക്കുന്ന കോറുവായകളിലേക്കു നോക്കി. എന്നിട്ടു പറഞ്ഞു: ‘ശരി. എന്നെ ശക്തനാക്കൂ.’

‘ഇപ്പറഞ്ഞതു ബുദ്ധിയാണ്.’ ചെകുത്താൻ പാറപ്പുറത്തുനിന്ന് എഴുന്നേറ്റു. പാറ വീണ്ടും തെച്ചിക്കാടായി കാറ്റിലാടിക്കളിച്ചു.

ചെകുത്താൻ കുഞ്ഞിമോനെ അടുത്തു നിർത്തി, എല്ലാം ഉപദേശിച്ചു. ഭൂമിയിലും ആകാശത്തും സ്വച്ഛന്ദം സഞ്ചരിക്കാൻ അവന്നു വശമായി. ഇഷ്ടം പോലെ രൂപം മാറാമെന്നായി. സ്ഥലകാലങ്ങൾ അവന്നു പ്രതിബന്ധമല്ലെന്നുവന്നു. എല്ലാം പഠിച്ചുകഴിഞ്ഞപ്പോൾ ചെകുത്താൻ പറഞ്ഞു: ‘ഇപ്പോൾ നാം തുല്യബലന്മാരാണ്. ഇനി നമുക്ക് ഒരങ്കം നോക്കാം. നിനക്കു രക്ഷപ്പെടാൻ നോക്കാം. ഞാൻ തടുക്കാനും ശ്രമിക്കും.”

‘ശരി.’

XII Std Malayalam Full Set.indb 74 4/29/2019 5:34:01 PM

കുഞ്ഞിമോൻ പെട്ടെന്നു പുകയായി മാറി ഉയർന്നുയർന്നുപോയി. ആകാശത്തു ചെന്ന് ഒരു മേഘശകലമായി നീന്താൻ തുടങ്ങി. ചെകുത്താൻ ഒന്നു. ചിരിച്ചു. എന്നിട്ട് ഒരൂത്ത്. ആ കൊടുങ്കാറ്റ് ആ മേഘശകലത്തെ ഭൂമിയിൽത്തന്നെ കൊണ്ടുവന്നു വിട്ടു. ഭൂമി തൊട്ടപ്പോൾ കുഞ്ഞിമോൻ സ്വന്തം രൂപം പ്രാപിച്ചു. ഉടനെ കുഞ്ഞിമോൻ ഒരു കനൽക്കട്ടയായി ചെകുത്താന്റെ ചെമ്പൻ മീശയിൽ ചെന്നുവീണു. ചെകുത്താനൊന്നു കരഞ്ഞു. പെരുമഴ. കനൽ കെട്ടാറി. അവൻ കൊടുങ്കാറ്റായി പാഞ്ഞു. ചെകുത്താൻ വന്മലയായി തടുത്തു. അങ്ങനെ കുഞ്ഞിമോൻ പല രൂപ വും പ്രാപിച്ച് ഓടിയൊളിക്കാൻ ശ്രമിച്ചു. എല്ലായിടത്തും ചെകുത്താൻ പ്രതിരോധം നിർമ്മിച്ചു. ഒടുവിൽ നടന്നതു യുദ്ധമാണ്. രണ്ടുപേരും വന്മലകളായി നിന്നു പൊരുതി. കുഞ്ഞിമോൻ തോറ്റുപോയി. ശിരസ്സിൽനിന്നു ചോരച്ചാലുകൾ മൈതാനം വരെ നീണ്ടൊഴുകിപ്പരന്നു. ഒടുവിൽ കുഞ്ഞിമോൻ ചെകുത്താനോടു പറഞ്ഞു: 'ഞാൻ അങ്ങയുടെ കൂടെ വരാം.'

ചെകുത്താൻ സന്തോഷംകൊണ്ടാർത്തുവിളിച്ചു. എന്നിട്ടു കുട്ടിയെയെടുത്തു ചുമലിൽ വച്ച് ആകാശത്തൂടെ പോയി. അപ്പോൾ ചെകുത്താൻ സ്നേഹ പൂർവ്വം പറയുകയാണ്: 'നീ നല്ലവനാണ്, ബുദ്ധിമാനാണ്; ഇപ്പോൾ ശക്തനുമാണ്. നിനക്ക് എന്തെല്ലാം വിജയം നേടണമോ ഒക്കെ നേടിക്കൊള്ളുക. ഞാൻ നിന്നെ സഹായിക്കാം.'

'ഉ..ം' കുഞ്ഞിമോൻ ചെകുത്താന്റെ വട്ടച്ചെവിയിൽപ്പിടിച്ചിരുന്നുകൊണ്ടുമൂളി.

'എന്നെ നിനക്ക് എപ്പോൾ തോല്പിക്കാൻ കഴിയുന്നുവോ അപ്പോൾ നിനക്ക് അമ്മയുടെ അടുത്തേക്കു പോകാം.'

'ഇതു സത്യമാണോ ?'

'സത്യം .'

പിന്നെ കുഞ്ഞിമോൻ ഒന്നും സംസാരിച്ചില്ല. അവൻ വട്ടച്ചെവിയിൽ പിടിച്ചുകൊണ്ടു ചെകുത്താന്റെ ചുമലിലിരിക്കുകയാണ്. താഴെ കുന്നുകളും മലകളും മൈതാനങ്ങളും വന്നു മറഞ്ഞുപോകുന്നു. നീർക്കുതിരകൾ കിടന്നു പുളയ്ക്കുന്ന വൻനദികൾ പിന്നിട്ട്, തിമിംഗലങ്ങൾ റോന്തുചുറ്റുന്ന അലകടലുകൾ, ചിത്രപ്പണികളോടുകൂടിയ കുംഭഗോപുരങ്ങൾ, വിഷക്കാറ്റേറ്റു നീലനിറം പാഞ്ഞ ചിരപുരാതനങ്ങളായ സർപ്പപ്പുറ്റുകൾ അങ്ങനെ പറന്നുനീങ്ങുകയാണ്. ആ യാത്ര രസകരമല്ലെന്നു പറയാൻ വയ്യ. എങ്കിലും അമ്മയെപ്പറ്റി ആലോചിക്കുമ്പോൾ ഒരു നെടുവീർപ്പ്. പുരികത്തിന്മേൽ കൈയും വെച്ച്, മകന്റെ വരവും കാത്തു ദൂരെ നെൽ വയലിലേക്കു നോക്കിനില്ക്കുന്ന അമ്മയുടെ രൂപം മനസ്സിൽ ഉദിച്ചു. പെട്ടെന്നു കീഴ്പോട്ടു ചാടാൻ തോന്നി. പക്ഷേ, എവിടേക്ക്? ചെകുത്താൻ വിടുമോ? സാദ്ധ്യമല്ല, അവൻ അടങ്ങിയിരുന്നു. പെട്ടെന്നൊരു മൂടൽമഞ്ഞിലേക്കാണ് ഊളിയിട്ടു പോയത്.

'ചെകുത്താനേ!'കുഞ്ഞിമോൻ വിളിച്ചു.

'എന്താ കുഞ്ഞിമോൻ?'

'നാം എവിടേക്കാണ്?'

'പ്രപഞ്ചത്തിന്റെ ഒത്ത നടുക്കിലേക്ക്.'

'എന്തിനാണു ചെകുത്താനേ, നമ്മളങ്ങോട്ടു പോകുന്നത്?'

XII Std Malayalam Full Set.indb 75 4/29/2019 5:34:01 PM

‘അവിടെയാണ് എന്റെ താമസം.’

‘എന്താണിങ്ങനെയൊരു മൂടൽ?’

‘ഈ മൂടലാണ് എല്ലാവരേയും നിലനിർത്തുന്നത്.’അതു- പറഞ്ഞിട്ട് ചെകുത്താൻ കൈയൊന്നു ചുഴറ്റിവീശി. അവിടെയുള്ള മൂടൽ സ്വല്പം അകന്നു നിന്നു. അപ്പോൾ മൂടൽമഞ്ഞുകൊണ്ടു തീർത്ത ഒരോടക്കുഴലിന്നുള്ളിലൂടെയായി യാത്ര.

‘ഈ മൂടൽ എന്തിനാണെന്നറിയോ, കുഞ്ഞിമോൻ?’

‘ഞാനെങ്ങനെ അറിയാനാണ്?’

‘ കുഞ്ഞിമോന്നു രാജാവാകാൻ ആശയില്ലേ?’

‘എനിക്ക് അമ്മയുടെ അടുത്തു പോകണമെന്നാണ് ആശ.’

‘അമ്മയോടുകൂടി രാജാവാകാനാണെങ്കിലോ?’

‘ആശയുണ്ട്.’

‘ആ ആശയുണ്ടാക്കിയിട്ടുള്ളത് ഈ മൂടൽമഞ്ഞുകൊണ്ടാണ്. സ്വർഗ്ഗത്തിലെ കന്യകമാരെ വിളിച്ച് ഇതിന്മേൽ നിർത്തി കരയിക്കും. അവരുടെ കണ്ണുനീർ ചറപി റുന്നനെ വീഴും. ആ കണ്ണീരിൽ ഈ മൂടൽ ചവിട്ടിക്കുഴച്ചെടുത്തിട്ടാണ് ആശ നിർമ്മിക്കുന്നത്. ഇതില്ലെങ്കിൽപ്പിന്നെ ഒരൊറ്റ ജീവിക്കും ആശയുണ്ടാവില്ല.’

‘ങാഹാ!’കുഞ്ഞിമോൻ അദ്ഭുതത്തോടെ വായും പൊളിച്ചിരുന്നു. ഗതി വേഗംകൊണ്ടു കാറ്റുവന്നു തള്ളിയിട്ടാണ് അവൻ വായ പൂട്ടിയത്.

അവൻ അകലേക്കു നോക്കിയിരിക്കയാണ്. പെട്ടെന്നു ദൂരെ ആകാശത്തിൽ ഒരു സ്വർണ്ണവള കണ്ടു. അത് വലിപ്പംവെച്ചുവരുന്നു. വള വട്ടത്തോളമായി, കുംഭഗോ പുരത്തോളമായി, കുളത്തോളമായി. അത് ഈ ഭൂമിക്കു നടുവിൽ കെട്ടിയ ഒരു പട്ടുനാ ടപോലെ കണ്ടു.

‘അതെന്താ, ചെകുത്താനേ?’

‘അഗ്നിവലയം.’

അതിലൂടെയാണോ പോകേണ്ടത്?

‘അതെ.’

‘അയ്യോ!പൊള്ളില്ലേ?’

‘ഭയപ്പെടേണ്ട. ഇതെന്തിനാണെന്നറിയോ? ഇതുകൊണ്ടാണ് നരിയുടെ കണ്ണു കളും ചെന്നായയുടെ പല്ലും മറ്റും നിർമ്മിക്കുന്നത്. കാണ്ടാമൃഗത്തിന്റെ ഒറ്റത്തോറ്റയും ഇതുതന്നെ.’

ഇത്രയും പറഞ്ഞപ്പോഴേക്കും അവർ ആ വലയത്തിന്റെ പുറത്തെത്തിക്കഴിഞ്ഞു. കുഞ്ഞിമോൻ ഒന്നു തിരിഞ്ഞുനോക്കി. അത് ഒരു വട്ടളത്തിന്റെ വലുപ്പത്തിൽനിന്ന് എരിയുകയാണ്. പിന്നെക്കണ്ടത്, ചിറകു വിരുത്തി നൃത്തം ചെയ്യുന്ന പർവ്വതത്തെയാണ്.

XII Std Malayalam Full Set.indb 76 4/29/2019 5:34:01 PM



ആ പർവ്വതത്തിൽനിന്ന് അനേകം അരുവികളൊലിക്കുന്നുണ്ട്.

'കണ്ടോ, ആ അരുവികളിലെ വെള്ളം തലയിൽ വീണിട്ടാണ് ആനയ്ക്കു മദംപൊട്ടുന്നത്.'

'ശരി.'

കൊക്കുകൾ ചേർത്തുവച്ചു കോട്ടവാതിൽപോലെ നില്ക്കുന്ന അതിഭയങ്കരന്മാരായ രണ്ടു കോഴികളുടെ കഴുത്തിനു ചുവട്ടിലൂടെ അവർ പോയി. അവയുടെ അങ്കമുള്ളുകൾതട്ടി ഭൂമിയിൽ കൊച്ചു കൊച്ചു കിണറുകളുണ്ടായിരുന്നു.

'ആ കോഴികൾ എപ്പോഴും കൊത്തുകൂടി നില്ക്കും.'

മുഴുവൻ കേൾക്കുന്നതിനുമുമ്പേ അവർ കോഴികളെ പിന്നിട്ടു വളരെ ദൂരം എത്തിക്കഴിഞ്ഞിരുന്നു. എങ്ങും ഇരുട്ടു വ്യാപിച്ചു.

'ചെകുത്താനേ,' കുഞ്ഞിമോൻ വിളിച്ചുപറഞ്ഞു:

'കണ്ണു തീരെ കാണുന്നില്ല.'

'ക്ഷമിക്കൂ.' അവൻ ക്ഷമിച്ചു. അവർ കീഴ്പോട്ടിറങ്ങുകയാണ്. വളരെനേരം ആ ഇരുട്ടിലൂടെ കീഴ്പോട്ടു പോയിക്കഴിഞ്ഞപ്പോൾ അവർ വെളിച്ചം നിറഞ്ഞ ഒരു പൂന്തോപ്പിലെത്തി.

'ഇനി ഇറങ്ങിക്കോളൂ.'

കുഞ്ഞിമോൻ താഴത്തിറങ്ങി ചുറ്റും നോക്കി. മനോഹരമായ ഉദ്യാനം. ധാരാളം പൂക്കൾ; ധാരാളം ഫലങ്ങൾ.

'നിനക്കിവിടെയൊക്കെ നടക്കാം. ഇതാണ് എന്റെ സ്ഥലം.'

XII Std Malayalam Full Set.indb 77 4/29/2019 5:34:02 PM

കുഞ്ഞിമോൻ, അടുത്ത് നിറയെ പൂത്തുനില്ക്കുന്ന ഒരു വൃക്ഷത്തിന്റെ കടയ്ക്കലേക്കു നീങ്ങി. പെട്ടെന്നൊരു പൊട്ടിച്ചിരി. ആ മരം അതാ നടന്നുവരുന്നു! അതൊരു അസ്ഥികൂടമാണ്. തലയിലൊരു രത്നകിരീടവുമുണ്ട്.

'അയ്യോ!'കുഞ്ഞിമോൻ തിരിഞ്ഞോടി.

ചെകുത്താൻ അവനെ തടുത്തുകൊണ്ടു സമാധാനിപ്പിച്ചു: 'അതു നമ്മുടെ ചക്രവർത്തിയല്ലേ! അദ്ദേഹം വളരെക്കാലം എന്റെ ഇഷ്ടനായിരുന്നു. അദ്ദേഹത്തിന്നു ഞാൻ ഒരു വൻകര മുഴുവൻ കീഴ്പെടുത്തിക്കൊടുത്തു. ഒടുവിൽ അദ്ദേഹം എന്റെ കൂടെ പോന്നു.' അസ്ഥികൂടത്തിനുനേരെ തിരിഞ്ഞു ചോദിച്ചു: 'എന്താ തിരുമേനീ?' ആ അസ്ഥികൂടം ഒന്നു പൊട്ടിച്ചിരിച്ചിട്ട് സ്വസ്ഥാനത്തു പോയി മരമായി നിന്നു.

ചെകുത്താൻ നടന്നു; പിന്നാലെ കുഞ്ഞിമോനും. വഴിയിൽ ഒരു കൂറ്റൻ കുന്ന്. അതിന്റെ ചെരിവിലൂടെ വേണം നടക്കുക.

'ഇതെന്താണെന്നറിയോ?'

'ഇല്ല.'

ചെകുത്താൻ കൈപ്പടം ആ കുന്നിനുനേരെ കാട്ടി. മനുഷ്യകപാലങ്ങൾ കൂട്ടിയിട്ടതായിരുന്നു. എന്നിട്ടു ചെകുത്താൻ പറഞ്ഞു: 'അനേകം യുദ്ധത്തിലെ വീരന്മാരുടെ തലയാണ്.'

കുഞ്ഞിമോൻ ഇമവെട്ടാതെ നിന്നു.

'വരൂ.'ചെകുത്താൻ നടക്കുന്നതിനിടയിൽ ഒരു മുല്ലവള്ളിക്കാട്ടിൽ കൈവെച്ചു. അതാ, പൂ ചൂടിക്കൊണ്ട്, ഒരു അസ്ഥികൂടം!

'ഇവൾ രാജനർത്തകിയായിരുന്നു. ഒമ്പതു രാജാക്കന്മാരെ സ്ഥാനത്തു നിന്നു മാറ്റാൻ അവൾക്കു കഴിഞ്ഞിട്ടുണ്ട്.'

അങ്ങനെ പലതും കണ്ടുകൊണ്ട് അവർ ഒരു വലിയ പാറക്കെട്ടിന്നടുത്തെത്തി. പെട്ടെന്നു വാതിൽ തുറന്നു. ചെകുത്താനും കുഞ്ഞിമോനും ഉള്ളിലേക്കു കടന്നു. അവിടെ തീറ്റയും കുടിയും നൃത്തവും തന്നെ. എല്ലാവരും നഗ്നരാണ്.

'ഇതാണ് സ്ഥലം.' പ്രകാശമാനമായ ആ സ്ഥലത്ത് രസംപിടിപ്പിക്കുന്ന ഒരു മണം വ്യാപിച്ചിരുന്നു. മാദകമായ മണം! കുഞ്ഞിമോന്നു മൂക്കിന്റെ ദ്വാരങ്ങൾ വിടർത്തിപ്പിടിക്കാൻ തോന്നി.

'എന്തു വേണമെങ്കിലും, കൈ നീട്ടിക്കോളൂ, കിട്ടും.' ഇതും പറഞ്ഞു ചെകുത്താൻ പൂ വിരിച്ച ഒരു പാറക്കെട്ടിലേക്കു മലർന്നുവീണു. കണ്ണടച്ചു കിടക്കുകയാണ്. കോറുവായിൽനിന്നു വെളിയിലേക്കെത്തുന്ന ദംഷ്ട്രകൾ കിടന്നു മിന്നി. കുഞ്ഞിമോൻ നോക്കിയിരുന്നു.

വല്ലാത്ത ക്ഷീണം. അവൻ നിലത്തു ചായാൻ തുടങ്ങുകയായിരുന്നു. അതാ, ദേഹത്തിന്നു ചുവട്ടിൽ ഒരു പൂവിരി പൊന്തിവന്നു. കുഞ്ഞിമോൻ ആ പുഷ്പതലത്തിൽ കിടന്നു. വെളിച്ചം പതുക്കെപ്പതുക്കെ മങ്ങി. ആകെ ഇരുട്ട്.

കുഞ്ഞിമോൻ കണ്ണുചിമ്മിക്കിടന്നു. പക്ഷേ, ഉറക്കം വരുന്നില്ല. വിചാരങ്ങൾ ഹൃദയത്തിലേക്കു തള്ളിക്കയറുകയാണ്. അമ്മ ഇപ്പോൾ എന്തു ചെയ്യുകയായിരിക്കും?

XII Std Malayalam Full Set.indb 78 4/29/2019 5:34:02 PM

തന്നെ അന്വേഷിച്ചു നെൽവയലുകളിൽ നടക്കുകയായിരിക്കുമോ? ഏകാന്തശാന്തമായ ആ പാടങ്ങളിൽ ഇരുട്ടിൽനിന്നൊരു വിളി പൊങ്ങുന്നുണ്ടാവാം. ' കുഞ്ഞിമോനേ!... കുഞ്ഞിമോനേ.....'

അമ്മയുടെ വിളി ചെവിയിൽ വന്നലക്കുന്നുവെന്നു തോന്നി അവൻ എഴുന്നേറ്റിരുന്നു ചെവിയോർത്തു. ഇല്ല, വിണ്ടും കിടന്നു. വിടും പരിസരവും യജമാനനും യജമാനത്തിയും എല്ലാം ഹൃദയത്തിൽ വന്നും പോയും കൊണ്ടിരുന്നു. ഹൃദയത്തിലാകെ കലാപം.

കുഞ്ഞിമോൻ കണ്ണുമിഴിച്ചുകൊണ്ടും കിടന്ന് ആലോചിച്ചു. എന്താണു രക്ഷപ്പെടാൻ മാർഗ്ഗം? അവൻ രാത്രി മുഴുവൻ ആലോചിക്കുകതന്നെയായിരുന്നു. മാർഗ്ഗം കണ്ടെത്തുന്നില്ല.... പുലരിക്കതിരുകൾ പതുക്കെ ആ ഗുഹയ്ക്കുള്ളിലേക്ക് എത്തിനോക്കുകയാണ്. കുഞ്ഞിമോൻ തലപൊക്കി നോക്കി. കിഴക്കുവശത്തുള്ള ഒരു കോണിപ്പടിയിലൂടെയാണ് ആ വെളിച്ചം വരുന്നത്. വെളിച്ചത്തിന്റെ ഒരിടനാഴിക. കുഞ്ഞിമോൻ തട്ടിപ്പിടഞ്ഞെഴുന്നേറ്റ് അതിലൂടെ നടന്നു. അവൻ ആ കോണിപ്പടികളിലൂടെ മേലോട്ടുകയറാൻ തുടങ്ങി, താമരപ്പൂവിന്റെ മണം കലർന്ന ഇളംകാറ്റ്.

ആ കോണിപ്പഴുതിലൂടെ ഇറങ്ങിവരുന്നുണ്ടായിരുന്നു, ഒരാഹ്ലാദം, ഒരാവേശം. അവൻ തിരക്കിട്ടു കോണികയറി. ആ കോണി ചെന്നുചേരുന്നതു വിശാലമായ ഒരു തളത്തിലേക്കാണ്. അതിന്നു നടുക്ക് ഒരു താമരപ്പൊയ്കയുണ്ട്. പകുതി വിടർന്ന താമരപ്പൂക്കൾ മുറ്റിനില്ക്കുന്നു. ആ തളത്തിന്നു മേല്പുരയില്ല. തുറസ്സായ സ്ഥലം. അവിടെനിന്നുനോക്കിയാൽ ഉദയരശ്മികൾ ചുംബിക്കുന്ന കൂറ്റൻകുന്നുകൾ ദൂരെ നില്ക്കുന്നതായി കാണാം.

പ്രകാശം തിരശ്ശീലനീക്കി പുറപ്പെടുന്നു. കുഞ്ഞിമോൻ പൊയ്കക്കരികെ നോക്കിക്കൊണ്ടുനിന്നു. ഇത്രയുംനല്ലൊരു പ്രഭാതം ഒരിക്കലും കണ്ടിട്ടില്ല. ഹൃദയം കിടന്നു തിളയ്ക്കുന്നതുപോലെ തോന്നി. പ്രപഞ്ചം അവന്റെനേർക്കു പുഞ്ചിരിതൂകിക്കൊണ്ടു നില്ക്കുകയാണ്.

പെട്ടെന്ന് അവന്റെ തലയ്ക്കുള്ളിലേക്കും സ്വല്പം വെളിച്ചം കടന്നതു പോലെ തോന്നി. കുഞ്ഞിമോൻ പൊട്ടിച്ചിരിച്ചുകൊണ്ടു ചാടിയെഴുന്നേറ്റു. അവൻ ഉറക്കെ പറഞ്ഞുപോയി: 'അതു ഞാൻ പറ്റിക്കും!'

'എന്ത്?'ഉടനെ പിന്നിൽനിന്ന് ഒരു ചോദ്യം. കുഞ്ഞിമോൻ തിരിഞ്ഞു നോക്കി. ആനക്കൊമ്പുപോലെ വെളുത്ത് അരിവാളുപോലെ വളഞ്ഞ ആ ദംഷ്ട്രകൾ സൂര്യപ്രഭയേറ്റു മിന്നുന്നതായി അവൻ കണ്ടു.

'ചെകുത്താനേ, നീ പറഞ്ഞവാക്കു മാറ്റുമോ?' കുഞ്ഞിമോൻ ചോദിച്ചു.

'ഒരിക്കലുമില്ല. നിനക്ക് ഒരു ശക്തിപരീക്ഷകൂടി നടത്തണമെന്നുണ്ടോ?'

'ഉണ്ട്.'

ചെകുത്താൻ ഒന്നു കുലുങ്ങിച്ചിരിച്ചു.

'ശരി, ആരംഭിക്കാം.'

'ഇങ്ങോട്ടു നോക്കു.'

XII Std Malayalam Full Set.indb 79 4/29/2019 5:34:02 PM

ചെകുത്താൻ നോക്കി,

'ഞാനൊന്നു പുഞ്ചിരിക്കൊള്ളാം, ചെകുത്താൻ അതുപോലെ പുഞ്ചിരിക്കൊണ്ടാൽ ഞാൻ തോറ്റു. ഇല്ലെങ്കിൽ... അറിയാമല്ലോ'

ഇതും പറഞ്ഞു കുഞ്ഞിമോൻ നന്നായി ഒന്നു മന്ദസ്മിതം തൂകി

പന്തം പോലുള്ള കണ്ണുകൾ ജ്വാല പുറപ്പെടുവിച്ചുകൊണ്ടു നിന്നു,

'ഇനി ചെകുത്താനൊന്നു പുഞ്ചിരിക്കൊള്ളു.'

ചെകുത്താൻ ശ്രമിച്ചുനോക്കി. അത് അട്ടഹാസമായി മാറി,

'ഇതു പുഞ്ചിരിയാണോ?'കുഞ്ഞിമോൻ.

ചെകുത്താൻ വീണ്ടും ശ്രമിച്ചു. തോറ്റു. വീണ്ടും വീണ്ടും ശ്രമിച്ചുകൊണ്ടു താമരപ്പൊയ്കയിൽ പതിക്കുന്ന തന്റെനിഴൽ നോക്കി. ഇല്ല, അതു പൂഞ്ചിരിയാകുന്നില്ല.

വളർന്നുമുറ്റിനില്ക്കുന്ന ദംഷ്ട്രകൾ ഒന്നു പുഞ്ചിരിക്കൊള്ളാൻ അനുവദിക്കുന്നില്ല. വളരെ നേരത്തെ പരിശ്രമത്തിനുശേഷവും ചെകുത്താന് അതു ചെയ്യാൻ കഴിഞ്ഞില്ല. പരാജയബോധം അവന്റെ നെഞ്ചിൽ കിതപ്പുണ്ടാക്കി. ആ ദംഷ്ട്രകൾ വലിച്ചുപറിക്കാൻ തോന്നി. പക്ഷേ, അതിനർത്ഥം മരണമെന്നാണ്. ചെകുത്താൻ പരുങ്ങി. അവൻ അങ്ങോട്ടുമിങ്ങോട്ടും നടന്നു, വിയർത്തു.

'എന്താണ്, ചെകുത്താനേ?' കുഞ്ഞിമോൻ ചോദിച്ചു:

'തോറ്റുവോ?'

വിഷാദവിവശനായി ചെകുത്താൻ സമ്മതിച്ചു:

'ഞാൻ നിന്റെ അടിമയാണ്.' 'എങ്കിൽ, എന്നെ ചുമലിലേറ്റി അമ്മയുടെ അടുത്തുകൊണ്ടുപോവു.' കുഞ്ഞിമോൻ വട്ടച്ചെവിപിടിച്ചുകൊണ്ട് ചെകുത്താന്റെ ചുമലിലിരുന്നു. പാറയുടെ ഗോപുരദ്വാരം തുറന്നു. പൂന്തോപ്പും കോഴിക്കഴുത്തും തീവളയവും മൂടൽമഞ്ഞും പിന്നിട്ടുകൊണ്ട് അവർ ആകാശത്തുടെ ഒഴുകുകയാണ്.

'ചെകുത്താനേ!' കുഞ്ഞിമോൻ വിളിച്ചു.

'ഉം?' 'വ്യസനമുണ്ടോ ?'

'ഇല്ല.'

നൊടിയിടകൊണ്ട് അവർ തോട്ടുവക്കത്തെ ആലിൻചുവട്ടിലെത്തി.

'ചെകുത്താനേ, ഞാനും എന്റെ അമ്മയുമൊഴികെ, ആരും നിന്നെ കാണാനിടവരരുത്.'

'ശരി.'

അവർ നടന്നു. വീട്ടിലെത്തിയപ്പോൾ അമ്മ കരഞ്ഞുകൊണ്ടു കിടക്കുകയാണ്. കുഞ്ഞിമോൻ അമ്മയെ കെട്ടിപ്പിടിച്ചു.

XII Std Malayalam Full Set.indb 80 4/29/2019 5:34:02 PM

‘എവിടെപ്പോയെടാ, മോനേ?’

‘ഞാൻ അമ്മയ്ക്ക് ഒരു സാധനം കൊണ്ടുവന്നിട്ടുണ്ട്.” അവൻ ചെകുത്താനെ ചൂണ്ടിക്കാട്ടി. അമ്മ ഞെട്ടിപ്പോയി. ‘ഭയപ്പെടേണ്ട. അവൻ എന്റെ അടിമയാണ്. അല്ലേ ചെകുത്താനേ?’ ‘അതെ.‘ചെകുത്താൻ സമ്മതിച്ചു.

അന്നുമുതല്ക്ക്, അമ്മയെയും മകനെയും പുലർത്തേണ്ട ഭാരം ചെകുത്താനായി. ഭക്ഷണം തേടണം, ഭക്ഷണം പാകംചെയ്യണം, മുണ്ടലക്കണം, കോസടി വിരിക്കണം-അതൊക്കെ ചെകുത്താൻ നിഷ്പ്രയാസം നിർവ്വഹിച്ചു. രാത്രിയിലെ കാവലാണ് കഷ്ടം. ചെകുത്താൻ ഒരു നായയായിനിന്നു കുരയ്ക്കണമെന്നായിരുന്നു കല്പന.

അവൻ നായയായി നിന്നു കുരച്ചു. അതുകേട്ട് മറ്റു ചെകുത്താന്മാർ ആർത്തുവിളിച്ച്, പരിഹസിച്ചു. അവർ അവന്റെ മുഖത്തു നോക്കി വിളിച്ചു:

‘മനുഷ്യന്റെ നായേ!’ ചെകുത്താന്റെ തല താണുപോയി. അവൻ ഒരു മുക്കിൽപ്പോയിരുന്നു തേങ്ങിത്തേങ്ങി കരഞ്ഞു.

അമ്പലത്തിൽനിന്നു വരുന്ന അമ്മ, അതു കണ്ട് അമ്പരന്നു. അവർ അടുത്തു ചെന്നു ചോദിച്ചു: ‘എന്താണു കരയുന്നത്?’

‘ഒന്നുമില്ല.’

‘ചെകുത്താനേ, എന്തിനാ മോൻ കരയുന്നത്?’

മറ്റു ചെകുത്താന്മാർ തന്നെ പരിഹസിക്കുന്ന വിവരം പറഞ്ഞിട്ട് അവൻ പൊട്ടിപ്പൊട്ടി കരഞ്ഞു. അമ്മ ചെകുത്താന്റെ വലിയ പുറം തടവിക്കൊണ്ടു സമാധാനിപ്പിച്ചു: ‘വ്യസനിക്കാതെ, ഞാൻ കുഞ്ഞിമോനോടു പറയാം.’

അമ്മ മകനോടു പറഞ്ഞു. മകൻ ഒരേ മറുപടിയേ പറയുന്നുള്ളു: ‘അവന്നു പുഞ്ചിരിക്കൊള്ളാൻ കഴിഞ്ഞാൽ അവന്നു പോകാം.’

അങ്ങനെ ദിവസങ്ങൾ കഴിഞ്ഞു. ഒരുദിവസം വിഷാദവിവശനായിരിക്കുന്ന ചെകുത്താനെ നോക്കി അമ്മ ചോദിച്ചു:

‘ചെകുത്താനേ, മോന് എന്താണ് പുഞ്ചിരിക്കൊള്ളാൻ കഴിയാത്തത്?’

‘എനിക്കു ദംഷ്ട്രകളുണ്ടല്ലോ.’

‘അതു പറിച്ചുകളയരുതോ?’

‘എങ്കിൽപ്പിന്നെ ഞാനില്ല.’

‘അതു തന്നത്താൻ കൊഴിഞ്ഞുപോയാലോ?’

‘എങ്ങനെ?’ അമ്മ സ്വല്പനേരം ആലോചിച്ചിട്ട് ചെകുത്താനോടു പറഞ്ഞു: ‘മോനു വിരോധമില്ലെങ്കിൽ വഴിയുണ്ട്.’

‘എന്താണ്?’

XII Std Malayalam Full Set.indb 81 4/29/2019 5:34:02 PM

'മോൻ ഒരു മനുഷ്യക്കുട്ടിയുടെ രൂപമെടുക്കണം. എന്നിട്ടു കുറേദിവസം എന്റെ മുലകുടിക്കണം. വിരോധമുണ്ടോ?'

ചെകുത്താൻ ചാടിയെഴുന്നേറ്റു പറഞ്ഞു: 'സന്തോഷം!'

ചെകുത്താൻ ഒരു പിഞ്ചുപൈതലായി മാറി. വെളുത്തുതുടുത്ത സുന്ദര നായ ഒരു കുഞ്ഞ്. അമ്മ ഉമ്മറത്തൂണോടു ചാരിയിരുന്ന് അവനെ എടുത്തു മടിയിൽ വെച്ചു. മുല വായിലേക്കു തിരുകിക്കൊടുത്തു. ചെകുത്താൻ വലിച്ചുകുടിച്ചു. ആദ്യത്തെ ദിവസം മുല നന്നായി ചുരന്നില്ല. പിറ്റേദിവസം ശരിക്കും ചുരന്നു. നാലുദിവസം കഴിഞ്ഞപ്പോൾ ദംഷ്ട്രയ്ക്ക് ആട്ടം തുടങ്ങി. അഞ്ചാംദിവസം ഒരു ദംഷ്ട്ര കൊഴിഞ്ഞു. ഏഴാംദിവസം മറ്റേ ദംഷ്ട്രയും അടർന്നു വീണു. ആ വെളുത്ത കുട്ടി എഴുന്നേറ്റുനിന്നു പുഞ്ചിരിതൂകി.

കുഞ്ഞിമോൻ അവനെ നോക്കി പറഞ്ഞു: 'ഇനി നീ സ്വതന്ത്രനാണ്.'

'മോൻ പൊയ്ക്കോളൂ.' അമ്മയും ചെകുത്താനോടു പറഞ്ഞു:

'നല്ല വഴിക്കു പോണേ; ഒന്നും പേടിക്കണ്ട. ഞാൻ ആ ആൽത്തറയിന്മേൽ നിന്നു നോക്കാം .'

വെളുത്ത കുട്ടി അമ്മയെ നോക്കിനിന്നു. അവന്റെ കണ്ണിൽ ഒരുതുള്ളി കണ്ണുനീർ പൊടിഞ്ഞു. അവൻ ഗദ്ഗദത്തോടെ പറഞ്ഞു: 'അമ്മ എന്നെ പറഞ്ഞയയ്ക്കരുത്. ഞാൻ ഈ ഏട്ടന്റെ കൂടെ താമസിച്ചുകൊള്ളാം. അമ്മ എനിക്കൊരു പേരിടണം.'

അമ്മ രണ്ടു കുട്ടികളുടെയും മുഖത്തേക്കു മാറിമാറി നോക്കി. അവരുടെ മുല ചുരക്കുന്നുണ്ടായിരുന്നു. അവർ വെളുത്ത കുട്ടിയെയും കറുത്ത കുട്ടിയെയും മാറിലേക്കടുപ്പിച്ച് കെട്ടിപ്പുണർന്നു. ആ രണ്ടു കുഞ്ഞുങ്ങളും പുഞ്ചി രിക്കൊള്ളുകയായിരുന്നു. അമ്മ സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ടു വിളിച്ചു:'എന്റെ വെളുത്ത മോനേ.....'

XII Std Malayalam Full Set.indb 82 4/29/2019 5:34:02 PM

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. ഉറൂബ് എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന കഥാകൃത്ത് ?

   അ. എം.ടി.വാസുദേവൻ നായർ

   ആ. പി.സി.കുട്ടികൃഷ്ണൻ

   ഇ. ഒ.വി.വിജയൻ

   ഈ. എം.മുകുന്ദൻ

2. കുഞ്ഞിമോൻ ചെകുത്താനെ പരാജയെപ്പടുത്തിയത് എങ്ങനെ?

   അ. കോപിച്ച്

   ആ. പുഞ്ചിരിച്ച്

   ഇ. അട്ടഹസിച്ച്

   ഈ. സങ്കടപ്പെട്ട്

3. വെളുത്തകുട്ടിയായി രൂപാന്തരം പ്രാപിച്ചത് ആരാണ്?

   അ. കുഞ്ഞിമോൻ

   ആ. ചെകുത്താൻ

   ഇ. അലക്കുകാരൻ

   ഈ. യജമാനത്തി

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. മാതൃത്വത്തിനു മുമ്പിൽ ആസുരത പരാജയെപ്പെടുന്നുവെന്നതാണ് വെളുത്ത കുട്ടി എന്ന കഥയുടെ പൊരുൾ - വിശദീകരിക്കുക?

XII Std Malayalam Full Set.indb 83 4/29/2019 5:34:02 PM

ഭാഗം 4

കല, സംസ്കാരം



പഠനലക്ഷ്യങ്ങൾ

- പുരാവൃത്തകല്പനയുടെ കാവ്യഭംഗി ആസ്വദിക്കൽ
- ശൈലി പ്രയോഗങ്ങളുടെ സാംസ്കാരിക സത്ത മനസ്സിലാക്കൽ

പാഠഭാഗങ്ങൾ

പദ്യം	:	പെരുന്തച്ചൻ	- ജി. ശങ്കരക്കുറുപ്പ്
ഗദ്യം	:	പഴഞ്ചൊല്ലുകളും കടംകഥകളും	- ഡോ.ടി. ശ്രീവൽസൻ
ഉപപാഠം	:	കോലാട്	- മാധവിക്കുട്ടി

XII Std Malayalam Full Set.indb 84 4/29/2019 5:34:03 PM

കവിത

പെരുന്തച്ചൻ

- ജി. ശങ്കരക്കുറുപ്പ്



ജി. ശങ്കരക്കുറുപ്പ് [1901 - 1978]. എറണാകുളം ജില്ലയിലെ നായത്തോട് ഗ്രാമത്തിൽ ജനിച്ചു. സാഹിത്യരംഗത്തും വിദ്യാഭ്യാസരംഗത്തും വിവിധ സ്ഥാനങ്ങളിൽ പ്രവർത്തിച്ചു. പ്രകൃതിയെയും പ്രപഞ്ചത്തെയും വിസ്മയത്തോടെ കണ്ട കവി അവയെല്ലാം പ്രതീകാത്മകമായി കാവ്യങ്ങളിലേക്ക് ആവിഷ്കരിച്ചു. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, പ്രഥമ ജ്ഞാനപീഠപുരസ്കാരം എന്നിവ ലഭിച്ചു. ഓടക്കുഴൽ, വെള്ളിൽപറവകൾ, വിശ്വദർശനം, സൂര്യകാന്തി എന്നിവ പ്രധാന കവിതാസമാഹാരങ്ങളാണ്.

പറയിപെറ്റപന്തിരുകുലം എന്ന പുരാവൃത്തത്തിലെ ഏറ്റവും സങ്കീർണമായ വ്യക്തിശോഭയുള്ള ഒരു കഥാപാത്രമാണ് പെരുന്തച്ചൻ. അദ്ദേഹം വാർദ്ധക്യത്തിന്റെ തളർച്ചയിൽ കഴിയുമ്പോൾ ഗതകാലത്തേക്ക് മനസ്സുകൊണ്ട് നടത്തുന്ന ആത്മഭാഷണമാണ് പെരുന്തച്ചൻ എന്ന കവിത. അച്ഛന്റെയും മകന്റെയും അഭിമാനവീര്യം മാറ്റുരയ്ക്കുന്ന സന്ദർഭങ്ങളും ദുരന്തവും ഉൾക്കൊള്ളുന്ന പെരുന്തച്ചനിലെ ഈ കാവ്യഭാഗം വെള്ളിൽപറവകൾ എന്ന സമാഹാരത്തിൽ നിന്നെടുത്തതാണ്.

കേവലം നേരം പോക്കി -
നന്നു ഞാനൊരു യന്ത്ര -
പ്പാവയെപ്പാലത്തിന്റെ
ചുവടേ ഘടിപ്പിച്ചു.
കാലു വെയ്ക്കുമ്പോൾ പാല -
ത്തിന്റെയറ്റത്താരാനും,

XII Std Malayalam Full Set.indb 85 4/29/2019 5:34:04 PM



ചേലുലാവുമാപ്പാവ
ജലദേവതപോലെ,
നീർ നിരപ്പിൽനിന്നാരാ-
ലുയരും, പൊങ്ങിപ്പൊങ്ങി,
നീടുററ പാലത്തിന്റെ
മദ്ധ്യത്തിലാളെത്തുമ്പോൾ,
വാ തുറന്നൊരു തുപ്പു
തുപ്പു,മാ വഴിക്കാര-
നേതുമേ കരുതിടാ-
തരികെക്കൂടിപ്പോകെ!
ഈ വിചിത്രമാം വിദ്യ
കാണുവാനത്യാശ്ചര്യം
താവിന മിഴികൾതൻ

XII Std Malayalam Full Set.indb 86 4/29/2019 5:34:06 PM

തിരക്കായാറിൻ വക്കിൽ,
ചന്ദനത്തയ്യാണെങ്കി-
ലുരഞ്ഞാൽ മണം പൊങ്ങും;
നിന്ദയാലല്ലെൻകുഞ്ഞും
തൻ മിടുക്കുടൻ കാട്ടി.
നാലുനാൾ ചെല്ലും മുൻപു
പൊങ്ങി മാറെറാരു പാവ,
നാട്ടുകാരുടെ നാവി-
ലവന്റെ പേരോടൊപ്പം
തുപ്പുവാൻ ഭാവിച്ചുകൊ-
ണ്ടെൻപാവ പൊങ്ങുമ്പോഴേ-
ക്കപ്പുറത്തവൻറേതിൻ
കൈ നീളും പതുക്കനെ.
വാതുറക്കുമ്പോഴേക്കും
ചെകിടത്തടി വീഴും;
വാശിയാലടിയെനി-
ക്കേറെറതുപോലെ തോന്നി
ഇടമില്ലാകാശത്തു
രണ്ടു തിങ്കളിന്നെന്നും ;
കൂടു വിട്ടവൻ പോയി

XII Std Malayalam Full Set.indb 87 4/29/2019 5:34:08 PM

‘നാനി’ കണ്ണീരായ് നിൽക്കെ.
ഉമി നീറുംപോൽ നീറി
യെന്മനം;-എന്നാലും ഞാ-
നുരിയാടിയില്ലൊറ-
യക്ഷരം പിരിയുമ്പോൾ.
കോവിലിലാനപ്പന്തൽ
പുത്തനായ് പണിയുമ്പോൾ
ഞാൻ വിളിച്ചതെന്തിന്നാ-
ക്കേമനാം മകനെപ്പോയ്?
‘മകനോടാലോചിച്ചു
ഭംഗിയാക്കണം പന്തൽ,
‘മതിലിന്നകം പൂകെ
ത്തമ്പുരാനരുൾചെയ്തു.
പോരുവാൻ തോന്നി, പക്ഷേ
പോന്നില്ല;ക്കാലത്തോള-
മാരുമോതാറില്ലെന്നോ-
ടന്യനോടാലോചിക്കാൻ.
ഞാനതിലസൂയാലു-
വായിപോൽ മകന്നുള്ള
മാനമച്ഛനുമില്ലേ?

XII Std Malayalam Full Set.indb 88 4/29/2019 5:34:11 PM

മരമോ മരാശാരി?

പന്തലൂരാണ്മക്കാർതൻ

കൗതുകത്തോടെ പൊങ്ങീ

ചന്തമായ്, മുകപ്പിനു

കൊത്തുവേലകൾ വേണം.

“ഞാനതു നോക്കാ,മച്ഛൻ

മോന്തായം കേറിക്കോളൂ”

–മോനനുവദിക്കണോ

മോന്തായം മോളിൽക്കേറാൻ

ചന്ദനപ്പലകമേൽ

കൊത്തുകയാണക്കൈകൾ

സുന്ദരം മഹാലക്ഷ്മീ–

ദേവിതൻ കേളീപത്മം .

വാളിന്റെ വായ്പോൽ മിന്നും

വീതുളിയാലേ, നേരെ

മോളിലാ മോന്തായത്തി–

ന്നാണി ചീവുകയാം ഞാൻ.

ഊർന്നു കൈയറിയാതെ,

യറിയാതെയാണുളി,

നേർന്നു ഞാൻ മകന്റെമേ–

XII Std Malayalam Full Set.indb 89 4/29/2019 5:34:13 PM

ലതു പോയി വീഴൊല്ലേ !

കണ്ണിമച്ചു ഞാൻ മിഴി-

ക്കുമ്പോഴേ, ക്കയ്യോ! കണ്ടു

മണ്ണിലക്കഴുത്തറെറാ-

രെന്മകൻ പിടയുന്നു!

ആളുകൾ ചുറ്റും വന്നു

കൂടുന്നു, തൂശിത്തുമ്പു

നീളുംപോലോരോ കണ്ണു-

മെന്മുഖത്തേറ്റീടുന്നു.

കോണിതൻ പടിയിലെൻ

കാലുറയ്ക്കുമോ ? താഴേ

വീണു ഞാൻ; മകൻ 'മാപ്പെ'

ന്നോതിപോൽ; കേട്ടില്ലാ ഞാൻ.

ഉതിരം തളംകെട്ടി

വേറിട്ട കണ്ഠത്തിങ്കൽ

പതിയും ചുരുൾമുടി

കട്ടച്ചു രക്തം മുററി.

വേദന വിഴുങ്ങിയ

കൺമിഴിഞ്ഞൊരാ രൂപം

വേറിടുന്നില്ലുൾക്കണ്ണിൽ-

XII Std Malayalam Full Set.indb 90 4/29/2019 5:34:16 PM

നിന്നെനിക്കെന്തായാലും,

ചിരിച്ചു കണ്ടിട്ടില്ല

'നാനി'യെ പ്പിന്നീടാരു;-

മെരികണ്ണീരും വാർന്നു-

വാർന്നതോടൊപ്പം വറി,

ആരു വിശ്വസിക്കും കൈ

പ്പിഴയല്ലതെ, ന്നെത്ര

പേരുരച്ചാലും? തന്ത

യിതു ചെയ്യുമോ നാനീ?

XII Std Malayalam Full Set.indb 91 4/29/2019 5:34:19 PM

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. നേരംപോക്കിനു വേണ്ടി യന്ത്രപ്പാവയെ ഉണ്ടാക്കി പാലത്തിന്റെ ചുവടെ ഘടിപ്പിച്ചതാരാണ്?

   അ. പെരുന്തച്ചൻ

   ആ. മകൻ

   ഇ. നാട്ടുകാർ

   ഈ. വഴിപോക്കർ

2. മകനോട് ആലോചിച്ച് ഭംഗിയാക്കണം പന്തൽ എന്ന് പറഞ്ഞത്?

   അ. തമ്പുരാൻ

   ആ. ആശാരിമാർ

   ഇ. നാട്ടുകാർ

   ഈ. കവി

3. ആദ്യത്തെ ജ്ഞാനപീഠം അവാർഡ് നേടിയ കവിയാരാണ്

   അ. സച്ചിദാനന്ദൻ

   ആ. ജി. ശങ്കരക്കുറുപ്പ്

   ഇ. സുഗതകുമാരി

   ഈ. വൈലോപ്പിള്ളി

II. ഉത്തരമെഴുതുക.

1. ചന്ദനത്തൊയാണെങ്കിലുരഞ്ഞാൽ മണം പൊങ്ങും.

   നിന്ദയാലല്ലെൻ കുഞ്ഞും തൻ മിടുക്കുടൻ കാട്ടി

   അ. ഏതു കവിതയിലെ വരികളാണിത്?

   ആ. ഇതെഴുതിയ കവി ആരാണ്?

2. ഞാനതിലസൂയാലുവായി പോൽ;മകന്നുള്ള

   മാനമച്ഛനുമില്ലേ? മരമോ മരാശാരി?

   അ. ഏതു കവിതയിലെ വരികളാണിത്?

   ആ. ഇതെഴുതിയ കവി ആരാണ്?

XII Std Malayalam Full Set.indb 92 4/29/2019 5:34:19 PM

III. ഉത്തരം ചുരുക്കിയെഴുതുക.

1. ഏത് വിചിത്രവിദ്യ കാണാനായിരുന്നു ആറ്റുവക്കത്ത് ആളുകൾ തിരക്ക് കൂട്ടിയത്?
2. 'വാശിയാലടിയെനിക്കേറ്റതു പോലെ തോന്നി.' ആർക്കാണ് ഇങ്ങനെ തോന്നിയത്? എന്തുകൊണ്ട്?
3. മതിൽക്കകത്തെ തമ്പുരാന്റെ കല്പന കേട്ടപ്പോൾ പെരുന്തച്ചന് തോന്നിയതെന്ത്?
4. മരമോ മരാശാരി? എന്ന് പെരുന്തച്ചൻ ചോദിക്കാനിടയായ സന്ദർഭമെന്ത്?
5. എത്രപേരുരച്ചാലും? തന്തയിതു ചെയ്യുമോ നാനീ? ഏതു സംഭവത്തെക്കുറിച്ചാണ് പെരുന്തച്ചൻ പറയുന്നത്?

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക .

1. പെരുന്തച്ചൻ എന്ന കവിതയിലെ പ്രമേയം സ്വന്തം വാക്യത്തിലെഴുതുക.

XII Std Malayalam Full Set.indb 93 4/29/2019 5:34:19 PM

ഗദ്യം

പഴഞ്ചൊല്ലുകളും കടംകഥകളും

– ഡോ.ടി. ശ്രീവൽസൻ



ഡോ.ടി. ശ്രീവൽസൻ 1971 –ൽ പാലക്കാട്ടു ജനിച്ചു. ഭാഷാശാസ്ത്രവിഷയത്തിൽ ഡോക്ടറേറ്റ്. ഇപ്പോൾ പാലക്കാട് വിക്ടോറിയ കോളേജിൽ മലയാളം അധ്യാപകൻ. ആംബുലൻസ്, നിസ്സാരോപ ദേശകഥകൾ എന്നീ കഥാസമാഹാരങ്ങളും നവമനോവിശ്ലേഷണം, മതേതരത്വത്തിനുശേഷം, എന്നീ പഠന കൃതികളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പഴഞ്ചൊല്ലുകളും, കടംകഥകളും മനുഷ്യന്റെ സംസ്കാരത്തിൽ ചെലുത്തുന്ന സ്വാധീനവും അവയുടെ ആവിഷ്കാരതലങ്ങളും സൗന്ദര്യഭാവങ്ങളും വ്യക്തമാക്കുന്ന ലേഖനം ഹരിതഭാഷാവിചാരം എന്ന കൃതിയിൽനിന്ന് എടുത്തതാണ്.

ഭാഷാപ്രയോഗത്തിലെ മനുഷ്യകേന്ദ്രീകരണവും പ്രകൃതിവിരുദ്ധതയും പ്രത്യക്ഷപ്പെടുന്ന സവിശേഷമേഖലകളാണു ശൈലികളും പഴഞ്ചൊല്ലുകളും കടംകഥകളും. പലരും പറഞ്ഞുപഴകിയ ചൊല്ലായതുകൊണ്ടുതന്നെ പഴഞ്ചൊല്ലുകൾക്കുപിന്നിൽ വർഷങ്ങളുടേയും തലമുറകളുടേയും മനുഷ്യസംസ്കൃതിയുടേയും അടരുകൾ വ്യക്തമായി കാണാനാവും. മുൻകാല സാമൂഹികസാഹചര്യങ്ങളും മനുഷ്യബന്ധങ്ങളും മൂല്യങ്ങളും പരിണാമവിധേയമാകുന്നതോടെ അവയെ പിടിച്ചുനിർത്താൻ പഴഞ്ചൊല്ലുകൾ കുറേക്കാലം കൂടി ശ്രമിക്കുമെങ്കിലും ക്രമേണ അവ പ്രയോഗങ്ങളിൽനിന്നു തന്നെ പിൻവാങ്ങുന്നതുകാണാം. പതിനെട്ടാം നൂറ്റാണ്ടിൽ ശേഖരിക്കപ്പെട്ട മലയാളത്തിലെ ആദ്യകാലപഴഞ്ചൊല്ലുകൾ പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാവും.

കടംകഥകളുടെ മുഖ്യമായ ധർമം വിനോദമാണെങ്കിലും അവ ഉരുവംകൊള്ളുന്ന മൂല്യവ്യവസ്ഥയെ താങ്ങിനിർത്തുകയും പുനരുൽപ്പാദിപ്പിക്കുകയും ചെയ്യുന്ന സാംസ്കാരികധർമം അവ ഭംഗിയായി നിറവേറ്റുന്നുണ്ട്. ചോദ്യോത്തരരൂപത്തിലുള്ള ഈ സവിശേഷവ്യവഹാരം കുട്ടികൾക്കിടയിൽ നിലനിൽക്കുന്നതുതന്നെ തലമുറകളിലൂടെയുള്ള മൂല്യ സംക്രമണത്തിന്റെ ദൗത്യം നിർവഹിക്കാനാണ്. എങ്കിലും എല്ലാവരേയും ഒരുപോലെ രസിപ്പിക്കുകയും ആകർഷിക്കുകയും ചെയ്യാനുള്ള സവിശേഷസിദ്ധി കടംകഥകൾക്കുണ്ട്.

XII Std Malayalam Full Set.indb 94 4/29/2019 5:34:19 PM

കടംകഥകൾ പ്രശ്നകേളികളോ പ്രഹേളികകളോ ആണെന്നതിനാൽ അവ ഉത്തരം കണ്ടെത്താനുള്ള വഴികൾ പരമാവധി മറച്ചുവെക്കാനും എതിരാളിയെ പലപ്പോഴും വഴിതെറ്റിക്കാനും ശ്രമിക്കും. കടംകഥയുടെ ഉത്തരം ഒരിക്കൽ അറിയുമ്പോൾ മാത്രമേ ആ പ്രശ്നത്തിന്റെ സൗന്ദര്യവും രസവും കേൾവിക്കാരന് ആസ്വദിക്കാനാവൂ. കാവ്യാത്മകവും താളാത്മകവുമായ ഈ നാടൻവഴക്കങ്ങളിൽ പക്ഷേ, മനുഷ്യനുവേണ്ടി തയ്യാറായി നിൽക്കുന്ന ഒരു പ്രകൃതിസങ്കൽപ്പമാണെന്നത് ഉദാഹരണങ്ങളിലൂടെ വ്യക്തമാകും. പ്രകൃതിശക്തികളേയും സൂര്യചന്ദ്രന്മാരെയുമൊക്കെ മനുഷ്യത്വാരോപത്തിലൂടെ ഗാർഹികാന്തരീക്ഷത്തിലെ ബിംബങ്ങളാക്കി മാറ്റുകയാണു കടംകഥകൾ ചെയ്യുന്നത്. താഴെക്കൊടുക്കുന്ന പ്രകൃതിപ്രതിഭാസങ്ങളെക്കുറിച്ചുള്ള കടംകഥകൾ എത്രമാത്രം മനുഷ്യന്റെ ഭൗതികജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ആലോചിക്കാവുന്നതാണ്.

1. നക്ഷത്രങ്ങൾ – എന്റച്ഛന്റെ പണം എണ്ണിയാൽ തീരില്ല

   ആനകേറാമലേലാടുകേറാമലേലായിരം

   കാന്താരി പൂത്തിറങ്ങി

2. സൂര്യൻ – കണ്ടാലെന്തൊരു പൂത്തളിക കാര്യം
   കൊണ്ടതു തീത്തളിക

   ആയിരം തിരിയിട്ടു കത്തിച്ച പൊൻവിളക്ക്
   അന്തിയായപ്പോൾ കെട്ടുപോയി

   വരിക വരിക സുഖം; വന്നടുത്താൽ ഭയം; പോകപോക സുഖം; പോയ്മറഞ്ഞാൽ ഭയം

3. ചന്ദ്രൻ – ആറ്റിലുണ്ടൊരു വെള്ളിക്കിണ്ണം പൊങ്ങിത്താണുകളിക്കുന്നു

4. ചന്ദ്രക്കല – കൊല്ലനുമറിഞ്ഞില്ല കൊല്ലത്തീമറിഞ്ഞില്ല
   തിത്തിത്തെയെന്നൊരുകൊച്ചരിവാള്, കരിങ്കലത്തിൽ തേങ്ങാപ്പുള്

4. നിലാവ് – നാഴൂരിപ്പാലുകൊണ്ടു നാടാകെ കല്യാണം

5. ആകാശം – എവിടെ നോക്കിയാലും കാലില്ലാപ്പന്തൽ, അടിക്കാത്ത മുറ്റമേത്, അച്ഛനൊരു സാരിതന്നു, ഉടുത്തിട്ടും ഉടുത്തിട്ടും തീരുന്നില്ല

രൂപം കൊണ്ടു മേൽപ്പറഞ്ഞ കടംകഥകൾക്കു വിപരീതഭാവത്തിലുള്ള ഒരു കൂട്ടം ഉദാഹരണങ്ങൾ പ്രത്യക്ഷപ്പെടുന്നുണ്ട്. പ്രകൃതിയെ കൂട്ടുപിടിച്ചു മനുഷ്യനിർമിതമായവയെ വിശദീകരിക്കുന്ന കടംകഥകൾ:

1. ഞെട്ടില്ലാ വട്ടയില – പപ്പടം

2. അപ്പാട്ടെ പട്ടിക്കു മുമ്പോട്ടു വാല് – ചിരവ

3. ഇത്തിരിമുറ്റത്തൊത്തിരി വള്ളി – കൈരേഖ

XII Std Malayalam Full Set.indb 95 4/29/2019 5:34:19 PM

4. ഉണങ്ങിയ മരത്തിനു തെളിഞ്ഞ പൂവ് – ഉലക്ക

5. ഇലയില്ലാ വള്ളിയിൽ പൂപോലൊരു കായ – ഇലക്ട്രിക് ബൾബ്.

താളവും ബിംബഭംഗിയും ഒത്തിണങ്ങിയ കുറുങ്കവിതകളാണ് ഓരോ കടംകഥയും എങ്കിലും അവ വരച്ചുണ്ടാക്കുന്ന പ്രകൃതിസങ്കൽപ്പം മനുഷ്യനു യഥേഷ്ടം ചൂഷണം ചെയ്യാനും ഉപഭോഗിക്കാനും തക്ക ഒന്നാണെന്ന വസ്തുത വിസ്മരിച്ചുകൂടാ. കുട്ടികൾക്കു പരിചിതമായ ഇമേജറികൊണ്ട് അപരിചിതമായ ഒന്നിനെ അവതരിപ്പിക്കുക എന്ന ധർമമുള്ളതുകൊണ്ടാവാം, കടംകഥകളിൽ മനുഷ്യരൂപം പലമട്ടിൽ ആവർത്തിക്കുന്നത്.

1. കാലിന്മേൽ കണ്ണുള്ളോൻ വായിൽ പല്ലില്ലാത്തോൻ – കത്രിക

2. കാലുപിടിച്ചാൽ തോളിൽ കയറും – കുട

വർണങ്ങളുടെ സമൃദ്ധികൊണ്ട് ഏറെ സങ്കീർണവും സമ്പന്നവുമാണു കടംകഥകൾ. കടുംവർണങ്ങളോടു കുട്ടികൾക്കുള്ള ഭ്രമവും ഇക്കാര്യത്തിൽ നിർണായകമായി ഇടപെടുന്നുണ്ടാവണം. നിറങ്ങൾക്ക് ഓരോ സംസ്കാരത്തിലുമുള്ള പ്രത്യയശാസ്ത്രവിവക്ഷകൾ പഠിക്കപ്പെട്ടിട്ടുണ്ടെങ്കിലും പ്രകൃതി സംസ്കൃതി എന്ന ദ്വന്ദ്വത്തിൽ അവ വഹിക്കുന്ന പങ്കെന്തെന്ന അന്വേഷണം അർഥവത്താണ്. കറുപ്പും വെളുപ്പും തമ്മിലും പച്ചയും ചുവപ്പും തമ്മിലും ഉള്ള വിപരീതഭാവം തന്നെയാണു കടംകഥകളിലും പ്രത്യക്ഷപ്പെടുന്നതെങ്കിലും ചുവപ്പിനു നൽകപ്പെട്ടിട്ടുള്ള പ്രത്യേകമൂല്യം സവിശേഷശ്രദ്ധയർഹിക്കുന്നുണ്ട്.

1. അമ്മ കറുത്ത്, മോളു വെളുത്ത്
മോളുടെ മോളൊരു സുന്ദരിക്കോത – വെള്ളില

2. വെള്ളച്ചാരെ മാറ്റിയിരുത്തി
ചോപ്പച്ചാരെ ഇറക്കിയിരുത്തി – അടുപ്പിൽ ചാരം വാരി തീപൂട്ടുക

3. വരുമ്പോൾ ചുകന്നിട്ട് പോകുമ്പോൾ കറുത്തിട്ട് – ഇല

4. ചോരതുടിക്കുമിറച്ചിക്കഷണം
നീറ്റിൽ വീണാൽ കരിയും കഷണം – തീക്കനൽ

കടംകഥയിലെ വസ്തുതകൾ മനുഷ്യനടക്കമുള്ള പ്രകൃതിപ്രതിഭാസങ്ങളാണെങ്കിൽ പഴഞ്ചൊല്ലിലേതു തികച്ചും മാനുഷികമായിരിക്കും. തന്നെയോ മറ്റു വ്യക്തികളേയോ സംബന്ധിക്കുന്ന അഭിപ്രായപ്രകടനങ്ങളാണ്, അവയിലൂടെ പകരുന്ന ജീവിതബോധമാണ് എല്ലാ സംസ്കാരങ്ങളിലേയും ശൈലികളും പഴഞ്ചൊല്ലുകളും. അത്തരം ഓരോ ആവിഷ്കാരങ്ങൾക്കു പിന്നിലും പലപ്പോഴും നൂറ്റാണ്ടുകളുടെ ചരിത്രവും സംസ്കാരധാരയും മഹാസാന്നിധ്യമായിരിക്കുകയും ചെയ്യും. പക്ഷേ അവയിലെ തീർപ്പുകൾ പലപ്പോഴും ഏകപക്ഷീയവും ആധികാരികവും ആയിരിക്കും എന്നിടത്താണു വൈരുധ്യം.

കാലംചെല്ലുന്തോറും പഴഞ്ചൊല്ലുകളുടെ പ്രയോഗം കുറഞ്ഞുവരുന്നതും, മുതിർന്നതലമുറയുടെ മാത്രം ഭാഷണസവിശേഷതയായി അതു ചുരുങ്ങിപ്പോകുന്നതും ഒരർഥത്തിൽ ആശങ്കാജനകമായ കാര്യമാണ്. പുതിയതലമുറക്കു പലപഴഞ്ചൊല്ലുകളും കേട്ടാൽത്തന്നെ മനസ്സിലാവാത്ത സ്ഥിതിവരെയുണ്ട്. അത്തരം ഭാഷാപ്രയോഗങ്ങൾ

XII Std Malayalam Full Set.indb 96 4/29/2019 5:34:19 PM



പഴഞ്ചനും അപരിഷ്കൃതവു മാണെന്ന ധാരണയും പ്രബലമാണ്. ചിലരുടെ സംഭാഷണത്തിലെ ക്ലീഷേകളുടെ സ്ഥാനം മാത്രമാണ്, മിക്കവാറും ഇന്നത്തെ തലമുറ പഴഞ്ചൊൽപ്രയോഗങ്ങൾക്കു നൽകിയിട്ടുള്ളത്. എന്നാൽ ദൃശ്യമാധ്യമരംഗത്തു പഴഞ്ചൊല്ലുകളുടേയും ശൈലികളുടേയും പ്രയോഗം മുമ്പത്തേക്കാൾ കൂടിയിട്ടുണ്ടെന്ന കാര്യവും ശ്രദ്ധേയമാണ്. പരസ്യങ്ങൾ ശൈലികളുടേയും പഴഞ്ചൊല്ലുകളുടേയും സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്. ജനമനസ്സിലേക്ക് എളുപ്പത്തിൽ ചെന്നെത്തുവാനും അവരെ വൈകാരികമായി സ്വാധീനിക്കുവാനും പഴഞ്ചൊല്ലുകൾക്കുള്ള ശക്തി അവർ മനസ്സിലാക്കിയിട്ടുണ്ട്. പലപ്പോഴും ഇന്ത്യയൊട്ടാകെ പ്രത്യക്ഷപ്പെടുന്ന പരസ്യങ്ങൾ, വ്യത്യസ്തഭാഷകളിലും സംസ്കാരങ്ങളിലും ബാധകമാവുന്ന ശൈലികളും പഴഞ്ചൊല്ലുകളും ഗവേഷണം ചെയ്തുപോലും കണ്ടെത്തി പ്രയോഗിക്കാൻ നിർബന്ധം കാണിക്കാറുണ്ട്.

പ്രകൃതിയിലെസ്വാഭാവികമായ ചിലപ്രതിഭാസങ്ങളെമനുഷ്യ സ്വഭാവത്തിന്റെയും വൈകല്യത്തിന്റെയും ഒക്കെ നിദർശനമായി ഉദാഹരിക്കുന്ന ഏതാനും ശൈലികൾ പ രിശോധിക്കാം.

(1) ഇത്തിൾക്കണ്ണി: അന്യരെ ചൂഷണം ചെയ്ത്ജീവിക്കുന്നവരെ പരാമർശിക്കാന ാണ് ഈ പ്രയോഗം. പരാദസസ്യങ്ങളും പരാന്നഭുക്കുകളും പ്രകൃതിയിലെ ഒരു യാഥാർഥ്യമാണ്. മറ്റൊരു വൃക്ഷത്തേയോ ചെടിയേയോ ആശ്രയിച്ച് അതിന്റെ ശരീരത്തിൽ വളർന്ന് അതിന്റെ പോഷകമൂല്യങ്ങൾ കവർന്നു വളരുന്ന സസ്യമാണു പരാദങ്ങളെന്നതു സത്യം തന്നെ. എന്നാൽ ഇത്തിളും അതു പുലരുന്ന വൃക്ഷവും തമ്മിലുള്ള പാരസ്പര്യം മനുഷ്യൻ മനസ്സിലാക്കുന്നില്ലെന്നു മാത്രമല്ല, മനുഷ്യന്റെ നൈതികത കൊണ്ട് അവയെ അളന്നു തീർപ്പുകൽപ്പിക്കാൻ മുതിരുകയും ചെയ്യുന്നു.

(2) മുതലക്കണ്ണീർ: കപടദു:ഖത്തെ കുറിക്കാൻ ഒരുപക്ഷേ ലോകമെമ്പാടും പ്രയോഗിക്കുന്ന ഒരു ശൈലിയാണിത്. ഷേക്സ്പിയറുടെ കൃതികളിൽ ഈ

XII Std Malayalam Full Set.indb 97 4/29/2019 5:34:20 PM

പ്രയോഗം ആവർത്തിച്ചു പ്രത്യക്ഷപ്പെടുന്നുണ്ട്. മുതലകൾ കണ്ണീർവാർത്തുകൊണ്ട് അതിന്റെ ഇരകളുടെ സഹതാപം പിടിച്ചുപറ്റുമെന്ന മിത്താണ് ഇതിനു പിന്നിൽ. വാസ്തവത്തിൽ ജലത്തിനു പുറത്തായിരിക്കുമ്പോൾ മുതലയുടെ കണ്ണുകളിൽ നിന്നും സ്രവിക്കുന്ന ഒരു തരം നീരാണു നാം കണ്ണീരായി തെറ്റിദ്ധരിക്കുന്നത്. മുതലകൾക്കു കണ്ണീർഗ്രന്ഥികളില്ലെന്ന ശാസ്ത്രീയസത്യം കൂടി ഓർക്കേണ്ടതാണ്.

(3) ഓന്തിനെപ്പോലെ നിറം മാറുക: ശത്രുക്കളിൽനിന്നു രക്ഷനേടാനായി പ്രകൃതി ഓന്തുകൾക്കു നൽകിയിട്ടുള്ള സംവിധാനത്തെയാണു, സാഹചര്യങ്ങൾക്കനുസരിച്ച് അഭിപ്രായവും പക്ഷവും മാറുന്ന വ്യക്തികളെ കുറിക്കാനായി നാം പ്രയോഗിക്കാറുള്ളത്.

(4) ഉത്തരം താങ്ങുന്ന പല്ലി: ഉത്തരത്തിൽ പറ്റിപ്പിടിച്ചു നിൽക്കുന്ന പല്ലിക്കു താനാണ് ആ ഉത്തരം താങ്ങുന്നത് എന്നാണത്രേ വിചാരം. എല്ലാ ഉത്തരവാദിത്തവും തന്റെ ചുമലിലാണെന്നു കാണിച്ചു നടക്കുന്നവരെ കളിയാക്കുവാനാണ് ഈ പ്രയോഗം.

ശൈലികളെ അപേക്ഷിച്ചു പഴഞ്ചൊല്ലുകൾ പൂർണമായ പ്രസ്താവനാവാക്യങ്ങളായാണു പ്രയോഗിക്കാറ്. 'പഴഞ്ചൊല്ലിൽ പതിരില്ല', "മൂത്തവർ വാക്കും മുതുനെല്ലിക്കയും ആദ്യം കയ്ക്കും പിന്നെ മധുരിക്കും' തുടങ്ങിയവ പഴഞ്ചൊല്ലുകളെക്കുറിച്ചുള്ള പഴഞ്ചൊല്ലായതുകൊണ്ടു തന്നെ(മെറ്റാഫോക്ലോർ) അവ ആധികാരികവും അപ്രമാദിയും ആയാണു പ്രത്യക്ഷപ്പെടുന്നത്. അപൂർവം അവസരങ്ങളിൽ സന്ദർഭവുമായി നേരിട്ടു ബന്ധമുള്ള ആപ്തവാക്യമായും പഴമൊഴികൾ നില നിൽക്കാറുണ്ട്; 'ഒന്നിൽ പിഴച്ചാൽ മൂന്ന്', 'അത്തം കറുത്താൽ ഓണം വെളുക്കും', തുടങ്ങിയവ ഉദാഹരണം. ഈ ചൊല്ലുകൾ ഉപയോഗിക്കപ്പെടുന്ന സന്ദർഭങ്ങളിലെ സത്യപ്രസ്താവനകളാണ്. അവ തലമുറകളിലൂടെ ആവർത്തിച്ചുവരുന്നതുകൊണ്ടുള്ള ആധികാരികതയാണ്. ചില പഴമൊഴികൾക്ക് ഒരു മുഴുനീള കഥതന്നെ പിൻബലമായി വേണം. 'കിട്ടാത്ത മുന്തിരി പുളിക്കും' എന്നത് അത്തരത്തിലൊന്നാണ്. ഇത്തരത്തിൽ പെടാത്ത ഭൂരിഭാഗം വരുന്ന പഴമൊഴികളും സാമാന്യം കൊണ്ടു വിശേഷത്തെ സമർഥിക്കുന്ന, കാലപ്പഴക്കവും പ്രായവും നൽകുന്ന ആധികാരികതയിൽ പുതുതലമുറയെ ശാസിക്കാനും ഗുണദോഷിക്കാനും കളിയാക്കാനും മറ്റും ഉപകരിക്കുന്ന ഉപദേശങ്ങളാണ്. ഓരോ പഴമൊഴിയും കാലങ്ങളിലൂടെ തെളിയിക്കപ്പെട്ടതാണ് എന്നുള്ള ബോധ്യം, അതു പ്രയോഗിക്കപ്പെടുന്ന സന്ദർഭത്തിലെ പങ്കാളികളെ ജാഗരൂകരാക്കുന്നു.



XII Std Malayalam Full Set.indb 98 4/29/2019 5:34:20 PM

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. പലരും പറഞ്ഞു പഴകിയ ചൊല്ല് എന്താണ് ?

   അ. കടംകഥകൾ

   ആ. പഴഞ്ചൊല്ല്

   ഇ. ശൈലികൾ

   ഈ. വാക്യങ്ങൾ

2. കടംകഥകളുടെ മുഖ്യമായ ധർമ്മം എന്താണ് ?

   അ. വ്യായാമം

   ആ. അറിവ് പകരൽ

   ഇ. വിനോദം

   ഈ. മൂല്യബോധം വളർത്തൽ

3. നാഴൂരിപ്പാലുകൊണ്ട് നാടാകെ കല്യാണം എന്ന കടംകഥയിൽ ഉദ്ദേശിക്കുന്നതെന്തിനെയാണ് ?

   അ. നിലാവ്

   ആ. ആകാശം

   ഇ. സൂര്യൻ

   ഈ. കാറ്റ്

4. താളവും ബിംബവും ഒത്തിണങ്ങിയ ഒരു കവിത എതാണ് ?

   അ. ശൈലികൾ

   ആ. കടംകഥകൾ

   ഇ. പഴഞ്ചൊല്ലുകൾ

   ഈ. പ്രയോഗങ്ങൾ

II. ഒന്നോ രണ്ടോ വരിയിൽ ഉത്തരമെഴുതുക.

1. പഴഞ്ചൊല്ലുകൾ ക്രമേണ പ്രയോഗങ്ങളിൽനിന്ന് പിൻവാങ്ങുന്നതെന്തുകൊണ്ടാണ് ?

2. പ്രകൃതി പ്രതിഭാസങ്ങളെ ക്കുറിച്ചുള്ള കടങ്കഥകൾക്ക് രണ്ട് ഉദാഹരണങ്ങളെഴുതുക.

XII Std Malayalam Full Set.indb 99 4/29/2019 5:34:20 PM

3. എന്തുകൊണ്ടാണ് കടംകഥകളിൽ മനുഷ്യരൂപം പലമട്ടിൽ ആവർത്തിക്കുന്നത്?

4. ഉത്തരം താങ്ങുന്ന പല്ലി എന്ന ശൈലിയുടെ ആശയം എഴുതുക.

III. ഉത്തരം ചുരുക്കി എഴുതുക.

1. കടംകഥകൾ നിർവഹിക്കുന്ന ധർമ്മങ്ങൾ എന്തെല്ലാം?

2. മുതലക്കണ്ണീർ എന്ന ശൈലിയുടെ ആശയവും ശാസ്ത്രീയസത്യവും വ്യക്തമാക്കുക.

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. പഴഞ്ചൊല്ലുകളുടെ പ്രാധാന്യത്തെപ്പറ്റി ലേഖകൻ വിശദീകരിക്കുന്നതെങ്ങനെ ?

2. ശൈലികൾക്കും പഴഞ്ചൊല്ലുകൾക്കുമുള്ള വ്യത്യാസം ഉദാഹരണസഹിതം വ്യക്തമാക്കുക ?

XII Std Malayalam Full Set.indb 100 4/29/2019 5:34:20 PM

ഉപപാഠം

കോലാട്

- മാധവിക്കുട്ടി



മാധവിക്കുട്ടി [1934 - 2009] തൃശൂർ ജില്ലയിലെ പുന്നയൂർകുളത്ത് നാലപ്പാട്ട് തറവാട്ടിൽ ജനിച്ചു. പ്രസിദ്ധ കവയിത്രി ബാലാമണിയമ്മയുടെ മകൾ. നീർമാതളം പൂത്തകാലം, നഷ്ടപ്പെട്ട നീലാംബരി, പക്ഷിയുടെ മണം, ചുവന്ന പാവാട, ചന്ദനമരങ്ങൾ, എന്റെ കഥ, എന്നിവയാണ് പ്രധാന കൃതികൾ. എഴുത്തച്ഛൻ പുരസ്കാരം, കേരള സാഹിത്യ അക്കാദമി പുരസ്കാരം, ഏഷ്യൻ വേൾഡ് പ്രൈസ്, വയലാർ അവാർഡ് എന്നിവ നേടി.

മാധവിക്കുട്ടിയുടെ കൃതികൾ എന്ന കഥാസമാഹാരത്തിലെ കഥയാണ് കോലാട്. സ്ത്രീജീവിതത്തിന്റെ വേറിട്ടമുഖങ്ങളാണ് മാധവിക്കുട്ടിയുടെ ഓരോ കഥയും. മാതൃത്വത്തിന്റെ മമതകൊണ്ട് ദുർബലമാകുന്ന ഒരമ്മയെ കോലാട് എന്ന കഥയിൽ കാണാം.

അവളുടെ നാൽപത്തിമൂന്നാമത്തെ വയസ്സിൽ തമാശക്കാരനായ മൂത്തമകൻ പറഞ്ഞു:

'അമ്മേ, നിങ്ങളെ കണ്ടാൽ ഒരു കോലാടിനെയാണ് ഓർമ്മ വരിക.

അവൾ അവന്റെ ചിരിയിൽ പങ്കു കൊണ്ടു. പക്ഷേ, അന്ന് അവരെല്ലാവരും വീട്ടിൽ നിന്നു പുറത്തുപോയപ്പോൾ അവൾ കണ്ണാടിയെടുത്തു വിഷണ്ണതയോടെ തന്റെ മുഖം പരിശോധിച്ചു. തന്റെ ഒട്ടിയ കവിളുകളെ വീണ്ടും പുഷ്ടിപ്പെടുത്തുവാൻ വല്ല മാർഗ്ഗവുമുണ്ടായിരുന്നെങ്കിൽ തന്റെ ജീവിതവും അതോടൊപ്പം പുഷ്ടിപ്പെടുമെന്നും അവൾക്കു തോന്നി. യൗവ്വനവും ദേഹപുഷ്ടിയുമുണ്ടായിരുന്ന കാലത്തു അവൾ നിലത്തു പായവിരിച്ചു കിടന്നുറങ്ങുമായിരുന്നില്ല .... പക്ഷേ, ഓരോന്നു ഓർത്തു കണ്ണാടി നോക്കിക്കൊണ്ട് ഇരിക്കുവാൻ അവൾക്കു മനസ്സ് വന്നില്ല. അടുക്കളയിൽ പാലു തിളയ്ക്കാൻ തുടങ്ങുകയായിരുന്നു.

രാവിലെ മുതൽ അർദ്ധരാത്രി വരെ അവിശ്രമം ജോലിയെടുത്തു, അവൾ തന്റെ കുടുംബത്തെ വളർത്തി കൊണ്ടുവന്നു. മെലിഞ്ഞു വെളുത്ത് അവിടെയിവിടെയായി ചില ഒടിവുകൾ പററിയെന്നു തോന്നിക്കുന്ന ഒരു ശരീരമായിരുന്നു അവളുടേത്. പക്ഷേ, അവൾ ഒരിക്കലെങ്കിലും ക്ഷീണിച്ചു വീഴുകയോ ആവലാതിപ്പെടുകയോ ഉണ്ടായില്ല. അതുകൊണ്ട് അവൾ വെള്ളംനിറച്ചപാട്ടകൾ എടുത്തുപൊക്കി കുളിമുറിയിൽ നിന്നു അടുക്കളയിലേക്കും, അടുക്കളയിൽ നിന്നു കുളിമുറിയിലേക്കും

XII Std Malayalam Full Set.indb 101 4/29/2019 5:34:21 PM



മറും നടക്കുമ്പോൾ അവളുടെ ഭർത്താവും മുതിർന്ന മക്കളും അവളെ സഹായിക്കുവാൻ മുതിർന്നില്ല. അവൾ പഠിപ്പും പരിഷ്ക്കാരവുമില്ലാത്തവളായിരുന്നു. വീട് അടിച്ചു തുടച്ചു വൃത്തിയാക്കുവാനും ഭക്ഷണം പാകം ചെയ്യുവാനും തുണികൾ അലക്കി ഇസ്തിരിയിടുവാനും അവൾക്കുള്ള പാടവത്തെപ്പറ്റി അവർ ഇടയ്ക്കു പുകഴ്ത്തിപ്പറഞ്ഞു. പ്രശംസ കേൾക്കുമ്പോഴൊക്കെ തേഞ്ഞ പല്ലുകൾ വെളിപ്പെടുത്തി അവൾ പുഞ്ചിരി തൂകി. ഇളയ മകൻ സ്കൂളിൽനിന്നു മടങ്ങുമ്പോൾ ഒരിക്കൽ ഒരു നെല്ലിക്ക അവൾക്കായി കൊണ്ടുവന്നു. അന്ന് അടുക്കളയുടെ ഇരുട്ടിൽ നിന്നുകൊണ്ട് അവൾ സന്തോഷാശ്രുക്കൾ പൊഴിച്ചു. കാലക്രമേണ അവന്റെ കണ്ണിലും അവൾ ഒരു പേക്കോലമായി. സ്കൂളിലെ ഡ്രാമയ്ക്കു, താനും കൂടെ വരുമെന്നും അവൾ പറഞ്ഞപ്പോൾ അവൻ പറഞ്ഞു:

'അമ്മ വരണ്ട. എനിക്കു കുറവാണ്. '

'അതിനെന്താ, ഞാൻ സിൽക്കിന്റെ സാരി ഉടുക്കാലോ. എൻറ കല്ല്യാണസ്സാരി.' അവൾ പറഞ്ഞു.

'എന്നാലും വരണ്ട.'

മെലിഞ്ഞ കാലുകൾ, രണ്ടു മുറികളുള്ള ആ കൊച്ചു വീട്ടിൽ വിശ്രമമില്ലാതെ ചലിച്ചുകൊണ്ടിരുന്നു. ഒടുവിൽ ആ യന്ത്രവും കേടുവന്നു. അവൾക്കു പനി തുടങ്ങി, വയറ്റിൽ വേദനയും. ഇഞ്ചിനീരും കുരുമുളകു രസവും ഒന്നും അവളെ സഹായിച്ചില്ല. പത്താംദിവസം ഡോക്ടർ അവളുടെ ഭർത്താവിനോടു പറഞ്ഞു:

'ഇവരെ ഉടനെ ആശുപത്രിയിലേക്കു കൊണ്ടുപോവണം. ഇതു മഞ്ഞക്കാമലയുടെ ഒരു സീരിയസ് കേസ്സാണ്. '

പാഠപുസ്തകങ്ങൾക്കു മുമ്പിൽ ഇരുന്നിരുന്ന കുട്ടികൾ അതുകേട്ടു നടുങ്ങി. ഒരു പരിചാരകൻ അവളെ ചക്രക്കട്ടിലിൽ കിടത്തി ഉന്തിക്കൊണ്ട് ആശുപത്രി മുറിയിൽ പ്രവേശിപ്പിച്ചപ്പോൾ കണ്ണുകൾ മിഴിച്ചുകൊണ്ട് അവൾ പറഞ്ഞു:

'അയ്യോ! പരിപ്പ് കരിയ്ണ്ട് തോന്ന്ണൂ'. അവളുടെ ഭർത്താവിന്റെ കണ്ണുകൾ നനഞ്ഞു.

XII Std Malayalam Full Set.indb 102 4/29/2019 5:34:21 PM

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. മാധവിക്കുട്ടിയുടെ കൃതികൾ എന്ന സമാഹാരത്തിലെ കഥയാണ് ?

   അ. മൗനം

   ആ. കോലാട്

   ഇ. നാട്

   ഈ. മകൾ

2. അമ്മേ, നിങ്ങളെ കണ്ടാൽ ഒരു കോലാടിനെയാണ് ഓർമ്മ വരിക.ഇങ്ങനെ പറഞ്ഞതാര് ?

   അ. മകൻ

   ആ. ആശുപത്രി ജീവനക്കാരി

   ഇ. മകൾ

   ഈ. ഡോക്ടർ

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. പകലന്തിയോളം കുടുംബത്തിനുവേണ്ടി കഷ്ടപ്പെടുന്ന ഒരമ്മയുടെ ദൈന്യ ചിത്രമാണ് കോലാട് എന്ന കഥയിൽ തെളിയുന്നത് വിശദീകരിക്കുക ?

XII Std Malayalam Full Set.indb 103 4/29/2019 5:34:21 PM

ഭാഗം 5

പ്രകൃതി






പഠനലക്ഷ്യങ്ങൾ

- ഋതുക്കൾ നല്കുന്ന പ്രകൃതി പാഠം മനസ്സിലാക്കൽ
- സേവനത്തിലെ നീതിബോധത്തെക്കുറിച്ച് അവബോധമുണ്ടാക്കൽ

പാഠഭാഗങ്ങൾ

കവിത	:	പകലറുതിക്കുമുമ്പ്	- എൻ.എൻ കക്കാട്
ഗദ്യം	:	നീതിയുടെ കാവൽക്കാർ	- ഡോ. ഖദീജ മുംതാസ്
ഉപപാഠം	:	കണ്ണീർ തിളങ്ങുന്ന ഒരു വഴി	- പ്രിയ എ .എസ്

XII Std Malayalam Full Set.indb 104 4/29/2019 5:34:23 PM

കവിത

പകലറുതിക്കുമുമ്പ്

– എൻ.എൻ. കക്കാട്



എൻ.എൻ. കക്കാട് [1927 – 1987]: കോഴിക്കോട് ജില്ലയിലെ അവിടനല്ലൂരിലാണ് നാരായണൻ നമ്പൂതിരി കക്കാട് എന്ന എൻ.എൻ കക്കാട് ജനിച്ചത് ചെറുപ്പം തൊട്ടേ കവിതയെഴുതി ത്തുടങ്ങി. സ്വാതന്ത്ര്യാനന്തരം ഭാരതീയസമൂഹത്തിന് നേരിട്ട സാംസ്കാരികത്തകർച്ച കക്കാടിനെ അലോസരപ്പെടുത്തി. തനിക്കു ചുറ്റും നടക്കുന്ന മാറ്റങ്ങളെക്കുറിച്ച് ബോധവാനായ കവി മലയാള കവിതയുടെ രൂപഭാവങ്ങളിൽ പരിവർത്തനം വരുത്തിയവരിൽ പ്രമുഖനായി. ശലഭഗീതം, പാതാളത്തിന്റെ മുഴക്കം, വജ്രകുണ്ഡലം, ആയിരത്തിത്തൊള്ളായിരത്തിഅറുപത്തിമൂന്ന്, സഫലമീയാത്ര, പകലറുതിക്കുമുമ്പ് എന്നിവയാണ് പ്രധാനകൃതികൾ.

പ്രകൃതിയോടും ജീവിതത്തോടും പുലർത്തുന്ന ആഭിമുഖ്യം കവിതയുടെ ആദ്യഭാഗത്ത് വർണിക്കുമ്പോൾ, നിമിഷംതോറും വന്നുചേരുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് നറുചിരിയോടെ ജീവിതം സാർത്ഥകമാക്കണമെന്ന് കവിതയുടെ അവസാന ഭാഗത്ത് സഖിയോടായി അപേക്ഷിക്കുന്നു .

പിന്നെ വസന്തം:

ശബളിമ വന്നു നിറന്നൂ
പൂക്കൾ മദിച്ചു വിടർന്നൂ
പകലിരവുകളിണകളിലമൃതം ചാറീ
പിന്നീടിതളുകൾ വാടിയടർന്നൊരു കരുവൂറി
കരു കായായ് പഴമായ് കാലമുണർന്നു വിളഞ്ഞൂ

XII Std Malayalam Full Set.indb 105 4/29/2019 5:34:24 PM





പിന്നെ നിദാഘം:

കൊടുമയിലലകൾ തിണർത്തു പഴുത്തു
കരിച്ചാലുകൾ വെന്തു മണത്തു
കായ്കളുണങ്ങിപ്പൊട്ടി -
പല പാടിടറിയടിഞ്ഞു മയങ്ങിക്കാത്തു കിടന്നൂ

ആടി പിറന്നൂപിന്നെ:

വിണ്ണിന്നകിടു കനത്തു
പുത്തിടിവെട്ടിപ്പൂത്തിരികത്തിപ്പൂമഴപെ-
യ്തവനിയുമാകാശവുമേറും കുളിരിഴനെയ്യും
വെണ്മഴനൂലുകളിളകീ
ഭൂമികിളർന്നിക്കിളി പുളകമുയർത്തി
ക്കുളിരിലുണർന്നകിനാക്കൾ മുള -





XII Std Malayalam Full Set.indb 106 4/29/2019 5:34:29 PM





ച്ചീരിലയായ് കുഞ്ഞിക്കണ്ണു തുറ –

ന്നാടിയുറങ്ങിയുണർന്നു നിവർന്നു വളർന്നൂ;

പിന്നെശ്ശരദൃതുഃ

കഴുകിയുലർന്ന മരച്ചില്ലകളിൽ

തെളിവിണ്ണിൻ നീൾമിഴിതോറും

മധുര സ്വപ്ന കലാപം

കുനുവർണച്ചിറകുകൾ നീർത്തി

ച്ചുഴലെപ്പാറിനടന്നൂ

നെഞ്ചിലനന്താകാശതലങ്ങളടക്കിയ

തെളിനീർച്ചാലുകളുടെ കൂടെ പാടി,

വിരലുകളിൽ കൂർത്ത കുറുമ്പു വിടർത്തിയ

കറുകത്തളിരുകളോടുകളിമ്പമുരച്ചു

തിരി നീളും ചില്ലക്കൈകളി –

ലിത്തിരി മുത്തം നൽകീ,

തളിരുംകുളിരും പുൽകിക്കുടിൽകെട്ടി;

XII Std Malayalam Full Set.indb 107 4/29/2019 5:34:32 PM

പിന്നെശ്ശിശിരം:

ചെങ്ങിയ പുലരിയിൽ മഞ്ഞലയിളകീ
ശിഞ്ജൽ കങ്കണഹാരാവലികളിലാർദ്ര ചലിച്ചു
നിശാപുളിനങ്ങളശാന്തവിലാസ വിഹാരം
കരതലതാളം ദോളാകേളികൾ
കുളിരാറ്റിൽ കളകളഹാസവിരാവം
മണ്ണിന്നുറവയിലുൽക്കട -
രാഗവിഭൂതികൾ വീണ്ടും;

പിന്നെ വസന്തം:

ഇങ്ങനെ വത്സരഭംഗികൾ
തെരുതെരെയുഴറിച്ചുറ്റി -
പ്പൊലിയും വർണക്കുമിളകളൂതിയ
നിദ്രയിലൊരു രാവു കണക്കേ
കണ്ണിമ ചിമ്മി മിഴിക്കുമ്പോഴേ -
ക്കിത, നമ്മൾക്കുച്ചതിരിഞ്ഞു തോഴി.
വെയിലിനു പൊള്ളും ധവളിമ മാഞ്ഞൂ
നിഴലുകൾ നിരവേ ചാഞ്ഞൂ,
സായങ്കാലമണഞ്ഞു.
പകൽ വെളിവണയാനിനിയിത്തിരി മാത്രം.
ഇനി നിമിഷംതോറും പകരും
പല ചായപ്പൊലിമകൾ നോക്കി, ത്തോഴീ,

XII Std Malayalam Full Set.indb 108 4/29/2019 5:34:34 PM

നമ്മൾക്കൊട്ടുരസിച്ചു വസിക്കാം –
പണ്ടെന്നോ നീറ്റിയ നോവുകളും
അവമതികളുമെരിയും ചതവുകളും തോറ്റീ
പകരത്തിനു പഴുതുകൾ നോക്കി –
പകയെണ്ണീ തേട്ടിയിരിക്കേ,
കൺതടമിടയുന്നൂ സഖി,
കാലനഖച്ചാലുകളണിയുന്നു –
ഇനിയെന്തേപകരം ? പകലറുതി –
ക്കിനിയിത്തിരിയിത്തിരി മാത്രം
അകലത്തൊരു താരമുദിച്ചതു
പകലറുതിപ്പൂർണവിരാമം
ചിട കെട്ടിയ നിഴലുകളിൽപ്പല
നിറമൊഴുകി ച്ചേർന്നൊന്നാകുന്നു.
മരവിക്കുന്നൂ വെളിവിന്നുറവുകൾ
മധുരിക്കുന്നൂ പഴയ ചവർപ്പുകൾ.....
സഖി, നമ്മൾക്കിത്തിരി നേരമിരിപ്പത്
നറു ചിരിയാൽത്തന്നെ നിറയ്ക്കാം.

XII Std Malayalam Full Set.indb 109 4/29/2019 5:34:37 PM

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക .

1. പൂക്കൾ മദിച്ചു വിടർന്നത് ഏത് കാലത്താണ് ?

   അ. വസന്തം ആ. ഗ്രീഷ്മം

   ഇ. ശരത് ഈ. ശിശിരം

2. കരിച്ചാലുകൾ വെന്തു മണത്തത് ഏത് ഋതുവിലാണ് ?

   അ. നിദാഘം ആ. വസന്തം

   ഇ. ശിശിരം ഈ. ശരത്

3. വിരലുകളിൽ കൂർത്ത കുറുമ്പു വിടർത്തിയതെന്ത് ?

   അ. തുമ്പച്ചെടി ആ. കറുകത്തളിർ

   ഇ. മരച്ചില്ലകൾ ഈ. തെളി നീർച്ചാലുകൾ

4. ചെങ്ങിയ പുലരിയിൽ മഞ്ഞലയിളകിയ കാലം ?

   അ. വസന്തം ആ. ശിശിരം

   ഇ. ശരത് ഈ. ഗ്രീഷ്മം

4. ജീവിതത്തിൽ ബാക്കിയാവുന്ന ഇത്തിരി നേരം എന്ത് നിറക്കാനാണ് കവി സഖിയോട് പറയുന്നത്?

   അ. പക ആ. നറുചിരി

   ഇ. ചവർപ്പ് ഈ. നോവുകൾ

II. ഉത്തരമെഴുതുക

1. പല ചായപ്പൊലിമകൾ നോക്കി, ത്തോഴീ

   നമ്മൾക്കൊട്ടു രസിച്ചു വസിക്കാം

   അ. ഏത് കവിതയിലെ വരികളാണിത് ?

   ആ. ഇതെഴുതിയ കവി ആരാണ് ?

2. അകലത്തൊരു താരമുദിച്ചതു

   പകലറുതിപ്പൂർണവിരാമം

   അ. ഏത് കവിതയിലെ വരികളാണിത് ?

   ആ. ഇതെഴുതിയ കവി ആരാണ് ?

XII Std Malayalam Full Set.indb 110 4/29/2019 5:34:37 PM

III. ഉത്തരം ചുരുക്കിയെഴുതുക

1. വസന്തകാലത്തിന്റെ സവിശേഷതകളെ കവി വർണിക്കുന്നതെങ്ങനെ ?
2. വേനൽക്കാലത്ത് വൃക്ഷങ്ങൾക്കും കായ്കനികൾക്കും സംഭവിക്കുന്ന മാറ്റങ്ങൾ എഴുതുക ?
3. ആടി പിറന്നപ്പോൾ ഭൂമിയിലും ആകാശത്തിലും വന്ന മാറ്റങ്ങൾ എന്തൊക്കെയാണ് ?
4. തളിരുംകുളിരും പുൽകി കുടിൽ കെട്ടിയ ശരത്കാല മനോഹാരിതയെ വർണിക്കുക.
5. ശിശിരകാല ഭംഗിയെക്കുറിച്ചെഴുതുക.

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

1. ഋതുഭേദങ്ങളെ വത്സരഭംഗികളായി കവി അവതരിപ്പിക്കുന്നത് എങ്ങനെയെന്ന് വിശദീകരിക്കുക.
2. പാതി പിന്നിട്ട ജീവിതത്തിന്റെ ശേഷംകാലത്തെക്കുറിച്ച് കവി സഖിയോട് പറയുന്ന കാര്യങ്ങൾ സംഗ്രഹിക്കുക.

XII Std Malayalam Full Set.indb 111 4/29/2019 5:34:37 PM

ഗദ്യം

നീതിയുടെ കാവൽക്കാർ

– ഡോ. ഖദീജ മുംതാസ്



ഡോ. ഖദീജ മുംതാസ് 1955- ൽ തൃശൂർ ജില്ലയിലെ കാട്ടൂരിൽ ജനിച്ചു. മെഡിക്കൽ ഡോക്ടർ എന്ന കർമ്മരംഗത്തുനിന്ന് സർഗരംഗത്തേക്കുകൂടി തന്റെ പ്രതിഭയെ വ്യാപരിപ്പിച്ച എഴുത്തുകാരിയാണ് ഖദീജ മുംതാസ്. തന്റെ രചനകളിൽ അവർ പുലർത്തുന്ന നിലപാടുകളിലെ വ്യക്തത ശ്രദ്ധേയമാണ്. ആത്മതീർഥങ്ങളിൽ മുങ്ങിനിവർന്ന്, ഡോക്ടർ ദൈവമല്ല, ആതുരം, ബർസ എന്നിവയാണ് പ്രധാന കൃതികൾ. ബർസ എന്ന നോവലിന് കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചിട്ടുണ്ട്.

നേർവരകൾ ഉപേക്ഷിക്കുമ്പോൾ എന്ന സമാഹാരത്തിൽ നിന്നെടുത്തതാണ് നീതിയുടെ കാവൽക്കാർ എന്ന പാഠ്യഭാഗം.

കുടുംബ ഡോക്ടർ എന്നു സമൂഹം സ്നേഹത്തോടെ സ്ഥാനപ്പേരു നല്കി വിളിക്കുമായിരുന്നവർ അനിവാര്യരായിരുന്ന ഒരു ഭൂതകാലമുണ്ടായിരുന്നു നമുക്ക്. ബിരുദാനന്തര ബിരുദങ്ങളുടെ തള്ളിക്കയറ്റത്തിൽ വംശനാശം സംഭവിച്ചുപോയ ഒരു കൂട്ടർ. ഇന്ന് വിചിത്രമായ രീതിയിൽ കുടുംബ ഡോക്ടറുടെ ആവശ്യം വ്യക്തികൾക്ക് അനുഭവപ്പെട്ടു തുടങ്ങിയിരിക്കുന്നു! എന്തിനാണെന്നല്ലേ? സ്പെഷ്യലിസ്റ്റുകളാലും ആശുപത്രികളാലും തങ്ങൾ വഞ്ചിക്കപ്പെടുന്നില്ല എന്നുറപ്പു വരുത്താൻ! ആത്മാർത്ഥതയുള്ള ഒരു 'സെക്കന്റ് ഒപ്പീനിയനു'വേണ്ടി. തങ്ങളെ മനസ്സിലാക്കുന്ന, വഞ്ചിക്കില്ലെന്നുറപ്പുള്ള, ബന്ധുവിനെപ്പോലൊരാൾ. ചിലപ്പോൾ ബന്ധു തന്നെയായ ഒരു ഡോക്ടർ. അങ്ങനെയൊരാളില്ലെങ്കിൽ അതിഹീനമായ വഞ്ചനയിലേക്കും ചിലപ്പോൾ അനാരോഗ്യത്തിന്റെ നിത്യദുരിതത്തിലേക്കും വൈദ്യലോകം തങ്ങളെ തള്ളിയിട്ടേക്കാം എന്നവർ ഭയക്കുന്നു. എത്രപേർക്ക് ഇത്തരമൊരു സ്വന്തം ഡോക്ടറുടെ സേവനം ലഭിക്കാനാകും എന്നതിനപ്പുറം എത്ര ദയനീയമായ ധാർമ്മികാധഃപതനമാണ് ആ ഭയത്തിനും അതിൽനിന്നുണ്ടായ ആഗ്രഹത്തിനും പുറകിലെന്നു ചിന്തിക്കുകയാണു വേണ്ടതെന്ന് തോന്നുന്നു.

ജീവിതത്തിന്റെ വേഗതയും സുഖതൃഷ്ണകളും ഏറിവരുന്ന കാലത്താണ് നാം ജീവിക്കുന്നത്. എല്ലാ സേവനങ്ങളും വിരൽത്തുമ്പത്ത്, അല്ലെങ്കിൽ കൺതുമ്പത്ത് തന്നെ ഉള്ള കാലം. ചുറ്റും കണ്ടുമുട്ടുന്ന ഓരോ വ്യക്തിയും പൊടുന്നനെ ഒരു സേവനദാതാവോ ബ്രോക്കറോ ആയി സ്വയം പരസ്യപ്പെടുത്തുന്ന അത്ഭുതം നാമിന്നു കാണുന്നു. സേവനം എന്ന വാക്കിനെ അശ്ലീലമാക്കുംവിധം ഓരോ

XII Std Malayalam Full Set.indb 112 4/29/2019 5:34:38 PM



ദാതാവിലും അദൃശ്യനായ ഒരു ചൂഷകനെ നാം തിരയുകയോ തിരയാതെ തന്നെ കണ്ടെത്തുകയോ ചെയ്യുന്നു.

ആരോഗ്യം അഥവാ അരോഗാവസ്ഥ രോഗഹനനത്തിലൂടെ നേടിയെടുക്കേണ്ട ഒന്നല്ല. അത് ഒരു സ്വാഭാവികതയാണ്. സ്വാഭാവികതയെ അട്ടിമറിക്കുന്ന രോഗാവസ്ഥകളോടാണ് ഡോക്ടർമാർ ഇടപെടുന്നത് എന്നു പൊതുവായി വിശ്വസിക്കപ്പെടുന്നു എങ്കിലും ഒരു ഡോക്ടറുടെ യഥാർത്ഥ കർമ്മം അരോഗാവസ്ഥയെന്ന സ്വാഭാവികതയെ നിലനിർത്താൻ വ്യക്തികളെയും സമൂഹത്തെയും സഹായിക്കുക എന്നതാണ്. അങ്ങനെയാവുമ്പോൾ മാത്രമാണ് അതു യഥാർത്ഥസേവനമെന്ന സംജ്ഞയ്ക്കർഹമാവുന്നതും. മറ്റു സേവന ദാതാക്കൾ നേടിത്തരുന്ന വ്യാജവും അല്ലാത്തതുമായ സൗഖ്യാവസ്ഥകളിൽ നിന്ന് തുലോം വ്യത്യസ്തമാണത്. വ്യക്ത്യാധിഷ്ഠിതമല്ലാത്ത സമൂഹത്തിലേക്കും പരിസ്ഥിതിയിലേക്കും കൂടി നീളുന്ന സേവനമാകേണ്ടതുണ്ട് അത് യഥാർത്ഥത്തിൽ രോഗം മനുഷ്യനെ മറ്റേതൊരു സൗഖ്യനഷ്ടത്തേക്കാളും ചകിതനാക്കുന്നുണ്ട്. കാരണം, രോഗത്തെ മനുഷ്യൻ മരണമെന്ന ദുരൂഹതയുമായാണ് കൂട്ടിക്കെട്ടുന്നത്. ഏറ്റവും ചെറിയ അസുഖം മുതൽ ഏറെ ഗൗരവമേറിയ രോഗങ്ങളെവരെ മനുഷ്യൻ മരണവുമായി ചേർത്തുവെച്ചു ചിന്തിക്കുന്നു. തന്റെ തന്നെ അസ്തിത്വം, അല്ലെങ്കിൽ തനിക്കേറെ പ്രിയപ്പെട്ടവരുടെ സാന്നിദ്ധ്യം എന്നെന്നേക്കുമായി ഇല്ലാതാക്കാവുന്ന രോഗാവസ്ഥയിൽനിന്നു മുക്തി നേടാൻ ഡോക്ടറെ സമീപിക്കുമ്പോൾ മരണത്തെ അതിജയിക്കുന്ന അരൂപിയായ ദൈവത്തിന്റെസാന്നിദ്ധ്യം തന്നെയാണ് അയാളിലവർ അബോധത്തിലെങ്കിലും തിരയുന്നത്. രോഗശമനത്തിനുള്ള ആന്തരിക രാസത്വരകമായി വർത്തിക്കാൻ ഈ വിശ്വാസം അയാളെ സഹായിക്കുന്നുമുണ്ട്. പാരമ്പര്യമായിത്തന്നെ വൈദ്യന്മാർക്കും വൈദ്യ കുടുംബങ്ങൾക്കും ലഭിച്ചു വന്നിരുന്ന ഭയഭക്തി കലർന്ന ആദരവിന് അടിസ്ഥാനവും അതുതന്നെ. ഏറെ

XII Std Malayalam Full Set.indb 113 4/29/2019 5:34:39 PM

ദുരൂഹതകളും ആരോപിക്കപ്പെടാറുണ്ട് ചിലപ്പോൾ വൈദ്യർ മഠങ്ങൾക്ക്. "വണ്ണാർതൊടി വൈദ്യന്മാരുടെ വായിൽ തീയാണ്. സൂക്ഷിക്കണം. കൈയിൽ കരിനാഗങ്ങളുണ്ട് പേടിക്കണം." (നോവലെറ്റ്, വണ്ണാർത്തൊടി വൈദ്യന്മാർ- യു എ ഖാദർ) "തറവാട്ടു മുറ്റത്ത് ചികിത്സയ്ക്കായി ആൾക്കാരെമ്പാടും തടിച്ചുകൂടുന്ന നേരങ്ങളിലെല്ലാം വൈദ്യശരീരത്തിൽ മരുന്നിങ്കൽ കാവിലെ അമ്മ ആവേശിച്ചു കയറുമെന്ന് തൃക്കോട്ടൂരിന്റെ കഥാകാരൻ. രക്ഷിക്കാനും ശിക്ഷിക്കാനും കഴിവുള്ള ദൈവസമാനരാകുന്നുണ്ട് ഇവിടെ വൈദ്യന്മാർ."

ശാസ്ത്രം വെളിച്ചമാണ്. ആധുനിക വൈദ്യശാസ്ത്രം രോഗങ്ങളെ പ്പറ്റിയും ചികിത്സയെപ്പറ്റിയുമുള്ള അന്ധവിശ്വാസങ്ങൾ അകറ്റുന്നുണ്ട്. അകറ്റേണ്ടതുമാണ്. പക്ഷേ, വിജ്ഞാനത്തിന്റെ അതിഭൗതിക വെളിച്ചത്തിൽ നഷ്ടപ്പെട്ടു പോകാതിരിക്കേണ്ട ചില അംശങ്ങളെങ്കിലുമുണ്ടുതാനും. അവയിലൊന്ന് രോഗിക്ക് ഡോക്ടറിലുള്ള വിശ്വാസമാണ്. അത് ആന്തരികമായ ഒരു മുളപൊ ട്ടലാണ്. രണ്ടാമത്തേത് ദൈവസമാനനായിപ്പോലും തന്നെ വിശ്വാസത്തിലെടുക്കുന്ന രോഗിയോട് ഡോക്ടർക്കുണ്ടാകേണ്ട അലംഘനീയമായ ഉത്തരവാദിത്വ ബോധംതന്നെ. മൂന്നാമത്തേതും ഒട്ടും അപ്രധാനമല്ലാത്തതുമാണ് ചികിത്സയിൽ ഡോക്ടറുടെ സർഗ്ഗപരത. താൻ മരുന്നുകൾകൊണ്ടും ശസ്ത്രക്രിയകൾകൊണ്ടും ചികിത്സയിലേർപ്പെടുന്ന മനുഷ്യശരീരത്തോടു മാത്രമല്ല ആ ശരീരത്തെ ചൈതന്യ വത്താക്കുന്ന ആത്മീയസാന്നിദ്ധ്യത്തോടും ഏറ്റവും സർഗ്ഗപരമായി ഇടപെടാൻ കഴിയുക കൂടി ചെയ്യുമ്പോഴേ ഒരാൾ യഥാർത്ഥചികിത്സകനാകുന്നുള്ളൂ. മറ്റേതൊരു സേവന രംഗത്തേക്കാളും വൈദ്യരംഗത്തെ ഉന്നതമാക്കുന്നതും ഇവയൊക്കെത്തന്നെയാണ്. ഇവയെല്ലാം പരസ്പരബന്ധിതങ്ങൾ തന്നെയാണു താനും.

ഇത്രയൊക്കെയാണെങ്കിലും നൈസർഗ്ഗികമായ നന്മകൊണ്ടായിരിക്കാം നല്ല ഡോക്ടർമാർ, സ്പെഷ്യലിസ്റ്റുകൾ ഇന്നുമുണ്ടാകുന്നുണ്ട്. ചിലപ്പോൾ സാമൂഹിക പ്രതിബദ്ധതകൊണ്ട് അത്ഭുതപ്പെടുത്തുന്ന വ്യക്തികളും. പ്രാകൃതിക ദുരന്തങ്ങളുണ്ടാവുമ്പോൾ സ്വന്തം ജീവൻ പണയം വെച്ചും അതികഠിനമായ അനുഭവങ്ങളിലൂടെ കടന്നുപോയി ആതുരസേവനം നിർവ്വഹിക്കുന്ന ഡോക്ടർമാരെപ്പറ്റി നാം കേൾക്കാറുമുണ്ടല്ലോ. നേപ്പാളിലെ ഭൂകമ്പം തകർത്ത ഗ്രാമങ്ങളിൽ, വംശീയകലാപ ബാധിത ആഫ്രിക്കൻ രാജ്യങ്ങളിൽ, മരണവുമായി, അഴുകുന്ന മാതൃശരീരങ്ങളുമായി നിരന്തരം സഹവസിക്കേണ്ടി വരുന്നവർ. ആരും നിർബ്ബന്ധിച്ചിട്ടല്ല, സ്വേച്ഛപ്രകാരമാണ് അവരവിടെ പോവുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് എന്നോർക്കേണ്ടതുണ്ട്. വിശിഷ്ടവൈദ്യമാതൃകയായ ആക്സൽ മുൻതെയെ അനുസ്മരിപ്പിക്കുന്നവർ.

XII Std Malayalam Full Set.indb 114 4/29/2019 5:34:39 PM

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. ബിരുദാനന്തര ബിരുദങ്ങളുടെ തള്ളിക്കയറ്റത്തിൽ വംശനാശം സംഭവിച്ചു പോയ കൂട്ടർ എന്ന് ലേഖിക വിശേഷിപ്പിക്കുന്നതാരെയാണ് ?

   അ. കുടുംബഡോക്ടർ.

   ആ. സ്പെഷ്യലിസ്റ്റുകൾ

   ഇ. ആതുര പ്രവർത്തകർ

   ഈ. മനുഷ്യാവകാശപ്രവർത്തകർ.

2. രോഗങ്ങളെപ്പറ്റിയും ചികിത്സയെപ്പറ്റിയുമുള്ള അന്ധവിശ്വാസങ്ങൾ അകറ്റുന്നത് എന്താണ്?

   അ. ആധുനിക മന:ശാസ്ത്രം

   ആ. നരവംശശാസ്ത്രം

   ഇ. ആധുനിക വൈദ്യശാസ്ത്രം

   ഈ. ഭൗതികശാസ്ത്രം.

3. 'വണ്ണാർത്തൊടി വൈദ്യന്മാരുടെ വായിൽ തീയാണ്, സൂക്ഷിക്കണം കൈയിൽ കരിനാഗങ്ങളുണ്ട്. പേടിക്കണം' ആരെഴുതിയ വരികളാണിത്?

   അ. യു. എ ഖാദർ

   ആ. എൻ. പി മുഹമ്മദ്

   ഇ. പുനത്തിൽ കുഞ്ഞബ്ദുള്ള

   ഈ. തിക്കൊടിയൻ

II. ഉത്തരം ചുരുക്കിയെഴുതുക.

1. ഒരു ഡോക്ടറുടെ യഥാർത്ഥ കർമ്മം എന്താണ്?

2. കുടുംബ ഡോക്ടർ എന്ന സങ്കൽപ്പത്തെക്കുറിച്ച് ലേഖിക പറയുന്നതെന്ത്?

XII Std Malayalam Full Set.indb 115 4/29/2019 5:34:39 PM

III. ഒന്നോ രണ്ടോ വരിയിൽ ഉത്തരമെഴുതുക.

1. വൈദ്യന്മാരോട് ഭയഭക്തി കലർന്ന ആദരവ് പ്രകടിപ്പിക്കുന്നതിന്റെ അടിസ്ഥാന മെന്ത്?

2. സേവനം എന്ന വാക്കിനെ അശ്ലീലമാക്കുന്നത് എന്താണെന്നാണ് ലേഖിക പറയുന്നത് ?

3. അനാരോഗ്യത്തിന്റെ നിത്യദുരിതത്തിലേക്ക് ഞങ്ങളെ തള്ളിവിടുമെന്ന് രോഗി ഭയപ്പെടാൻ കാരണമെന്ത്?

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

നീതിയുടെ കാവൽക്കാരാണ് യഥാർത്ഥ ഡോക്ടർമാർ ലേഖികയുടെ അഭിപ്രായത്തെ സമർത്ഥിക്കുക.

XII Std Malayalam Full Set.indb 116 4/29/2019 5:34:39 PM

ഉപപാഠം

കണ്ണീർ തിളങ്ങുന്ന ഒരു വഴി

- പ്രിയ എ .എസ്



പ്രിയ എ. എസ് 1967 -ൽ ചേർത്തല താലൂക്കിലെ എരമല്ലൂരിൽ ജനിച്ചു. മലയാളത്തിലെ ചെറുകഥാകൃത്തുക്കളിൽ ശ്രദ്ധേയയായ കഥാകാരിയാണിവർ. ചെറുകഥ, ബാലസാഹിത്യം, വിവർത്തനം, അനുഭവക്കുറിപ്പുകൾ എന്നീ വിഭാഗങ്ങളിലായി ഒട്ടനവധി കൃതികൾ രചിച്ചിട്ടുണ്ട്. ജാഗരൂക, ഓരോരോ തിരിവുകൾ, കുഞ്ഞുകാര്യങ്ങളുടെ ഒടേതമ്പുരാൻ (The God of Small Things) വിവർത്തനം തുടങ്ങിയവയാണ് പ്രധാനപ്പെട്ട കൃതികൾ.

കേരള സാഹിത്യ അക്കാദമി അവാർഡ്, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, ലളിതാംബിക അന്തർജ്ജനം, അവാർഡ് തുടങ്ങിയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

ഓരോരോ തിരിവുകൾ എന്ന സമാഹാരത്തിൽ നിന്നെടുത്തതാണ് കണ്ണീർ തിളങ്ങുന്ന ഒരു വഴി എന്ന കഥ.

വേദനയുടെ കൂടായ ശരീരത്തിലേക്ക് ഇൻജക്ഷൻ സൂചികളിൽനിന്ന് വീണ്ടും വേദനയായും സ്പഞ്ച്ബാത്തിൻറ അലോസരതയായും തെർമോമീററിലുയരുന്ന പനിനിരപ്പായും ഒക്കെത്തന്നെയാണ് ഇവിടെ, ഈ ആശുപത്രിയിലെ പ്രഭാതങ്ങൾ.

വാതിലിൽ സിസ്റ്ററിന്റെ തട്ടലായും പത്രക്കാരന്റെ 'പേപ്പർ, പേപ്പർ' എന്ന പ്രത്യേക ഈണത്തിലുള്ള വിളിയായും കൺതുറക്കുന്ന ചതഞ്ഞ മുഖമുള്ള പ്രഭാതങ്ങളിൽനിന്നു ഞാനെന്ന് രക്ഷപ്പെടും?

ഒററ ജനാലയുള്ള ഈ മുറി മുഴുവൻ നിറയുന്ന അസുഖകരമായ ഇരുട്ടിനെ അലിയിച്ചുകളയാനെന്നോണം പകലും രാത്രിയും കത്തിക്കൊണ്ടേയിരിക്കുകയാണ് ട്യൂബ്ലൈറ്റ്. പോക്കുവെയിൽ പോലെ ഒരു വെളിച്ചമാണ് ആശുപത്രിയിലെ ട്യൂബ് ലൈറ്റുകൾക്കെന്ന് എനിക്കെപ്പോഴും തോന്നാറുണ്ട്.

XII Std Malayalam Full Set.indb 117 4/29/2019 5:34:39 PM

പഴയ അതേ അസുഖത്തിന്റെ കൊട്ടും കുരവയുമായി ബോധം മറഞ്ഞുതുടങ്ങുന്ന മനസ്സിൽ കെട്ടുപിണയുന്ന പരസ്പരബന്ധമില്ലാത്ത വാക്കുകളും അവ്യക്ത ചിത്രങ്ങളുമായി സ്ട്രെച്ചറിൽ ഞാനിതെത്രാമത്തെ തവണയാണ് ഇവിടേക്ക്?

ഇനി ഇങ്ങോട്ട്വരരുതെന്ന് കരുണയും വാൽസല്യവും നിറഞ്ഞ ഒരാജ്ഞയോടെ മേട്രൻ ക്ലാരാതോമസ് എന്നെ എത്രതവണ യാത്രയയച്ചാലും ഒരിടവേളയ്ക്കുശേഷം അഭയാർത്ഥിയായി വീണ്ടും ഞാനിവിടേക്ക് തന്നെ.

ഒരു ഞരമ്പിനുവേണ്ടി എന്റെ മെലിഞ്ഞ കൈയിലും കാലിലും ചിക്കിച്ചികയുന്ന ഒരുപറ്റം ഡോക്ടർമാർ, എന്നെക്കാണാൻ വരുന്ന എനിക്കിഷ്ടമുള്ളവരും ഇഷ്ടമില്ലാത്തവരുമായ പലതരം ആളുകൾ, ഉറക്കമൊഴിഞ്ഞിരുന്നു എന്റെ വേദന കളെ തലോടിയുറക്കാൻ വിഫലമായി ശ്രമിക്കുന്ന അമ്മ, കിട്ടാത്ത മരുന്നുകൾ തേടി നഗരത്തിലെ ഓരോ മെഡിക്കൽ ഷോപ്പും കയറിയിറങ്ങി പരിക്ഷീണനായ അച്ഛൻ, നിരാശയായും കണ്ണുനീരായും ദേഷ്യമായും പിണക്കമായും മാറുന്ന എന്റെ വേദന കൾ....

ജനലിലൂടെ കാണുന്ന ഒരുതുണ്ട് മേഘം, ഒരു മരക്കൊമ്പ്, ഇടയ്ക്ക് വിരുന്നു വരുന്ന കാറ്റ്, കുഞ്ഞിക്കിളികൾ, എന്റെ കൂട്ടുകാരായ ദീപ്തിയും സുനിതയും ഇടയ്ക്കു കൊണ്ടുവരാറുള്ള രജനീ ഗന്ധപ്പൂവുകൾ പ്രകൃതിയുമായുള്ള ബന്ധം ഇപ്പോൾ ഇവരിലൊതുങ്ങുന്നു.

പുറത്ത് ശക്തിയായി മഴ പെയ്യുകയാണ്. ഒരു കളി വള്ളമുണ്ടാക്കി മഴയിലൊഴുക്കാനും കൈനീട്ടി മഴയെ ഒന്ന് തൊടാനും ഇനി എന്നു കഴിയും.

നന്നായി കാണാവുന്നത്രയും അടുത്ത്, ആശുപത്രി മതിലിനപ്പുറത്തെ പുരയിടത്തിൽനിന്ന് എന്റെ ദൃഷ്ടിപഥത്തിലേക്ക് നീണ്ട് പേരറിയാത്ത ഏതോ മരത്തിന്റെ ഒരു ചെറുചില്ല. തളിരുകളുടെ ഉൾവശത്ത് മുത്തുമണികൾ പോലെ നിറഞ്ഞിരിക്കുന്ന ഒരായിരം മഴത്തുള്ളികൾ എനിക്കീകട്ടിലിൽ കിടന്നുതന്നെ കാണാം. ഓരോ കുഞ്ഞു സ്വപ്നത്തിനും ഇതേ മനോഹാരിതയാണ്.

വേദനകൾക്കിടയിലും സ്വപ്നങ്ങളുണ്ടെനിക്ക്. പൂക്കളുടെ സൗരഭ്യവുമായി കടന്നുവരുന്ന ഈ സ്വപ്നങ്ങൾ വേദന മറക്കാനുള്ള മരുന്നുകളാണ് .

എനിക്ക് ചിറകുകൾ മുളച്ചുവെന്നും തൈത്തെങ്ങുകൾക്കുമീതെ പച്ചോലകളെയുരുമ്മി പറന്നുനടക്കുകയാണ് ഞാനെന്നും കുട്ടിക്കാലം മുതലേ സ്വപ്നംകാണാറുണ്ട്. യാഥാർത്ഥ്യങ്ങളിലേക്ക് ഞെട്ടിയുണരുമ്പോഴും സ്വപ്നത്തിന്റെ തരികൾ എന്റെകണ്ണുകളിൽ ബാക്കിയാവുന്നു. പറയാ നുള്ള കഴിവ്-അതു വെറുമൊരു സ്വപ്നമല്ല എന്ന് ഞാൻ എന്നോടുതന്നെ വാദിച്ചു തോൽക്കാറുണ്ട്.

ഒരുപാട് കഥകളോട് പരിചയമുള്ളതുകൊണ്ടാവാം ഒരു വൈക്കോൽത്തുമ്പ് കിട്ടിയാൽ പോലും ഞാനതിനെ സ്വപ്നമാക്കി മാറ്റുന്നു. വേദനകൾ പതഞ്ഞുപൊന്തി മരണത്തിനും ജീവിതത്തിനുമിടയിലിട്ട് തട്ടിക്കളിച്ചെന്നെ അർദ്ധപ്രാണനാക്കുമ്പോൾ എനിക്കും കാവലിരിക്കാറുള്ള ഹൗസ് സർജന്മാരിലാരോ ഒരാൾ... അയാളെന്നെ ഇഷ്ടപ്പെടാൻ തുടങ്ങിയിരിക്കുന്നുവെന്നും ഞാനാശുപത്രി വിടാറാകുമ്പോഴേക്കത് ഗാഢമായ അനുരാഗമായിത്തീരുമെന്നും എന്റെയീ വിളറിവെളുത്ത കൈകളിൽ തലോടി മധുരമധുരമായി അയാളെന്നോട് എന്തോ പറയുമെന്നും ഞാൻ കരുതാറുണ്ട്.

XII Std Malayalam Full Set.indb 118 4/29/2019 5:34:39 PM

ഒരു സ്പർശത്തിലൂടെ എന്റെ സുഹൃത്താവുകയും ഒരു നോട്ടത്തിലൂടെ എന്നെ പ്രണയിക്കുകയും 'നജ്മാ' എന്ന ആർദ്രമായൊരു വിളിയിലൂടെ എന്റെ ആത്മാവിനെ പുണരുകയും ചെയ്യുന്ന ഒരു ഡോക്ടറെ മനസ്സിൽ ചിത്രണം ചെയ്യാൻ എന്താവാം എനിക്കിങ്ങനെയൊരു കൗതുകം ?

വെളുപ്പും കറുപ്പും കരുക്കൾ ഇരുവശത്തുനിന്നും തനിയേ നീക്കി, ഇഷ്ടമുള്ള വശത്ത് രാജപതാക ഉയർത്തും മട്ടിലുള്ള ഒരു സ്വഭാവം... അത്രയേയുള്ളൂ പകപോക്കാൻ മുന്നിലാരുമില്ലാതെയാവുമ്പോഴും ആഹ്ളാദിക്കാൻ ഒരു കാരണമില്ലാതെയാവുമ്പോഴും മനസ്സ് കണ്ടുപിടിക്കുന്ന കുസൃതികൾക്ക് നൂറുനൂറുരൂപങ്ങളും ഭാവങ്ങളും ഉണ്ടെന്നുമാത്രമേ എനിക്കറിയൂ.

ഒരക്ഷൗഹിണിപ്പടയുടെ അകമ്പടിയോടെ രോഗീക്ഷേമമന്വേഷിച്ച് അടുത്ത മുറിയിലേക്ക് കാർഡിയോളജിസ്റ്റ് പോകുന്നത് തുറന്നിട്ട വാതിലിലൂടെ എനിക്കു കാണാം . ഏതു തരം വ്യൂഹമായാണ് പടയുടെ വിന്യാസം എന്ന് ഞാനാലോചിക്കാറുണ്ട്. ഹൗസ്സർജൻ, മേട്രൻ, ട്രെയിനി സിസ്റ്റർ, അററൻഡർ എല്ലാവർക്കും നിശ്ചയിച്ചുറപ്പിച്ച സ്ഥാനങ്ങളുണ്ട്. ഒരു കരോളിന്റെ ലാഘവമേയുള്ളൂ ഈ റൗണ്ട്സിനെന്ന മട്ടിൽ പിൻനിരയിലാരൊക്കെയോ കൊച്ചുവർത്തമാനം പറഞ്ഞ് ചിരിക്കുന്നു.

ദൂരെ ആകാശത്തിൽനിന്നും ഒരുചിരിയോടെ പൊൻവെയിൽ വിരുന്നുവരാനൊരുങ്ങുന്നുണ്ട്. അൽപസമയത്തിനകം അതിങ്ങോട്ട് ആളിപ്പടരും. മഴത്തുള്ളികളെയൊക്കെ തട്ടിയെടുത്തു തിളങ്ങിനിൽക്കും. ദിവസമേറെക്കഴിഞ്ഞ് വീണ്ടുമൊരുമഴയുടെ കാരുണ്യത്തുള്ളികൾ നൃത്തംചെയ്തുവരുമ്പോഴും ഈ ജനലിലൂടെ നോക്കിക്കൊണ്ട് ഞാനിവിടെത്തന്നെയുണ്ടാവാനാണ് വഴി.

എത്ര ദിവസമായി ഞാനൊന്നുറങ്ങിയിട്ട്? രാത്രിയിൽ വേദനകൾ വന്നെന്നെ കെട്ടിവരിയുകയാണ്. നഷ്ടപ്പെട്ട രക്തപ്രസാദം വീണ്ടെടുക്കാൻവേണ്ടി ഞാനറിയുന്നവരും അറിയപ്പെടാത്തവരുടേതുമായരക്തം എന്റെ ഈഞരമ്പിലൂടെ കയറിക്കൊണ്ടേയിരിക്കുകയാണ്. ഓരോ ദിവസം ചെല്ലുന്തോറും നീരുപടർന്ന് എന്റെ മെലിഞ്ഞ കൈ തടിച്ചുമിനുങ്ങുന്നു.

'മെലിഞ്ഞ ഈ കൈയിൽനിന്ന് നാരുപോലുള്ള ഈ ഞരമ്പെങ്കിലും കിട്ടാൻ ഞങ്ങൾ പെട്ടപാട്' സിസ്ററർ ആരോടോ പറയുന്നു. കൈ അനക്കാതെയും ഒരു വശത്തേക്ക് മാത്രം ചരിഞ്ഞുകിടന്നും, ഇനിയുമെത്ര നാൾ?

സിസ്ററർ കൈയിൽ വച്ചുതരുന്ന പല നിറത്തിലും വലിപ്പത്തിലുള്ള ഗുളികകളിൽ ചിലത് ഞാനീ ജനലിലൂടെ പുറത്തേക്കെറിയാറുണ്ട്. മരുന്നുകളുടെ മണമാണ് എൻറ വിയർപ്പിനും കണ്ണുനീരിനും എന്നുപോലും തോന്നാറുണ്ടെനിക്ക്.

ഇലകളിലെ മഴത്തുള്ളികൾ ഉണങ്ങിപ്പോയതു കണ്ട് എനിക്ക് വല്ലാതെ ദുഃഖം ഒരിളംപാടപോലെ വന്ന് എന്റെ കാഴ്ചശക്തിയെ ദുർബ്ബലപ്പെടുത്തുന്ന എന്തോ ഒന്ന് .... അതിനെ അതിജീവിക്കലാണ് എൻറെ വഴി. എനിക്ക് കളിക്കൂട്ടായി ഒപ്പം തുള്ളിനടന്നും കുളിരും കിനാവും ചിരിയും സമ്മാനിച്ച പഴയ മഴകളെക്കുറിച്ചോർമ്മിച്ച് എപ്പോഴെങ്കിലുമൊക്കെ ഞാൻ തനിച്ചിരുന്ന് നൊമ്പരപ്പെട്ടേക്കാം. പക്ഷേ പിന്നെയെഴുന്നേററ് വെയിൽനാളങ്ങളിലൂടെ കത്തിയെരിഞ്ഞ് യാത്ര തുടരുമ്പോഴും ചിരിക്കാൻ മറക്കില്ല.

XII Std Malayalam Full Set.indb 119 4/29/2019 5:34:39 PM

ഒന്നുമയങ്ങുമ്പോൾ പഠിക്കാനുള്ള ഭാഗങ്ങളിൽ നിന്ന് കവികളും കഥാപാത്രങ്ങളും കയറിവരുന്നു. തൻറെ കൈയിലെ ഈ രക്തക്കറ മായ്ക്കാൻ ഇനി എന്താണ് ചെയ്യുക എന്ന് ഹതാശയാവുന്ന ലേഡി മെക് ബേത്തും കാണാ ഉയരത്തിൽ കൈയെത്താ ഉയരത്തിൽ പറന്നുയർന്നാലോ സീസർ എന്നു പേടിച്ച് സീസറിന്റെ ചിറകുകൾ കൂട്ടിക്കെട്ടാനൊരുങ്ങുന്ന ഗൂഢാലോചനക്കാരും സ്വർഗ്ഗത്തിലെ അടിമത്തത്തേക്കാൾ നല്ലത് നരകത്തിലെ കിരീടമാണ് എന്നു പ്രഖ്യാപിക്കുന്ന ചെകുത്താനും ചേർന്ന് മനസിലൊരു കോലാഹലം സൃഷ്ടിക്കുകയാണ്. ഞാൻ പണിപ്പെട്ട് നേടിയ നേരിയ ഉറക്കം അവരുടെ അട്ടഹാസങ്ങളിൽ തട്ടി ചിന്നിച്ചിതറുന്നു.

ദുർബ്ബലമായ ഈ വിരലുകൾക്കെന്ന് പേന പിടിക്കാനാവുമെന്നും ആൻസർ ബുക്കിൽ ഞാനെന്ത് കാട്ടികൂട്ടുമെന്നുമുള്ള നശിച്ച ചിന്തകൾക്കു മീതെ ഞാനെന്റെ കട്ടിപ്പുതപ്പെടുത്തു വലിച്ചിടുന്നു.

നിർണ്ണായകമായ മുഹൂർത്തത്തിൽ ഉപയോഗശൂന്യമാവുന്ന ധനുർവിദ്യകളും മണ്ണിൽ പുതഞ്ഞുപോകുന്ന സ്വർണ്ണരഥചക്രങ്ങളും തോറരുവോ ഞാൻ?

ചുവന്ന പഴങ്ങളുമായി തലയുയർത്തിനിൽക്കുന്ന ചെറിമരത്തിനടുത്ത് പ്രായാധിക്യത്തിന്റെ വരകൾ വീണ മുഖമുള്ള മുത്തച്ഛനും നിലാവുപോലൊരു കുട്ടിയും നിൽക്കുന്ന പേജ് നിവർത്തിവച്ച് അമ്മ 'ഇലസ്ട്രേറഡ് വീക്ക്ലി' വായിക്കുകയാണ്. 'ദചെറിട്രീ' എന്ന ആ കഥ നല്ലതാണെങ്കിൽ എന്നെ വായിച്ചു കേൾപ്പിക്കാമെന്നും അമ്മ ഏറ്റിട്ടുണ്ട് .

തനിയെ എന്തെങ്കിലും വായിക്കാൻ ഇനിയെന്നാണ് കഴിയുക? മാസിക കൈയിലെടുത്ത് പിടിക്കുമ്പോഴേ എൻറെ കൈ ക്ഷീണിച്ച് തളരുന്നു.

നഷ്ടങ്ങൾ കൊണ്ടുനിറയുന്ന എന്റെയീ കൈകളിലേക്ക് നോക്കിപ്പോവുകയാണ് ഞാൻ. എന്നിട്ടും ഈ ആശുപ്രത്രി ജീവിതത്തിനോടെനിക്ക് വെറുപ്പാണ് എന്നു പറയാനാവുന്നില്ല. ആദ്യം കയ്ച്ച്, പിന്നെ മധുരിക്കുന്ന ഒരു നെല്ലിക്കയാണെൻറെ അസുഖങ്ങൾ എന്ന മട്ടിൽ അസുഖത്തിനുമസുഖത്തിനുമിടയ്ക്കുള്ള ഇടവേളയിൽ മരുന്നുകളുടെയും വേദനകളുടെയും ഈ ലോകത്തെക്കുറിച്ച് ഏറെ മമതയോടെ ഞാൻ ആലോചിച്ചിരിക്കാറുണ്ട് .

ഏതോ സ്വർഗ്ഗസ്വപ്നങ്ങളുടെ താരാട്ട്. പിന്നെ തേടി നടക്കുന്ന ലക്ഷ്യമേയല്ലാത്ത ഏതോ ലക്ഷ്യവും. എന്റെ പാതകളിങ്ങനെ. സ്വപ്നം തേടിയാണോ യാത്രയാവുന്നത്? അതോ സൗഗന്ധികം തേടിയോ?

സോഫയിൽ ചരിഞ്ഞുകിടന്നുറങ്ങുകയാണ് അച്ഛൻ. പാതിരാത്രിയിൽ പൊള്ളുന്ന പനിവന്ന് ഞാൻ അവശയായപ്പോൾ ഐസ്ബാഗ് തലയിൽ വച്ചുതന്ന് അച്ഛനെൻറയടുത്ത് ഉറങ്ങാതെ കാവലിരുന്നത് ഇന്നലെയാണ്. മരുന്നും മുസംബിയും വാങ്ങാനും ബ്ലഡ് അറേഞ്ച് ചെയ്യാനും ബാങ്കിൽ നിന്നും പൈസയെടുക്കാനുമൊക്കെയായി കയറിയിറങ്ങിത്തന്നെ അച്ഛനും വയസ്സായിരിക്കുന്നു. അച്ഛൻ പുറത്തു പോയിവരാൻ താമസിച്ചാൽ , ഉറക്കമില്ലായ്മയും അസ്വസ്ഥതയും വേവലാതിയും കൊണ്ട് വശംകെട്ട് അച്ഛനെവിടെയോ വീണുപോയോ എന്ന് ഞാൻ പേടിക്കാറുണ്ട്.

വേദനകൾ സഹിക്കാതെയായ ഒരുദിവസം എനിക്ക് മരിച്ചുപോകാനാണിഷ്ടം എന്നും ഞാനച്ഛനോട് പറയുകയുണ്ടായി. അപ്പോഴെൻറെ കൈകളിൽ

XII Std Malayalam Full Set.indb 120 4/29/2019 5:34:39 PM

അച്ഛൻ മുറുകെപിടിച്ചു. എന്റെറയുള്ളിലെ മൃതപ്രായമായ ജീവിതവാഞ്ഛയെ ഉണർത്താൻ മാത്രം ദുഃഖമൂറുന്നതായിരുന്നു അപ്പോഴച്ഛന്റെറ കണ്ണുകൾ.

അടുത്ത മുറിയിൽനിന്ന് എന്റെ അസുഖവിവരമന്വേഷിച്ച് വരാറുള്ള തലവേദനക്കാരി അമ്മുമ്മ പറയുന്നത്, അവരുടെ വീട്ടിൽ നിന്നും കൊണ്ടുവരുന്ന പുന്നെല്ലിന്റെറ കഞ്ഞി കുറച്ചുകഴിച്ചാൽ എന്റെ അസുഖം പകുതിമാറും എന്നാണ്.

എല്ലാത്തരം വലിപ്പച്ചെറുപ്പങ്ങളും അലിഞ്ഞുതീരുന്നത് ആശുപത്രി മുറികളിലാണെന്ന് ഞാനിതിനകം പഠിച്ചുകഴിഞ്ഞിരിക്കുന്നു. വേദനനിറഞ്ഞ ഒരു ചിരിയിലൂടെ, പരസ്പരം കൈമാറുന്ന ദുഃഖങ്ങളിലൂടെ നിസ്സഹായതയുടെ സാമ്രാജ്യത്വത്തിൽ വിരിയുന്ന കൊച്ചുകൊച്ചു ബന്ധങ്ങൾ, ഭൂമിയുടെ പല കോണുകളിലേക്കായി വേർപിരിഞ്ഞുപോയാലും ആ ഓർമകൾ വേദനയുടെ പൂക്കളായി വാടാതെ നിൽക്കും.

'അസുഖം മുഴോനും മാറണേല് ഒന്നു ചിരിക്കേം കൂടി വേണം. എപ്പഴും ഇങ്ങനെ മൂടിക്കെട്ടിയ മുഖായിട്ടിരുന്നാലെങ്ങനെയാ അസുഖം മാറ്വ?' അമ്മുമ്മയുടെ ബാക്കി തിയറി.

'അസുഖത്തിന്റെ കാലം കഴിഞ്ഞാൽ എപ്പോഴും ചിരിക്കുന്ന നജ്മയായി മാറാറുണ്ടിവൾ-അമ്മ പറഞ്ഞത് അമ്മൂമ്മ വിശ്വസിച്ചമട്ടില്ല.

ചിരിക്കാത്ത നജ്മ, അങ്ങനെയൊന്ന് സങ്കൽപിച്ചിട്ട് കൂടിയില്ല എന്ന് എന്നെ കാണാൻ വരുന്ന കൂട്ടുകാർ എനിക്ക് ചുറ്റുമിരുന്ന് അസ്വസ്ഥതയുടെ ഇതളുകൾ എണ്ണുമ്പോൾ, അവർക്കായി പണിപ്പെട്ടൊരുചിരി തുന്നിക്കൂട്ടിയെടുക്കാൻ ഞാൻ വൃഥാ ശ്രമിക്കാറുണ്ട്.

ചിരികൾക്ക് പിന്നിലെല്ലാം ആഹ്ളാദത്തിന്റെ കടലാണെന്ന് കരുതുന്ന അവരെല്ലാം അടുത്തിരിക്കുമ്പോൾ, രൂപംകൊണ്ട് ചെറുതെങ്കിലും മനസ്സുകൊണ്ട് ഞാനൊരുപാടു വളർന്നതുപോലെ...

ഞാനില്ലാത്ത ക്ലാസിലെ ഓരോ ചലനവും സമർത്ഥമായി ഒപ്പിയെടുത്ത് എനിക്ക് മുന്നിൽ ആ ചിത്രങ്ങളുടെ ചുരുളഴിക്കാൻ ഏതാണ്ടെല്ലാ വൈകുന്നേരങ്ങളിലും രാഹുൽ വരാറുണ്ട്. അതുകഴിഞ്ഞ് ഒന്നും പറയാനി ല്ലാതെയും രാഹുൽ ഏറെ നേരമിവിടെ ഇരിക്കാറുണ്ട് .

എന്നും ആദ്യം ക്ലാസിലെത്തുക രാഹുലാണ്. രണ്ടാമതു ഞാനും. ഇരുവശത്തും കാററാടിമരങ്ങളുള്ള വഴിയിലൂടെ നടന്നു വന്ന കാട്ടുചെമ്പകമരത്തണലിൽ നിന്ന് പൂവെടുത്ത് ഞാൻ നിവരുമ്പോൾ, മുകളിലെ ജനലിനരികിൽ നിന്ന് രാഹുൽ കൈവീശി ചിരിക്കാറുള്ളതെല്ലാം ഒരു നിഴൽചിത്രം മാത്രമായാണനുഭവപ്പെടുന്നത്.

ഇലപൊഴിഞ്ഞ് നിറയെ പൂ ചൂടിനിൽക്കുന്ന ചെമ്പകമരത്തിൽ നിന്ന് മോഹാലസ്യത്തിലെന്നപോലെ ഉതിരുന്ന പൂക്കളും നോക്കി കമാനാകൃതിയുള്ള ജനലിന്റെ വീതിയുള്ള പടിയിൽ കാൽനീട്ടി ഞാനിരിക്കുമ്പോൾ ആയിടെ വായിച്ച പുസ്തകത്തെക്കുറിച്ചു പറഞ്ഞ് രാഹുൽ അടുത്തുവന്നിരിക്കാറുള്ളതെല്ലാം ഏതോ വിദൂരജന്മത്തിലെ കാര്യങ്ങൾപോലെ.

സന്ധ്യയായല്ലോ, രാഹുലിന് പോവാറായില്ലേ എന്ന് ചോദിക്കുമ്പോഴേ ഈ മുറിയിൽനിന്ന് രാഹുൽ പോകാനെഴുന്നേൽക്കൂ. രാഹുൽ പോയിട്ടുവേണം

XII Std Malayalam Full Set.indb 121 4/29/2019 5:34:39 PM



വേദനിക്കുന്നു എന്ന് ആരോടൊന്നില്ലാതെ പരാതി പറഞ്ഞ് ഒന്നു വിതുമ്പാനെന്ന തിടുക്കമാണെന്റെ മനസ്സിലെന്നും രാഹുൽ അറിയാതിരിക്കട്ടെ

ഇന്നലെ അച്ഛനും അമ്മയും റൂമിനു പുറത്തിറങ്ങി ആരോടോ സംസാരിച്ചു നിൽക്കുമ്പോൾ രാഹുൽ എന്നോടു പറഞ്ഞു' 'ഞാൻ...ഞാനുണ്ട് നജ്മയ്ക്ക്....' അത്രയും പറഞ്ഞൊപ്പിക്കുമ്പോഴേക്ക് രാഹുൽ വിയർത്തുകുളിച്ചിരുന്നു. പിന്നെ മുഖം കുനിച്ച് കൈരേഖകളിൽ നിന്നും എന്തോ വായിച്ചെടുക്കുംപോലെ ഇരുന്നു.

ഞാൻ അമ്പരപ്പോടെ മറുപടിക്കായി വാക്കുകൾ തിരഞ്ഞുപിടിച്ച് കോർത്തെടുക്കാൻ ശ്രമിക്കുന്നതിനിടയിൽ അമ്മ തിരികവന്നു.

എന്നെ തീവ്രമായി പ്രണയിക്കുന്നു എന്നാണ് രാഹുലിന്റെ വിചാരം, പക്ഷേ എളുപ്പം വകഞ്ഞുമാറാവുന്ന നനുത്ത പായൽപ്പരപ്പു പോലെയേയുള്ളു ആ പ്രണയം. പായൽപ്പരപ്പിനു കീഴെ സഹതാപത്തിന്റെ കുത്തൊഴുക്കാണ്. രോഗിയെപ്പോലെതന്നെ ദുർബ്ബലമാണ്, സഹതാപത്തിന്റെ ചുവയുള്ള പ്രണയവും, രോഗികളുടെ പ്രാണനും സഹതപിക്കുന്നവരുടെ പ്രണയവും ഒരുപോലെയാണ്. ഏതു നിമിഷവും കെട്ടുപേ ാകാം. പോരാടിപിടിച്ചു നിൽക്കാൻ രണ്ടിനുമില്ല ത്രാണി.

എന്നെ ചരിച്ചു കിടത്തി തലമുടി രണ്ടുവശവും പിന്നിയിട്ട്, പിന്നെ നെറ്റിയിൽ ഒരു പൊട്ട് തൊട്ടുതരികയാണ് അമ്മ. ഒഴിഞ്ഞ നെറ്റിയുമായി കിടന്നാൽ ഡോക്ടർ ഡേവിഡിനത് ഇഷ്ടമാവില്ല.

നാലുവയസ്സുമുതൽ എന്നെ ചികിൽസിക്കുന്ന ഡോക്ടർ ഡേവിഡിനു രൂപത്തിലും ഭാവത്തിലും ഞാനിന്നുമൊരു കുട്ടിയാണെന്ന വിചാരമാണ്.

'അടുത്ത മുറിയിലൊരു സായ്പുണ്ടായിരുന്നെങ്കിൽ ഇടയ്ക്കൊന്നു കരഞ്ഞും കൊഞ്ചിയും. അങ്ങേരെ പാട്ടിലാക്കി, നീലക്കണ്ണുകൾ ചിമ്മിയടച്ചു തുറക്കുന്ന

XII Std Malayalam Full Set.indb 122 4/29/2019 5:34:39 PM

സുന്ദരിപ്പാവക്കുട്ടിയെ, ചുവന്ന നിറമുള്ള ഒരു ഡോൾഫിനെ സമ്മാനമായി, വാങ്ങാമായിരുന്നു അല്ലേ മോളേ?'

തിരക്കും ഉത്തരവാദിത്തവും ഏറിയ നിമിഷങ്ങളിലൂടെ ട്രപ്പീസ് കളിക്കാരന്റെ വൈദഗ്ധ്യത്തോടെ നീങ്ങുമ്പോഴും മനസ്സിലെ ഏതോ അറകൾ ഓർമ്മകൾക്കായി ഒഴിച്ചിട്ടിരിക്കുന്ന ഒരാളോ എന്നപ്പോൾ എനിക്കൽഭൂതമായി. പിന്നെ അക്ഷൗഹിണിപ്പടയുടെ യാന്ത്രികത്വവും നിസ്സംഗതയും ബാധിക്കാതെ ഒരാൾ... ഒരാളെങ്കിലുമുണ്ടല്ലോ എന്ന് അനൽപമായ ആശ്വാസവും .

പണ്ടൊരിക്കൽ ചെക്കപ്പിനു വന്നപ്പോൾ വിടർന്ന ചിരിയോടെ പട്ടംപറത്തി നിൽക്കുന്ന ഒരു കുട്ടിയുടെ പോസ്റ്ററർ ഡോകടറെനിക്കു തന്നത് ഇപ്പോഴും ഓർമ്മയുണ്ട്. ചിത്രത്തിനു താഴെ എഴുതിയിരുന്നു.

"You can fly again

You can smile again"

ജനൽപ്പടിയിൽ പതിവു കുശലങ്ങളുമായി ഒരിടത്തുമിരിപ്പുറക്കാത്ത നാരായണക്കിളി.

വാഷ്ബെയിസിനു മുകളിലെ കണ്ണാടിയുടെ മിനുത്ത പ്രതലത്തിൽ നിന്നു വഴുതിപ്പോവുന്ന കാലുകളുമായി, കണ്ണാടിയിലെ മറേറക്കിളിയെ കൊത്തിപ്പറിക്കാൻ പാഴ്വേല നടത്തി തോററു തുന്നംപാടി തിരിച്ചുപോയ ഇന്നലത്തെ കിളി തന്നെയോ ഇത്?

കിളി ആകെ നനഞ്ഞുകുതിർന്നിരിക്കുന്നു. ചിറക് കുടഞ്ഞപ്പോൾ തെറിച്ച മഴത്തുള്ളികളിലൊന്ന്. എന്റെ മുഖത്തേക്ക്.

ഒരിക്കലും അടങ്ങിയിരിക്കാത്ത ഈ കിളിയുടെ കൊക്കിൽ നിറയെ തീർത്താലും തീരാത്ത വിശേഷങ്ങളുണ്ട്. ഇനിയുമെത്രയോ പണി ബാക്കി കിടക്കുന്നു എന്ന മട്ടിൽ കിളി പറന്നുപോയതിനു പുറകെ, ആർക്കെങ്കിലും ഒരു സന്ദേശം കൈമാറാനുണ്ടോ എന്നു ചോദിച്ച് മൃദുചലനങ്ങളുമായി കാറ്റുവരുന്നു.

ഞാനാലോചിക്കുകയാണ് ചിരിയുടെ ചിറകിൽ, ഞാനുമിവരെപ്പോലെ എന്നാണിനി പറന്നുയരുക?

XII Std Malayalam Full Set.indb 123 4/29/2019 5:34:39 PM

അഭ്യാസം

I. ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക

1. കണ്ണീർ തിളങ്ങുന്ന ഒരു വഴി എഴുതിയ കഥാകൃത്ത് ആരാണ്?

   അ. പ്രിയ എ. എസ്

   ആ. സാറാജോസഫ്

   ഇ. ചന്ദ്രമതി

   ഈ. പി. വത്സല

2. ഇനി ഇങ്ങോട്ട് വരരുത് എന്ന് കരുണയും വാത്സല്യവും നിറഞ്ഞ ആജ്ഞയോടെ യാത്രയയച്ചതാരാണ് ?

   അ. മേട്രൻ ക്ലാര തോമസ്

   ആ. സിസ്റ്റർ മേരി

   ഇ മദർ റോസി തോമസ്

   ഈ. സിസ്റ്റർ നിർമല

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. അസുഖത്താൽ അസ്വാതന്ത്ര്യത്തിൽ പെട്ടുപോയ ഒരു കുട്ടിയുടെ മാനസിക നൊമ്പരങ്ങൾ കഥയിൽ തെളിയുന്നതെങ്ങനെ?

XII Std Malayalam Full Set.indb 124 4/29/2019 5:34:39 PM

ഭാഗം 6

സമൂഹം



പഠനലക്ഷ്യങ്ങൾ

- വായനയുടെ അനുഭവ ലോകം കണ്ടെത്തൽ
- ജീവിതവൈരുദ്ധ്യങ്ങൾ തിരിച്ചറിയാൻ പ്രാപ്തരാകൽ

പാഠഭാഗങ്ങൾ

കവിത	:	സമാനഹൃദയ, നിനക്കായ് പാടുന്നേൻ	- സുഗതകുമാരി
ഗദ്യം	:	ലോകം അവസാനിക്കുന്നില്ല	- അജയ് പി.മങ്ങാട്ട്
ഉപപാഠം	:	കടൽത്തീരത്ത്	- ഒ. വി. വിജയൻ

XII Std Malayalam Full Set.indb 125 4/29/2019 5:34:40 PM

കവിത

സമാന ഹൃദയ, നിനക്കായ് പാടുന്നേൻ

– സുഗതകുമാരി



സുഗതകുമാരി 1934-ൽ തിരുവനന്തപുരത്ത് ജനിച്ചു. കവി എന്നതിലുപരി സാമൂഹിക, പാരിസ്ഥിതിക പ്രവർത്തകയുമാണ്. ദർശനപരമായൊരു വിഷാദമാണ് സുഗതകുമാരിയുടെ കവിതയുടെ അന്തർധാര. മുത്തുച്ചിപ്പി, പാവം മാനവഹൃദയം, രാത്രിമഴ, അമ്പലമണി എന്നിവയാണ് പ്രധാന കവിതാസമാഹാരങ്ങൾ. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, ഓടക്കുഴൽ അവാർഡ്, വയലാർ അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം, സരസ്വതി സമ്മാൻ എന്നിവ ലഭിച്ചിട്ടുണ്ട്.

ആസ്വാദക ലോകത്ത് എവിടെയോ തനിക്കൊരു സമാനഹൃദയനുണ്ടെന്നും തന്റെ കവിതകൾ പ്രതീക്ഷിക്കുന്നുവെന്നും കണ്ടില്ലെങ്കിൽ അവന് നോവുമെന്നും കവി തിരിച്ചറിയുന്നു. സമാനഹൃദയനുവേണ്ടി പാടുമ്പോൾ തന്റെ ജന്മം സഫലമാവുന്നുവെന്ന് അഭിമാനിക്കുന്ന ഈ കവിത അമ്പലമണി എന്ന സമാഹാരത്തിൽ നിന്നെടുത്തതാണ്.

ഞാനറിയുന്നൂ, ഞാനറിയാത്തോ-
രിടത്തിലെങ്ങാമോ
നീ വാഴുന്നൂ, സമാനഹൃദയ,
നിനക്കായ് പാടുന്നേൻ,
നീയെൻ പാട്ടിനു കാക്കുന്നു,
കാണാത്തതിൽ നോവുന്നു,
'നീയെഴുതാറില്ലീയിടെ'യെന്നു
വിഷാദംകൊള്ളുന്നൂ

XII Std Malayalam Full Set.indb 126 4/29/2019 5:34:41 PM



ഞാനെഴുതീടും വാക്കുകൾ പരിചിത-
മെന്നു നിനയ്ക്കുന്നൂ
നീയെഴുതേണ്ടും വരികളിതെന്നു
പതുക്കെപ്പറയുന്നൂ
എൻ മിഴി നനയുവതേതേതിൽ, അതി-
ലാമിഴി നനയുന്നൂ
കുഞ്ഞുമുഖങ്ങൾ, പതുക്കെപ്പാടും
ബന്ധിതമൊരു പക്ഷി,
കല്ലേറേറു മുടന്തിപ്പായും
മെലിഞ്ഞ നായ്ക്കുട്ടി,
കണ്ണുകൾ കാണാതോർമയിൽ മുങ്ങി-
യിരിക്കും വാർദ്ധക്യം,
വെറുതേ തങ്ങളിൽ നോക്കിപ്പുഞ്ചിരി

XII Std Malayalam Full Set.indb 127 4/29/2019 5:34:43 PM

തൂകിടുമനുരാഗം,
അകലെക്കാവിയുടുത്തകലുന്നോ-
രാകുല യുവസന്ധ്യ,
മറവിയടിച്ചോരാണിയിൽ, മണിയറ
മുക്കിൽ തൂങ്ങീടും
വലയാൽ മൂടിക്കറുത്ത രണ്ടു
പനീരലർ മാല്യങ്ങൾ,
സുഖമയമാമൊരു ഗാനം , കാരണ-
മറിയാത്തൊരു തേങ്ങൽ,
ഒരു മെലിവാർന്ന, ഭയന്ന, വിശപ്പാൽ
നീളും കുഞ്ഞിക്കൈ
എൻ മിഴി നനയുമിവയ്ക്കായ് നിന്നുടെ
മിഴിയും നനയുന്നു
എന്നുടെ ചിറകുകൾ വിടരുമ്പോൾ, നീ
മിഴികളുയർത്തുന്നൂ
എന്നുടെ പഴയോരീരടി മൂളി
പ്പാടി നടക്കുന്നൂ
എന്നുടെ മുഖമറിവീലെങ്കിലുമീ-
യുയിരിനെയറിയുന്നൂ
അങ്ങനെയെങ്ങോ, സമാനഹൃദയ,
വസിക്കുന്നുണ്ടാം നീ

XII Std Malayalam Full Set.indb 128 4/29/2019 5:34:46 PM

എന്നു നിനയ്ക്കെപ്പിന്നെയുമെന്നുടെ
കണ്ഠം തെളിയുന്നു
നിഷ്ഫലമല്ലീ ജന്മം, തോഴ,
നിനക്കായ് പാടുമ്പോൾ
നിഷ്ഫലമല്ലീ ഗാനം, നീയിതു
മൂളി നടക്കുമ്പോൾ.... !

XII Std Malayalam Full Set.indb 129 4/29/2019 5:34:48 PM

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. 'ഞാനറിയാത്തോരിടത്തിലെങ്ങാമോ നീ വാഴുന്നു.'- ആരാണ് നീ ?

   അ. സഹൃദയൻ

   ആ. സമാനഹൃദയൻ

   ഇ. ആസ്വാദകൻ

   ഈ. അനുവാചകൻ

2. കല്ലേറ്റു മുടന്തിപ്പായുന്നത് എന്ത്?

   അ. നായ്ക്കുട്ടി

   ആ. പശുക്കുട്ടി

   ഇ. ആട്ടിൻകുട്ടി

   ഈ. പൂച്ചക്കുട്ടി

3. തോഴനുവേണ്ടി പാടുമ്പോൾ കൈവരുന്ന തിരിച്ചറിവെന്ത് ?

   അ. ജന്മം നിഷ്ഫലമല്ല

   ആ. എഴുത്ത് നിഷ്ഫലമല്ല

   ഇ. ഗാനം നിഷ്ഫലമല്ല

   ഈ. സ്വപ്നം നിഷ്ഫലമല്ല

II. ഉത്തരമെഴുതുക

1. എൻ മിഴി നനയുമിവയ്ക്കായ് നിന്നുടെ

   മിഴിയും നനയുന്നു

   എന്നുടെ ചിറകുകൾ വിടരുമ്പോൾ, നീ

   മിഴികളുയർത്തുന്നു

   അ. ഏതു കവിതയിലെ വരികളാണിത്?

   ആ. ഇതെഴുതിയ കവി ആരാണ് ?

XII Std Malayalam Full Set.indb 130 4/29/2019 5:34:49 PM

III. ഉത്തരം ചുരുക്കിയെഴുതുക.

1. സമാനഹൃദയൻ വിഷാദം കൊള്ളുന്നതെപ്പോൾ ?
2. എപ്പോഴാണ് കവിയുടെ കണ്ഠം തെളിയുന്നത് ?

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. എൻ മിഴി നനയുമിവയ്ക്കായ്...കവിയുടെ മിഴി നനയ്ക്കുന്ന കാഴ്ചകളെന്തൊക്കെയാണ് ?

XII Std Malayalam Full Set.indb 131 4/29/2019 5:34:49 PM

ഗദ്യം

ലോകം അവസാനിക്കുന്നില്ല

-അജയ് പി.മങ്ങാട്ട്

അജയ് പി. മങ്ങാട്ട് 1972-ൽ ഇടുക്കി ജില്ലയിലെ വെള്ളത്തൂവലിൽ ജനിച്ചു. സമകാലിക എഴുത്തുകാരിൽ ശ്രദ്ധേയനാണ്. അദ്ദേഹത്തിന്റെ ലോകം അവസാനിക്കുന്നില്ല എന്ന കൃതിയിൽ നിന്നെടുത്തതാണ് അതേ പേരിലുള്ള ഈ ലേഖനം.

വായന അനുവാചകരിൽ വ്യത്യസ്ത അനുഭവങ്ങളും കാഴ്ചപ്പാടുകളും ജനിപ്പിച്ച് അവരുടെ വ്യക്തിത്വത്തെ സ്വാധീനിക്കുന്നു എന്നതാണ് ഈ ലേഖനത്തിലെ സന്ദേശം.



ഞാൻ വിചാരിച്ചു, ഓരോ വായനയും ഓരോ അനുഭവമാണല്ലോ. അതൊരു വസ്തുവല്ല. അതു തൊട്ടുകാണിക്കാനാവില്ല. എങ്കിലും അതവിടെയുണ്ടെന്നു നമുക്കറിയാം. അങ്ങനെയാണു പുസ്തകത്തിൽനിന്നു സംസാരവും എഴുത്തും വരുന്നത്. ഒരു പുസ്തകം മറ്റൊരു പുസ്തകത്തെ കൊണ്ടുവരികയാണു ചെയ്യുന്നത്. അതിനാൽ അവസാന പുസ്തകം ഉണ്ടാകാനിടയില്ല. ഇതാണു വായന നൽകുന്ന ആത്മവിശ്വാസം. സച്ചിദാനന്ദൻ എഴുതിയതു വായിക്കാം:

‘വാസ്തവത്തിൽ നമുക്കിനി ഏറെ സമയമില്ല

എഴുതേണ്ടതൊന്നും നാം എഴുതിയിട്ടില്ല.

ഭൂമിക്കു ചൂടു കൂടുകയാണ്

മലകൾ ഉരുകിയേക്കാം

കടലുകൾ ഇനിയും ഉയർന്നേക്കാം

നാം ഇരിക്കുന്നിടം കുലുങ്ങുന്നുണ്ട്

ആരോ യുദ്ധത്തിനൊരുങ്ങുന്നുണ്ട്.

അപ്പോൾ ലോകം അവസാനിച്ചിട്ടില്ല,

കവിതയും.’

XII Std Malayalam Full Set.indb 132 4/29/2019 5:34:49 PM



ഇതു വായനയുടെയും എഴുത്തിന്റെയും വലിയ ന്യായമാണ്. മനുഷ്യന്റെ പരാധീനത കൂടുന്തോറും അയാളുടെ ഭാവനയും വികസിതമാകും. ലോകത്തെയും ജീവിതത്തെയും മെച്ചപ്പെടുത്താൻ അയാൾ കൂടുതൽ ധീരമായ സ്വപ്നങ്ങൾ കാണും. ജീവിതത്തിനു പുതിയ വ്യാഖ്യാനങ്ങൾ കൊണ്ടുവരും. ഉറൂബിന്റെ 'സുന്ദരികളും സുന്ദരൻമാരും' എന്ന നോവൽ ഓർമയില്ലേ. എത്ര ദയനീയമാണു മനുഷ്യന്റെ വിധി. ചരിത്രത്തിന്റെ ദയാരാഹിത്യം മനുഷ്യനെ എങ്ങനെയെല്ലാം വിഭജിക്കുന്നു. എന്നിട്ടും പ്രത്യാശയുടെ ചക്രവാളങ്ങളെ ഈ നോവലിൽ ഉറൂബ് എത്ര ഉജ്വലതയോടെയാണു ചിത്രീകരിച്ചത്. കുറേക്കൂടി ജീവിതാഭിമുഖ്യമുള്ളവരാക്കി നമ്മെ മാറ്റുന്ന പുസ്തകങ്ങളിലൊന്നു പെട്ടെന്ന് ഓർത്തതാണ്.

ചില അനുഭവങ്ങളെ ഒറ്റവാക്യത്തിൽ വിവരിക്കാം. മറ്റുള്ളവ കുറേയധികം പറയേണ്ടിവന്നേക്കും. അനുഭവം എന്ന നിലയിൽ നാം വായനയെ പരിഗണിക്കുകയാണെങ്കിൽ കുറേ വായിച്ചവർക്കു കുറേ അനുഭവങ്ങളുണ്ടെന്ന് സമ്മതിക്കേണ്ടിവരും. ഇത് ജീവിതത്തിലെ മറ്റ് അനുഭവങ്ങളിൽനിന്നും വ്യത്യസ്തമാണെന്ന് എടുത്തു പറയേണ്ടതില്ലല്ലോ. താൻ ജീവിതത്തിൽ ആകെപ്പാടെ ചെയ്തതു കുറേയധികം പുസ്തകങ്ങൾ വായിച്ചതാണെന്ന് ബോർ

XII Std Malayalam Full Set.indb 133 4/29/2019 5:34:50 PM

ഹെസ് ഒരിക്കൽ പറഞ്ഞിട്ടുണ്ട്. അതിനാൽ ബോർഹെസിന്റെ അനുഭവങ്ങൾ എന്തുകൊണ്ടും വ്യത്യസ്തമായിരിക്കുമെന്നു നമുക്കറിയാം. കാരണം ബോർഹസ് വലിയ കവിയും കഥാകൃത്തും ഒപ്പം വലിയ വായനക്കാരനുമായിരുന്നു. വായന യുടെ മുതിർന്നകാലങ്ങളിൽ അദ്ദേഹത്തിനു കാഴ്ച നഷ്ടപ്പെടുകയും ചെയ്തു. കാഴ്ച നഷ്ടപ്പെട്ടുകൊണ്ടിരുന്ന കാലത്താണ് അദ്ദേഹത്തിന് അർജന്റീനയുടെ ദേശീയഗ്രന്ഥാലയത്തിൽ ലൈബ്രേറിയനായി ജോലികിട്ടിയത്. 'ദൈവം എനിക്കു പുസ്തകവും അന്ധതയും ഒരുമിച്ചുതന്നു' എന്നാണ് ബോർഹെസ് ഇതേപ്പറ്റി പറഞ്ഞത്.

വായനയുടെ ഓരോ അനുഭവത്തെയും വിവരിക്കാനാകുമോ? വായിച്ചതത്രയും പറയുവാൻ കഴിയുമോ? ഇതൊരു പ്രശ്നമായിട്ടാണ് എനിക്ക് തോന്നിയത്. അതായത് ഒരു പുസ്തകം ഒരു വായനയിൽ അനുഭവപ്പെട്ടതുപോലെയാകില്ല മറ്റൊരു വായനയിൽ. അപ്പോൾ രണ്ടു അനുഭവങ്ങളും വ്യത്യസ്തമായല്ലോ. ഇപ്ര കാരം വൈരുദ്ധ്യംനിറഞ്ഞതോ പരസ്പരം റദ്ദുചെയ്യുന്നതോ ആയ അനുഭവങ്ങളുടെ സങ്കീർണമായ ബോധമാണ് വായനയുടെ വർഷങ്ങൾ ബാക്കിയാക്കുന്നത്. ഈ അനുഭവങ്ങൾ എന്തെല്ലാംതന്നു എന്നുചോദിക്കുന്നവരുണ്ട്. ചിലർ എന്താ ഇതി നൊരു പ്രയോജനം എന്ന് ഊന്നിചോദിക്കും.

മനുഷ്യൻ മാത്രം ചെയ്യുന്ന പ്രവൃത്തികളുണ്ടല്ലോ, അതിലൊന്നാണു വായന. അതിനാൽ ഇതിൽ മനുഷ്യത്വമാണു കൂടുതൽ. മനുഷ്യന്റെ ഏകാന്തതയും അമ്പരപ്പുമാണ് അവനെ വായനക്കാരനും എഴുത്തുകാരനുമാക്കുന്നത്.

നിങ്ങൾ കുറേവർഷങ്ങളായി പതിവായി വായിക്കുന്നു. പലതരംപുസ് തകങ്ങൾ അക്കൂട്ടത്തിലുണ്ട്. ഇങ്ങനെ വായിച്ചിരുന്ന് ഇത്രയുംവർഷങ്ങൾ കടന്നു പോയത് അറിഞ്ഞില്ല. ഈ നേരംപോക്കാണ് വായനയുടെ പ്രധാനരസം. പൂവാകുന്നതും കായാകുന്നതും അറിയുന്നില്ല. ഈ പുസ്തകങ്ങൾ ഇത്രയും വർഷങ്ങളിലൂടെ സഞ്ചരിച്ച് എന്തെല്ലാമാണുണ്ടാക്കിയത്? കണക്കെടുക്കുക സാധ്യമല്ല. ദിവസംതോറും നിങ്ങൾ പരിണാമപാതയിലാണെന്നതു സത്യം. ഇരുനൂറുകൊല്ലം മുൻപ് മാമ്പഴത്തിനുള്ള രുചിയല്ല ഇപ്പോൾ നാം കഴിക്കുന്ന മാമ്പഴത്തിന്. കാലം മാമ്പഴരുചിയെ മാറ്റിമറിച്ചിട്ടുണ്ട്.

നല്ലൊരു പുസ്തകം വായിച്ചിട്ടു കണ്ണാടിയിൽ നോക്കൂ. അവിടെ കാണുന്നത് ആരെയാണ്? പുസ്തകം വായിച്ചുതുടങ്ങും മുൻപുള്ള ആളെത്തന്നെയാണോ? അല്ലെന്നു മനസ്സിലാകും. ഇതു ബാഹ്യപ്രകൃതിയുടെ പ്രവൃത്തിയല്ല. ആന്തരികമായ രാസക്രിയയാണ്.

ഈ പുസ്തകങ്ങളൊക്കെ എന്തെല്ലാം കൊണ്ടുവന്നുവെന്നു ചോദിച്ചാൽ ചിലതെല്ലാം കൊണ്ടുവന്നിട്ടുണ്ട്. എന്നാലതു മനുഷ്യന്റെ മറ്റ് പ്രവൃത്തികൾ പോലെയല്ല. ഒരാൾ പണമുണ്ടാക്കാനായി പോയാൽ ഒന്നുകിൽ കൂടുതൽ പണവുമായി വരാം. അല്ലെങ്കിൽ ഉള്ള പണവും കൂടി കളഞ്ഞിട്ടുവരാം. വായന യിൽ ചിലപ്പോൾ നാമേറെ നേടും. അല്ലെങ്കിൽ ഉള്ളതുകൂടി പോകും. പ്രസന്നത കുറഞ്ഞുകുറഞ്ഞുവരുന്ന ഒരിടത്തിരുന്നു പുസ്തകം വായിക്കുമ്പോൾ അയാൾക്കും വെളിച്ചം നഷ്ടമാകുന്നുണ്ട്. അയാളുടെ മുന്നിൽ അക്ഷരങ്ങൾ പലതും മങ്ങിമായുന്നുണ്ട്. അതേസമയം ചിലപ്പോൾ മറ്റാർക്കും ലഭിക്കാത്ത ചില കാര്യങ്ങൾ കിട്ടുന്നുമുണ്ട്.

ഇത്രയും പറഞ്ഞതിൽനിന്ന് സ്വാഭാവികമായും ചിലർക്കെങ്കിലും സംശയം തോന്നിയേക്കാം ഏതുതരം പുസ്തകങ്ങളെപ്പറ്റിയാണു ഞാൻ പറയുന്നത്.

XII Std Malayalam Full Set.indb 134 4/29/2019 5:34:50 PM

എല്ലാത്തരം പുസ്തകങ്ങളെയും പറ്റിയാണോ? പുസ്തകങ്ങളിൽ നല്ലതും ചീത്തയുമുണ്ടാകുമല്ലോ. എങ്ങനെയാണതു വേർതിരിക്കുക? ഈ ചോദ്യം അസംബന്ധം നിറഞ്ഞതാണ്. കാരണം, വായനയുടെ വർഷങ്ങളിൽ ഒരാൾ ഒരുപാടു ചീത്ത പുസ്തകങ്ങൾ വായിക്കേണ്ടിവരും. എന്നാൽ ചീത്തപുസ്തകം ചീത്തഅനുഭവമാകണമെന്നില്ല. അത് വായനയുടെ സംസ്കാരം ശീലിക്കുന്നതിന്റെ ഭാഗമായി സംഭവിക്കേണ്ടതാണെന്നാണ് എന്റെ നിലപാട്. ഒരാൾ വായിച്ചുതുടങ്ങുമ്പോൾ അയാളുടെ അഭിരുചിയും രൂപമെടുക്കുകയാണ്. ഈ അഭിരുചിയുടെ രസവ്യതിയാനങ്ങളാണ് അയാൾക്കു നല്ലതും ചീത്തയും വേർതിരിച്ചു കൊടുക്കുന്നത്. ഇക്കാരണത്താൽ ഒരാളുടെ നല്ലപുസ്തകം മറ്റൊരാൾക്കു ചീത്തയായി തോന്നിയേക്കാം.

പുസ്തകത്തിൽനിന്നു മുഖമുയർത്തി ഭാവിയിലേക്കു നോക്കുമ്പോൾ ഒരു തരി വെളിച്ചമെങ്കിലും കാണാനാകുന്നുവെങ്കിൽ അത് അടുത്ത പുസ്തകത്തിലേക്കുള്ള അടയാളമാണ്. ആ വെളിച്ചം നൽകുന്ന കൃതികളിലേക്കു പോകുകയാണ് ഉൽസാഹിയായ വായനക്കാരൻ ചെയ്യുന്നത്. എത്രമേൽ പ്രതികൂലമായ സാഹചര്യത്തിലും നൈരാശ്യംനിറഞ്ഞ സമയങ്ങളിലും കലയും സാഹിത്യവും അവസാനിക്കുന്നില്ലെന്ന, ലോകം അവസാനിക്കുന്നില്ലെന്ന ഉത്തമവിശ്വാസത്തോടെ അത് അയാൾ ചെയ്തുകൊണ്ടിരിക്കും.



XII Std Malayalam Full Set.indb 135 4/29/2019 5:34:50 PM

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. ലോകം അവസാനിക്കുന്നില്ല. ആരുടെ ലേഖനമാണ്?

   അ. വിജയകൃഷ്ണൻ

   ആ. എസ്. കെ .പൊറ്റക്കാട്

   ഇ. അജയ് പി. മങ്ങാട്ട്

   ഈ. ജീവൻ ജോബ് തോമസ്

2. ആരുടെ നോവലാണ് സുന്ദരികളും സുന്ദരന്മാരും?

   അ. ഉറൂബ്

   ആ. തകഴി

   ഇ. കേശവദേവ്

   ഈ. ചന്തുമേനോൻ

3. 'ദൈവം എനിക്ക് പുസ്തകവും അന്ധതയും ഒരുമിച്ചു തന്നു' എന്നു പറഞ്ഞതാര്?

   അ. എറാസ്മെസ്

   ആ. റൂസോ

   ഇ. ബോർഹെസ്

   ഈ. മെൻഹൻ

XII Std Malayalam Full Set.indb 136 4/29/2019 5:34:50 PM

II. ഒന്നോ രണ്ടോ വരിയിൽ ഉത്തരമെഴുതുക.

1. വായന നൽകുന്ന ആത്മവിശ്വാസമെന്ത് ?

2. കാഴ്ച നഷ്ടപ്പെട്ടു തുടങ്ങിയ കാലത്ത് തനിക്ക് ലൈബ്രേറിയനായി ജോലി കിട്ടിയപ്പോൾ ബോർഹെസ് പറഞ്ഞതെന്ത് ?

3. മനുഷ്യരെ വായനക്കാരനും എഴുത്തുകാരനുമാക്കുന്നത് എന്തൊക്കെയാണെന്നാണ് ലേഖകന്റെ അഭിപ്രായം ?

III. ഉത്തരം ചുരുക്കിയെഴുതുക.

1. വായന അനുവാചകരെ ജീവിതാഭിമുഖ്യം ഉള്ളവരാക്കിത്തീർക്കുന്നു എന്നുപറയാൻ കാരണമെന്ത് ?

2. പുസ്തകം എന്തെല്ലാം നമ്മിലേക്ക് കൊണ്ടുവരുന്നു എന്നാണ് ലേഖകന്റെ അഭിപ്രായം ?

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. ലോകം അവസാനിക്കുന്നില്ല എന്ന ലേഖനത്തിലെ ആശയം സംഗ്രഹിക്കുക?

XII Std Malayalam Full Set.indb 137 4/29/2019 5:34:50 PM

ഉപപാഠം

കടൽത്തീരത്ത്

-ഒ.വി.വിജയൻ



ഒ.വി.വിജയൻ: [1931 - 2005] പാലക്കാട് ജനിച്ചു. നോവലിസ്റ്റ്, ചെറുകഥാകൃത്ത്, കാർട്ടൂണിസ്റ്റ്, രാഷ്ട്രീയ ചിന്തകൻ, പത്രപ്രവർത്തകൻ എന്നീ നിലകളിൽ പ്രശസ്തനായ ഒ.വി വിജയൻ ദാർശനികസ്വഭാവമുള്ള രചനകളിലൂടെ മലയാളത്തിലും ഇംഗ്ലീഷിലും സുപ്രതിഷ്ഠ നേടി. ആധുനിക ഭാവുകത്വം രൂപപ്പെടുത്തുന്നതിൽ നിർണായകമായ പങ്കുവഹിച്ച അദ്ദേഹത്തിന്റെ ആദ്യ നോവലായ ഖസാക്കിന്റെ ഇതിഹാസം മലയാള നോവലിന്റെ ചരിത്രത്തിലെ നാഴികക്കല്ലുകളിലൊന്നായി പരിഗണിക്കപ്പെടുന്നു. ധർമപുരാണം, ഗുരുസാഗരം, മധുരം ഗായതി, പ്രവാചകന്റെ വഴി, തലമുറകൾ, വിജയന്റെ കഥകൾ, ഒരു നീണ്ട രാത്രിയുടെ ഓർമയ്ക്കായി, അശാന്തി, കടൽത്തീരത്ത്, കാറ്റു പറഞ്ഞ കഥ, തുടങ്ങിയവയാണ് പ്രധാനകൃതികൾ. കേരള സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ് എന്നീ അംഗീകാരങ്ങൾ നേടിയിട്ടുണ്ട്.

വെള്ളായിയപ്പൻ യാത്ര പുറപ്പെടുമ്പോൾ വീട്ടിൽനിന്നു കൂട്ടനിലവിളി ഉയർന്നു. അപ്പുറത്ത് അമ്മിണിയുടെ വീട്ടിലും അതിനുമപ്പുറത്ത് മുത്തുരാവുത്തന്റെ വീട്ടിലും ആളുകൾ ശ്രദ്ധാലുക്കളായി, വിഷാദവാന്മാരായി. ആ വീടുകൾക്കുമപ്പുറത്ത് പാഴുതറയിലെ അമ്പതിൽ ചിലാനം കുടികളിലത്രയും ഈ വിഷാദവും സഹാനുഭൂതിയും നിറഞ്ഞു. വെള്ളായിയപ്പൻ കണ്ണൂരിലേക്കു പോകുകയാണ്. വെള്ളായിയപ്പന്റെ കൂടെ തീവണ്ടികയറാൻ പണമുണ്ടായിരുന്നെങ്കിൽ അമ്മിണിയേടത്തിയും മുത്തുവണ്ണനും നാകേലച്ചനും കോമ്പിപ്പൂശാരിയും പിന്നെ പാഴുതറയിലുള്ളവരത്രയും തന്നെ കണ്ണൂരിലേക്കു പോകുമായിരുന്നു. കണ്ണൂരിലേക്കുള്ള തീവണ്ടിയാത്ര പാഴുതറ എന്ന ഗ്രാമത്തിനുവേണ്ടിയായിരുന്നു. വെള്ളായിയപ്പൻ കുടിയിരുപ്പുകൾ വിട്ട് നെടുവരമ്പത്തൂടെ പാടംമുറിച്ചുനടന്നു. പിന്നിൽ നിലവിളി അകന്നു ശമിച്ചു. ഇപ്പോൾ നെടുവരമ്പു വിട്ട് വെള്ളായിയപ്പൻ പറമ്പിലേക്കു കയറി. പറമ്പിലെ മഞ്ഞപ്പൂല്ലിലൂടെ ആരുടെയൊക്കെയോ ദു:ഖസഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത നീണ്ടുപോകുന്നു.

'ദൈവങ്ങളേ, തമ്പിരാക്കന്മാരേ,' വെള്ളായിയപ്പൻ വിളിച്ചു. ചവിട്ടടിപ്പാതയ്ക്കിരുവശവും നിന്ന കരിമ്പനകളിൽ കാറ്റു പിടിച്ചു. പട്ടകളിൽ

XII Std Malayalam Full Set.indb 138 4/29/2019 5:34:51 PM

കാറ്റിരമ്പുന്നത് വെള്ളായിയപ്പന് അന്നാദ്യമായി അപരിചിതമായിത്തോന്നി. പനമ്പട്ടകൾ സംസാരിക്കുന്നതുപോലെ. പനമ്പട്ടകളിൽ ഊട്ടുദൈവങ്ങളും കാരണവന്മാരും സംസാരിക്കുന്നതുപോലെ തുവർത്തിൽകെട്ടിയ പൊതിച്ചോറിന്റെ കഞ്ഞിനനവ് കൈയിൽ തട്ടി. തന്റെ കോടച്ചി ഈ ചോറു പൊതി കെട്ടുമ്പോൾ അതിലേക്ക് ഒരു പാടു കണ്ണുനീർ വീഴ്ത്തിയിരിക്കണം. കണ്ണുനീരിന്റെ ഓതം തോർത്തിന്റെ കെട്ടിലൂടെ കുതിർന്നുപിടിക്കുന്നു. തീവണ്ടിയാപ്പീസെത്താൻ ഇനിയും നാലുകല്ലു നടക്കണം. കുറച്ചു നടന്നപ്പോൾ കുട്ട്യസ്സൻമാപ്പിള എതിരെവരുന്നു. കുട്ട്യസ്സൻമാപ്പിള ആദര വോടെ വഴിമാറി നിന്നു.

'വെള്ളായിയേ,' മാപ്പിള പറഞ്ഞു.

'മരയ്ക്കാരേ,' വെള്ളായിയപ്പൻ പ്രതിവചിച്ചു.

അത്രമാത്രം. രണ്ടുവാക്കുകൾ, പേരുകൾ. എന്നാൽ, ആ വാക്കുകളിൽ ദീർഘങ്ങളും സമ്പന്നങ്ങളുമായ സംഭാഷണപരമ്പരകൾ അടങ്ങിയത് വെള്ളായിയപ്പനും കുട്ട്യസ്സൻ മാപ്പിളയും അറിഞ്ഞു. മരയ്ക്കാരേ, നിങ്ങൾക്കു ഞാൻ പതിനഞ്ചുറുപ്പിക കടംവീട്ടാനുണ്ട്. അല്ല, പതിനഞ്ചുറുപ്പികയും നാലണയും.

വെള്ളായി ഈ യാത്രയിൽ അതിനെക്കുറിച്ച് ഓർക്കരുത്.

മരയ്ക്കാരേ, ഇനിയൊരിക്കലും എനിക്കത് വീട്ടാൻ കഴിഞ്ഞെന്നു വരില്ല.

വീടാത്തകടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്. അത് അങ്ങനെതന്നെയിരിക്കട്ടെ.

എന്റെ ഉള്ളു പൊട്ടുന്നു, എന്റെ പ്രാണൻ പറിയുന്നു.

പടച്ചവൻ തുണയ്ക്കട്ടെ, മുത്തുനബി തുണയ്ക്കട്ടെ, നിന്റെയും എന്റെയും ദൈവങ്ങൾ തുണയ്ക്കട്ടെ.

കരിമ്പനപ്പട്ടകളിലെ കാറ്റ് ദൈവസാന്ദ്രമായി. കുട്ട്യസ്സൻ മാപ്പിളയെ വിട്ടുകൊണ്ട് വെള്ളായിയപ്പൻ യാത്ര തുടർന്നു. ഇനിയും നാലുകല്ലു നടക്കണം. വഴിയിൽ പിന്നെയും ഒരഭിമുഖം, നീലിമണ്ണാത്തി. അലക്കിയ തുണികളുടെകെട്ട് ചുമലിൽ ഞാത്തി എതിരേവന്ന നീലി വഴിമാറിനിന്നു.

'വെള്ളായിച്ചോ,' അവൾ പറഞ്ഞു. അത്രമാത്രം.

'നീലിയേ,' വെള്ളായിയപ്പൻ പറഞ്ഞു. അത്രമാത്രം.

രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് സാന്ത്വനത്തിന്റെ നിറവ്. വെള്ളായിയപ്പൻ നടന്നു.

ചവിട്ടടിപ്പാത വെട്ടുവഴിയിൽ ചേർന്നു. വെള്ളായിയപ്പൻ വെട്ടുവഴിയിലൂടെ നടന്നു. വെട്ടുവഴി പുഴയിലേക്കിറങ്ങി. പുഴകടന്നു മേടുകയറിയാൽ പിന്നെ തീവണ്ടിയാപ്പീസിലേക്കുള്ള വഴിയാണ്. പുഴമണലിൽനിന്ന് വെള്ളായിയപ്പൻ പുഴവെള്ളത്തിലേക്കിറങ്ങി. കാൽവണ്ണയെ തഴുകിക്കൊണ്ട്, പരൽമീനുകളെ പേറിക്കൊണ്ട് പുഴ ഒഴുകി. പുഴയുടെ നടുക്കെത്തിയപ്പോൾ കുളിയുടെ അനുഭവം വെള്ളായിയപ്പനെ തളർത്തി. അപ്പന്റെ ശവത്തെ കുളിപ്പിച്ചത്, മകനെ അവന്റെ കുട്ടിക്കാലത്ത് കുളത്തിൽ കുളിപ്പിച്ചത്. ഇളംചൂടുള്ള വെള്ളം, അതൊക്കെയും

XII Std Malayalam Full Set.indb 139 4/29/2019 5:34:51 PM

ഓർമിപ്പിച്ചു. പുഴ കടന്ന് അപ്പുറത്തെ മേടു കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു.

തീവണ്ടിയാപ്പീസിലെത്തിയ വെള്ളായിയപ്പൻ ചീട്ടു വാങ്ങുന്നേടത്ത് വരിയിൽ നിന്നു. ഉടുമുണ്ടിന്റെ കോന്തലയഴിച്ചു പണം പുറത്തേക്കെടുത്തു.

'കണ്ണൂർ,' വെള്ളായിയപ്പൻ പറഞ്ഞു.

ഗുമസ്തൻ ചീട്ടെടുത്ത് അച്ചുകുത്തി ജനാലയിലൂടെ പുറത്തേക്കിട്ടപ്പോൾ യാത്രയിൽ ഒരുഘട്ടം താണ്ടിയതുപോലെ വെള്ളായിയപ്പനു തോന്നി. ചീട്ടിനെ മുണ്ടിന്റെ കോന്തലയിൽകെട്ടി വെള്ളായിയപ്പൻ പടവുകയറി പ്ലാറ്റ്ഫോറത്തിലെത്തി ബഞ്ചിൽ വണ്ടിക്കായി കാത്തിരുന്നു. അകലെ സൂര്യൻ താഴുന്നു. ഇരുണ്ടുതുടങ്ങുന്ന കരിമ്പനകൾക്കു മുകളിലൂടെ പക്ഷികൾ പറന്നു കൂടുപറ്റുന്നു. മുണ്ടകപ്പാടത്തിന്റെ വരമ്പത്തു തന്റെ ചെറുവിരലിൽ പിടിച്ചുകൊണ്ട് അസ്തമയത്തിന്റെ പക്ഷികളെ നോക്കി അത്ഭുതപ്പെട്ട മകനെ വെള്ളായിയപ്പൻ ഓർത്തു. അസ്തമയത്തിലൂടെ പാടത്തേക്ക് ഇറങ്ങിനടക്കുന്ന സ്വന്തം അപ്പനെ ഓർത്തു. രണ്ടുചിത്രങ്ങൾ, അവയ്ക്കിടയിൽ രണ്ടു പേരുകൾക്കിടയിലെന്നപോലെ, രണ്ടുവാക്കുകൾക്കിടയിലെന്നപോലെ. എന്തിന്റെയൊക്കെയോ നിറവ്. ബഞ്ചിൽ ബാക്കിയുണ്ടായിരുന്ന സ്ഥലത്തുവന്ന് ഇരുപ്പുറപ്പിച്ച ഒരു കാരണവർ ചോദിച്ചു:

'കോയമ്പത്തൂർക്കോ ?'

'കണ്ണൂർക്ക്." വെള്ളായിയപ്പൻ പറഞ്ഞു.

'നാന് കോയമ്പത്തൂർക്കാണ്."

'ഓ."

'കണ്ണൂർ എന്താ പണി?"

'വിചേഴിച്ച് ഒന്നുവില്ല."

'വെറുതെ പുഗ്ഗാണ്?'

അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റി മുറുകി. പാഴുതറയുടെ നെടുവരമ്പു കടന്നാൽ ലോകം മുഴുവൻ അപരിചിതരാണ്. അപരിചിതരുടെ താത്പര്യരഹിതമായ സംഭാഷണം എണ്ണമറ്റ കൊലക്കയറുകളായി. കോയമ്പത്തൂരിലേക്കുള്ള വണ്ടി നേരത്തെ വരികയാൽ ബഞ്ചിൽ സമീപത്തിരുന്ന കാരണവർ എഴുന്നേറ്റുപോയി. വെള്ളായിയപ്പൻ തനിച്ചായി. ചോറുപൊതി അഴിക്കാൻ തോന്നിയില്ല. തുവർത്തിലൂടെ പുറത്തേക്കു കുതിർന്ന അതിന്റെ നനവിൽ കൈവെച്ചുകൊണ്ട് വെള്ളായിയപ്പൻ ഇരുന്നു. അങ്ങനെ ഇരുന്ന് ഉറങ്ങി. ഉറക്കത്തിൽ കിനാവുകണ്ടു. കിനാവിൽ വെള്ളായിയപ്പൻ പറഞ്ഞു, 'കണ്ടുണ്ണിയേ, മകനേ.'

തീവണ്ടിയുടെ ചീറ്റലും നടുക്കവും വെള്ളായിയപ്പനെ ഉണർത്തി. വെള്ളായിയപ്പൻ തട്ടിപ്പിടഞ്ഞ് എഴുന്നേറ്റു. മുണ്ടിന്റെ കോന്തലയിലെ ചീട്ട് അവിടെത്തന്നെയുണ്ടോ എന്നു നോക്കി നിജം വരുത്തി. പതുക്കെ വണ്ടിയിലേക്കു നടന്നു. ഒഴിവ് കണ്ടിടത്തു കേറാൻ തുടങ്ങി.

'ഇത് ഒന്നാം ക്ലാസ്സാണ്, കാർന്നോരേ."

XII Std Malayalam Full Set.indb 140 4/29/2019 5:34:51 PM



‘തന്നെ?”

അപ്പുറത്തെ പെട്ടിയിൽ. ‘റിസർവ്ഡ് ആണ്.’

‘തന്നെ?”

‘അപ്പുറത്തു നോക്കിക്കോളൂ, കാർന്നോരേ.’

അപരിചിതരുടെ സ്വരങ്ങൾ.

ഒടുവിൽ ഒരുപെട്ടിയിൽ കയറിക്കൂടി. ഇരിക്കാനിടമില്ല. പിടിച്ചുനിൽക്കാം. ഞാൻ നിന്നുകൊള്ളാം. എനിക്കുറങ്ങേണ്ട. ഈ രാത്രിയിൽ എന്റെമകൻ ഇറക്കമിളയ്ക്കുന്നു. തീവണ്ടിയുടെ താളം, നിലംമാറുന്നതനുസരിച്ച് അതിന്റെ താളഭേദം. വഴിവിളക്കുകൾ, പുഴമണൽത്തിട്ടകൾ, മരങ്ങൾ. വളരെ മുമ്പൊരിക്കലാണ് തീവണ്ടിയിൽ സഞ്ചരിച്ചിട്ടുള്ളത്. പകലിന്റെ വെളിച്ചത്തിൽ. ഇതു രാത്രിവണ്ടിയാണ്. മങ്ങിയചിത്രങ്ങൾ പതിച്ച ചുവരുകളുള്ള ഒരു തുരങ്കത്തിലൂടെ അതു പായുന്നു.

കണ്ണൂരെത്തിയപ്പോൾ നേരം പുലർന്നിട്ടില്ല. അപ്പോഴും കെട്ടഴിക്കാതെ പൊതിച്ചോറ് കൈയിലിരുന്നു. ഗെയ്റ്റിൽ ചീട്ടുതിരിച്ചുകൊടുത്തുകൊണ്ട് വെള്ളായിയപ്പൻ പുറത്തുകടന്നു. ആകാശത്തിന്റെ ഇരുട്ടിൽ അകലെയെവിടെയോ വിടരുന്ന പുലരിയുടെ സൂചന. തീവണ്ടിയാപ്പീസിന്റെ മുറ്റത്തു കൂട്ടം തട്ടിനിന്ന കുതിരവണ്ടിക്കാർ വണ്ടി വേണോ എന്ന് വെള്ളായിയപ്പനോടു ചോദിച്ചില്ല. വെള്ളായിയപ്പൻ ചോദിച്ചു: ‘ജയിലിലിക്ക് ഏതിയാണ് വഷി?’

ആരോ ചിരിച്ചു. ഇതാ ഒരു കിഴവൻ നേരം പുലരുന്നതിനുമുമ്പു ജയിലിലേക്കുള്ള വഴി തേടുന്നു. വീണ്ടും ആരോ ചിരിച്ചു: കാരണവരേ, കട്ടാൽ മതി, ജയിലിലെത്തിച്ചേരാം. അപരിചിതരുടെ സ്വരങ്ങൾ കഴുത്തിനുചുറ്റും പിരിഞ്ഞുമുറുകി. വെള്ളായിയപ്പനു ശ്വാസം മുട്ടി.

XII Std Malayalam Full Set.indb 141 4/29/2019 5:34:51 PM

അവസാനം ആരോ വഴിപറഞ്ഞുകൊടുത്തു. വെള്ളായിയപ്പൻ നടന്നു. കാക്കക്കരച്ചിലോടെ മുകളിൽ പതുക്കെ ആകാശങ്ങൾ തെളിഞ്ഞു. ജയിലിന്റെ പടിക്കൽ പാറാവുകാരൻ

വെള്ളായിയപ്പനെതടഞ്ഞു.'

എങ്ങോട്ടാ ഈ രാവിലെ?

'ഒരു കുട്ടിയുടെ നിസ്സഹായതയോടെ അയാൾ പാറാവുകാരന്റെ മുമ്പിൽ നിന്നു. എന്നിട്ട് പതുക്കെ മുണ്ടിന്റെ കോന്തലയഴിച്ചു. മഞ്ഞനിറത്തിലുള്ള ഒരു കടലാസ് പുറത്തെടുത്തു. കടലാസ് ചുരുണ്ട് അലങ്കോലമായിരുന്നു.

'എന്താത്?' പാറാവുകാരൻ ചോദിച്ചു.

വെള്ളായിയപ്പൻ കടലാസ് പാറാവുകാരനെ ഏൽപ്പിച്ചു. പാറാവുകാരൻ കടലാസ്സിലേക്കു നോക്കിയില്ല. വേള്ളായിയപ്പൻ പറഞ്ഞു: 'എന്റെ കുട്ടി ഇബ്ടെ ഇണ്ടു.'

'ഈ പുലർച്ചെ ആരാ വരാമ്പറഞ്ഞത്?" പാറാവുകാരൻ പരുക്കനായി പറഞ്ഞു: 'ആപ്പീസ് തൊറക്കട്ടെ." ഏതോ ശീലത്തിന്റെ സ്വാധീനത്തിൽ പാറാവുകാരൻ കടലാസ് നിവർത്തിനോക്കി. പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവുറ്റതായി.

'നാളെയാണ്, അല്ലേ?' പാറാവുകാരൻ പറഞ്ഞു.

'എയ്ക്കി പിടിയില്ല' വെള്ളായിയപ്പൻ പറഞ്ഞു. 'കടലാശില് എന്താണ് എഷ്തിക്കെട്ക്ക്ണത്, ആവോ ?'

പാറാവുകാരൻ കടലാസ്സിലെ വിവരങ്ങൾ ഒരിക്കൽക്കൂടി ശ്രദ്ധിച്ചു വായിച്ചു.

'അതെ, നാളെ രാവിലെ അഞ്ചുമണിക്ക്." അയാൾ പറഞ്ഞു.

വെള്ളായിയപ്പന്റെ കണ്ണുകൾ വിടർന്നു.

അവയിൽ അന്ധാളിപ്പു, നിറഞ്ഞു.

'തന്നേ?" വെള്ളായി'യപ്പൻ പറഞ്ഞു.

'കാർന്നോര് ഇവിടെ ഇരിക്കൂ."

'ഓ."

ജയിലിന്റെ ഉമ്മറത്തെ ചാരുപടിയിൽ വെള്ളായിയപ്പൻ ഇരുന്നു. അമ്പലത്തിലെ നടതുറക്കാൻ കാത്തിരിക്കുന്നതുപോലെ.

'കാർന്നോർക്ക് ചായോ മറ്റോ വേണോ?"

'വേണ്ട'

എന്റെമകൻ ഈരാത്രിയിൽ ഉറങ്ങിയിട്ടുണ്ടാവില്ല. ഉറങ്ങാതെ ഉണർന്നിട്ടുണ്ടാവില്ല. ഉറങ്ങാതെ, ഉണരാതെ അവനു ചായ കുടിക്കാൻ മനസ്സു വരുന്നതെങ്ങനെ? വെള്ളായിയപ്പന്റെ കൈപ്പടം പൊതിച്ചോറിലമർന്നു. മകനേ, ഈ പൊതിച്ചോറ് നിന്റെഅമ്മ എനിക്കുവേണ്ടി പൊതിഞ്ഞതാണ്. യാത്രയിൽ ഞാൻ അതുകഴിക്കാതെ ഇവിടംവരെ എത്തിച്ചു. ഇനി നിനക്കുതരാൻ എന്റെ

XII Std Malayalam Full Set.indb 142 4/29/2019 5:34:52 PM

കൈയിൽ ഇതു മാത്രമേയുള്ളു. തുവർത്തിനകത്ത് കെട്ടഴിക്കാതെ കിടന്ന പാഥേയം പുളിച്ചു. നേരം പതുക്കെപ്പതുക്കെ വെളുത്തു. നേരം പതുക്കെപ്പതുക്കെ കനച്ചു. ആപ്പീസ് തുറന്നു. ആളുകൾ മേശകൾക്കു പുറകിൽ സ്ഥലം പിടിച്ചു. പാറാവുകാർ കവാത്തു നടത്തി. തടവറ സജീവമായി. മേധാവികൾ കടലാസ് പരിശോധിക്കുന്നു മേധാവികൾ ഉത്തരവിടുന്നു. ഉത്തരവുകളുടെ അപരിചിതസ്വരങ്ങൾ. വിദ്വേഷവും നിന്ദയും പകയുമില്ലാത്ത കുരുക്കുകൾ, അവ ചുറ്റിപ്പിടിച്ചു ശ്വാസംമുട്ടിക്കുന്നു. വെയിലിനു ചൂടു കൂടുന്നു.

ഇവിടെ കാത്തിരിക്കൂ. വെള്ളായിയപ്പൻ കാത്തിരിക്കുന്നു. നീണ്ടു നീണ്ട കാത്തിരിപ്പിനുശേഷം ഒരു പാറാവുകാരൻ വെള്ളായിയപ്പനെ തടവറയുടെ ഉള്ളുകളിലേക്കു കൂട്ടിക്കൊണ്ടു പോകുന്നു, വെയിലിന്റെ ചൂടറിയാത്ത തണുത്ത ഇടനാഴികൾ.

ഇതാ ഇവിടെയാണ്. ഇരുമ്പഴികൾക്കു പിന്നിൽ കണ്ടുണ്ണി നിന്നു. അപരിചിതനെപ്പോലെ കണ്ടുണ്ണി വെള്ളായിയപ്പനെ നോക്കി. സാന്ത്വനം കൊടുക്കുകയോ വാങ്ങുകയോ ചെയ്യാനാവാത്ത മനസ്സിന്റെ മറ. പാറാവുകാരൻ അഴിവാതിൽ തുറന്ന് വെള്ളായിയപ്പനെ അകത്തു പ്രവേശിപ്പിച്ചു. അച്ഛനും മകനും നേരോടു നേരായി തെല്ലിടനേരം നിന്നു. പിന്നെ വെള്ളായിയപ്പൻ മകനെ കെട്ടിപ്പിടിച്ചു. കണ്ടുണ്ണി ശ്രവണത്തിനപ്പുറത്തുള്ള ഒരു സ്ഥായിയിൽ നിലവിളിച്ചു. വെള്ളായിയപ്പൻ കരഞ്ഞുവിളിച്ചു: 'മകനേ!'

കണ്ടുണ്ണി മറുവിളി വിളിച്ചു : 'അപ്പാ!'

രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് ദു:ഖത്തിൽ, മൗനത്തിൽ, അച്ഛനും മകനും അറിവുകൾ കൈമാറി.

മകനേ, നീ എന്തു ചെയ്തു?

എനിക്കോർമയില്ല, അപ്പാ.

മകനേ, നീ കൊലപാതകം നടത്തിയോ?

എനിക്കോർമയില്ല.

സാരമില്ല മകനേ, ഇനിയൊന്നും ഓർമ്മിക്കേണ്ടതില്ല.

പാറാവുകാർ ഓർമ്മിക്കുമോ?

ഇല്ല മകനേ.

അപ്പൻ എന്റെ വേദന ഓർമ്മിക്കുമോ?

ഉച്ചസ്ഥായിയിലുള്ള നിശ്ശബ്ദമായ നിലവിളി: "അപ്പാ, എന്നെ തൂക്കിക്കൊല്ലാൻ സമ്മതിക്കരുതേ.

രണ്ടു വാക്കുകൾക്കിടയ്ക്ക് ഈ വിനിമയമത്രയും.

'കാർന്നോരേ, പൊറത്തു വരൂ. സമയം കഴിഞ്ഞു.'

വെള്ളായിയപ്പൻ പുറത്തു വരുന്നു. അയാൾക്കു പിന്നിൽ ഇരുമ്പഴിവാതിൽ അടയുന്നു. നീങ്ങുന്ന തീവണ്ടിമുറിയിൽനിന്നു പുറത്തേക്കു നോക്കുംപോലെ. ഇരുമ്പഴിയിലൂടെ പുറത്തേക്കുനോക്കിക്കൊണ്ട് അപരിചിതനായി കണ്ടുണ്ണി

XII Std Malayalam Full Set.indb 143 4/29/2019 5:34:52 PM

നിന്നു. അവസാനത്തെ തിരിഞ്ഞുനോട്ടത്തിന്റെ ശ്രദ്ധാഞ്ജലിയോടെ വെള്ളായിയപ്പൻ നടന്നകന്നു.

ജയിലിന്റെ പരിസരങ്ങളിൽ വെള്ളായിയപ്പൻ അങ്ങുമിങ്ങുമായി കാത്തുകിടന്നു. സൂര്യൻ ഉച്ചിയിലെത്തി. നേരംതാണു. ഈ രാത്രിയിൽ കണ്ടുണ്ണി ഉറങ്ങുമോ? രാത്രി പിന്നിടുന്നു. മതിലുകൾക്കകത്ത് കണ്ടുണ്ണി ജീവിക്കുന്നു.

പുലർച്ചയ്ക്കുമുമ്പു കൊമ്പുവിളികൾ മുഴങ്ങുന്നത് വെള്ളായിയപ്പൻ കേട്ടു. അതു വധശിക്ഷയുടെ ചടങ്ങാണെന്ന് വെള്ളായിയപ്പൻ അറിഞ്ഞിരുന്നില്ല. രാവിലെ അഞ്ചുമണിക്കാണെന്ന് അവർ പറഞ്ഞിരുന്നു. കൈയിൽ ഘടികാരമില്ലെങ്കിലും ഒരു കർഷകന്റെ ജന്മസിദ്ധിയിലൂടെ വെള്ളായിയപ്പൻ സമയം അറിഞ്ഞു.

ഒരു പേറ്റിച്ചിയെപ്പോലെ, തന്റെമകന്റെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരിൽ നിന്ന് ഏറ്റുവാങ്ങി. കാരണവർക്കു താത്പര്യമുള്ളതുപോലെ ശവം സംസ്കരിക്കാം.

വേണ്ട. എനിക്കു താത്പര്യമില്ല.

ശവത്തിന്റെ ചുമതല നിങ്ങൾ ഏൽക്കുന്നില്ലേ? യജമാനന്മാരേ, എന്റെ കൈയിൽ പണമില്ല.

ഉന്തുവണ്ടിയുടെ പുറകെ തോട്ടികളുടെ കൂടെ വെള്ളായിയപ്പൻ നടന്നു. പട്ടണത്തിനു പുറത്തുള്ള വെളിനിലങ്ങൾക്കു മുകളിൽ കഴുകന്മാർ ചുറ്റിപ്പറന്നു. മഞ്ഞു മൂടുന്നതിനുമുമ്പ് കണ്ടുണ്ണിയുടെ മുഖം വെള്ളായിയപ്പൻ ഒരു നോക്കു കണ്ടു. ആ നെറ്റിയിൽ കൈപ്പടംവച്ച് അനുഗ്രഹിച്ചു.

വെള്ളായിയപ്പൻ വെയിലത്ത് അലഞ്ഞു നടന്ന് കടൽപ്പുറത്തെത്തി; ആദ്യമായി കടൽ കാണുകയാണ്. കൈപ്പടങ്ങളിൽ എന്തോ നനഞ്ഞു കുതിരുന്നു. കോട്ച്ചി കെട്ടിത്തന്ന പൊതിച്ചോറാണ്. വെള്ളായിയപ്പൻ പൊതിയഴിച്ചു. വെള്ളായിയപ്പൻ അന്നം നിലത്തേക്കെറിഞ്ഞു. വെയിലിന്റെ മുകൾത്തട്ടുകളിലെവിടെനിന്നോ ബലിക്കാക്കകൾ അന്നം കൊത്താൻ ഇറങ്ങിവന്നു.

XII Std Malayalam Full Set.indb 144 4/29/2019 5:34:52 PM

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. ഖസാക്കിന്റെ ഇതിഹാസം ആരെഴുതിയ നോവലാണ്?

   അ. ഒ. വി. വിജയൻ.

   ആ. എം. മുകുന്ദൻ.

   ഇ. സി. രാധാകൃഷ്ണൻ.

   ഈ. സാറാ ജോസഫ്.

2. വെള്ളായിയപ്പൻ യാത്ര പുറപ്പെട്ടത് എങ്ങോട്ടാണ്?

   അ. കണ്ണൂർ

   ആ. തൃശൂർ

   ഇ. വാഗമൺ

   ഈ. ബത്തേരി

3. അപ്പന്റെ ശവത്തെ കുളിപ്പിച്ചത്, മകനെ അവന്റെ കുട്ടിക്കാലത്ത് കുളത്തിൽ കുളിപ്പിച്ചത്, ഇളം ചൂടുള്ള വെള്ളം. അതൊക്കെയും ഓർമിപ്പിച്ചു. പുഴകടന്ന് അപ്പുറത്തെ മേടു കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു. ഏത് കഥയിലെ വരികളാണിത്?

   അ. കടൽത്തീരത്ത്

   ആ. ഒരു നീണ്ട രാത്രിയുടെ ഓർമ്മയ്ക്കായി

   ഇ. അശാന്തി

   ഈ. കാറ്റു പറഞ്ഞ കഥ

4. വെള്ളായിയപ്പന്റെ മകന്റെ പേരെന്ത്?

   അ. കണ്ടുണ്ണി

   ആ. മണ്ടുണ്ണി

   ഇ. അപ്പുണ്ണി

   ഈ. പാലുണ്ണി

II. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

വെള്ളായിയപ്പന്റെ അശാന്ത മനസ്സിന്റെ ചിത്രീകരണം കടൽത്തീരത്ത് എന്ന കഥയിൽ തെളിയുന്നതെങ്ങനെ? വിശദീകരിക്കുക?

XII Std Malayalam Full Set.indb 145 4/29/2019 5:34:52 PM

ഭാഗം 7

ഹരിതസംസ്കാരം



പഠനലക്ഷ്യങ്ങൾ

- പ്രകൃതി മനുഷ്യനു നല്കുന്ന കരുതലിനെക്കുറിച്ചറിയൽ
- ഭൂമിയുടെ ഹരിതഗുണസംരക്ഷണത്തിന്റെ ആവശ്യകത തിരിച്ചറിയൽ

പാഠഭാഗങ്ങൾ

കവിത	:	പൂക്കാതിരിക്കാനെനിക്കാവതില്ലേ	- അയ്യപ്പപ്പണിക്കർ
ഗദ്യം	:	ഹരിതജാഗരണം	- പി. എൻ. ദാസ്
ഉപപാഠം	:	ഭൂമിയുടെ അവകാശികൾ	- വൈക്കം മുഹമ്മദ് ബഷീർ

XII Std Malayalam Full Set.indb 146 4/29/2019 5:34:52 PM

കവിത

പൂക്കാതിരിക്കാനെനിക്കാവതില്ലേ

- ഡോ. കെ. അയ്യപ്പപ്പണിക്കർ



അയ്യപ്പപണിക്കർ [1930 - 2006] ആലപ്പുഴ ജില്ലയിലെ കാവാലംകരയിൽ ജനിച്ചു. മലയാള കവിതാരംഗത്ത് ആധുനികതയെ പരിചയപ്പെടുത്തിയവരിൽ പ്രമുഖനാണ് കവിയും സാഹിത്യ വിമർശകനുമായ അയ്യപ്പപ്പണിക്കർ. അദ്ദേഹത്തിന്റെ കുരുക്ഷേത്രം എന്ന കവിതയാണ് മലയാളത്തിൽ 'ആധുനിക കവിത'ക്ക് തുടക്കം കുറിച്ചതിൽ മുഖ്യസ്ഥാനത്ത് നിൽക്കുന്നത്.

മൃത്യുപൂജ, പകലുകൾരാത്രികൾ, ഗോപി കാദണ്ഡകം, ഹേ! ഗഗാറിൻ, പ്രിയതമേ പ്രഭാതമേ! എന്നിവയെല്ലാം ശ്രദ്ധേയമായ കവിതകളാണ് കവിതയ്ക്കും നിരൂപണത്തിനും കേരളസാഹിത്യഅക്കാദമി അവാർഡുകളും കവിതയ്ക്ക് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും ലഭിച്ചിട്ടുണ്ട്.

പ്രകൃതിയിൽ വരുന്ന ഋതുഭേദങ്ങൾ ജീവജാലങ്ങളെ വ്യത്യസ്ത രീതിയിലാണ് സ്വാധീനിക്കുന്നത്. കണിക്കൊന്നയെ സംബന്ധിച്ച് വിഷുക്കാലമെത്തിയാൽ പൂക്കാതിരിക്കാനാവില്ല. ഏതെല്ലാം തരത്തിലുള്ള പ്രതിബന്ധങ്ങളുണ്ടായാലും കാലമെത്തിയാൽ മനുഷ്യന്റെ ഗുണത്തിനുവേണ്ടി താൻ മഞ്ഞയണിഞ്ഞ് ശോഭിച്ചു നിൽക്കുമെന്നും തനിക്ക് പൂത്തേ മതിയാവൂ എന്നും പറയുന്ന ഈ കവിത അയ്യപ്പപ്പണിക്കരുടെ തിരഞ്ഞെടുത്ത കവിതകൾ എന്ന സമാഹാരത്തിലുള്ളതാണ്.

എനിക്കാവതില്ലേ പൂക്കാതിരിക്കാൻ
എനിക്കാവതില്ലേ കണിക്കൊന്നയല്ലേ
വിഷുക്കാലമല്ലേ പൂക്കാതിരിക്കാൻ
എനിക്കാവതില്ലേ വിഷുക്കാലമെത്തി-
ക്കഴിഞ്ഞാലുറക്കത്തിൽ ഞാൻ ഞെട്ടി
ഞെട്ടിത്തരിക്കും ഇരുൾത്തൊപ്പി പൊക്കി-

XII Std Malayalam Full Set.indb 147 4/29/2019 5:34:53 PM

പ്പതുക്കെ പ്രഭാതം ചിരിക്കാൻ ശ്രമിക്കും
പുലർച്ചക്കുളിർകാറ്റു വീശിപ്പറക്കും
വിയൽപ്പക്ഷി ശ്രദ്ധിച്ചു നോക്കും
ഞരമ്പിൻെറയുള്ളിൽ ത്തിരക്കാ-



XII Std Malayalam Full Set.indb 148 4/29/2019 5:35:01 PM

ണലുക്കിട്ട മേനിപ്പുളപ്പിന്നു പൂവൊക്കെ-
യെത്തിച്ചൊരുക്കിക്കൊടുക്കാൻ തിടുക്കം തിടുക്കം
ഉണങ്ങിക്കരിഞ്ഞെന്നു തോന്നിച്ച കൊമ്പിൻ -
മുനമ്പിൽത്തിളങ്ങുന്നു പൊന്നിൻ പതക്കങ്ങൾ
എൻ താലി നിൻ താലി പൂത്താലിയാടി -
ക്കളിക്കുന്ന കൊമ്പത്തു സമ്പത്തു കൊണ്ടാടി -
നിൽക്കുംകണിക്കൊന്നയല്ലേ പൂക്കാതിരിക്കാൻ
എനിക്കാവതില്ലേ.
എവിടെന്റെ ഹരിതങ്ങളെല്ലാം മറഞ്ഞൂ
എവിടെന്റെ ദുരിതങ്ങൾ കൊടുവേനലിൽ
കത്തിയെരിയുന്ന താപങ്ങൾ കടുമഞ്ഞി -
ലുറയുന്ന വനരോദനങ്ങൾ മഴവന്നൊടിച്ചിട്ട
മൃദുശാഖകൾ സർവമെവിടെയോ
മായുമ്പൊഴെവിടെനിന്നെവിടെനിന്നണയുന്നു.
വീണ്ടുമെൻ ചുണ്ടിലും മഞ്ഞതൻ മധുരസ്മിതങ്ങൾ
തളിരിന്റെ തളിരായ താലീവിലാസം
എവിടെനിന്നെവിടെനിന്നണയുന്നു മേടവിഷു -
സംക്രമപ്പുലരിയോ കുളിർകോരിയെത്തുന്നു
കണികാണുവാൻ, ഭാവി ഗുണമേകുവാൻ കുഞ്ഞു
നയനങ്ങളെന്നെയോർത്തെന്നേയിമ പൂട്ടി -
യുണരാതെ, യുണരുമ്പോഴും മിഴി തുറക്കാതെ -
യിത്തിരി തുറന്നാലുമാരുമതു കാണാതെ കാണാതെ

XII Std Malayalam Full Set.indb 149 4/29/2019 5:35:03 PM

കണികാണുവാൻ കാത്തിരിക്കുന്നിതവരുടെ
ഗുണത്തിനായ് ഞാൻ മഞ്ഞയണിയുന്നു
ഒരു നിറം മാത്രമേ തന്നതുള്ളൂ വിധി,
എനിക്കാവതില്ലേ പലവർണമാവാൻ,
കണിക്കൊന്നയല്ലേ, വിഷുക്കാലമല്ലേ,
എനിക്കാവതില്ലേ പൂക്കാതിരിക്കാൻ
എനിക്കാവതില്ലേ.

XII Std Malayalam Full Set.indb 150 4/29/2019 5:35:06 PM

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. പൂക്കാതിരിക്കാൻ എനിക്കാവില്ല എന്നു പറയുന്നത്

   അ. മുല്ല

   ആ. പിച്ചകം

   ഇ. ചെമ്പകം

   ഈ. കണിക്കൊന്ന

2. ഏതു കാലത്തെക്കുറിച്ചാണ് ഈ കവിതയിൽ പറയുന്നത്

   അ. ഓണക്കാലം

   ആ. വിഷുക്കാലം

   ഇ. തിരുവാതിരക്കാലം

   ഈ. മഴക്കാലം

3. കുളിർകാറ്റു വീശിപ്പറക്കുമ്പോൾ ഏത് പക്ഷിയാണ് ശ്രദ്ധിച്ചു നോക്കുന്നത്?

   അ. വിയൽപ്പക്ഷി

   ആ. മഴപ്പക്ഷി

   ഇ. വാലുകുലുക്കി പക്ഷി

   ഈ. ചക്രവാകപ്പക്ഷി

4. ആരുടെ ഗുണത്തിനായാണ് കണിക്കൊന്ന മഞ്ഞണിഞ്ഞത്?

   അ. കണികാണാനിരിക്കുന്നവരുടെ

   ആ. ഉത്സവം കാണാനിരിക്കുന്നവരുടെ

   ഇ. വഴിയാത്രക്കാരുടെ

   ഈ. കുട്ടികളുടെ

XII Std Malayalam Full Set.indb 151 4/29/2019 5:35:06 PM

II. ഉത്തരമെഴുതുക

1. ഉണങ്ങിക്കരിഞ്ഞെന്നു തോന്നിച്ച കൊമ്പിൻ

   മുനമ്പിൽത്തിളങ്ങുന്നു പൊന്നിൻ പതക്കങ്ങൾ

   അ.ഏത് കവിതയിലെ വരികളാണിത്

   ആ. ഇതെഴുതിയ കവി ആരാണ്

2. കണികാണുവാൻ കാത്തിരിക്കുന്നിതവരുടെ

   ഗുണത്തിനായ് ഞാൻ മഞ്ഞയണിയുന്നു

   അ. ഏത് കവിതയിലെ വരികളാണിത്

   ആ. ഇതെഴുതിയ കവി ആരാണ്

III. ഉത്തരം ചുരുക്കിയെഴുതുക

1. വിഷുക്കാലമെത്തിയാൽ പ്രകൃതിക്കുണ്ടാവുന്ന മാറ്റങ്ങൾ എന്തൊക്കെയാണ്

2. സർവവുമെവിടെയോ മായുമ്പോഴും, തന്റെ ചുണ്ടിൽ, മഞ്ഞയുടെ മധുരസ്മിതങ്ങൾവന്നണയും. എവിടെയോ മായുന്നതായി കവി പറയുന്നതെന്തൊക്കെയാണ്?

3. എന്തിനുവേണ്ടിയാണ് കണിക്കൊന്ന മഞ്ഞയണിയുന്നത്?

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

1. പൂക്കാതിരിക്കാനെനിക്കാവതില്ലേ എന്ന കവിതയ്ക്ക് ആസ്വാദനമെഴുതുക

V. മനപ്പാഠമാക്കാനുള്ള വരികൾ

എനിക്കാവതില്ലേ പൂക്കാതിരിക്കാൻ.....

..... മായുമ്പൊഴെവിടെനിന്നെവിടെനിന്നണയുന്നു.

XII Std Malayalam Full Set.indb 152 4/29/2019 5:35:06 PM

ഗദ്യം

ഹരിതജാഗരണം

-പി. എൻ. ദാസ്

പി.എൻ. ദാസ് തൃശ്ശൂരിൽ ജനിച്ചു. ധീരമായും സ്വതന്ത്രമായും എഴുത്തിന്റെ വഴിയിൽ സഞ്ചരിക്കുന്നു ദീപാങ്കുരൻ എന്ന തൂലികാനാമത്തിലും എഴുതുന്നു. വാക്കുകളുടെവനത്തിൽനിന്ന് ഒരിലയുമായി, സംസ്കാരത്തിന്റെ ആരോഗ്യവും ആരോഗ്യത്തിന്റെ സംസ്കാരവും, കരുണയിലേക്കുള്ള തീർത്ഥാടനം, ബോധി വൃക്ഷത്തിന്റെ ഇലകൾ, ബുദ്ധൻ കത്തിയെരിയുന്നു ഇവയാണ് പ്രധാനകൃതികൾ. വൈദികസാഹിത്യത്തിനുള്ള കേരള സാഹിത്യ അക്കാദമിയുടെ കെ. ആർ. നമ്പൂതിരി എൻഡോവ്മെൻറ് അവാർഡ് നേടിയിട്ടുണ്ട്.



ബോധി വൃക്ഷത്തിന്റെ ഇലകൾ എന്ന ലേഖനസമാഹാരത്തിൽ നിന്നെടുത്തതാണ് മനുഷ്യൻ പ്രകൃതിയോട് എത്രത്തോളം ശ്രദ്ധയും കരുതലും പുലർത്തണമെന്ന് ഓർമ്മിപ്പിക്കുന്ന ഹരിത ജാഗരണം എന്ന ലേഖനം.

പച്ചയോടുള്ള അനുഭവമെന്നാൽ ഭൂമിയിലെ മുഴുവൻ ജീവിതത്തോടുമുള്ള ആദരവാകുന്നു .കുടുംബം, സ്നേഹിതന്മാർ, സമുദായം, മനുഷ്യരാശി എന്നിവയ്ക്കപ്പുറത്തുള്ള ജീവിതത്തിന്റെ മഹത്തായ ക്രമത്തോടുള്ള ആദരവാണത്. സംരക്ഷിക്കാനുള്ള വികാരം സ്നേഹത്തിന്റെ തുടക്കമാകുന്നു. സ്നേഹമില്ലാത്ത മനസ്സ് ഒരിക്കലും ഒരുമരമോ ചെടിയോ ഒരു പൂവോ വളരാത്ത ഭൂമി പോലെയത്രെ. സ്നേഹം ഉണ്ടാകുന്ന നിമിഷം വെള്ളം കൊണ്ട്, മഴകൊണ്ട്, സൗന്ദര്യംകൊണ്ട് ഭൂമി പുഷ്പിക്കുകയാകുന്നു. ഭൂമിയെ പരിചരിക്കുമ്പോൾ ഒരാൾ എല്ലാവരെയും പരിചരിക്കുകയാകുന്നു. മുറ്റത്ത് ഒരുചെടി ഉണങ്ങികരിയുന്നതു കണ്ടിട്ട് ഒരുവികാരവും ഉണ്ടാകാത്ത ആൾക്ക് ഏതോ ഒരുകുട്ടി വിശന്നു മരിക്കുന്നത് യാതൊരു വികാരവും ഉണ്ടാക്കുകയില്ല. 'വിശന്ന്' മരിക്കുന്ന ഒരുകുഞ്ഞിനു മുന്നിൽ പുസ്തകത്തിന് ഒരുവിലയുമില്ല'. എന്ന് (സാർത്ര്) പറയുന്നതിനു പകരം 'ദാഹിച്ചുമരിക്കുന്ന ഒരുചെടിക്കു മുന്നിൽ ഒരു സംസ്കാരത്തിനും ഒരുമതത്തിനും യാതൊരു വിലയുമില്ല'. എന്നത്രേ ഇന്നു നമുക്കു പറയേണ്ടിവരുന്നത്. ഒരുകുഞ്ഞു വിശന്നു മരിക്കാതിരിക്കാതിരിക്കുവാൻ ഒരുചെടി ദാഹിച്ചു മരിക്കാതിരിക്കണം. ഇനി മനുഷ്യന്റെ വിശപ്പുമാറ്റുകയെന്നാൽ ഒരു ചെടിയുടെ ദാഹംതീർക്കുക എന്നുകൂടി അർത്ഥമാണ്, ഒരുകിളിയുടെ വിശപ്പ് മാറ്റുക എന്നുകൂടി അർത്ഥമാണ്, ഒരുതണ്ണീർത്തടത്തിന്റെ തൊണ്ട വരളാതിരിക്കുക എന്നുകൂടി അർത്ഥമാണ്. അത്തരം ഒരു നാളിലാവും ഭൂമിയിലെ മുഴുവൻ മനുഷ്യർക്ക്, ആവശ്യത്തിലുള്ളതിലധികം വിഭവങ്ങളുണ്ടായിട്ടും, മനുഷ്യൻ പട്ടിണികിടന്നു മരിക്കുന്നതിന്റെ സത്യം അറിയാറാവുക.

XII Std Malayalam Full Set.indb 153 4/29/2019 5:35:07 PM



ഭൂമിയുടെ മഹത്തായ ആത്മചൈതന്യവുമായി ലയംപ്രാപിച്ചു കൊണ്ടുള്ള ഒരു ജീവിതം കെട്ടിപ്പടുക്കുകയെന്നത് ഒരാൾ ഇന്നുള്ള ബോധത്തെ മുഴുവൻ മാറ്റിവെച്ച് പുതിയഒരു പഞ്ചേന്ദ്രിയ വ്യവസ്ഥയോടെ ജീവിക്കുന്നതു പോലെയാകുന്നു. പ്രകൃതി - പാരിസ്ഥിതികതയിലുള്ള കണിശനിയന്ത്രണവും നടത്തിപ്പും മനുഷ്യന് ഉപകാരമാവും എന്ന് താഴ്ന്ന പാരിസ്ഥിതികാവബോധത്തിനു പകരം ഭൂമിയിലെ മുഴുവൻ ജീവിഗണങ്ങളെയും ആരുടെയും ഉപദേശം കൂടാതെ പരിഗണിക്കുന്ന 'അഗാധപാരിസ്ഥിതികാവബോധം' ഇന്നു പ്രചരിപ്പിക്കുന്നത് ഭൂമി തന്നെയാകുന്നു.

ഒരു മരുഭൂമിയിൽ എല്ലാ മരങ്ങളും പരിമിതമായ ജലം ഒരുപോലെ പങ്കിടുന്നു. ഒരു സസ്യവർഗ്ഗം മറ്റൊന്നിനെ കൊല്ലുകയോ പിന്തള്ളുകയോ ചെയ്യുന്നില്ല. പോഷകം എത്ര കുറവാണെങ്കിലും എല്ലാറ്റിനും വലുതാകാനാകുന്നില്ലെങ്കിലും അവയെല്ലാം ഒരേപോലെ ചെറുതായി നിലകൊള്ളുന്നു. ചിലജീവികൾ മറ്റു ജീവികളുമായി പൊതുവായ ഒരു പാർപ്പിടം പങ്കുവെക്കുന്നു. ഒരുജീവി രാവിലെ പുറത്തുപോകുമ്പോൾ ഒഴിഞ്ഞുകിടക്കുന്ന പാർപ്പിടം, അതു രാത്രി തിരിച്ചു വരും വരെ മറ്റൊരുതരം ജീവിക്കു വാസസ്ഥാനമാവുകയും തുടർന്ന് രാത്രി അത് മറ്റൊരിടം പാർപ്പിടമാക്കുകയും ചെയ്യുന്നു. ഒരു സവിശേഷഭൂഭാഗത്ത് പുല്ലിന്റെ ഒരു പ്രത്യേക ഭാഗം മാത്രം ഒരുവിഭാഗം മൃഗങ്ങൾ തിന്നുന്നു. രണ്ടാമതൊരു ജീവിവർഗ്ഗം അതേ പുല്ലിന്റെ മറ്റൊരു ഭാഗവും മൂന്നാമതൊരു വർഗ്ഗം പിന്നെയുള്ള ഒരു ഭാഗവും തിന്നുന്നു. അങ്ങനെ ഒരേ സസ്യത്തിന്റെ ഭിന്നഭാഗങ്ങൾ മൃഗങ്ങളിലെ മൂന്നു വിഭാഗങ്ങൾക്കാഹാരമായി മാറുന്നു. ഇവിടെ ഒരുജീവി പട്ടിണിയാകുകയോ മറ്റൊരു വഴിക്ക് ഓടിക്കപ്പെടുകയോ ചെയ്യേണ്ടിവരുന്നില്ല.

നമുക്കുചുറ്റും എത്ര സംവേദനപൂർണ്ണമായാണ് പ്രകൃതിയും ഭൂമിയും ജീവന്റെ അതിസമ്പന്നമായ ആവാസവ്യവസ്ഥ ഒരുക്കിയിരിക്കുന്നത് കാലിഫോർണിയയിലെ ഒരു കെമിസ്റ്റു ഗവേഷകനായ മാർസൽ പൊറഗൽ ചെടികളിൽ മനുഷ്യവികാരങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നുവെന്നതിനെപ്പറ്റി നടത്തിയ ഗവേഷണഫലങ്ങൾ വിസ്മയകരങ്ങളാണ്. ഒരുസസ്യത്തിന്റെ രണ്ടിലകളുമായി അയാൾ ഉയർന്നമൂല്യങ്ങൾ

XII Std Malayalam Full Set.indb 154 4/29/2019 5:35:07 PM

പുലർത്തുന്ന വെവൻവെയ്‌ലി എന്ന കൂട്ടുകാരിയെ കാണാൻ പോയി. ഇലകളിലൊന്ന് അവളുടെ കിടക്കക്കരികിൽ മേശപ്പുറത്തും മറ്റൊന്ന് മുറിയിലല്പം ദൂരത്തും വെക്കുന്നു. ഓരോ ദിനവും ഉണരുമ്പോൾ കിടക്കക്കരികിലുള്ള ഇലയെ അവൾ നോക്കും. അത് ജീവിച്ചുകൊണ്ടിരുന്നതായി അവൾ കണ്ടു; മറ്റേയില മരിച്ചുകൊണ്ടിരിക്കുന്നതായും. ഒരു മാസം കഴിഞ്ഞ് ആ ഇലകളുടെ ഫോട്ടോ എടുത്തു. അവളുടെ നോട്ടം ലഭിക്കാത്ത ഇല പഴുത്തു നശിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവളുടെ നോട്ടം ലഭിച്ച ഇലയാകട്ടെ ഊർജ്ജസ്വലതയോടെ, പച്ചയോടെ അപ്പോൾമാത്രം പൊട്ടിച്ച ഒരിലയെപ്പോലെ കാണപ്പെട്ടു.

നാം ഭൂമിയുടെ ഉടമയാണ്, ഇതിനെ എനിക്ക് അനുസരിപ്പിക്കാം എന്ന വികലധാരണയിൽ നിന്നാണ് ഭൂമിയെ തിരിച്ചറിയുന്നതിൽനിന്ന് നാം അകന്നു പോയത്. ഭൂമിയുടെ ജീവന്റെ ഒരംശമല്ലേ നമ്മൾ? ഭൂമിക്കവകാശപ്പെട്ടതും അതിനാൽ പുലർത്തപ്പെട്ടതും ആയ ഒരു ജീവി? സംസ്കാരത്തിന്റെ ഉദയം മുതൽ പുരുഷൻ സ്ത്രീയെ ചൂഷണം ചെയ്യുകയും അടിമയാക്കി നിലനിർത്തുകയുമായിരുന്നു. സ്ത്രീയോടുള്ള ഇതേ സമീപനം തന്നെയത്രെ, പുരുഷൻ ഭൂമിയോടും പുലർത്തിയത്. സ്ത്രീയെയെന്നപോലെ ഭൂമിയെ ചൂഷണം ചെയ്യാനും ഉപയോഗിക്കാനുമല്ലാതെ ഭൂമിയെ പരിചരിക്കാനോ പരിഗണിക്കാനോ പുരുഷനു കഴിഞ്ഞില്ല. പുരുഷന്റെ ഏകപക്ഷീയവും ക്രൂരവുമായ ഈ സമീപനമാണ് മഹാവനങ്ങളെ വെളുപ്പിക്കുന്നതും ചോലകളെയും, പുഴകളെയും വറ്റിക്കുന്നതും പല ജീവിവംശങ്ങളെയും ഒടുക്കിക്കൊണ്ടിരിക്കുന്നതും. വൻകടലുകളിലെ മത്സ്യങ്ങളും കടൽസസ്യങ്ങളും വരെ മരണത്തെ നേരിടുകയാണ്. പുരുഷാശയപ്രമത്തമായ മനുഷ്യരാശിയുടെ ഇത്തരം പെരുമാറ്റം ഭൂമിയുടെ അന്ത്യത്തെ പ്രവചിക്കുകയാണ്. ഇവിടെ സ്ത്രീത്വത്തിന്റെ യഥാർത്ഥസത്തയിൽ ഊന്നിക്കൊണ്ടുള്ള മാതൃത്വപരമായ ഒരു സ്ത്രീപാരിസ്ഥിതിക പ്രസ്ഥാനം പ്രസക്തമാവുകയാണ്.



XII Std Malayalam Full Set.indb 155 4/29/2019 5:35:10 PM



എല്ലാ ജീവികളുമടങ്ങുന്ന ഒരു മഹാജീവചൈതന്യത്തെ ഒരമ്മയെപ്പോലെ കാത്തുവളർത്തുന്ന 'ഭൂമിയമ്മ'യെ അറിയുന്ന ഒരു ഹരിതമായ ആത്മീയതയിൽ നിന്നു വേണം പുതിയമനുഷ്യന്റെ സാമൂഹ്യദർശനങ്ങൾപോലും തൊണ്ട നനയ്ക്കുവാൻ. മാനസികതലത്തിൽ ഉയർന്ന, രൂപാന്തര പ്രാപ്തി നേടിയ പുതിയ മനുഷ്യൻ സ്വന്തം പരിസരത്തോട്, മുഴുവൻ ഗ്രഹങ്ങളോട്, മറ്റു മനുഷ്യരോട്, ഇതര ജീവജാലങ്ങളോട്, പ്രപഞ്ചത്തിനോടാകെ ഉത്തരവാദിത്വം പുലർത്തുന്നവ നായിരിക്കും. അയാൾ 'മറ്റുള്ളവരുടെ ചെലവിൽ ജീവിക്കുന്നത് കുറയ്ക്കുന്ന വനും' നമ്മുടെ പങ്കാളിത്തംവഴി പ്രപഞ്ചത്തെ സഹായിക്കുന്നവനുമായിരിക്കും. വിശ്വകേന്ദ്രിതവും ജീവിതകേന്ദ്രിതവുമായ മൂല്യങ്ങൾവഴി മനുഷ്യനെയും ഭൂമിയെയും സാന്ത്വനിപ്പിക്കുന്നവനായിരിക്കും. അയാൾ വിശപ്പടക്കാനുള്ള ഭക്ഷണവും, ദാഹംതീർക്കാനുള്ള പാനീയവും മാത്രം കഴിക്കുന്നവനായിരിക്കും.'ഒരു ചിത്രശലഭം ഒരുപൂവിന്റെ ദളങ്ങളേയോ കേസരങ്ങളേയോ രൂപത്തെയോ നശിപ്പിക്കാതെ, തേൻനുകരുന്നതുപോലെ ജീവിതത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്ന' പുതിയ ഒരാളായിരിക്കും (പോൾ കാറസ്സ് ഗോസ്പൽ ഓഫ് ബുദ്ധ.)

ഭൂമിയെ അനുനിമിഷം നശിപ്പിക്കുന്ന നരൻ സ്വന്തം വീടിനു തീ കൊളുത്തുന്ന ബുദ്ധിശൂന്യനെപ്പോലെയായതിന്റെ തുടക്കമെവിടെയാണ്? എന്തൊക്കെയാണിതുവരെ നേടിവെച്ചത്? മഹത്തായ മതങ്ങൾ മനുഷ്യൻ ഉണ്ടാക്കി, നഗരങ്ങൾ നിർമ്മിച്ചു, മനോഹരങ്ങളായ പെയിൻറിംഗുകളും സംഗീതവും സൃഷ്ടിച്ചു. സാങ്കേതികവിദ്യകൾ ഉണ്ടാക്കി. ഇവയൊന്നും നാമിന്നനുഭവിക്കുന്ന പ്രതിസന്ധിക്ക് പ്രതിവിധിയാകുന്നില്ല.ഈ പ്രതിസന്ധി മനുഷ്യസംസ്കാരത്തിന്റെ അടിത്തറയെ പോലും പുനഃപരിശോധിക്കാൻ ആവശ്യപ്പെടുകയാണ്. മനുഷ്യ സംസ്കാരത്തിന്റെ നിലവിലുള്ള മാതൃകകളും രൂപങ്ങളും രീതികളും ഏതെങ്കിലും ഒറ്റക്കൊറ്റക്കുശ്രമിച്ചാൽ വെളിപ്പെടാവുന്നതിലപ്പുറത്തുവർത്തിക്കുന്ന ഈ പ്രതിസന്ധിയുടെ സ്വരൂപം വെളിപ്പെടുന്നതിനുമുമ്പുള്ള തിരയൽ കൊടും തമസ്സിലെ വിളക്കുപോലെ മനുഷ്യന്റെ ബോധത്തിൽ വെളിച്ചംപരത്താൻ തുടങ്ങിയിരിക്കുന്നു. ആ വെളിച്ചം യത്നരഹിതമായ ഒരു ബോധമാകുമ്പോൾ ജീവിതം ആഗോളമായ ഒരു ഉത്തരവാദിത്വത്തിലേക്കു വികസിക്കുന്നു. രാഷ്ട്രങ്ങളും രാഷ്ട്രങ്ങളും എന്നനിലയിലല്ലാത്ത, മനുഷ്യനും മനുഷ്യനും എന്ന നിലയില ല്ലാത്ത,മനുഷ്യനും ഇതരജീവിവർഗ്ഗങ്ങളും തമ്മിൽ എന്ന നിലയിൽ ജീവിതം മുഴുവ നായി മാനുഷികമാകാൻ തുടങ്ങുന്നു.

XII Std Malayalam Full Set.indb 156 4/29/2019 5:35:10 PM

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. 'വാക്കുകളുടെ വനത്തിൽനിന്ന് ഒരിലയുമായി' ആരുടെ കൃതിയാണ് ?

   അ. എസ്. ശിവദാസൻ

   ആ. പി. എൻ. ഗോപീകൃഷ്ണൻ

   ഇ. പി. എൻ. ദാസ്

   ഈ. ജീവൻ ജോബ് തോമസ്

2. 'ദാഹിച്ചു മരിക്കുന്ന ഒരു ചെടിക്ക് മുന്നിൽ ഒരു സംസ്കാരത്തിനും ഒരു മതത്തിനും ഒരു വിലയുമില്ല' ഇങ്ങനെ പറഞ്ഞതാര് ?

   അ. സാർത്ര്

   ആ. പി. എൻ. ദാസ്

   ഇ. കാഫ്ക

   ഈ. ലിയോ ടോൾസ്റ്റോയ്

II. ഉത്തരമെഴുതുക

1. അഗാധ പാരിസ്ഥിതികാവബോധം ഉണ്ടാവുന്നത് എങ്ങനെ ?

2. പച്ചയോടുള്ള അനുഭവമെന്ന് ലേഖകൻ ഉദ്ദേശിക്കുന്നത് എന്താണ് ?

3. ഭൂമിയമ്മയെ അറിഞ്ഞ വ്യക്തിയുടെ പാരിസ്ഥിതിക ജീവിതം എങ്ങനെയുള്ളതായിരിക്കും ?

III. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

1. ചെടികളിൽ മനുഷ്യവികാരങ്ങൾ പ്രവർത്തിക്കുന്നത് മാർസൽ പൊറഗൽ തെളിയിച്ചതെങ്ങനെ ?

2. മാതൃകപരമായ ഒരു സ്ത്രീപാരിസ്ഥിതിക പ്രസ്ഥാനം ഉടലെടുക്കേണ്ടതിന്റെ ആവശ്യകത എന്ത് ?

3. ജീവിതം മുഴുവനായി മാനുഷികമാകേണ്ടതുണ്ടെന്ന ലേഖകന്റെ അഭിപ്രായത്തെ സാധൂകരിക്കാമോ ? സ്വാഭിപ്രായം എഴുതുക

XII Std Malayalam Full Set.indb 157 4/29/2019 5:35:10 PM

ഉപപാഠം

ഭൂമിയുടെ അവകാശികൾ

– വൈക്കം മുഹമ്മദ് ബഷീർ.



വൈക്കം മുഹമ്മദ് ബഷീർ [1910–1994] കോട്ടയം ജില്ലയിലെ വൈക്കത്ത് ജനിച്ചു. ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിലും അറിയപ്പെടുന്നു. ജനകീയനായ എഴുത്തുകാരൻ എന്നതി ലുപരി സ്വാതന്ത്ര്യസമരപോരാളിയുമാണ് ബഷീർ. ബാല്യകാലസഖി, ൻറുപ്പുപ്പാക്കൊരാനേണ്ടാർന്നു, പാത്തുമ്മയുടെ ആട്, സ്ഥലത്തെ പ്രധാന ദിവ്യൻ, മതിലുകൾ തുടങ്ങിയവ ശ്രദ്ധേയമായ കൃതികളാണ്. വള്ളത്തോൾ പുരസ്കാരം ലഭിച്ചിട്ടുണ്ട്.

മനുഷ്യരെപ്പോലെ മറ്റു ജീവജാലങ്ങൾക്കും ജീവിക്കാനുള്ളതാണ് ഈ ഭൂമിയെന്നും അവയും ഭൂമിയുടെ അവകാശികളാണെന്നും സരസമായി പറയുന്നു ഈ കഥ.

ഭൂഗോളത്തിൽ ച്ചിരിപ്പിടിയോളം ഭാഗത്തിന്റെ ആജീവനാന്ത അവകാശി ആയിത്തീർന്നതോടെ ഭാവിജീവിതം സുരക്ഷിതമായി എന്നു ദൃഢമായിത്തന്നെ വിശ്വസിച്ചു. സംഭവം രണ്ടേക്കർ തെങ്ങുംപറമ്പാണ്. നന്നാക്കി സ്റ്റെലാക്കാൻ കഴിയുന്ന ഒരു പഴയവീടുമുണ്ട്. തേങ്ങവിറ്റ് എല്ലാ ജീവിതാവശ്യങ്ങളും നേടാം. കുറെമാവുകളും രണ്ടു വരിക്കപ്ളാവുകളുമുണ്ട്. വീട്ടാവശ്യത്തിനുള്ള വിറക് പറമ്പിൽനിന്നു കിട്ടും. പുരാതനമായ ഒരുകിണറുമുണ്ട്. നല്ലവെള്ളം സുലഭം. മിനറൽ വാട്ടർ!

ആകെക്കൂടി ജീവിതം പരമസുഖമെന്നു വിചാരിച്ചിരിക്കുമ്പോഴാണ്– എന്തുപറയാൻ! ഭൂഗോളത്തിന്റെ ച്ചിരിപ്പിടിയോളം കഷണം വാങ്ങിയ വില മുഴുവനും തീറാധാരത്തിൽ കാണിച്ചതിനാൽ ഭീമമായ സംഖ്യയ്ക്ക് മുദ്രപ്പത്രങ്ങൾ വാങ്ങേണ്ടിവന്നു. അതായത്, വലിയ ഒരുസംഖ്യ നിലവിലുള്ള ഗവണ്മെൻറിനു കൊടുത്തു എന്നർത്ഥം. ഭൂവുടമയ്ക്ക് ഗവണ്മെൻറ് എല്ലാവിധ സംരക്ഷണവും നൽകേണ്ടതല്ലേ? വീട്ടുനി കുതിയും പറമ്പിന്റെ നികുതിയും കൊടുക്കുന്നുണ്ട്. തീപിടിച്ച വിലയ്ക്കുവാങ്ങിയ കഷണം ഭൂമിയുടെ എല്ലാ ഉടക്കുകളും തീർത്തിട്ടുണ്ട്. മുന്നാധാരങ്ങളെല്ലാം സഭദ്രം പെട്ടിയിൽ ഇരിക്കുന്നു. ഭൂഗോളത്തിലെ ഈ രണ്ടേക്കർ സ്ഥലത്തിന് ക്ഷീരപഥത്തിലോ, സൗരയൂഥത്തിലോ, അണ്ഡകടാഹത്തിലോ, പ്രപഞ്ചങ്ങളായ പ്രപഞ്ചതാളിലോ, മറാർക്കും, മറാർക്കുംതന്നെ യാതോരവകാശവുമില്ല. ഈ സംഗതി നാടു ഭരിക്കുന്ന ഗവണ്മെന്റ് ഉറപ്പുതന്നിട്ടുള്ളതുമാണ്. എന്നാൽ–!

ഇവിടെ തെങ്ങുകളും മാവുകളും പ്ളാവുകളും മാത്രമല്ല, പേരകളും കശുമാവുകളും മുരിങ്ങകളും പുളികളും പപ്പായകളും സപ്പോട്ടമരങ്ങളുമുണ്ട്.

XII Std Malayalam Full Set.indb 158 4/29/2019 5:35:11 PM

പിന്നെ ആറ്റമരങ്ങളും റുമാൻമരങ്ങളും കൂടാതെ തേക്കുകളും പൈൻമരങ്ങളുമുണ്ട്. ഗോൾഡൻ ചെമ്പകവുമുണ്ട്; മാങ്കോസ്റ്റെയിൻ വൃക്ഷങ്ങളും. മുറ്റത്തിന്റെ അതിരുകളിൽ പൂച്ചെടികൾ, പനിനീർച്ചെമ്പകങ്ങൾ, പൂക്കൾ വിരിഞ്ഞുനില്ക്കുന്ന മറ്റുചെടികൾ. എല്ലാറ്റിനെയും ഉൾക്കൊള്ളിച്ച് രണ്ടേക്കർപറമ്പിന്റെ നാലുവശവും ഭദ്രമായി മുള്ളുവേലി കെട്ടിച്ചിട്ടുണ്ട്. അടച്ചുറപ്പുള്ള ഇരുമ്പുഗേറും. ഗേറ്റിന്റെ രണ്ടുവശവും വെള്ളയും ചുവപ്പുമായി പുഷ്പിച്ചു പന്തലിച്ചുനില്ക്കുന്ന ബോഗൻവില്ല. ഗേറ്റുമുതൽ മുറ്റമാകെ വെള്ളമണൽ. പറമ്പിനും വീടിനും മറ്റും പൊതുകാവല്ക്കാരനായി ഒരു ഉശിരൻ നായയുമുണ്ട്; ഷാൻ എന്ന പേരിൽ. പിന്നെ ആശ്രിതരായ കോഴികൾ, പശുക്കൾ, ആടുകൾ, പൂച്ചകൾ. ഇവരെല്ലാവരുമായി ഒത്തൊരുമിപ്പോടെ കഴിഞ്ഞുവരുന്നു. മക്കളും മക്കളുടെമക്കളും ഭാര്യയുമുണ്ട്. എല്ലാവരുടെയും സുഖസമ്പൂർണമായ സുരക്ഷിതജീവിതം തേങ്ങകളെ ആശ്രയിച്ചാണ്, തേങ്ങകൾ, മനസ്സിലായോ? തേങ്ങകൾ! അതാണു കഥ!

തടം കോരിച്ച് തെങ്ങുകൾക്കും മറ്റും വേണ്ടത്ര വളം ഉപ്പും കുമ്മായവും സഹിതം ഇട്ടിട്ടുണ്ട്. വളരെക്കാലം ശരിക്ക് ആഹാരംകിട്ടാതെ നിന്നതെങ്ങുകൾ നല്ലവണ്ണം കായ്ക്കാൻ തുടങ്ങി, തിങ്ങിനിറഞ്ഞ് പത്തും ഇരുപതും കരിക്കുകൾ കുലകളിൽ. തെങ്ങുകളിലേക്കു നോക്കുമ്പോൾ എല്ലാവരുടെയും മനസ്സു കുളിർത്തു മുഖം സന്തോഷംകൊണ്ടു പ്രകാശിക്കും. തേങ്ങയ്ക്കു വില കൂടിക്കൂടിവരുന്ന കാലമാണ്, വിളയട്ടെ. അങ്ങനെ രാപകലുകളിലൂടെ സന്തോഷസമേതം ജീവിച്ചുവരുമ്പോൾ.

ഭതീറാധാരങ്ങളെയും മൂള്ളൂവേലികളെയും ഷാനെയും ഗവണ്മെൻറിനെയും പ്രപഞ്ചങ്ങളിൽ ആരെയും മാനിക്കാത്ത ഒരു കൂട്ടർ ദാ പ്രത്യക്ഷപ്പെടുന്നു!

ഇവർക്ക് ഈ സ്വകാര്യമായ രണ്ടേക്കർ സ്ഥലത്ത് എന്തവകാശം?

ആദ്യമായി കണ്ടത് പക്ഷികളെയും ചിത്രശലഭങ്ങളെയുമാണ്. എത്രതരം പക്ഷികൾ! എത്രയെത്ര ചിത്രശലഭങ്ങൾ! പക്ഷികൾ വൃക്ഷക്കൊമ്പുകളിലും ചെടികളിലും വന്നിരുന്നു ശബ്ദമുണ്ടാക്കുന്നു. ചിത്രശലഭങ്ങൾ പലേനിറങ്ങളിലുമായി വെയിലിൽ പ്രകാശിച്ച് മുറ്റത്തായി പറക്കുന്നു.

ഓർക്കുമ്പോൾ-ഇതെന്തു ന്യായം? ഇവരെന്തിന് ഇവിടെ വന്നു? ആദിപുരാതീനമായ എന്തോ ഒരവകാശം മാതിരിയാണ്. ഈ ഭൂഗോളത്തിൽ മനുഷ്യവർഗം ഉണ്ടാകുന്നതിനു മുമ്പുതന്നെ ഞങ്ങൾ ഇവിടെയുണ്ട്- എന്ന ഭാവം! പക്ഷികളെയും ചിത്രശലഭങ്ങളെയും ആട്ടി ഓടിച്ചില്ല. എന്നാൽ, കാക്കകൾ! അവർ അടുക്കളയിൽ കയറി ആഹാരസാധനങ്ങൾ കട്ടുകൊണ്ടുപോകുന്നു! രണ്ടുകാക്കകൾ ആരുടെയും അനുവാദംവാങ്ങാതെ രണ്ടുതെങ്ങുകളിൽ കൂടുവെച്ചിട്ടുമുണ്ട്. മുട്ടകൾ ഇട്ടിരിക്കുന്നു! മറ്റു പക്ഷികളുടേതിനേക്കാൾ കാക്കളുടെ കരച്ചിൽ ലേശം അസഹനീയമാണ്. പോരെങ്കിൽ കോഴിക്കുഞ്ഞുങ്ങളെ കൊത്തിക്കൊണ്ടുപോകുന്നു. അതേ ഉദ്ദേശത്തോടെ പരുന്തുകളുമുണ്ട്. കോഴിക്കുഞ്ഞുങ്ങളെ റാഞ്ചാൻ തെങ്ങുകളിൽ കാവലിരിക്കുന്നു. കോഴിക്കുഞ്ഞുങ്ങളെ റാഞ്ചാൻ വേറൊരു പക്ഷിയുമുണ്ട്. മാവിന്റെ കൊമ്പിലാണ്. എറളാടൻ എന്നു പറയുന്ന എറിയൻ, ഇല്ലിക്കൂട്ടങ്ങളിൽ കീരികളും, കുശാൽ കോഴികളെ സാപ്പിടാൻ ഇല്ലിക്കുട്ടത്തിനടുത്തുള്ള കാട്ടിൽ കുറുക്കന്മാരും.

ഇവർക്കൊക്കെ ഈ രണ്ടേക്കാർപറമ്പിൽ എന്തവകാശമെന്നു ചിന്തിച്ചിരിക്കുമ്പോൾ കയ്യുംകാലും ചിറകും ഒന്നുമില്ലാത്ത ഒരു ഭീകരസ്വരൂപി ഉച്ചസമയം. നല്ല വെയിലുമുണ്ട്. കോഴികൾ കൊക്കുകയും നായ കുരയ്ക്കുകയും

XII Std Malayalam Full Set.indb 159 4/29/2019 5:35:11 PM



ചെയ്യുന്നു. പക്ഷികൾ കൂട്ടത്തോടെ ശബ്ദമുണ്ടാക്കുന്നുണ്ട്. അശ്രദ്ധയോടെ ചെന്നു ചാടിയത് ഭയങ്കരമായ മൂർഖപ്പാമ്പിന്റെ മുമ്പിൽ!

പാമ്പു തല എടുത്തുപിടിച്ച് പത്തി വിതുർത്ത് ഗൗരവത്തിൽ നില്ക്കുന്നു; നിനക്കിവിടെ എന്തവാകാശമെന്ന മട്ടിൽ, പാമ്പിനെ എന്തുചെയ്യണം? എന്തു ചെയ്യാൻ കഴിയും? വടിയില്ല. ആയുധങ്ങൾ ഒന്നുമില്ല. വെറുംകൈ. മനുഷ്യൻ എത്ര ബലഹീനൻ! എന്നാൽ, ഭാര്യയെവിളിച്ചു വടി കൊണ്ടുവരാൻ പറയാം, പാമ്പിനെ അടിച്ചുകൊന്നു കുഴിച്ചുമൂടാം. ഇതു ശരിയാണോ? പ്രപഞ്ചങ്ങളായ എല്ലാ പ്രപഞ്ചങ്ങളെയും, ജീവികളായ എല്ലാ ജീവികളെയും, സൃഷ്ടിച്ച ഈശ്വരൻ മനുഷ്യവർഗത്തെ സൃഷ്ടിച്ചതുപോലെതന്നെ പാമ്പുവർഗത്തെയും സൃഷ്ടിച്ചു. പാമ്പ് ഭൂമിയുടെ അവകാശികളിൽ ഒരാളാണ്. ഇവിടെ സഹവർത്തിത്വമാണാവശ്യം. ഈ തത്ത്വം അംഗീകരിക്കേണ്ടതല്ലേ? പക്ഷേ, കൂട്ടായി ജീവിക്കാൻ ഒക്കുമോ? വിഷം! കടിച്ചാൽ മരിക്കും ! 'ഹേ സർപ്പമേ! നിനക്കിവിടെ അവകാശമില്ല. എന്റെ സ്വന്തമായ ഈ രണ്ടേക്കർ പറമ്പിൽനിന്നു നീ ക്ഷണത്തിൽ പോകുക!'

XII Std Malayalam Full Set.indb 160 4/29/2019 5:35:11 PM

പക്ഷേ, എങ്ങോട്ടു പോകും ? അടുത്ത പറമ്പുകളിൽച്ചെന്നാൽ ഉടമകൾ ഉപദ്രവിക്കില്ലേ? ഭൂഗോളംതന്നെ ഒട്ടധികഭാഗവും കഷണം കഷണമായി ഓരോരുത്തർ, അതായത് മനുഷ്യർ, തീറുവാങ്ങിക്കഴിഞ്ഞിരിക്കുന്നു. അപ്പോൾ പക്ഷിമൃഗാദികൾ എന്തു ചെയ്യും? എവിടെപ്പോകും? ഓർക്കുമ്പോൾ ഈ മൂർഖൻപ്പാമ്പ് എന്തു ചെയ്യും? എവിടെയെങ്കിലും ജീവിക്കട്ടെ. കണ്ടില്ല, കേട്ടില്ല എന്നുവിചാരിക്കാം. പക്ഷേ, ദൈവംതമ്പുരാനേ, മരണകാരണമായ വിഷം ജീവിതത്തിൽ ജാഗ്രത വേണം. നോക്കി നടക്കണം. വെളിച്ചം കൂടാതെ ഇരുട്ടത്തു നടക്കരുത്. ഉഷാർ!

പാമ്പു കുറെക്കഴിഞ്ഞ് വഴക്കവസാനിപ്പിച്ചു ശാന്തത കൈവരിച്ചു. പത്തി ചുരുക്കി പതുക്കെ ഇഴഞ്ഞുതുടങ്ങി. നായ കുരച്ചുകൊണ്ടു പിറകെ. പാമ്പ് വേലിയുടെ പൊഴുതിലൂടെ തോട്ടിലേക്കുപോയി.

ഭാര്യ അടുക്കളയിൽ നിന്നു പുകകൊണ്ടുചെമന്ന കണ്ണുകളോടെ ഓടിവന്നു ചോദിച്ചു:

'നായ കൂരയ്ക്കുകയും കോഴികൾ കൊക്കുകയും പക്ഷികൾ കൂട്ടത്തോടെ ചിലയ്ക്കുകയും ചെയ്യുന്നതു കേട്ടല്ലോ. വല്ല പാമ്പോ, ചേരയുമായിരുന്നോ?'

'സഖാവു മൂർഖൻ!'

'എന്നിട്ടടിച്ചു കൊന്നില്ലേ? '

'ഇല്ല. ഭവതിയെപ്പോലെ ഈശ്വരസൃഷ്ടി. അതും ജീവിക്കട്ടെ. ഈ ഭൂഗോളത്തിന്റെ അവകാശിയാണ്. '

'അതു കൊള്ളാം. നമ്മുടെകുട്ടികൾ ഓടിനടക്കുന്ന സ്ഥലമാണ്. നമ്മുടെ പറമ്പിൽവരുമ്പോൾ അടിച്ചുകൊല്ലണം. '

'കൊല്ലണമെന്നു വേഗംപറയാം. കൊല്ലുകയുംചെയ്യാം. ജീവൻകൊടുത്തു സൃഷ്ടിക്കാൻ ഒക്കുമോ?'

'മനുഷ്യരെയും മറ്റും കടിച്ചുകൊല്ലുന്ന പാമ്പുകളെയും മറ്റും ദൈവം എന്തിനു സൃഷ്ടിച്ചു?'

'ആനകൾ, കടുവാ, സിംഹം, കരടി, കാട്ടുപോത്ത്, നീർക്കുതിര, പുലി, ചീങ്കണ്ണി, മുതല, ഒട്ടകം, കുതിര, മനുഷ്യക്കുരങ്ങ്, ചെന്നായ്, തേള്, മലമ്പാമ്പ്, കൊതുക്, മൂട്ട, വാവൽ, കഴുകൻ, മയിൽ, മാൻ, മൈന, പഞ്ചവർണക്കിളി എന്നിങ്ങനെ ഭൂമിയുടെ അവകാശികളായി ഒട്ടേറെ എണ്ണത്തിനെ സൃഷ്ടിച്ചിട്ടുണ്ട്. എന്തിന് ? തിമിംഗലം, സ്രാവ്, മത്സ്യങ്ങൾ, നീരാളി , കടൽപാമ്പുകൾ എന്നിവരെ എന്തിന്, എന്തിനു സൃഷ്ടിച്ചു. ഒന്നും അറിഞ്ഞുകൂടാ. ദൈവഹിതം. ഏതായാലും ഒന്നിനെയും കൊല്ലാതെ ജീവിക്കാൻ ശ്രമിക്കണം. ഹിംസ അരുത്! '

'നല്ല പുതുമ! വീടിനകംമുഴുവനും എട്ടുകാലികളും പല്ലികളും. ഓന്തും അരണയും കരിന്തേളും അടുക്കളയിൽ കയറിവരുന്നു. വേലി മുഴുവനും ചിതൽ തിന്നുതീർക്കുന്നു. വീടിനകത്തും ചിതലുണ്ട്. പുസ്തകങ്ങളും വസ്ത്രങ്ങളും ചിതലുതിന്നുന്നു. എലികളുടെ ശല്യമാണെങ്കിൽ പറയാനുമില്ല. ആ റേഡിയോ ഗ്രാമിന്റെ വയറ് എലിമുറിച്ചതു കണ്ടില്ലേ? വീടിനകം 'മുഴുവനും ചീവീടും എറുമ്പും പാറ്റകളും വണ്ടുകളും. അപ്പോഴാണ് ഒരു ജന്തുപൂജ! '

XII Std Malayalam Full Set.indb 161 4/29/2019 5:35:11 PM

‘ഞാൻ ഒരു ജന്തുവിനെയും പൂജിക്കുന്നില്ല!’

മനുഷ്യവർഗത്തിൽ ഒരുവിഭാഗം മൃഗങ്ങളെയും, പക്ഷികളെയും പൂജിക്കുന്നുണ്ട്; പാമ്പുകളെ പൂജിക്കുന്നുണ്ട്. പാമ്പുകൾക്കും ദിവ്യത്വം നൽകി ആരാധിച്ചുവരുന്നു. പാമ്പിന്റെ പുറത്താണത്രേ ഒരുദൈവം കിടക്കുന്നത്. അതു കടലിലാണ്. വേറൊരു ദൈവത്തിന്റെ കഴുത്തിൽ പാമ്പു ചുറ്റിക്കിടക്കുന്നു. എലി ഒരുദൈവത്തിൻറ ഇഷ്ടവാഹനമാണ്. മത്സ്യം, ചീങ്കണ്ണി, മലമ്പാമ്പ്, കടുവ മുതലായവയെ ആരാധിക്കുന്ന മനുഷ്യവർഗമുണ്ട്. ചിലർ ഭൂഗോളത്തെ ദേവിയായി സങ്കൽപ്പിക്കുന്നു. അവരുടെ അഭിപ്രായത്തിൽ സൂര്യനും ചന്ദ്രനും ദേവന്മാരാണ്. ഭൂമി പരന്നതായി ചിലർ വിശ്വസിക്കുന്നു. ഭൂഗോളത്തിൽ നിവസിക്കുന്ന മനുഷ്യരുടെ വിശ്വാസങ്ങൾ പലതല്ലേ? ചിലർ ഏകദൈവത്തിൽ വിശ്വസിക്കുന്നു. ചിലർ ബഹുദൈവത്തിലും. ചിലർ ഒരുദൈവത്തിലും വിശ്വസിക്കുന്നില്ല. എന്നിട്ടു വഴക്കാണ്. കൊലപാതകംവരെ നടക്കുന്നു; പൊരിഞ്ഞ യുദ്ധങ്ങളും. ഭൂമി ഒരു ഗോളമാണെന്നാണു വിശ്വാസം. ഈ വിശ്വാസമൊന്നും കാര്യമാക്കാത്തവരുമുണ്ട്. ഗോളമായ ഭൂമി ആലംബ മില്ലാതെ അന്തരീക്ഷത്തിൽ നിന്നു കറങ്ങുന്നു. കുറെ അധികം അകലെ അന്തരീക്ഷത്തിൽ സദാ കത്തിജ്വലിച്ചുകൊണ്ടു നില്ക്കുന്ന സൂര്യന്റെ ഭാഗത്തു വരുമ്പോൾ ഭൂമിയിൽ പകൽ. മറുവശത്ത് രാത്രി. ഇരുൾ, ആദിമമായ അന്ധകാരം...കാലത്തിന്റെ അന്തമില്ലാത്ത പോ ക്കിൽ ഒരുനാൾ സൂര്യൻ എന്നെന്നേക്കുമായി അണഞ്ഞുപോകും. അതിനുമുമ്പുതന്നെ ഭൂഗോളം മരിച്ചിട്ടുണ്ടാവും. ചരാചരങ്ങൾ അഖിലവും നശിച്ചിരിക്കും. ഗോളങ്ങൾ തമ്മിൽ കൂട്ടിയിടിച്ച് തകർന്നിട്ടുണ്ടാവും. പൊടിയായി, പണ്ടത്തെ കോസ്മിക് ഡസ്റ്റ്. പിന്നെ അനന്തമായ ഇരുൾ. ഇരുട്ടിനെ ആയിരിക്കാം ദൈവംതമ്പുരാൻ ആദ്യം സൃഷ്ടിച്ചത്. രണ്ടാമതായി വെളിച്ചത്തെ. ചൂടും വെളിച്ചവുമാണല്ലോ കാര്യമായ സംഗതി. ജീവികളെല്ലാം ചൂടിന്റെയും വെളിച്ചത്തിന്റെയും സന്തതികളാണ്. ചിതലും എട്ടുകാലിയും മരങ്ങളും പക്ഷിമൃഗാദികളും ജീവികളും എറുമ്പും പാമ്പും മനുഷ്യനുമെല്ലാം.

ഭാര്യ പറഞ്ഞു:

‘വരിക്കപ്ലാവിൽ ചക്ക പഴുത്തത് അണ്ണാനും കാക്കയും തിന്നുന്നു. പേരയ്ക്കാ, സപ്പോട്ടാ, ആറ്റച്ചക്ക, റുമാൻ എല്ലാം പക്ഷികളും വാവലും കൊണ്ടുപോകുന്നു.’

‘അതാണല്ലോ രസം. ഒരുതാങ്ങുമില്ലാതെ കോടാനുകോടിഗോളങ്ങളെ നിലനിർത്തിയിരിക്കുന്ന ദൈവംതമ്പുരാൻ ഭൂമിയിൽ ജീവികൾക്കായി എന്തെല്ലാം സൃഷ്ടിച്ചിരിക്കുന്നു. പഴങ്ങൾ, പുഷ്പങ്ങൾ, കിഴങ്ങുകൾ, ധാന്യങ്ങൾ, പുല്ല്, വെള്ളം, വായു, പിന്നെ ചൂടും വെളിച്ചവും. ഭൂമിയിലെ ഉല്പ്പന്നങ്ങളുടെയെല്ലാം അവകാശികളാണ് ജന്തുക്കളും മൃഗങ്ങളും പക്ഷികളും കൃമികീടങ്ങളും വൃക്ഷങ്ങളും ചെടികളും മറ്റും. ഈ പരമാർത്ഥം എപ്പോഴും ഓർക്കുന്നതു നല്ലതാണെന്നു തോന്നുന്നില്ലേ?’

ഭാര്യ ചോദിച്ചു:

‘ഒരു കാര്യം പറഞ്ഞാൽ മുഷിയുമോ?’

‘ലവലേശം മുഷിയുകയില്ല. കാച്ച്!’

‘എന്നാലേ ഭവാനെപ്പോലുള്ളവർ കല്യാണംകഴിച്ചു വീടുംകുടിയും ഭാര്യയും മക്കളുമായി കഴിയാതെ കാട്ടിൽ വല്ലഗുഹയിലും തുണിയും കോണാനു മില്ലാതെ അനങ്ങാതിരുന്നു തപസ്സുചെയ്യുകയായിരുന്നു നല്ലത്!’

XII Std Malayalam Full Set.indb 162 4/29/2019 5:35:11 PM

'തിന്നാനും കുടിക്കാനും പുറം മാന്തിത്തരാനും നീയുണ്ടെങ്കിൽ ഏതു ഗുഹയിലും ഞാൻ താമസിച്ചു ഘോരഘോരം തപസ്സുചെയ്യാം!'

'എന്നാൽ നമുക്കു നമ്മുടെവീടായ ഈ ഗുഹ മതി. പക്ഷേ, പാമ്പും പഴുതാരയും തേളും അരണയും ഈ ഗുഹയിൽ കടക്കുന്നത് എനിക്കിഷ്ടമല്ല! അതിനെ യൊക്കെ അടിച്ചുകൊല്ലണം!'

'നിന്റെ അഭിപ്രായത്തോടു യോജിക്കുന്നവരുടെ പ്രവർത്തനങ്ങൾ ഞാൻ കാണുന്നുണ്ട്. ഒരഞ്ഞൂറു കൊല്ലത്തിനകത്ത് ഈ ഭൂമിയിലുള്ള സർവ ജന്തുക്കളെയും പക്ഷികളെയും മൃഗങ്ങളെയും എല്ലാം മനുഷ്യർ കൊന്നൊടുക്കും. മരങ്ങളെയും ചെടികളെയും നശിപ്പിക്കും. മനുഷ്യൻ മാത്രം ഭൂമിയിൽ അവശേഷിക്കും. എന്നിട്ട് ഒന്നടങ്കം ചാകും!'

'അതു സാരമില്ല. അന്നല്ലേ? ഇപ്പോൾ ഒന്നെണീറ്റുവന്ന് ആ പഴുത്ത ചക്ക ഏണിവച്ചു കയറി ഇങ്ങിട്ടുതാ, ഞാനും എന്റെ മക്കളും മക്കളുടെമക്കളും പശുക്കളും തിന്നട്ടെ.'

'പക്ഷികളേ, അണ്ണാനേ, ക്ഷമിക്കുക!' എന്നു പറഞ്ഞിട്ടു ചക്കയിട്ടു. ഭാര്യയും മക്കളും ഭർത്താവും മക്കളുടെമക്കളും കുശാലായി തിന്നു; പശുക്കളും. തേൻപോ ലുള്ള പഴം. ദൈവംതമ്പുരാനു സ്തുതി!

ഭാര്യ പറഞ്ഞു:

'ചുമ്മാ ഇരുന്നു കൊതുകിനെയും തേളുകളെയും പാമ്പുകളെയും മറ്റും പററി ചുമ്മാ ചിന്തിക്കാതെ നമ്മുടെ വീടും പറമ്പും ശരിക്കു നോക്കണം. പക്ഷികളുടെയും മൃഗങ്ങളുടെയും കൊതുകിന്റെയും മൂർഖൻ പാമ്പിന്റെയുമൊക്കെ കാര്യം ദൈവം നോക്കിക്കൊള്ളും. ഒരു കാര്യം അറിഞ്ഞോ? വീടിനുപുറത്തു ചുമരിനോടുചേർന്ന് ചോനലുറുമ്പുകൾ കുഴിച്ചുകുഴിച്ചു പാർത്തുതുടങ്ങിയപ്പോൾ ഞാൻ തീവെച്ചു നശിപ്പിക്കാൻ തുടങ്ങിയില്ലേ? അപ്പാൾ എന്നെ വിലക്കി. ആ ഉറുമ്പുകളെല്ലാം ഇപ്പോൾ വീട്ടിനുള്ളിലാണു താമസം. വീടിന്റെ മോന്തായം മുഴുവനും ചിതലു തിന്നുതീർത്തു. ഉറുമ്പിനെയും ചിതലിനെയും കൊല്ലണം!',

'ഹിംസ എനിക്കു വയ്യ '

'നമ്മെ ഉപദ്രവിക്കുന്നവരെ നമ്മളും ഉപദ്രവിക്കണം!'

'അതുവേണ്ട. ദൈവംതമ്പുരാൻ എന്തുപറയും? സ്നേഹത്തോടെ പെരുമാറുക. എനിക്കീ പ്രപഞ്ചങ്ങളെ എല്ലാം സ്നേഹത്തോടെ ആലിംഗനം ചെയ്യാൻ തോന്നുന്നുണ്ട്.'

'ഞാനും മക്കളും മറ്റുമാണ് പ്രപഞ്ചമെന്നു വിചാരിച്ചാൽ മതി. മുഷിയരുത്.'

'അത്രയ്ക്ക് ചെറുതാവാൻ വയ്യ!'

'എന്നാലേ, അങ്ങു വലുതായിക്കോ! വല്യ മുട്ടൻ!' ഭാര്യ കെറുവിച്ചു. അന്നു രാത്രി ഒരു സംഭവമുണ്ടായി. ച്ചിരിപ്പിടിയോളം ഭയങ്കരം. വീടു കയറി ആക്രമിക്കുന്ന മട്ടാണ്. ജീവനും സ്വത്തിനും രക്ഷയില്ല! ഇത് എവിടത്തെ ന്യായം?

രാത്രി ഊണെല്ലാം കഴിഞ്ഞ് സംതൃപ്തിയോടെ കിടന്നു. നല്ല ഉഷ്ണകാലം. ഫാൻ ഓൺചെയ്ത്, ഒരുചെറിയ ഇലക്ട്രിക്‌വിളക്കിന്റെ പ്രകാശത്തിൽ

XII Std Malayalam Full Set.indb 163 4/29/2019 5:35:11 PM

കിടക്കയിൽ കിടന്നുവായിക്കുകയായിരുന്നു. വികസിച്ചുകൊണ്ടിരിക്കുന്ന മഹാ മഹാ പ്രപഞ്ചങ്ങൾ. വായിച്ചുകൊണ്ടു കിടക്കുമ്പോൾ അനേകം പൂച്ചികൾ വണ്ട്, പാറ്റാ, ചീവീട്, മിന്നാംമിനുങ്ങ് എല്ലാവരും ഈ വീട്ടിൽ താമസിക്കുന്നവരാണോ? ദൈവംതമ്പുരാനേ! ജനാലവഴി കടന്നതായിരിക്കും. ഇഷ്ടം പോലെ കൊതുകുകളുമുണ്ട്. മൂട്ട സ്ഥിരമായുണ്ട്. ഒരുകൊതുക് കൈത്തണ്ടിൽ വന്നിരുന്നു കുത്തി ചോര കുടിക്കുന്നു. കുടിക്കട്ടെ! മനുഷ്യരുടെയും മൃഗങ്ങളുടെയും ജന്തുക്കളുടെയും ചോരകുടിച്ചു ജീവിക്കുവാനായി ദൈവംതമ്പുരാൻ കൊതുകുകളെയും സൃഷ്ടിച്ചു. മൂട്ടകളെയും നിർബാധം കുടിക്കട്ടെ. ഒരു ലേശം വേദനയോ അസുഖമോ ഒക്കെ ഉണ്ട്. അടിച്ചു കൊല്ലാനുള്ള വ്യഗ്രത. കൊല്ലണ്ട. തൃപ്തിയാവോളം കുടിക്കട്ടെ. മരിച്ചുപോകുന്ന മനുഷ്യനാണല്ലോ, പുരാതനമായ ഈ വീട്. ഇതാരുണ്ടാക്കി? ഇവിടെ എത്ര സ്ത്രീപുരുഷന്മാർ മരിച്ചിട്ടുണ്ട്?

നോക്കുമ്പോൾ ഭാര്യയും മക്കളും മറ്റും വിയർത്തു കുളിക്കുന്നു. അവർക്കു ലേശം കാറ്റു കൊടുക്കണം. ചോരകുടിച്ചു വീർത്ത് കൊതുകു ചെമപ്പനായി പറന്നു പോയി. കടിച്ച ഭാഗത്തു ലേശം ചൊറിച്ചില്. കിടക്കുന്നത് ഉയർന്ന തിണ്ണയിലാണ്. നടവാതില്ക്കൽ നാലഞ്ചടി വീതിയിൽ താഴ്ന്ന സ്ഥലം. അപ്പുറത്തും ഇപ്പുറത്തും ഭിത്തികളോടു ചേർന്ന് ഉയർന്ന തിണ്ണ. ഈ തിണ്ണകൾ ഈശ്വരപ്രാർത്ഥനയ്ക്കുവേണ്ടി പണ്ടാരോ നിർമിച്ചതാണ്. പ്രാർത്ഥന! പ്രപഞ്ചങ്ങളുടെ സ്രഷ്ടാവേ, രക്ഷിക്കണേ!

ഭാര്യയ്ക്കും മക്കൾക്കും മറ്റും ലേശം തണുത്ത കാറ്റു കൊടുക്കണം. താഴെ ഒരു കയറ്റുപായ ഇട്ടിട്ടുണ്ട്. അതു കുടഞ്ഞിട്ടു വളരെക്കാലമായി. ആ കയറ്റുപായയിലേക്കു കിടക്കയിട്ടു. വിളക്ക് അരികിൽ വെച്ചു. ഫാൻ നീക്കിവെച്ചു. എല്ലാവർക്കും കാറ്റു കിട്ടുന്നുണ്ട്. ഫാൻ കറങ്ങുന്ന ശബ്ദം മാത്രമേയുള്ളു. കോഴികളെ പിടിക്കാൻ കുറുക്കന്മാർ വരുന്നുണ്ടോ? മരപ്പട്ടി എന്ന പനമെരുവും വരും. നായ കുരയ്ക്കുന്നില്ല. കുറെസമയം ശ്രദ്ധിച്ചു. ഒന്നുമില്ല. വെളിയിൽ ഇരുളാണല്ലോ. പരിപൂർണ നിശ്ശബ്ദത. മനുഷ്യർ ഉറങ്ങുന്നു. ദൈവംതമ്പുരാനേ, ഒരു ചെറിയ മരണമാണല്ലോ ഉറക്കം! എത്രയോ മരണങ്ങൾ. ജീവിതം തിന്നും കുടിച്ചും രമിച്ചും വഴക്കിട്ടും അങ്ങനെ അനന്തമായി പോകുന്നു. മനസ്സു ചുമ്മാ, വെറും ചുമ്മാ ദൂരെ ചന്ദ്രന്റെ ഉപരിതലത്തിൽ എത്തി. കുണ്ടും കുഴികളും കുന്നുകളും. പാഴ്സ്ഥലങ്ങൾ. വൃക്ഷങ്ങളില്ല. പക്ഷിമൃഗാദികളില്ല. നിശ്ശബ്ദത നിറഞ്ഞ മഹാശൂന്യത. എങ്ങും കറുത്ത ആകാശം. മിന്നിത്തെളിയുന്ന നക്ഷത്രകോടികൾ. ചന്ദ്രഗോളത്തെ ദൈവംതമ്പുരാൻ എന്തിനു സൃഷ്ടിച്ചു? അല്ലെങ്കിൽ ഈ പ്രപഞ്ചങ്ങളെത്തന്നെ എന്തിന്?

പെട്ടെന്ന് ഒരു ഈച്ച പുസ്തകത്തിന്റെ താളിൽ വന്നിരുന്നു. കടുകുമണി. നീലച്ചിറകുകൾ. എത്ര സുന്ദരമായി സൃഷ്ടിച്ചിരിക്കുന്നു! ദൈവംതമ്പുരാൻ സൃഷ്ടികളായ സൃഷ്ടികളോരോന്നും പരിപൂർണ കലാസൃഷ്ടികളാണ്. ഫാൻ മനുഷ്യന്റെ ഒരു കലാസൃഷ്ടി. വലിയ അനുഗ്രഹമാണെന്നു പറയാം. ഇലക്ട്രിക് വിളക്കുകളും അതുപോലെതന്നെ. റേഡിയോയും ഉച്ചഭാഷിണിയും. രണ്ടും പലപ്പോഴും ഒരനുഗ്രഹമല്ല. ടെലിവിഷനോ? മനുഷ്യസൃഷ്ടിയാണല്ലോ. ഗുണവും ദോഷവും. എന്തൊരു നിശ്ശബ്ദത. കുറുക്കന്മാരുടെ ഓരി കേൾക്കുന്നില്ല. നിശ്ശബ്ദതയിൽ സംഗീതമുണ്ട്. വിളക്കണച്ചു. ആദിമമായ ഇരുട്ട്. ക്രമേണ ഉറങ്ങി. പെട്ടെന്നൊരു വേദന! സൂചി തീയിൽ പഴുപ്പിച്ചു കുത്തിക്കയറ്റുന്നതുപോലെ. കൈത്തണ്ടയിൽ മാംസളമായ ഭാഗത്ത്. തൊലി ഉരിഞ്ഞ പച്ചമാംസത്തിൽ തണുത്ത കാറ്റു കൊള്ളുന്നതുപോലെ. പുകച്ചിൽ, നീറ്റൽ. കണ്ണുകൾ തുറന്നു. ഇരുട്ടിൽ തപ്പി ലൈറ്റിട്ട് ഭാര്യയെ വിളിച്ചു. ഭാര്യ ഉണർന്നു.

XII Std Malayalam Full Set.indb 164 4/29/2019 5:35:11 PM

‘കൈത്തണ്ടിൽ എന്തോ വേദനപോലെ.’ ഭാര്യ നോക്കി, ‘

എന്തോ കുത്തിയതാണ്. സൂചി കയറിയ മാതിരി ചുവന്ന രണ്ടു പാടുകളുണ്ട്. എണീറ്റേ.’

എണീറ്റ് ഭാര്യ തലയണയും കിടക്കയും പൊക്കിനോക്കി. കയറ്റുപായയുടെ തുമ്പും.

ദൈവമേ, ഒരു വലിയ പഴുതാര!

‘വാതിൽ തുറന്ന് അതിനെ ചിക്കി പുറത്തുകളയൂ’

ഭാര്യ ഒന്നും പറയാതെ ഒരു ഷൂസെടുത്തു പഴുതാരയുടെ തല നിർദയം അരച്ചു! അതു കിടന്നു പുളയുന്നു. ഷൂസുകൊണ്ട് സമൂലം അടിച്ചുചതച്ച് അരച്ചു. എന്നിട്ടു പുറത്തെ ലൈറ്റിട്ട് വാതിൽതുറന്നു പഴുതാരയുടെ ശവം ഒരുകടലാസിൽ ചിക്കിയിട്ട് പുറത്തു കളഞ്ഞു. എന്നിട്ടു പറഞ്ഞു:

‘വിഷമുണ്ട്! കടുകടുത്തു നീറും. ഒരുമരുന്നു ചെയ്യാം. ഒരു ദിവ്യൻ പറഞ്ഞുതന്നിട്ടുണ്ട്. പാമ്പ്, പഴുതാര, തേൾ എന്നിവയുടെ വിഷത്തിന് ആടലോടകം ചെറുതിന്റെയോ, വലുതിന്റെയോ രണ്ടിലയും കൂമ്പുമായി തളിര് മൂന്നെണ്ണം നുള്ളിയെടുത്ത് ഇലകൾവിടർത്തി ഓരോ കല്ല് ഉപ്പുവെച്ച് ചവച്ചിറക്കണം. വരൂ, നമുക്കു പോയി നുള്ളിയെടുക്കാം. ടോർച്ച് എടുത്തോ.’

ആടലോടകത്തിന്റെ തളിര് നുള്ളിയെടുത്ത് ഉപ്പുകല്ലും കൂട്ടി ചവച്ചിറക്കി. ലേശം വെള്ളം കുടിച്ചു. പിറ്റേദിവസം വേദന ശമിച്ചു. മരുന്നിന് ദൈവംതമ്പുരാനു സ്തുതി!

അന്നുകാലത്ത് ഭാര്യ വിളിച്ച് ഘോരഘോരമായ ഒരത്യാഹിതം കാണിച്ചു. പത്തുമുപ്പതു കരിക്കുകൾ വീണുകിടക്കുന്നു! നീളത്തിൽ തുരന്നിട്ടുണ്ട്.

‘എലി കുത്തിയിട്ടതായിരിക്കും. എലിവിഷം വാങ്ങി കൊണ്ടുവരണം. ചോറിലോ, പഴത്തിലോ വിഷംവച്ചു കുറെ എലികളെക്കൊല്ലാം. ’

ശരിയാണോ? എലികളെ ദൈവംതമ്പുരാൻ സൃഷ്ടിച്ചതാണ് മനുഷ്യരെപ്പോലെതന്നെ! ഭൂമിയിലെ ഉല്പന്നങ്ങൾക്ക് എലികൾക്കും ഉണ്ടല്ലോ അവകാശം.

പിറേറദിവസവും ഘോരഘോരമായിത്തന്നെ കരിക്കുകൾ വീണു.

എലിവിഷത്തിന്റെ കാര്യം ഓർമിപ്പിച്ചിട്ടും ഭാര്യ വീടാകെ തൂത്തടിച്ചുവാരി വൃത്തിയാക്കിയിട്ടു പറഞ്ഞു;

‘ഇരുന്നൂറ് എട്ടുകാലി, അൻപതു പാറ്റ, മുപ്പതു ചീവീട്, അഞ്ചു തേൾ, നാലു പഴുതാര, ഏഴു വണ്ട് , രണ്ടായിരം എറുമ്പുകൾ, ഒരഞ്ഞൂറു ചിതലുകൾ-.’

‘അതിനെയൊക്കെ കൾമലേ, നീ എന്തു ചെയ്തു?’

‘കൊന്നു! ’

‘ഭൂമിയുടെ അവകാശികൾ!’

‘തേങ്ങാക്കുല... പഴുതാര കുത്തിയ ദിവ്യവേദന മറന്നോ?’

XII Std Malayalam Full Set.indb 165 4/29/2019 5:35:11 PM

‘ഓർമയിലുണ്ട്. ’

‘എന്നാൽ, വളരെ വളരെ അത്യാവശ്യമായിത്തന്നെ എലിവിഷം വേണം! ’

കൊടും കൊലപാതകത്തിനു കൂട്ടുനിൽക്കണം! സഹായിക്കണം! ഒന്നും പറഞ്ഞില്ല.

ഭാര്യ ചോദിച്ചു:

‘ദിവസത്തിൽ മുപ്പതു കരിക്കുവച്ചു മാസത്തിൽ എത്ര കരിക്ക്?’

‘പത്തുതൊള്ളായിരം വരും. ’

‘അത്രയും തേങ്ങയാണു നശിക്കുന്നത്! തിരിഞ്ഞാ? തൊള്ളായിരം തേങ്ങ! നമുക്ക് ആഹാരം കഴിക്കാനുള്ള കാശ് !..വീടിന്റെ മേൽക്കൂര മുഴുവനും ചിതലു തിന്നു നശിപ്പിക്കുകയാണെന്നറിയാമല്ലോ. ഓടിറക്കി പട്ടിക തറച്ച് ഓടിടണ്ടേ? തേങ്ങ വിറ്റ്, അതു ചെയ്യിക്കാമെന്നല്ലേ പറഞ്ഞിരുന്നത്. ഈ പോക്കിനു തേങ്ങ വിൽക്കാൻ ഉണ്ടാകുകയില്ല. തന്നെയുമല്ല, നമ്മൾ പട്ടിണികിടക്കേണ്ടിവരും. ഒന്നടങ്കം മരിക്കും! ചിന്തിക്കുന്നുണ്ടോ? ഒന്നുകിൽ എലികൾ ജീവിക്കണം. അല്ലെങ്കിൽ നമ്മൾ. ഒന്നാലോചിച്ചു നോക്കൂ!’

ദൈവംതമ്പുരാനെ, മനുഷ്യനു ജീവിക്കാൻവേണ്ടി എലികളെ നശിപ്പിക്കണമല്ലോ, മറെറാന്നിനെ നശിപ്പിക്കാതെ മനുഷ്യനു ജീവിക്കാൻ വല്ല വഴിയുമുണ്ടോ? ദൈവം തമ്പുരാൻ ഒരുപാടു രോഗാണുക്കളെയും സൃഷ്ടിച്ചിട്ടുണ്ട്. മരുന്നുകൾ മുഖേന അതിനെയൊക്കെ കൊന്നൊടുക്കുന്നു. ഇതു ന്യായമാണോ? പുതുപുത്തനായ ഒരു തത്ത്വശാസ്ത്രം വേണ്ടിയിരിക്കുന്നു... ഹിംസ കൂടാതെ ജീവിക്കാൻ ഒക്കുമോ? പാമ്പ് തവളയെ വിഴുങ്ങിക്കൊന്നു തിന്നുന്നു. എലികളെ വിഴുങ്ങുന്നു. ചെറിയ മത്സ്യങ്ങളെ വലിയ മത്സ്യങ്ങൾ വെട്ടിവിഴുങ്ങുന്നു. കുറുക്കൻ, മരപ്പട്ടി മുതൽപേർ കോഴിയെ കൊന്നുതിന്നുന്നു. സിംഹം മാനിനെ തിന്നുന്നു, പശുവിനെ തിന്നുന്നു, മനുഷ്യനെ തിന്നുന്നു, മനുഷ്യൻ പക്ഷിമൃഗാദികളെ തിന്നുന്നു; മത്സ്യത്തെയും. നോക്കുമ്പോൾ ജീവിതപ്രശ്നം കുഴഞ്ഞതാണ്. മനുഷ്യരുടെ ചോര കുടിച്ചു തലയിൽ മുടികളുടെ ഇടയിൽ പേൻ വളരുന്നു. വായിലും വയറിലും കൃമികളും. മനുഷ്യന്റെറ ശരീരത്തിലും അണുക്കളായ കൃമികൾ ജീവിക്കുന്നു. ഒന്നു മറെറാന്നിനെ നശിപ്പിച്ചു ജീവിക്കുന്നു. അരുമയോടെ വളർത്തുന്ന റോസ്ചെടികൾ. അതിന്റെ ഇല, പൂവ് എന്നിവയെ പൂച്ചികൾ നശിപ്പിക്കുന്നു. ഭൂമിയിലെ ജീവിതം പൊതുവെ നോക്കുമ്പോൾ വലിയ സ്റൈറൽ കാണുന്നില്ല. ലവലേശം എത്തും പിടിയും കിട്ടുന്നില്ല. വ്യക്തമായ ഒരു വിശ്വാസപ്രമാണം.

ദൈവമേ! പ്രപഞ്ചങ്ങളായ പ്രപഞ്ചങ്ങളുടെ എല്ലാം സ്രഷ്ടാവേ.... ഒന്നും അറിഞ്ഞുകൂടാ, നേരായ മാർഗം കാണിച്ചു തരേണമേ!

‘ഒന്നെണീറ്റിങ്ങ് വരാമോ?’

‘എന്തിനാണ്? ’

‘കുറെ പണം വേണം. ഞാനും ഒരു കൂട്ടുകാരിയും കൂടി ബസാറിൽ പോകുന്നുണ്ട്. എലിവിഷം വാങ്ങാം. ’

XII Std Malayalam Full Set.indb 166 4/29/2019 5:35:11 PM

‘എന്റെ പക്കൽ പണമൊന്നുമില്ല. നമ്മൾ തേങ്ങ പതിവായി കൊടുക്കുന്ന ആളോട്- ’ .

‘ഞാൻ കുറെ പണം കടമായി വാങ്ങാം.’ സന്തോഷം. എലികളായ എലികളേ, മാപ്പാക്കുക, എലികളെ സൃഷ്ടിച്ച ദൈവമേ, ഞങ്ങൾക്കു പൊറുത്തുതരിക. എലികളെ ചതിച്ചുകൊല്ലാൻ പോകുന്നു. മാസത്തിൽ തൊള്ളായിരം തേങ്ങയാണു പ്രശ്നം. ഞങ്ങളുടെ ജീവിതത്തിന്റെ അനുസ്യൂതമായ നിലനില്പിന്. ക്ഷമിക്കുക! ക്ഷമിക്കുക!’

ഭാര്യ പോയി രണ്ടുമണിക്കൂർ കഴിഞ്ഞ് മറ്റു സാധനങ്ങളും ഒരു വലിയ ടിൻ നിറയെ എലിവിഷവുമായി വന്നു ചിരിച്ചുകൊണ്ടു പറഞ്ഞു:

‘പുതുമ കേൾക്കണോ? തേങ്ങാക്കാരനെ കണ്ടു. കുറെ പണം കടംവാങ്ങി. തേങ്ങായ്ക്കു നല്ല വിലയുണ്ട്. ഇനിയും കൂടും.’

‘തേങ്ങായ്ക്ക് വില കൂടിവരുന്നതാണോ പുതുമ?’

‘അതല്ല. കൂട്ടുകാരിയും ഞാനും കൂടി ഒരുപാടു കടകളിൽ എലിവിഷം ചോദിച്ചു. കടക്കാർ ചിരിച്ചു. ഞങ്ങൾക്കൊന്നും മനസ്സിലായില്ല. ഒടുവിൽ ഒരു കടക്കാരൻ പറഞ്ഞു. എലിവിഷം വില്ക്കാൻ ഗവണ്മെന്റിന്റെ അനുവാദമില്ല. വേണമെങ്കിൽ ഗവണ്മെൻറ് ഓഫീസിൽ അപേക്ഷ കൊടുക്കണം. എന്നാലും കിട്ടാൻ വിഷമമാണ്. എന്താണു കാരണമെന്നറിയാമോ? അതാണ് പുതുമ. മനുഷ്യർ എലിവിഷം കഴിച്ച് ആത്മഹത്യചെയ്യുന്നു. അതുകൊണ്ട് ഗവണ്മെന്റ് എലിവിഷം കൊടുക്കുന്നില്ല!’

‘മരമണ്ടൂസ് ഗവണ്മെന്റ് ! റെയിൽപ്പാളങ്ങളും കയറും മരങ്ങളും ജലാശയങ്ങളും കഠാരിയും പേനാക്കത്തിയും ഒതളങ്ങപ്പരിപ്പും- അതിരിക്കട്ടെ. പിന്നെ എങ്ങനെ ഈ എലിവിഷം കിട്ടി? . ഒരു ലക്ഷം മനുഷ്യർക്ക് ആത്മഹത്യചെയ്യാനുള്ള വിഷമുണ്ടല്ലോ?’

‘കൂട്ടുകാരിയുടെ ഭർത്താവിന്റെ ഓഫീസിലുണ്ടായിരുന്നു! അദ്ദേഹം സൗജന്യമായി തന്നു!’

‘സന്തോഷം. എന്നാൽ, കൊലനടത്തിക്കൊള്ളൂ. ആ രക്തത്തിൽ എനിക്കു പങ്കില്ല. സ്വന്തമായി നടത്തിക്കോളൂ - കൊല!’

‘കൊലയല്ല. നമ്മൾ കോഴി, ആട് എന്നിവയെ അറുത്തു തിന്നുന്നില്ലേ? അതു കൊലപാതകമല്ല. ദൈവനാമത്തിൽ അറുക്കുന്നു. നമുക്കു ഭക്ഷിക്കാൻ. ഇപ്പോൾ എലികൾക്കു വിഷം കൊടുത്തു കൊല്ലുന്നത് മനുഷ്യരായ നമ്മൾക്കു ജീവിക്കാൻ. ദൈവം നമുക്കു പൊറുത്തുതരും. കാരുണ്യവാനല്ലേ ദൈവം?’

കാരുണ്യവാനായ ദൈവം പൊറുത്തുതരട്ടെ! പഴം, ചോറ്, കിഴങ്ങ് എന്നിവകളിൽ എലിവിഷം വെച്ചു. വീടിന്റെ പല ഭാഗങ്ങളിലും തെങ്ങുകളുടെ ചുവട്ടിലും വെച്ചു. നാലഞ്ചു ദിവസംകൊണ്ട് അഞ്ചു കോഴികൾ, പന്ത്രണ്ട് അണ്ണാൻ, പത്തിരുനൂറ് എലികൾ, ഒരുപൂച്ച എന്നിവ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. മരണം വിലസുകയാണ്! വീടിന്റെ മേൽക്കൂരയിൽ പല ഭാഗങ്ങളിലും കിടന്ന് എലികൾ ചത്തുചീഞ്ഞു. നാറ്റം വീടാകെ പരന്നു. അപ്പോഴും കരിക്കുകൾ വീഴുന്നുണ്ടായിരുന്നു! പത്തു പതിനഞ്ചു ദിവസം അങ്ങനെ പോയി. തെങ്ങുകയറ്റക്കാർ പറഞ്ഞു:

‘കൂമൻ കുത്തുന്നതാണ് ’

XII Std Malayalam Full Set.indb 167 4/29/2019 5:35:11 PM

പഴയ മുദ്രാവാക്യം! അവരത് അവരുടെ അച്ഛന്മാരിൽനിന്നും കേട്ടതാണ്. കൂമൻ എന്നു പറയുന്ന മൂങ്ങയുടെ ചുണ്ടുകൾ വളഞ്ഞതാണ്. ചെറുതാണ്. പിന്നെ മൂങ്ങ സസ്യഭുക്കല്ല! ഒടുവിൽ ഒന്നുരണ്ടു മാസം കഴിഞ്ഞപ്പോൾ കരിക്കുതീററക്കാരെ പിടികിട്ടി.

വാവൽ

വാവൽ, കടവാതിലുകൾ എന്നെല്ലാം പേരുണ്ട്. സന്ധ്യയാകുമ്പോൾ വലിയ കടവാതിലുകൾ കൂട്ടത്തോടെ പറന്നുവന്ന് കരിക്കും കുലയിൽ പററിപ്പിടിച്ച് നീളത്തിൽ തുരന്നു വെള്ളം കുടിക്കുന്നു. കാമ്പു തിന്ന് തൃപ്തിയോടെ ദൈവംതമ്പുരാനു നന്ദി പറഞ്ഞു പറന്നുപോകുന്നു! എന്തു ചെയ്യും?

കെട്ടുകെട്ടായി തുടലിമുള്ളുകൾ കൊണ്ടുവന്നു കരിക്കും കുലകൾ പൊതിഞ്ഞു. പടക്കം പൊട്ടിച്ചു. പാട്ടു കൊട്ടി. പൊട്ടിച്ച മുളകൊണ്ട് 'പഠേ പഠേ 'ന്ന് ശബ്ദമുണ്ടാക്കി. വിളക്കുകൾ വച്ചു. തെങ്ങുകളുടെ മുകളിൽ ആൾരൂപമുണ്ടാക്കി ഷർട്ട് ഇടീച്ചു വച്ചു. കല്ലെടുത്തെറിഞ്ഞു. ബഹളംവെച്ചു കൂകി. ഒരു ഫലവുമില്ല. തേങ്ങ വിററു കിട്ടുന്ന കാശുകൊണ്ട് അരിയും മറ്റും വാങ്ങിത്തിന്നു ജീവിക്കേണ്ട വീട്ടുകാർ ഉറങ്ങുമ്പോൾ വാവലുകൾ വന്ന് കരിക്കു കുടിച്ചിട്ടു പോകും. ഭാര്യയും മക്കളും മക്കളുടെ മക്കളും വീണുകിടക്കുന്ന കരിക്കുകൾ പെറുക്കി കൂമ്പാരം കൂട്ടി. കരിക്കുകളുടെ ഒരു ചെറിയ കുന്ന്! നശിച്ചുപോയ തേങ്ങകളുടെ മഹാകൂമ്പാരം!

ഇങ്ങനെ പോയാലോ? കുടുംബം പട്ടിണിയാകും. ഒടുവിൽ വാവലുകളെ വെടിവെച്ചു കൊല്ലുക എന്ന തീരുമാനത്തിലെത്തി. ഐഡിയാ സുന്ദരൻ! ഭാര്യ പറഞ്ഞു:

'നമുക്കൊരു തോക്കു വാങ്ങാം. വാവലുകളെ വെടിവെച്ചു കൊല്ലാം! കുറുക്കനെയും പനമെരുകിനെയും.'

'തോക്ക് പാപത്തിന്റെ പ്രതിരൂപമാണ് ! മനുഷ്യർ തോക്കു കണ്ടുപിടിച്ചതു വലിയ തെറ്റായിപ്പോയി. പാപത്തിന്റെ സന്താനമാകുന്നു തോക്ക് വെടിവെയ്ക്കാൻ ഞാനില്ല!'

ഭാര്യ പറഞ്ഞു:

'ഞാൻ പഠിക്കാം. എന്റെ അമ്മാവന്റെ മകന്റെ പക്കൽ ഒരു ഭയങ്കരൻ തോക്കുണ്ട്. വെടി പൊട്ടിയാൽ കുടപോലെ ഉണ്ടകൾ ചിതറും! ഒററ വെടിക്ക് അമ്പതു വാവലെങ്കിലും ചാകും ' ഭാര്യ ഓർമിപ്പിച്ചു: 'അതു കൊള്ളാം. നമുക്കു തോക്കു വാങ്ങണ്ട. ഞാൻ പോയി അമ്മാവന്റെ മകനെ തോക്കുമായി കൊണ്ടുവരാം.'

ശരി. വാവലുകളേ, മാപ്പ്. നിങ്ങളുടെ രക്തത്തിൽ എനിക്കു പങ്കില്ല! ദൈവംതമ്പുരാനേ, ഞാനെന്തു ചെയ്യും? കശ്മല സംഹാരത്തിന് ഒരുങ്ങിക്കഴിഞ്ഞു. ഞാൻ നിരപരാധി. വാവലുകളേ, രക്ഷപ്പെട്ടുകൊള്ളുക.

ഭാര്യയുടെ അമ്മാവന്റെ മകൻ വില കൂടിയ ഭയങ്കരനായ തോക്കുമായി വന്നു. അദ്ദേഹം പറഞ്ഞു;

'വെടി വെക്കേണ്ടതിവിടയല്ല. അടുത്ത് ഒരു തുരുത്തിൽ പുരാതനമായ ഒരു ക്ഷേത്രമുണ്ട്. അതിനടുത്തു രണ്ടാലുകൾ. അതിൽ രണ്ടുമുവ്വായിരം വാവലുകൾ തൂങ്ങുന്നുണ്ട്. ഞാൻ എല്ലാററിനെയും വെടിവച്ചു കൊല്ലാം. രണ്ടു ദിവസംകൊണ്ടല്ലെങ്കിൽ

XII Std Malayalam Full Set.indb 168 4/29/2019 5:35:11 PM

രണ്ടു മൂന്നു ദിവസംകൊണ്ടു മുഴുവനും ചാകും. ഒരു പത്തുമൈൽ ചുറ്റളവിൽ ദിവസവും രണ്ടുമുവ്വായിരം കരിക്കുകൾ നശിക്കുന്നുണ്ട്. രണ്ടുമുവ്വായിരം തേങ്ങകൾ ദിവസവും നശിക്കുന്നു. മുവ്വായിരം കടവാതിലുകളെ കശാപ്പുചെയ്യുന്ന സുന്ദരൻ കാഴ്ച കാണാൻ വരുന്നോ?'

അതു കാണാൻ ഭാര്യയും കൂട്ടുകാരിയും തയ്യാറായി. അവർ മൂന്നുപേരും കൂടി ചായ കഴിച്ചു വാവൽ മഹാവധത്തിനു പോയി. ഭർത്താവ് പ്രാർത്ഥിച്ചു:

വാവലുകളേ രക്ഷപ്പെട്ടുകൊള്ളുക!

അത്ഭുതം തന്നെ. വാവലുകൾ രക്ഷപ്പെട്ടു! ഭാര്യയും കൂട്ടുകാരിയും തോക്കുകാരനും ഇളിഭ്യരായി, നിരാശരായി ഭയന്നു മടങ്ങി. '

ഭാര്യ പറഞ്ഞു:

'ഞങ്ങൾ ഒരു കണക്കിൽ ജീവനോടെ രക്ഷപ്പെട്ടു. ക്ഷേത്രത്തിനു ചുറ്റും കുറെ വീട്ടുകാരുണ്ട്. ഞൊടിയിടകൊണ്ട് പത്തുമുന്നൂറുപേർ ഞങ്ങളെ മാരകായുധങ്ങളുമായി വളഞ്ഞു. വാവലുകളെ വെടിവെച്ചാൽ ഞങ്ങളെ കൊന്നു കൊലവിളി വിളിക്കും! എന്താ കാരണമെന്നോ? വാവലുകൾ മനുഷ്യരുട പൂർവികന്മാരുടെ ആത്മാക്കളത്രേ! വെടിവയ്ക്കാൻ പാടില്ല!'

വാവലുകൾ മനുഷ്യരുടെ പൂർവികന്മാരുടെ ആത്മാക്കൾ! ആശയം നല്ലത്!

ഭർത്താവു പരമസുന്ദരമായ ഒരു തീരുമാനത്തിലെത്തി. ഭർത്താവു തീർത്തു പറഞ്ഞു:

'മറക്കരുത്. വാവലുകൾ ആരുടെയും പൂർവികന്മാരുടെ ആത്മാക്കളല്ല. അന്ധവിശ്വാസം ഭ്രാന്തുപോലാക്കി മനുഷ്യരെ കൊല്ലാതിരിക്കുക, കടവാതിലുകളെന്ന വാവലുകൾ ദൈവംതമ്പുരാന്റെ കോടാനുകോടി സൃഷ്ടികളിൽ പറക്കുന്ന ജീവികളാണ്. കരിക്കു നശിക്കട്ടെ. തേങ്ങ നശിക്കട്ടെ. സാരമില്ല. ബാക്കി കിട്ടുന്നതു മതി. ദൈവസൃഷ്ടിയിലെ തെങ്ങുകളിലെ കരിക്കുകളിൽ വാവലുകൾക്ക് അവകാശമുണ്ട്. ദൈവംതമ്പുരാൻ സൃഷ്ടിയുടെ ദിവ്യമുഹൂർത്തത്തിൽ കല്പിച്ചുകൊടുത്ത പുരാതന പുരാതനമായ അവകാശം. ഓർക്കുക: ജീവികളായ സർവജീവികളും ഭൂമിയുടെ അവകാശികൾ. മംഗളം. '

ശുഭം.

XII Std Malayalam Full Set.indb 169 4/29/2019 5:35:11 PM

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിലറിയപ്പെടുന്നത്?

   അ. ഒ. വി. വിജയൻ

   ആ. വൈക്കം മുഹമ്മദ് ബഷീർ

   ഇ. ഉറൂബ്

   ഈ. കാരൂർ നീലകണ്ഠപ്പിള്ള

2. കൈയും കാലും ചിറകുമില്ലാത്ത ഭീകരസ്വരൂപി എന്ന് കഥാകൃത്ത് വിശേഷിപ്പിക്കുന്ന ജീവിയേത്?

   അ. പഴുതാര.

   ആ. എട്ടുകാലി

   ഇ. മൂർഖൻ പാമ്പ്.

   ഈ. കീരി

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. ഭൂമിയുടെ അവകാശികളെ കഥാകൃത്ത് നർമ്മമധുരമായി അവതരിപ്പിക്കുന്നത് വിശദീകരിക്കുക. ?

XII Std Malayalam Full Set.indb 170 4/29/2019 5:35:11 PM

ഭാഗം 8

ശാസ്ത്രം



പഠനലക്ഷ്യങ്ങൾ

- സംഗീതത്തിന്റെ ശാസ്ത്രവഴികൾ മനസ്സിലാക്കൽ
- മാത്യത്വത്തിന്റെ അനന്യത തിരിച്ചറിയൽ

പാഠഭാഗങ്ങൾ

കവിത	:	അമ്മ	- സച്ചിദാനന്ദൻ
ഗദ്യം	:	സംഗീതം എന്ന മായാലോകം	- ജീവൻ ജോബ് തോമസ്
ഉപപാഠം	:	തഥാഗത	- അഷിത

XII Std Malayalam Full Set.indb 171 4/29/2019 5:35:12 PM

കവിത

അമ്മ

- സച്ചിദാനന്ദൻ



സച്ചിദാനന്ദൻ 1946-ൽ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിൽ ജനിച്ചു. മലയാളത്തിലും ഇംഗ്ലീഷിലും കവിതകളും വിമർശനങ്ങളുമെഴുതുന്ന സച്ചിദാനന്ദൻ നാടകകൃത്ത്, എഡിറ്റർ, വിവർത്തകൻ തുടങ്ങിയ നിലകളിലും തന്റെ സർഗാത്മകതയുടെ ഊർജം വിനിയോഗിക്കുന്നു. തർജമകളടക്കം അൻപതോളം കൃതികൾ രചിച്ചു. എഴുത്തച്ഛനെ ഴുതുമ്പോൾ, ദേശാടനം, വിക്ക്, സാക്ഷ്യങ്ങൾ, അഞ്ചുസൂര്യൻ, സച്ചിദാനന്ദന്റെ കവിതകൾ എന്നി വയാണ് പ്രധാനകൃതികൾ. എഴുത്തച്ഛൻ പുര സ്കാരം, കേന്ദ്ര സാഹിത്യഅക്കാദമി പുരസ്കാരം, കേരള സാഹിത്യഅക്കാദമി പുരസ്കാരം, പത്മ പ്രഭാ പുരസ്കാരം, ഓടക്കുഴൽ പുരസ്കാരം, വയലാർ അവാർഡ് എന്നിവ നേടിയിട്ടുണ്ട്.

പതിവു മാതൃത്വസങ്കൽപത്തിൽനിന്നു വ്യത്യസ്തമായി, ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങളോട് പൊരുതുന്ന ധീരയും ശക്തയുമായ അമ്മയെ അവതരിപ്പിക്കുന്ന ഈ കവിത സച്ചിദാനന്ദന്റെ കവിതകൾ എന്ന സമാഹാരത്തിൽ നിന്ന് എടുത്തതാണ്.

എന്റെ അമ്മ ധ്രുവനക്ഷത്രമല്ല,
ഓരോ നിമിഷവും മരിച്ചു കൊണ്ടിരിക്കുന്ന
ഒരു സ്ത്രീ മാത്രം
താണുതാണുപോകുന്ന ഒരു താരാട്ട്
അവർ വടക്കൻപാട്ടിലെ വീരനായികയല്ല
അവർ പൊരുതിയത്
അടുക്കളയിലെ പച്ച വിറകിനോടും
അലക്കു തൊട്ടിയിലെ കട്ടവിരിപ്പിനോടും
കുട്ടികളെ വിഴുങ്ങാൻ വന്ന പട്ടിണിയോടും മാത്രം.

XII Std Malayalam Full Set.indb 172 4/29/2019 5:35:13 PM



അവർ താമരയിലയിൽ
പ്രേമലേഖനങ്ങളെഴുതിയില്ല.
നാൾവഴി പുസ്തകത്തിൽ കൂടിവരുന്ന ചെലവും
കൂടാതെ നില്ക്കുന്ന വരവും
പൊരുത്തപ്പെടുത്താൻ ശ്രമിച്ച് വശം കെടുക മാത്രം.
പച്ച വെള്ളം തിന്ന്,
പാലു വിറ്റുണ്ടാക്കിയ പണംകൊണ്ട്
അവർ കുട്ടികളെ പ്പുലർത്തി.
രണ്ടുപേരെ വഴിയിൽവെച്ച് കൂഴ കൊണ്ടുപോയി.
അമ്മയെ അടിമുടി അറിയാമെന്ന്
ഞാൻ അഹങ്കരിച്ചിരുന്നു
ഓർത്തുനോക്കുമ്പോൾ എത്ര കുറച്ചുമാത്രമേ
എനിക്കറിയൂ എന്നറിയുന്നു.
അമ്മയ്ക്ക് വലിയമ്മയെയും ചെറിയമ്മയെയും പോലെ
ഭ്രാന്തില്ല, എങ്കിലും അവർ അന്യരുടെ മുമ്പിലും
ഗൗളിയെ പോലെ ആത്മഗതം ചെയ്യുന്നതും

XII Std Malayalam Full Set.indb 173 4/29/2019 5:35:16 PM

ഒറ്റയ്ക്ക് നടക്കുമ്പോൾ ആലില പോലെ
പിറുപിറുക്കുന്നതും ഞാൻ കണ്ടിട്ടുണ്ട്.
ഗോമതിപ്പശു മരിച്ച ദിവസവും
ചേട്ടനു ഫീസു കൊടുക്കാൻ
ഓട്ടുപാത്രങ്ങൾ പണയംവെച്ച ദിവസവും
സഹായം ചോദിച്ചതിന് അമ്മാവൻ
അവരെ ആട്ടിയോടിച്ച ദിവസവും
അച്ഛൻ തീർഥാടനത്തിൽ മരിച്ച വാർത്ത വന്ന ദിവസവും
അമ്മ ചായിപ്പിലെ ദൈവങ്ങളോടും –
വഴക്കു കൂടുന്നത് ഞാൻ കേട്ടിട്ടുണ്ട്
ദൈവങ്ങളുടെ മറുപടി കേൾക്കാൻ ഞാൻ
ഒളിച്ചു നിന്നു അമ്മയുടെ തേങ്ങലല്ലാതെ
മറ്റൊരു ശബ്ദവും ഞാൻ കേട്ടില്ല
അമ്മ ഏറെയും സംസാരിച്ചിരുന്നത്
പശുവിനോടും പട്ടിയോടും കോഴിയോടും
കാക്കയോടും തൊടിയിലെ മരങ്ങളോടുമായിരുന്നു.
അവരെ അനാഥയാക്കിയ മനുഷ്യരോട്
അവരങ്ങനെ പകരംവീട്ടി.
അമ്മ വെറുതെയിരിക്കുന്നത്
ഞാൻ കണ്ടിട്ടേയില്ല രക്തസമ്മർദവും
ചുമയും കിതപ്പും ഒന്നിച്ചു ശ്വാസംമുട്ടിക്കുന്ന
ഈ എൺപതിലും അവർ പാടത്തോ
തൊടിയിലോ പശുത്തൊഴുത്തിലോ
കുട്ടികളെ കുളിപ്പിച്ച തന്റെകൈകൾ അഴുക്കാക്കുന്നു.
ചിലപ്പോൾ കൊയ്യുന്നു, ചിലപ്പോൾ മെതിക്കുന്നു.

XII Std Malayalam Full Set.indb 174 4/29/2019 5:35:19 PM

ചിലപ്പോൾ ചേറിക്കൊഴിക്കുന്നു.
പതിരോടു പതിരിന്നിടയിൽ ഒരു
നല്ല നെന്മണി തിരക്കുന്നു വരും കാലത്തിന്
നൂറുമേനി വിളയിക്കുവാൻ
കുട്ടികളുടെ കൺമുന്നിൽവെച്ച്
തീപ്പിടിച്ച വൈക്കോൽ തുരുമ്പു പോലെ,
അവർ ഈ ഞൊടി ചാരമാവുന്നു
ചക്രം ചവിട്ടുന്ന കുളം പോലെ
കാണക്കാണെ വറ്റുന്നു,
എണ്ണ തീർന്ന എരി വിളക്കുപോലെ
പടുതിരി കത്തി പട്ടട പോലെ പൊട്ടുന്നു,
ഇപ്പോഴേ എനിക്കു കാണാം,
അമ്മ ആകാശത്തെ
കൂയിപ്പയ്ക്കളുടെ പിറകേ ഓടുന്നത്.
തന്റെ തട്ടി മറിഞ്ഞ പാൽപ്പാത്രം
നേരെ വയ്ക്കുന്നത്,
അന്യഗ്രഹങ്ങളിൽ പശുവിന് പുല്ല് തേടി അലയുന്നത്,
പറന്നുനടക്കുന്ന ആത്മാക്കളോടു സംസാരിക്കുന്ന
സൂര്യന്റെ പുലരിക്കതിരുകളിലൂടെ
പേരക്കിടാങ്ങളെ തഴുകാൻ കൈനീട്ടുന്നത്,
ചാറ്റൽ മഴയിലൂടെ ലോകത്തിന്റെ
പോക്കിനെക്കുറിച്ച് പിറുപിറുക്കുന്നത്,
ഇടിമിന്നലിന്റെ പൂക്കുല പിടിച്ചു തുള്ളുന്നത്
ഇടിമുഴക്കത്തിലൂടെ നാളെയെക്കുറിച്ച് വെളിച്ചപ്പെടുന്നത്.

XII Std Malayalam Full Set.indb 175 4/29/2019 5:35:21 PM

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. സൂര്യൻറ പുലരിക്കതിരുകളിലൂടെ അമ്മ കൈനീട്ടുന്നത് ആരെ തഴുകാനാണ്?

   അ. മകനെ

   ആ മകളെ

   ഇ പേരക്കുട്ടികളെ

   ഈ പുലരിയെ

2. പാലു വിറ്റുണ്ടാക്കിയ പണംകൊണ്ട് അമ്മ എത്ര കുട്ടികളെയാണ് പോറ്റിയത്?

   അ. അഞ്ചു കുട്ടികൾ

   ആ. നാലു കുട്ടികൾ

   ഇ. പത്തു കുട്ടികൾ

   ഈ. രണ്ടു കുട്ടികൾ

II. ഉത്തരമെഴുതുക

1. എൻെറ അമ്മ ധ്രുവനക്ഷത്രമല്ല

   ഓരോ നിമിഷവും മരിച്ചു കൊണ്ടിരിക്കുന്ന

   ഒരു സ്ത്രീ മാത്രം

   അ. ഏത് കവിതയിലെ വരികളാണിത്?

   ആ. ഇതെഴുതിയ കവി ആരാണ്?

2. എണ്ണ തീർന്ന എരി വിളക്കുപോലെ

   പടുതിരി കത്തി പട്ടട പോലെ പൊട്ടുന്നു

   അ. ഏത് കവിതയിലെ വരികളാണിത്?

   ആ. ഇതെഴുതിയ കവി ആരാണ്?

XII Std Malayalam Full Set.indb 176 4/29/2019 5:35:22 PM

III. ഉത്തരം ചുരുക്കിയെഴുതുക.

1. അമ്മ പൊരുതിയത് ഏതിനോടൊക്കെയാണ് ?
2. അമ്മയെ അനാഥരാക്കിയ മനുഷ്യരോട് അമ്മ എങ്ങനെയാണ് പകരം വീട്ടിയത് ?
3. അമ്മ ദൈവങ്ങളോട് വഴക്കു കൂടിയത് എപ്പോഴൊക്കെയാണ് ?

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങളോട് പൊരുതുന്ന അമ്മജീവിതത്തിന്റെ നേർക്കാഴ്ചകളാണ് സച്ചിദാനന്ദന്റെ അമ്മ എന്ന കവിത വിശദമാക്കുക

XII Std Malayalam Full Set.indb 177 4/29/2019 5:35:22 PM

ഗദ്യം

സംഗീതം എന്ന മായാലോകം

-ജീവൻ ജോബ് തോമസ്.



ജീവൻ ജോബ് തോമസ്: 1979 -ൽ പെരുമ്പാവൂർ വെങ്ങോലയിൽ ജനിച്ചു. ഭൗതികശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം. ആനുകാലികങ്ങളിൽ ശാസ്ത്രലേഖനങ്ങൾ എഴുതി പ്രശസ്ത നായി. നിദ്രാമോഷണം, മരണത്തിന്റെ ആയിരം മുഖങ്ങൾ, എന്നീ നോവലുകളും പ്രപഞ്ചവും മനുഷ്യനും തമ്മിലെന്ത്, പരിണാമസിദ്ധാന്തം പുതിയ വഴികൾ കണ്ടെത്തലുകൾ എന്നീ ശാസ്ത്ര കൃതികളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സംഗീതം എന്ന മായാലോകം ഉണ്ടാ കുന്നതിനു കാരണമാകുന്ന പ്രവർത്തനങ്ങളെ സൂക്ഷ്മതലത്തിൽ വിവരിക്കുന്ന ലേഖനമാണിത്.

ശബ്ദം അന്തരീക്ഷത്തിലൂടെ പ്രകമ്പനങ്ങളായിട്ടാണ് സഞ്ചരിക്കുക. ഒരു ശബ്ദസ്രോതസ്സ് അന്തരീക്ഷത്തിലെ തന്മാത്രകളിൽ ചെലുത്തുന്ന മർദത്തിന്റെ ഏറ്റക്കുറച്ചിലുകൾ പ്രകമ്പനങ്ങളായി അതിന്റെ കരുത്ത് ക്ഷയിക്കുന്നത്ര ദൂരം സഞ്ചരിക്കും. ആ തരംഗങ്ങൾക്ക് നമ്മോട്പറയാൻ കഴിയുന്നത് അവയുടെ കരുത്തും ആവൃത്തിയും മാത്രമാണ്. അത് സൃഷ്ടിച്ച സ്രോതസ്സേതാണെന്നോ ഏത് ദിശയിലാണ് ആ സ്രോതസ്സിരിക്കുന്നതെന്നോ ഒക്കെയുള്ള വിവരങ്ങൾ ആ തരംഗങ്ങളിൽ അടങ്ങിയിട്ടുണ്ടാവില്ല. അത്തരം വിവരങ്ങളെല്ലാം ശേഖരിക്കണമെങ്കിൽ നമ്മുടെ മസ്തിഷ്കം മറ്റു പല സിഗ്നലുകളുടെ കൂടെ സഹായം തേടേണ്ടിവരും. നമുക്ക് ചുറ്റും നിരന്തരം സൃഷ്ടിക്കപ്പെടുന്ന അനേകംശബ്ദങ്ങളിൽനിന്നും ഓരോ ശബ്ദത്തെയും വേർതിരിച്ചെടുത്ത് അതിൽ ഉൾക്കൊള്ളുന്ന വിവരങ്ങളെക്കൊണ്ട് സ്വന്തമായ അനുമാനങ്ങൾ ചമയ്ക്കുക എന്നത് അതീവ ശ്രമകരമായ ഒരേർപ്പാടാണ്. നമ്മിലെത്തിച്ചേരുന്ന സിഗ്നലുകൾ മിക്കവാറും സമയങ്ങളിലും അപൂർണങ്ങളോ തെളിമ പോരാത്തവയോ ആയിരിക്കും എന്നതാണീ ശ്രമങ്ങളെ കഠിനമാക്കുന്നത്. പിന്നീടെങ്ങനെയാണ് കൃത്യതയോടെ സംഗീതത്തെ നമുക്കാസ്വദിക്കാനാവുന്നത്? മസ്തിഷ്കത്തിൽ നടക്കുന്ന നീണ്ട പ്രക്രിയകളുടെ ആകത്തുകയാണ് നമ്മുടെ ആസ്വാദനം. നമ്മിൽ എത്തിച്ചേരുന്ന ശബ്ദത്തിന്റെ സംവേദനങ്ങളെ, നമ്മുടെ മസ്തിഷ്കത്തിന്റെ വിവിധ ഭാഗങ്ങളിൽ പലഘട്ടങ്ങളായി അരങ്ങേറുന്ന അവലോകന പ്രക്രിയകളുടെ ആകത്തുകയാണ് നാം ഉൾക്കൊള്ളുന്ന സംഗീതത്തിന്റെ മാന സികചിത്രം.

ഇത്തരത്തിലുള്ള ഒരു മാനസികചിത്രം രൂപപ്പെടുന്നതിന്റെ ആദ്യപടി ചെവിയിലൂടെ തലച്ചോറിൽ എത്തിപ്പെടുന്ന ശബ്ദസംവേദനങ്ങളുടെ പ്രത്യേകതകൾ തിരിച്ചറിയുകയാണ്. ഓരോ ശബ്ദത്തിന്റെയും ഏറ്റവും സൂക്ഷ്മമായ പ്രത്യേകതകൾ

XII Std Malayalam Full Set.indb 178 4/29/2019 5:35:22 PM



ഓരോന്നോരാന്നായി ഇഴപിരിച്ചെടുക്കുക എന്നതാണിത്. വ്യത്യസ്തങ്ങളായ ശബ്ദസിഗ്നലുകളെ ഇത്തരത്തിൽ വേർതിരിച്ചതിനുശേഷമാണ് സംയോജനം നടത്തുന്നത്. ഓരോരോ ചെറിയവിവരങ്ങളെയും സംയോജിപ്പിച്ച് പുറമേ നിന്നും വരുന്ന സംഗീതത്തെ സംബന്ധിക്കുന്ന ഒരു സംയോജിതാശയം സൃഷ്ടിക്കപ്പെടുന്നു. ആദ്യം പറഞ്ഞതുപോലെ സ്രോതസ്സിൽനിന്നും കാതിലെത്തിച്ചേരുന്ന ശബ്ദങ്ങളിൽ നിലനിൽക്കുന്ന പരിമിതികളെ അതിജീവിച്ചുകൊണ്ടാണ് ഇതെല്ലാം മസ്തിഷ്കം സാധ്യമാക്കുന്നത്. മറ്റുള്ള അനേകം ശബ്ദങ്ങളോടുകൂടിച്ചേർന്ന്, വ്യക്തതകുറഞ്ഞ്, സ്രോതസ്സിനെക്കുറിച്ച് ഒരു വിവരവും ഉൾക്കൊള്ളാത്ത, സിഗ്നലുകളെ ഉപയോഗിച്ചുകൊണ്ടാണ് മസ്തിഷ്കത്തിന് കണക്കുകൂട്ടലുകൾ നടത്തേണ്ടിവരുന്നത്. മുറിഞ്ഞുപോയവയെ മസ്തിഷ്കത്തിന് മിക്കവാറുമൊക്കെ ഊഹിച്ചു പൂരിപ്പിക്കേണ്ടിവരും. അത്തരം ചില ഊഹങ്ങൾക്കകത്തുനിന്ന് സ്വന്തമായ ചില സംഗതികളെ ഉപയോഗിച്ച് പൂരിപ്പിച്ചെടുക്കുന്ന ഒരു പ്രക്രിയയിലൂടെയാണ് കേൾവിയുടെ അനുഭവം പൂർണമാകുന്നത്. ഇത്തരത്തിലുള്ള കൂട്ടിച്ചേർക്കലിന്റെ പ്രകിയയാണ് സംഗീതംപോലുള്ള കേൾവിയുടെ ഏറ്റവും മനോഹരമായ അവസ്ഥയെ പ്രത്യേകതയുള്ളതാക്കിത്തീർക്കുന്നത്. ശബ്ദസിഗ്നലുകളിൽ നിന്നുവരുന്ന വിവരങ്ങളിലെ വിടവുകളെ നികത്താനായി മസ്തിഷ്കം ചില എളുപ്പവഴികൾ തേടും. തൊട്ടുമുമ്പ് എത്തിയ വിവരത്തിന്റെ സ്വഭാവമെന്തായിരുന്നു. നമ്മുടെ ഓർമ്മകളിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന സമാനമായ വിവരങ്ങളുടെ സ്വഭാവമെന്താണ് തുടങ്ങിയ കാര്യങ്ങളെ മസ്തിഷ്കം ആദ്യംതന്നെ അവലോകനം ചെയ്യും. ഈ അവലോകനത്തിലൂടെ ലഭിക്കുന്ന അറിവ് വച്ചുകൊണ്ട് നാം കേൾക്കാൻ പ്രതീക്ഷിക്കുന്നത് എന്താണെന്ന ഒരനുമാനത്തിലേക്ക് തലച്ചോറെത്തിച്ചേരും. അത്തരം ഒരു കണക്കുകൂട്ടലിനുശേഷമാണ് ശബ്ദത്തെ സംസ്കരിച്ചെടുക്കുന്ന വ്യവസ്ഥ സ്വന്തമായ ചില കൂട്ടിച്ചേർക്കലുകൾ നടത്തുന്നത്.

ഇങ്ങനെ നമ്മുടെ ശരീരത്തിന് പുറത്തുള്ള അന്തരീക്ഷത്തിലെ തന്മാത്രകളിലെ പ്രകമ്പനങ്ങളായി നിലനിൽക്കുന്ന ഊർജസംവിധാനത്തെ അതിനുകഴിയുന്ന തരത്തിൽ വായിച്ചെടുത്ത് യാഥാർഥ്യത്തോടടുത്തു നിൽക്കുന്ന ഒരു പുനർനിർമിതി നടത്തുകയാണ് മസ്തിഷ്കം ചെയ്യുന്നത്. ഈ നിർമിതി പൂർണമായി സാധ്യമാകുന്നത് നമ്മുടെ മസ്തിഷ്കത്തിലെത്തിയ വിവരങ്ങളുടെയും മുമ്പ് നമ്മുടെ ഓർമ്മകളിൽ നിലനിൽക്കുന്ന വിവരങ്ങളുടെയും നാം എന്താണ് കേൾക്കാൻ ആഗ്രഹിക്കുന്നതെന്ന

XII Std Malayalam Full Set.indb 179 4/29/2019 5:35:22 PM



പ്രതീക്ഷകളുടെയും സംയോജനത്തിലൂടെയാണ്. ഇങ്ങനെ നോക്കുമ്പോൾ സംഗീതം എന്നത് നമ്മുടെ മസ്തിഷ്കം സൃഷ്ടിച്ചെടുക്കുന്ന ഒരു മായികലോകമാണെന്ന് നമുക്ക് തിരിച്ചറിയാനാകും. കാഴ്ചയുടെ സംവേദനങ്ങളെ സംസ്കരിക്കുന്ന പ്രക്രിയയുമായി താരതമ്യം ചെയ്തുനോക്കിയാൽ അതിനെക്കാളൊക്കെ സ്വയം നിർമ്മിതികളുടെ ആവശ്യം കേൾവിയുടെ കാര്യത്തിൽ നിലനിൽക്കുന്നുണ്ടെന്ന് നമുക്ക് ബോധ്യമാവും. നമ്മുടെ ഓർമ്മകളും പ്രതീക്ഷകളും ഈ കാര്യത്തിൽ പ്രാധാന്യം നേടിയെടുക്കുന്നതെങ്ങനെയാണ്, അങ്ങനെയാണ് മുമ്പ് പരിചയിച്ച സംഗീതത്തിന്റെ സാന്നിധ്യം നമ്മുടെ സംഗീതാസ്വാദനത്തെ തീവ്രമായി ബാധിക്കുന്നത്.

സംഗീതം നാം ആസ്വദിക്കുന്ന രീതിയെക്കുറിച്ചൊന്നാലോചിച്ചുനോക്കൂ. കുട്ടിക്കാലംമുതൽ നാം കേട്ടു തഴമ്പിച്ച, നമ്മുടെ സംസ്കാരത്തിന്റെ തനതായ ശൈലിയിലുള്ള സംഗീതവ്യവസ്ഥകളോടാണ് നമുക്കെപ്പോഴും ആഭിമുഖ്യം തോന്നുക. ഇപ്പോഴൊരു സംഗീതം ആസ്വദിക്കുമ്പോൾ നിങ്ങൾക്കതിലെ വളരെ സൂക്ഷ്മമായ വ്യതിയാനങ്ങൾപോലും തിരിച്ചറിയാനാകുന്നതും ആ തിരിച്ചറിവുകൾ തീവ്രമായ ആസ്വാദനാനുഭവത്തിലേക്ക് വികസിക്കുന്നതിനും കാരണം കാലങ്ങളായി നിങ്ങൾ പരിചയിച്ച വഴികളിലൂടെ തന്നെയാണോ സംഗീതം സഞ്ചരിക്കുന്നത് എന്നതുകൊണ്ടാണ്. ഓർമ്മകളിൽ കരുത്തില്ലാത്ത ഒരു സംഗീതരീതിയിൽനിന്നുള്ളതാണ് നിങ്ങൾ കേൾക്കാനിരിക്കുന്നതെങ്കിലോ, നിങ്ങളുടെ മസ്തിഷ്കം നടത്തുന്ന പുനർനിർമിതികളുടെ ശക്തി കുറയുകയും ആസ്വാദനത്തിന്റെ ബലം ക്ഷയിക്കുകയും ചെയ്യും.

നമ്മുടെ സംഗീതാസ്വാദനത്തിന്റെ രുചിഭേദങ്ങളിൽ സംസ്കാരികമായ സ്വാധീനം നിലനിൽക്കുന്നതിതുകൊണ്ടാണ്. നമ്മുടെ സംഗീതത്തോളം വരില്ല മറ്റുള്ള സംസ്കാരങ്ങളുടെ സംഗീതമെന്നും പഴയസംഗീതത്തോളം വരില്ല, പുതിയ സംഗീതമെന്നും ഒക്കെയുള്ള പറച്ചിലുകളെ ഈ ആശയത്തിന്റെ ബലത്തിലൊന്ന് ചിന്തിച്ചുനോക്കുന്നത് കൗതുകകരമായിരിക്കും. ഒപ്പം സംഗീതം ജീവിതത്തോട് ബന്ധിപ്പിക്കുന്നതുതന്നെ ഓർമ്മകളുടെ ബലത്തിലാണെന്ന വസ്തുത കൂടുതൽ അറിവുകൾ പ്രദാനം ചെയ്യുന്നതാണ്. നമ്മുടെ വൈകാരികാനുഭവങ്ങൾക്ക് പിന്നിൽ ഓർമ്മകൾ വളരെ പ്രസക്തമായ ഒരു പങ്ക് വഹിക്കുന്നുണ്ട്. വൈകാരികമായി അടയാളപ്പെടുത്തുന്ന ഓർമ്മകളെ തിരിച്ചുവിളിക്കാൻ സഹായിക്കുന്നതുകൂടിയായി മാറുന്നു സംഗീതത്തിന്റെ സാന്നിധ്യം.

XII Std Malayalam Full Set.indb 180 4/29/2019 5:35:23 PM

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. ശബ്ദം അന്തരീക്ഷത്തിലൂടെ സഞ്ചരിക്കുന്നത്.

   അ. അക്ഷരങ്ങളായി

   ആ. പ്രകമ്പനങ്ങളായി

   ഇ. സ്രോതസ്സായി

   ഈ. തന്മാത്രകളായി

2. കാഴ്ചയുടെ സംവേദനങ്ങളെ സംസ്കരിക്കുന്ന പ്രക്രിയയുമായി താരതമ്യം ചെയ്യുമ്പോൾ കേൾവിയുടെ കാര്യത്തിൽ എന്താണ് കൂടുതൽ ആവശ്യമാകുന്നത്?

   അ. സ്വയം നിർമ്മിതികൾ

   ആ. ഊർജ്ജങ്ങൾ

   ഇ. പുനർനിർമ്മിതികൾ

   ഈ. മായികലോകങ്ങൾ

3. മസ്തിഷ്കത്തിലെ സംയോജന പ്രക്രിയ വച്ച് നോക്കുമ്പോൾ സംഗീതം എന്നത് എന്താണ്?

   അ. യാഥാർത്ഥ്യ ലോകം

   ആ. മായികലോകം

   ഇ. സ്വപ്നലോകം

   ഈ. അത്ഭുതലോകം

4. സംഗീതത്തെ ജീവിതത്തോട് ബന്ധിപ്പിക്കുന്നത് ഏത് വസ്തുതയുടെ ബലത്തിലാണ്?

   അ. ഓർമകളുടെ

   ആ. ആസ്വാദനത്തിന്റെ

   ഇ. വൈകാരികതയുടെ

   ഈ. സംസ്കാരങ്ങളുടെ

XII Std Malayalam Full Set.indb 181 4/29/2019 5:35:23 PM

II. ഒന്നോ രണ്ടോ വരിയിൽ ഉത്തരമെഴുതുക.

1. സംഗീതത്തിന്റെ മാനസിക ചിത്രം ഏതാണ്?
2. എങ്ങനെയുള്ള സംഗീത വ്യവസ്ഥകളോടാണ് ഓരോരുത്തർക്കും ആഭിമുഖ്യം തോന്നുന്നത് ?
3. സംഗീതത്തിന്റെ സാന്നിദ്ധ്യം എന്തിനെ തിരിച്ചുവിളിക്കാൻ സഹായിക്കുന്നു ?

III. ഉത്തരം ചുരുക്കി എഴുതുക.

1. സംഗീതമെന്നത് മസ്തിഷ്കം സൃഷ്ടിച്ചെടുക്കുന്ന മായികലോകമാണെന്ന് പറയുന്നതെന്തുകൊണ്ട് ?
2. സംഗീതാസ്വാദനത്തിന്റെ രുചിഭേദങ്ങളിൽ സംസ്കാരിക സ്വാധീനം നിലനിൽക്കുന്നത് എന്തുകൊണ്ടാണ് ?

IV. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. സംഗീതം ആസ്വദിക്കുന്ന രീതിയെക്കുറിച്ച് ലേഖകൻ എന്തൊക്കെയാണ് പറയുന്നത് ?

XII Std Malayalam Full Set.indb 182 4/29/2019 5:35:23 PM

ഉപപാഠം

തഥാഗത

– അഷിത



അഷിത: [1956 - 2019] തൃശൂർ ജില്ലയിലെ പഴയന്നൂരിൽ ജനിച്ചു. മനുഷ്യബന്ധങ്ങളിലെ വൈകാരിക ഭാവങ്ങളിലൂന്നിയുള്ള ശക്തമായ രചനകളാണ് അഷിതയുടേത്. വിസ്മയ ചിഹ്നങ്ങൾ, അപൂർണ്ണവിരാമങ്ങൾ, നിലാവിന്റെനാട്ടിൽ, അഷിതയുടെ കഥകൾ എന്നിവയാണ് പ്രധാന കൃതികൾ. ഇടശ്ശേരി അവാർഡ്, അങ്കണം അവാർഡ്, കേരള സാഹിത്യ അക്കാദമി പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.

അസുഖബാധിതയായ അമ്മയെ പരിചരിക്കുന്ന മകളുടെ മനസ്സിലൂടെ വെളിപ്പെടുന്ന അമ്മ മനസ്സിന്റെ ഭിന്നഭാവങ്ങളെ തൻമയത്വത്തോടെ അവതരിപ്പിക്കുന്ന തഥാഗത എന്ന കഥ നിലാവിന്റെ നാട്ടിൽ എന്ന സമാഹാരത്തിൽ നിന്നെടുത്തതാണ്.

ഡോക്ടറെ പിന്തുടർന്നു ചെല്ലുമ്പോൾ ഞങ്ങളെ അനുഗമിക്കുന്ന മൗനവും ഉദാസീനമെന്ന് ഞാൻ കണ്ടു. പതിവുപോലെ വാതിൽക്കൽ ഡോക്ടർ ഒരു നിമിഷം നിന്നു.

–കുഴപ്പമൊന്നുമില്ല. ബാക്കിയെല്ലാം നോർമൽ ആണ്.

ഞാൻ ഡോക്ടറുടെ മുഖത്തു നോക്കുന്നില്ല; ഡോക്ടർ അതു പറയുമ്പോൾ. പകരം എണ്ണിയാലൊടുങ്ങാത്ത, താഴോട്ടിറങ്ങിപ്പോകുന്ന ഗോവണിപടികൾ അവ എണ്ണുകയാണ്. ഡോക്ടർക്ക് മനസ്സിലാവുന്നുണ്ടാവണം. കാരണം, അദ്ദേഹം പറഞ്ഞു:

അല്ല, *അൽഷിമേഴ്സ് ഡിസീസിനെക്കുറിച്ച് കൃത്യമായി ഒന്നും പറയാൻ വയ്യ എന്നു കൂട്ടിക്കോളൂ. പ്രതികരണശേഷി ശ്രദ്ധിക്കണം. എന്തെങ്കിലും വ്യത്യാസം കണ്ടാൽ അറിയിക്കൂ...

തല ചെരിച്ച് ഔപചാരികമായ യാത്രപറയലിനിടയ്ക്ക് അദ്ദേഹം കാണാതെ പോകുന്ന ചില കാര്യങ്ങളുണ്ട്. ഒറ്റനോട്ടത്തിൽ കിട്ടുന്ന കാഴ്ചയെക്കാളും അധികമാണ് ഈ ലോകത്തിൽ നാം കാണാതെപോകുന്ന കാര്യങ്ങൾ. ഒരു ഉദാഹരണത്തിന്, ഈ ഫ്ളാറ്റിലെ അടഞ്ഞവാതിലിനു പിറകിൽ എന്നെയും അമ്മയെയും ചൂഴ്ന്നു നില്ക്കുന്ന ഒരു മഹാമൗനം. മരണം എന്നുവച്ചാൽ ഇങ്ങനെതന്നെ എന്നു

XII Std Malayalam Full Set.indb 183 4/29/2019 5:35:23 PM

സംവദിച്ചുകൊണ്ടിരിക്കുന്ന ആ മൗനം. ഈശ്വരൻ എന്നുവച്ചാലും ഇങ്ങനെതന്നെയോ എന്നു സന്ദേഹിച്ചുകൊണ്ടിരിക്കുന്ന ഒരു മൗനം.

അകത്തെ മുറിയിൽ അമ്മ കിടക്കുകയാണ്. ഒരു നേർരേഖപോലെ നിശ്ചലയായി. ഞാൻ അമ്മയുടെ അടുത്തേക്കു നടന്നു. എന്റെ ഓരോ കാൽവയ്പിലും അമ്മ ഇപ്പോൾ തല ചെരിച്ചുനോക്കുമെന്ന ആശ ഞെരിഞ്ഞമർന്നു കൊണ്ടിരുന്നു. ഓരോ കാൽവയ്പും അമ്മയുടെ അടച്ചിട്ട ഓർമ്മയുടെ, വാതിൽക്കൽ മുട്ടി നൊമ്പരമെന്നോണം മടങ്ങിവരുന്നതുപോലെ.

എന്റെ ഓർമ്മയാവട്ടെ, ഒരു വലിയ എട്ടുകെട്ടുപോലെയും.

പത്തോ പന്ത്രണ്ടോ കുട്ടികളോടൊപ്പം സ്കൂൾ വിട്ട് ഇടവഴിയിലൂടെ ഓടിവരുമ്പോൾ അവർക്കിടയിലും എന്റെ കാൽപെരുമാറ്റം തിരിച്ചറിഞ്ഞ് വാതിൽക്കൽ പ്രത്യക്ഷപ്പെട്ടിരുന്ന അമ്മ. ഈ അമ്മ.

അമ്മ ചുവരിൽ കണ്ണുംനട്ട് കിടക്കുകയാണ്. ചുവരിൽ പത്തു വർഷം

മുമ്പ് അകാലത്തിൽ മരിച്ചുപോയ എന്റെ ഏടത്തിയുടെ ഫോട്ടോ. അമ്മ എന്താവാം ഓർക്കുന്നത്?

ഞാൻ കട്ടിലിൽ ചെന്ന് ചേർന്നിരുന്നു വിളിച്ചു:

-അമ്മേ, തിരിച്ചറിവിന്റെ യാതൊരു സൂചനയും തരാത്ത ഒരു നോട്ടം അമ്മ എനിക്കു നീട്ടുന്നു.

"അമ്മേ' എന്ന സംബോധന എത്ര നീട്ടിയാലും എത്താൻ കഴിയാത്ത ഏത് അകലത്തിലാണ് അമ്മ വസിക്കുന്നത്?

ഹൃദയം നുറുങ്ങിപ്പോകുന്നത് അറിഞ്ഞില്ലെന്നു നടിച്ച് ഞാനമ്മയോട് ചോദിക്കുകയാണ്.

അമ്മേ, അമ്മ എന്താ ആലോചിക്കുന്നത്? എന്തോ ഓർത്തെടുക്കാൻ ശ്രമിക്കുന്ന അമ്മയുടെ വൃദ്ധനെറ്റിയിൽ ചുളിവുകൾ. ഒരു മറുപടിക്കു കാക്കുകയാണ് ഞാൻ. നിമിഷങ്ങൾ ഇഴഞ്ഞുനീങ്ങവെ ഞാനെന്നോടുതന്നെ ചോദിക്കുന്നു:

-അമ്മ എന്താവാം ആലോചിക്കുന്നത്? എനിക്കറിഞ്ഞുകൂടാ. എന്റെ ഹൃദയം മനസ്സിനോടു പറയുന്നു.

അമ്മയ്ക്ക് നമ്മളെ അറിയുന്നതിന്റെ, കോടിയിൽ ഒരംശംപോലും നമുക്ക് അമ്മയെക്കുറിച്ച് അറിഞ്ഞുകൂടല്ലൊ.

നോക്കിയിരിക്കേ, ആ നെറ്റിയിലെ ചുളിവുകൾ മായുന്നതും ആ മുഖം ശാന്തമായ ഒരു പ്രസന്നത കൈവരിക്കുന്നതും ഞാൻ കണ്ടു വാതിലടച്ചു പുറത്താക്കപ്പെട്ട ഒരു കുട്ടിയെപ്പോലെ. അമ്മയുടെ ഓർമ്മകളുടെ ചുളിവുകളിലോ നിവരലിലോ ഇപ്പോൾ ഞാനില്ല. ഒരുപാടു കാലം ആ ചുളിവുകളും നിവരലും എന്നെക്കുറിച്ചായിരുന്നുവല്ലൊ! വേരറ്റുപോകുന്നപോലെ.

-അമ്മയുടെ ഓർമ്മകളിൽ നമ്മളില്ലാതെയാകുമ്പോഴാണ് നാം മരിക്കുന്നത്.

XII Std Malayalam Full Set.indb 184 4/29/2019 5:35:23 PM

മുറിയിലെ ഫോൺ നിർത്താതെ ശബ്ദിക്കുന്നു; എടുക്കുന്നതുവരെ, ശാഠ്യം പിടിക്കുന്ന കുട്ടി കണക്കെ. അങ്ങേഅറ്റത്ത് ഭർത്താവും കുട്ടികളും മാറിമാറി സംസാരിക്കുന്നു എന്നു മടങ്ങും, അമ്മയെനോക്കാൻ നേഴ്സിനെ ഏർപ്പാടാക്കാത്തതെന്താണ്? അമ്മേ, അമ്മ എന്നു വരും, ദീപുമോന് പനിയാണ്...

ഞാൻ ഫോൺ താഴത്തുവയ്ക്കവെ അമ്മ പ്രസന്നമായും സ്ഫുടമായും ചോദിക്കുകയാണ്:

-ആരാ ഫോൺ വിളിച്ചത്, ദീപുവാണോ? അവന് സ്കൂളടച്ചോ?

ഞാൻ മിന്നൽപോലെ തിരിഞ്ഞ് അമ്മയുടെ അടുത്തേക്ക് ഓടിച്ചെന്നു ദീപുവാണമ്മേ, ദീപുവിന് അടുത്തയാഴ്ച സ്കൂളടയ്ക്കും, അമ്മയ്ക്ക് ദീപുവിനെ...

എന്റെ വർത്തമാനം പാതിക്കുവച്ച് നിശ്ശബ്ദമാകുന്നു. അമ്മയുടെ നോട്ടം വീണ്ടും ശൂന്യമായ ജനാലപോലെയായിമാറുന്നത് ഞാൻ കാണുകയാണ്.

-വിചാരിക്കാത്തപ്പോൾ കയറിവന്ന് അങ്ങനെയങ്ങ് ഇറങ്ങിപ്പോകുന്ന തഥാഗതയായി എന്റെ അമ്മ എന്നെനോക്കുന്നു. എത്ര നിർമ്മമമായ നോട്ടം!

ക്ലോക്കിൽ മണി പന്ത്രണ്ടടിച്ചു. ഞാൻ അമ്മയോടു പറഞ്ഞു കണ്ണിൽ മരുന്നൊറ്റിക്കേണ്ട സമയമായി. കണ്ണുകാണിക്കൂ.

അമ്മ കണ്ണുകൾ ഇറുക്കിയടച്ച് വായ തുറന്നു കാണിച്ചു. ചിരിയും സങ്കടവും ഒരുമിച്ചുവന്നു, എനിക്ക്. തെല്ലുറക്കെ ഞാൻ ശാസിക്കുകയാണ്:

-എന്താ ഇത്, കൊച്ചുകുട്ടികളെപ്പോലെ? കണ്ണു തുറക്കൂ, ഉം..

കണ്ണിന്റെ അടിത്തട്ടിൽ കിടന്നു മിന്നിയിരുന്ന അമ്മയുടെ ചിരി മരുന്നിൽ കലങ്ങി മറഞ്ഞു.

മുഖം തുടച്ചുകൊടുത്ത്, താങ്ങിയെടുത്ത് ഞാൻ വീൽചെയറിലേക്ക് അമ്മയെ ഇരുത്തി സാവധാനം ഉന്തിനടന്നു.

ഇപ്പോൾ ഞങ്ങൾ ജനാലയ്ക്കരികിലാണ്.

താഴെ മൈതാനത്ത് കുട്ടികൾ പന്തു കളിക്കുന്നു. പൊടിയും ആർപ്പുവിളികളും ഉയരുന്നു. പന്ത് ഉയരത്തിൽ പൊന്തി ഞങ്ങളുടെ ജനാലയോളം വന്നു താഴേക്കു പതിക്കുന്നു. എല്ലാ ശബ്ദങ്ങളും, ജീവിതംതന്നെയും, ഞങ്ങളുടെ ജനാലയോളം എത്തി മടങ്ങിപ്പോവുന്നുവെന്ന് എനിക്കു തോന്നി.

ജീവിതത്തിന്റെ എല്ലാ ശബ്ദങ്ങളിൽനിന്നും പുറത്താക്കപ്പെട്ട അമ്മ.

അമ്മയുടെ മനസ്സിൽനിന്നും എങ്ങനെയോ പുറന്തള്ളപ്പെട്ടുപോയ ഞാൻ.

അമ്മ അനുസരണയോടെ പന്തുകളി ഇരുന്നു കാണുകയാണ്. എന്റെ ഓർമ്മയിൽ ഇപ്പോൾ നാലു മാസം മുമ്പുള്ള ഒരു സായാഹ്നം.

അന്നാണ് അമ്മയെ അവസാനമായി നടക്കാൻ കൊണ്ടുപോയത്, ഞാൻ. പെട്ടെന്നൊരു നിമിഷം കൈവിടുവിച്ച് നിരത്തു മുറിച്ചുകടന്ന് എതിർവശത്തെ ഫുട് പാത്തിലെ തിരക്കിൽ അമ്മ അപ്രത്യക്ഷയായി.

XII Std Malayalam Full Set.indb 185 4/29/2019 5:35:23 PM

നഗരത്തിലെ തിരക്കിൽ ചെവിയടപ്പിക്കുംവിധം പെരുമ്പറ കൊട്ടുന്ന ഹൃദയമിടിപ്പോടെ ഞാൻ കണ്ടെത്തുമ്പോൾ ഒരു തുണിക്കടയുടെ മുമ്പിൽ പകച്ചു നില്ക്കുകയായിരുന്നു അമ്മ.

ഞാൻ അമ്മയെ വീണ്ടും കിടക്കയിലേക്ക് കൊണ്ടുവന്ന് ചാരിയിരുത്തി. എല്ലിൻകൂടുപോലുള്ള ആ നെഞ്ചിന്റെ മിടിപ്പ് എനിക്കു കേൾക്കാം.

അമ്മയ്ക്കു കഞ്ഞി തരട്ടെ? ഞാൻ ചോദിക്കുന്നു.

അമ്മയുടെകണ്ണുകൾ ഏടത്തിയുടെ ഫോട്ടോയിൽ വീണ്ടും ചെന്നു തങ്ങിയിരിക്കുന്നു. നെറ്റിയിൽ ചുളിവ് വീണിരിക്കുന്നു. ഒരു സ്പൂൺ കഞ്ഞി കോരിക്കൊടുത്തുകൊണ്ട് ഞാൻ ചോദിക്കുന്നു:

-അതാരുടെയാ ആ ഫോട്ടോ, അറിയുമോ? എന്തെങ്കിലും പ്രതികരണത്തി നായി ഞാൻ കിണഞ്ഞു ശ്രമിക്കുകയാണ് ഒരു തുള്ളി കണ്ണീർ, ഒരു നെടുവീർപ്പ്, എന്തെങ്കിലും.

അമ്മയുടെ നെറ്റിയിൽ ചുളിവുകളുടെ എണ്ണം കൂടുന്നു. ഉത്സാഹത്തോടെ, ആകാംക്ഷയോടെ ഞാനാമുഖം ഒരുവിരൽകൊണ്ട് എന്റെനേർക്ക് തിരിച്ച് ചോദിക്കുകയാണ്.

-അമ്മയ്ക്ക് എന്നെ മനസ്സിലായോ, അമ്മയുടെ അമ്മിണിക്കുട്ടിയെ?

അമ്മ പ്രാവിൻറേതുപോൽ, വിശുദ്ധമായ കണ്ണുകൾകൊണ്ട് എന്നെ ഉറ്റു നോക്കിക്കൊണ്ട് കഞ്ഞി തുപ്പിക്കളഞ്ഞു. മതിയായി എന്നർത്ഥം.

മുഖം തുടച്ചുകൊടുക്കുമ്പോഴും ആ നോട്ടം എന്റെ മുഖത്തുതന്നെ.

മെല്ലെ കിടത്തി ചിരിച്ചുകൊണ്ട് ഞാൻ ചോദിക്കുകയാണ്.

-എവിടെ അമ്മേ, അമ്മയുടെ അമ്മിണിക്കുട്ടി?

-അമ്മിണിക്കുട്ടി മരിച്ചുപോയി. എന്റെ മുഖത്തുനിന്നു നോട്ടം മാറ്റാതെ ഓർമ്മകളിലെവിടെയോ നടന്നുമറയവേ, അമ്മ പറഞ്ഞു.

XII Std Malayalam Full Set.indb 186 4/29/2019 5:35:23 PM

അഭ്യാസം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. ഏത് സമാഹാരത്തിൽ നിന്നെടുത്ത കഥയാണ് തഥാഗത?

   അ. അപൂർണ്ണവിരാമങ്ങൾ

   ആ. വിസ്മയചിഹ്നങ്ങൾ

   ഇ. നിലാവിന്റെ നാട്ടിൽ

   ഈ. അഷിതയുടെ കഥകൾ

2. തഥാഗത എന്ന കഥയിലെ കഥാപാത്രങ്ങൾ?

   അ. അച്ഛനും അമ്മയും

   ആ. അമ്മയും മകളും

   ഇ. അച്ഛനും മകളും

   ഈ. അമ്മയും മകനും

3. അഷിതയുടേത് അല്ലാത്ത കഥ?

   അ. വിസ്മയചിഹ്നങ്ങൾ

   ആ. കോലാട്

   ഇ. തഥാഗത

   ഈ. നിലാവിന്റെ നാട്ടിൽ

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. മകളുടെ ആത്മഗതത്തിലൂടെ തെളിയുന്ന അമ്മയുടെ രോഗാവസ്ഥ തഥാഗത എന്ന കഥയിൽ പ്രതിഫലിക്കുന്നത് എങ്ങനെയെന്ന് വിശദമാക്കുക?

XII Std Malayalam Full Set.indb 187 4/29/2019 5:35:23 PM

അനുബന്ധം

അലങ്കാരം, വൃത്തം, കടംകഥ, പഴഞ്ചൊല്ല്, ആശയവിപുലനം, പരാവർത്തനം, ഖണ്ഡികയും ചോദ്യോത്തരങ്ങളും, ഒറ്റപ്പദമാക്കൽ, പിരിച്ചെഴുത്ത്, വാക്യദോഷംപരിഹരിക്കൽ, വാക്യത്തിൽപ്രയോഗം, കത്ത്, അനുഭവക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, കാലരൂപങ്ങൾ, എതിർലിംഗം തുടങ്ങി പ്രായോഗിക ഗദ്യരചനയിലുള്ള ഭാഷാനൈപുണി പരിശോധിക്കുന്ന പൊതു ചോദ്യങ്ങളും പാഠ്യപദ്ധതിയുടെ ഭാഗമാണ്

അലങ്കാരം: ഉപമ, ഉൽപ്രേക്ഷ, രൂപകം, ദീപകം, ഉല്ലേഖം, കാവ്യലിംഗം, വിഷമം, വിരോധാഭാസം, യമകം

വൃത്തം: കാകളി, മഞ്ജരി, കേക, കളകാഞ്ചി, തരംഗിണി, ഇന്ദ്രവജ്ര, ഉപേന്ദ്രവജ്ര, ഉപജാതി, വസന്തതിലകം, രഥോദ്ധത

അലങ്കാരവും വൃത്തവും

അലങ്കാരം: ഉപമ

ലക്ഷണം: ഒന്നിനൊന്നോടു സാദൃശ്യം
ചൊന്നാലുപമയാമത്

ഉദാഹരണം: മന്നവേന്ദ്രാ! വിളങ്ങുന്നു
ചന്ദ്രനെപോലെ നിൻമുഖം

വൃത്തം: കേക

ലക്ഷണം: മൂന്നും രണ്ടും രണ്ടും മൂന്നും
രണ്ടും രണ്ടെന്നെഴുത്തുകൾ
പതിന്നാലിന്നാറുഗണം
പാദം രണ്ടിലുമൊന്നുപോൽ
ഗുരുവൊന്നെങ്കിലും വേണം
മാറാതോരോ ഗണത്തിലും
നടുക്കുയതി പാദാദി
പൊരുത്തമിതു കേകയാം

ഉദാഹരണം: ചന്ദ്രശേഖരനുടെ പള്ളിവിൽ കണ്ടു രാമ –
ചന്ദ്രനുമാനന്ദമുൾക്കൊണ്ടു വന്ദിച്ചീടിനാൻ

XII Std Malayalam Full Set.indb 188 4/29/2019 5:35:23 PM

വൃത്തം: **കാകളി**

ലക്ഷണം: മാത്രയഞ്ചക്ഷരം മൂന്നിൽ വരുന്നോരുഗണങ്ങളെ
എട്ടു ചേർത്തുള്ളീരടിക്കു ചൊല്ലാം കാകളിയെന്നുപേർ.

ഉദാഹരണം: ശാരികപ്പൈതലേ ചാരുശീലേ വരി-
കാരോമലേ കഥാശേഷവും ചൊല്ലുനീ.

വൃത്തം: **ഇന്ദ്രവജ്ര**

ലക്ഷണം: കേളിന്ദ്രവജ്രയ്ക്കു തതംജഗംഗം

ഉദാഹരണം: ആർത്തസ്വരം കേട്ടൊരു കാതു കാതു
കാരുണ്യമാർന്നീടിന ദൃഷ്ടി ദൃഷ്ടി ;
സാന്ത്വോക്തിയോതീടിന ജിഹ്വ ജിഹ്വ ;
സാധുക്കളെത്താങ്ങിന ബാഹു ബാഹു.

വൃത്തം: **ഉപേന്ദ്രവജ്ര**

ലക്ഷണം: ഉപേന്ദ്രവജ്രയ്ക്കു ജതം ജഗംഗം

ഉദാഹരണം: ഇറുപ്പവന്നും മലർ ഗന്ധമേകും ;
വെട്ടുന്നവനും തരു ചൂടകറ്റും ;
ഹനിപ്പവനും കിളി പാട്ടുപാടും ;
പരോപകാരപ്രവണം പ്രപഞ്ചം.

അലങ്കാരം: **രൂപകം**

ലക്ഷണം: അവർണ്യത്തോടു വർണ്യത്തി-
ന്നഭേദം ചൊൽക രൂപകം

ഉദാഹരണം: സംസാരമാം സാഗരത്തി -
ലംസാന്തം മുങ്ങൊലാ സഖേ !

അലങ്കാരം: **ഉൽപ്രേക്ഷ**

ലക്ഷണം: മറ്റൊന്നിൻ ധർമ്മയോഗത്താ-
ലതുതാനല്ലയോയിത്
എന്നു വർണ്ണ്യത്തിലാശങ്ക
ഉൽപ്രേക്ഷാഖ്യായലംകൃതി

ഉദാഹരണം: കോകസ്ത്രീ വിരഹത്തീയിൻ
പുകയല്ലോ തമസ്സിത് ?

അലങ്കാരം: **ദീപകം**

ലക്ഷണം: അനേകമേകധർമ്മത്തി -
ലന്വയിപ്പതു ദീപകം

ഉദാഹരണം: മദം കൊണ്ടാനശോഭിക്കു -
മൗദാര്യംകൊണ്ടു ഭൂപതി

XII Std Malayalam Full Set.indb 189 4/29/2019 5:35:23 PM

വൃത്തം: **വസന്തതിലകം**

ലക്ഷണം: ചൊല്ലാം വസന്തതിലകം തഭജം ജഗം ഗം

ഉദാഹരണം: ക്ഷിപ്രപ്രസാദി ഭഗവാൻ ഗണനായകോ മേ
വിഘ്നങ്ങൾതീർത്തു വിളയാടുക സർവ്വകാലം

അലങ്കാരം **ഉല്ലേഖം**

ലക്ഷണം: ഉല്ലേഖമൊന്നിനെത്തന്നെ
പലതായി നിനയ്ക്കുകിൽ

ഉദാഹരണം: കാമനെന്നിവനെ സ്ത്രീകൾ
കാലനെന്നോർത്തു വൈരികൾ.

വൃത്തം **മഞ്ജരി**

ലക്ഷണം: ശ്ലഥ കാകളിവൃത്തത്തിൽ
രണ്ടാം പാദത്തിലന്ത്യമാം
രണ്ടക്ഷരം കുറഞ്ഞീടി-
ലതു മഞ്ജരിയായിടും

ഉദാഹരണം: മേനകാ മുൻപായ മാനിനിമാരുടെ
മേനിയെ നിർമ്മിപ്പാൻ മാതൃകയായ്

വൃത്തം: **കളകാഞ്ചി**

ലക്ഷണം: കാകളിക്കാദ്യ പാദാദൗ
രണ്ടോ മൂന്നോ ഗണങ്ങളെ
ഐയഞ്ചു ലഘുവാക്കീടി
ലുളവാം കളകാഞ്ചി കേൾ

ഉദാഹരണം: സകല ശുകകുല വിമലതിലകിതകളേബരേ
സാരസ്യ പീയൂഷ സാരസർവ്വസ്വമേ

വൃത്തം: **തരംഗിണി**

ലക്ഷണം: ദ്വിമാത്രം ഗണമെട്ടെണ്ണം
യതി മധ്യം തരംഗിണി

ഉദാഹരണം: അണിമതികലയും സുരവാഹിനിയും
ഫണിപതിഗണഫണമണികളുമണിയും

വൃത്തം: **രഥോദ്ധതാ**

ലക്ഷണം: രം നരം ല ഗുരുവും രഥോദ്ധത

ഉദാഹരണം: യാദവർക്കു കുരുപാണ്ഡവാദിയിൽ
ഭേദമെന്തു നിരൂപിച്ചുനോക്കുകിൽ.

XII Std Malayalam Full Set.indb 190 4/29/2019 5:35:23 PM

അലങ്കാരം **കാവ്യലിംഗം**

ലക്ഷണം: ഹേതുവാക്യപദാർഥങ്ങ –
ളാവുകിൽ കാവ്യലിംഗമാം

ഉദാഹരണം: കന്ദർപ്പ! നീ കളിക്കേണ്ട
മന്ദ! ഞാൻ ശിവഭക്തനാം.

അലങ്കാരം **വിഷമം**

ലക്ഷണം: വിഷമം ചേർച്ചയില്ലാത്ത
രണ്ടിനെ ചേർത്തുചൊല്ലുകിൽ

ഉദാഹരണം: കാവ്യാനുശാസനമതെങ്ങ –
വ്യാവർത്തകനെങ്ങിവൻ

അലങ്കാരം: **വിരോധാഭാസം**

ലക്ഷണം: വിരോധം തോന്നുമാറുക്തി –
വിരോധാഭാസമായിടും.

ഉദാഹരണം: ഹന്ത! ചന്ദ്രമുഖിക്കിന്നു
ചെന്തീയായതു ചന്ദനം

അലങ്കാരം: **യമകം**

ലക്ഷണം: അക്ഷരക്കൂട്ടമൊന്നായി –
ട്ടർത്ഥം ഭേദിച്ചിടുംപടി
ആവർത്തിച്ചു കഥിച്ചീടിൽ
യമകം പല മാതിരി.

ഉദാഹരണം: മാലതീ മലർചേർന്നൊരു
മാലതീ ജ്വാലയെന്നപോൽ
മാലതീയിവനേകുന്നൂ
മാലതീതുല്യയെങ്ങുനീ.

XII Std Malayalam Full Set.indb 191 4/29/2019 5:35:23 PM

Malayalam – Class XII
List of Authors and Reviewer

Academic Advisor

Dr. P. Kumar
Joint Director (Syllabus),
State Council of Education Research and Training Tamilnadu,
Chennai 600 006,

Reviewer

Dr. P.M. GIRISH
Associate Professor & HOD (i/c)
Department of Malayalam,
University of Madras, Marina Campus Chennai - 600 005

Authors

K.VIJAYA KUMAR
P.G. Asst. in Malayalam
P.P.M.H.S.S. Anducode
Kanya kumari District

K GOPA KUMAR
Headmaster
G.H.S Erunchira,
Aruppu Kottai
Virdhunagar Dist.

Dr. SUHASINI AMBALI CHOLAYIL
P.G. Asst. in Malayalam
Kerala Vidyalayam H.S.S
Chennai - 84

M.R SHAJI
P.G. Asst. in Malayalam
St. Thomas H.S.S,
K.K.Pudur
Coimbatore - 641038

Co-ordinator

K.CHANDRASEKARAN
Lecturer, DIET, Chennai

Art and Design Team

Typing

A.Sajina, Chennai

Layout

M.Asker Ali, Chennai

Co-ordinators

Ramesh Munuswamy

This book has been printed on 80 G.S.M.
Elegant Maplitho paper.

Printed by offset at: